N12<527983558 021
LS
ubTÜBINGEN

# LITURGY

of the

## BASEL GERMAN EVANGELICAL MISSION CHURCHES

in

## SOUTH-WESTERN INDIA

കൎണ്ണാടക തുളു മലയാള
ദേശങ്ങളിലും ജൎമ്മൻ ബോധകരാൽ ഉണ്ടായ
സുവിശേഷസഭകളിൽ

വായിച്ചു നടക്കുന്ന

# പ്രാൎത്ഥനാസംഗ്രഹം

K. UNIV. BIBL. TÜBINGEN

MANGALORE
BASEL MISSION BOOK & TRACT DEPOSITORY
1875

PRINTED BY STOLZ & HIRNER.

GRVI 22d

# മുഖവുര.

പള്ളിപ്രാൎത്ഥനെക്കും സ്നാനം തിരുവത്താഴം മുതലായ സഭാക്രിയകൾക്കും മാതൃകയായുള്ള പ്രാൎത്ഥന ചട്ടം വേണം, എന്നു നമ്മുടെ സംഘത്തിൽ ചേൎന്ന ബോധകന്മാർ മിക്കവാറും ആഗ്രഹിച്ചിരിക്കുന്നു. സഭയുടെ ഗുണീകരണകാലത്തിൽ ഉണ്ടായിട്ടു അന്നു മുതല്ക്കൊണ്ടു ഉപയോഗിച്ചുവരുന്ന പ്രാൎത്ഥനകൾ പലതും, നാം എല്ലാവരും ജനിച്ചും വളൎന്നും ഇരിക്കുന്ന സഭകളിൽ നടക്കുന്നതു കൂടാതെ, ജാതികളിൽനിന്നും പുതുതായി ചേൎന്നു വരുന്ന സഭകൾക്കു പ്രാൎത്ഥനയുടെ ഉപദേശവും, നല്ല ദൃഷ്ടാന്തങ്ങളുടെ സംക്ഷേപവും ആവശ്യം, എന്നു നമുക്കു തോന്നിയിരിക്കുന്നു. ഹൃദയത്തിൽ തോന്നും പോലെ തന്റെ വാക്കുകളെ കൊണ്ടു പ്രാൎത്ഥിക്കുന്നതു, സംശയം കൂടാതെ നല്ലതും പ്രയോജനവും ആകുന്നു എങ്കിലും, എഴുതിവെച്ച ക്രമത്തെ അനുസരിച്ചു പ്രാൎത്ഥിക്കുന്നതും ദൈവസ്തുതിക്കായും നല്ല ശക്തിയോടും ഫലത്തോടും നടക്കുന്നു, എന്നു പണ്ടും എല്ലാ സമയത്തും ദൈവപുരുഷന്മാരിൽ പഴക്കം ഏറെയുള്ളവർ കണ്ടിരിക്കുന്നു.

അതുകൊണ്ടു കൎത്താവിൽ നമ്മെ നടത്തുന്ന സംഘക്കാർ നമ്മിൽ മൂവരെ നിയോഗിച്ചു, നമ്മുടെ സഭകളുടെ ഉപകാരത്തിന്നായി ഒരു പ്രാൎത്ഥനാസംഗ്രഹം ചമെക്കേണം, എന്നു കല്പിച്ചിരിക്കുന്നു. നമ്മെ നടത്തുന്നവരും അവർ അയച്ച നാമും വെവ്വേറെ രാജ്യസഭകളിൽ ഉത്ഭവിച്ചു വളൎന്നവരും, പുറജാതികളിൽ സുവിശേഷവ്യാപനത്തിന്നായി ഒരുമിച്ചു കൂടി അദ്ധ്വാനിക്കുന്നവരും ആക

യാൽ യുരോപാ സഭകളിൽ നടക്കുന്ന അതതു വിശ്വാസപ്രമാണങ്ങളെയും നാനാ സ്വീകാരങ്ങളെയും ഈ രാജ്യക്കാരിൽ മാതൃകയാക്കി നടത്തുവാൻ മനസ്സു തോന്നീട്ടില്ല എങ്കിലും, ഈ രാജ്യത്തിൽ നമ്മുടെ ശുശ്രൂഷയാൽ ചേൎന്നു വന്ന സഭകൾ പ്രാൎത്ഥനയിലും ആരാധനയിലും ഒന്നിച്ചു കൂടി കഴിയുന്നെടത്തോളം ഏകാചാരത്തെ ആശ്രയിച്ചു നടന്നു, സ്നേഹത്തിൽ ഒരുമനപ്പെട്ടിരിക്കേണ്ടതിന്നു നാനാ സഭക്കാരായ പല സജ്ജനങ്ങളുടെ പ്രാൎത്ഥനകളിൽനിന്നും സാരമുള്ളവ ചേൎപ്പാൻ നിശ്ചയിച്ചിരിക്കുന്നു. സകല വ്യാഖ്യാനങ്ങളിലും ഉപദേശങ്ങളിലും ഐകമത്യം പക്ഷേ എത്താത്തതായാലും, ദൈവാരാധനയിൽ നല്ല ഒരുമയെ അന്വേഷിക്കുന്നതു ക്രിസ്തുവിന്റെ ജീവനുള്ള അവയവങ്ങൾക്കു കഴിയാത്തതല്ലല്ലോ. അത്രയല്ല പ്രാൎത്ഥനാസംഗ്രഹം എഴുതികൊടുത്താലും, ഹൃദയപ്രാൎത്ഥന ഒട്ടും നീക്കേണ്ടതല്ല, സ്തോത്രയാചനകളിലും അവരവരുടെ സ്വാതന്ത്ര്യത്തിന്നു മുടക്കം വരേണ്ടതും അല്ല, എന്നതും കൂടെ തുറന്നു ചൊല്ലുന്നു. ഇതിൽ വായിക്കുന്നതിനെക്കാൾ വാചകത്തിലും ഭാഷയിലും മാത്രമല്ല, അൎത്ഥത്തിലും സാരം ഏറെ ഉള്ളതു ആൎക്കു തോന്നിയാലും, കൂടക്കൂടെ ഈ പുസ്തകം പ്രയോഗിക്കാതെ, അവസ്ഥെക്കു തക്കവണ്ണം പ്രാൎത്ഥിപ്പാൻ മനസ്സു മുട്ടിയാലും ഇഷ്ടം പോലെ ചെയ്തു കൊൾക. സ്നാനം അത്താഴം ഈ രണ്ടിൽ നടക്കേണ്ടും മൂലവാക്യങ്ങളെ മാത്രം എല്ലാടവും ഒരു പോലെ ചൊല്ലേണ്ടതു. എങ്ങിനെ ആയാലും ഇതു തെറ്റില്ലാത്തതും എപ്പോഴും മാറാതെ പ്രയോഗിക്കേണ്ടുന്നതുമായ സ്ഥിരപ്രമാണം എന്നല്ല, ഇപ്പോൾ പരീക്ഷ ചെയ്തു ദൈവാനുഗ്രഹം ഉണ്ടായാൽ മേല്ക്കുമേൽ പിഴതീൎത്തു സമാപ്തി വരുത്തേണ്ടുന്നതത്രെ, എന്നു വെച്ചു സഭകൾക്കു ഏല്പിച്ചു കൊടുക്കുന്നതു.

ഈ കല്പനകളെ അനുസരിച്ചു സംഗ്രഹത്തെ ചമെപ്പാൻ നിയുക്തരായ മൂവർ സ്വയമായി ഒന്നും തീൎക്കാതെ, ജൎമ്മനി ശ്വിചസഭ

കളിൽ നടപ്പുള്ള പ്രാൎത്ഥനകളിൽനിന്നു തെളിഞ്ഞവ തെരിഞ്ഞെടുത്തും ചേൎത്തും ഇരിക്കുന്നു. ഇന്ന പ്രാൎത്ഥനയെ ഇന്ന പള്ളിപ്പുസ്തകത്തിൽനിന്നു എടുത്തിരിക്കുന്നു, എന്നു അതതിൻ അവസാനത്തിൽ അക്ഷരങ്ങളാൽ കുറിച്ചു കാണുന്നു. പ്രാൎത്ഥനകളും സഭാക്രിയകളും അല്ലാതെ, നിത്യം വായിക്കേണ്ടും സുവിശേഷലേഖനഖണ്ഡങ്ങളും കൎത്താവിന്റെ കഷ്ടാനുഭവചരിത്രവും വേദപാഠങ്ങളുടെ ക്രമവും ചേൎത്തിരിക്കുന്നു. സ്ഥിരീകരണത്തിനുള്ള ഉപദേശം വിൎത്തമ്പൎഗ്സഭകളിൽ നടക്കുന്നതിൽനിന്നു അല്പം സംക്ഷേപിച്ചിട്ടുള്ളതു. മാനുഷമായ ഈ നിൎമ്മാണത്തെ വായിച്ചു കേൾക്കുന്നതിനാൽ അനേകം ഹൃദയങ്ങൾക്കു അനുഗ്രഹം ഉണ്ടാകേണം, എന്നു നാം സഭയുടെ കൎത്താവോടു പ്രാൎത്ഥിച്ചുകൊണ്ടു ഇതിനെ കൂട്ടുവേലക്കാൎക്കും സഭകൾക്കും ഏല്പിച്ചു കൊടുക്കുന്നു.

പ്രാൎത്ഥനാസംഗ്രഹത്തെ

രചിപ്പാൻ നിയുക്തരായ മൂവർ.

## മൂലഗ്രന്ഥങ്ങളെ കുറിക്കുന്ന

### അക്ഷരങ്ങളാവിതു.

| | | |
|---|---|---|
| 1. | Ae. | Agende f. evang. Kirchen. |
| 2. | A. W. | Altwürtemberg. Kirchen-Buch. |
| 3. | Bn. | Bern. Kirchen-Gebete. |
| 4. | Br. | Braunschweig. Kirchen-Ordnung. |
| 5. | Bs. | Basler Kirchen-Gebete. |
| 6. | C. P. | Commonprayer. |
| 7. | Hs. | Hess. Kirchen-Ag. |
| 8. | Lu. | Luther. |
| 9. | Oest. | Oestreich. Kirchen-Ag. |
| 10. | Sfh. | Schaffhausen Kirchen-G. |
| 11. | Sl. | Sehleswig. Kirchen. |
| 12. | Stb. | Strassburg. Kirchen-B. |
| 13. | Std. | Stadische Kirchen-O. |
| 14. | U. | Ulmer Kirchen-O. |
| 15. | Ub. | United Brethren's Liturgy. |
| 16. | W. | Würtemb. Kirchen-Buch. |

# അടക്കം.

## ഒന്നാം അംശം

## സഭാപ്രാൎത്ഥനകൾ.

ഭാഗം.

I. കൎത്താവിൻ ആഴ്ചയിൽ ഉച്ചെക്കു മുമ്പെയുള്ള പ്രാൎത്ഥന. 1

II. കൎത്താവിൻ ആഴ്ചെക്കു ഉച്ചയിൽ പിന്നെയുള്ള പ്രാൎത്ഥന. 14

III. ബാലോപദേശം . . . . . . . . . . . . . . . . . 18

A. a. ഓരോ ഞായറാഴ്ച പ്രാൎത്ഥനകൾ . . . . . . . . 21

b. ഉത്സവപ്രാൎത്ഥനകൾ . . . . . . . . . . 25

B. വിശേഷപ്രാൎത്ഥനകൾ. . . . . . . . . . . . . . . 40

C. പ്രാൎത്ഥനെക്കു കൂടിവരുമ്പോൾ . . . . . . . . . 45

D. വേദപാഠങ്ങൾ.

I. അതതു ദിവസത്തിന്നുള്ള സുവിശേഷലേഖനാംശങ്ങൾ. 55

II. അറുപത്തു പള്ളിനാൾക്കുള്ള വേദപാഠങ്ങൾ നാലു വൎഷങ്ങ
ൾക്കുള്ളിൽ വായിപ്പാൻ വേൎത്തിരിച്ചതു . . . . . . 65

III. കഷ്ടാനുഭവചരിത്രം . . . . . . . . . . . . . . 73

## രണ്ടാം അംശം

## സഭാക്രിയകൾ.

I. സ്നാനം.

൧. സഭയിലുള്ള ശിശുസ്നാനം . . . . . . . . . . 97

൨. പ്രായമുള്ളവന്റെ സ്നാനം. . . . . . . . . . 105

ഭാഗം.

II. സ്ഥിരീകരണം . . . . . . . . . . . . . . . . . . 113
III. തിരുവത്താഴം . . . . . . . . . . . . . . . . . . 118
IV. വിവാഹം . . . . . . . . . . . . . . . . . . 132
V. ശവസംസ്കാരം . . . . . . . . . . . . . . . . . . 139
VI. സഭാശുശ്രൂഷകൾ ആക്കുക.
എ. ഉപബോധകന്മാരെ അനുഗ്രഹിക്ക . . . . . . . 147
ബ. ബോധകന്മാൎക്ക ഹസ്താൎപ്പണം . . . . . . . 151
സ്ഥിരീകരണത്തിന്നുള്ള ഉപദേശം . . . . . . . . . . 158

ഒന്നാം അംശം

# സഭാപ്രാൎത്ഥനകൾ.

## I. കൎത്താവിൻ ആജ്ഞയിൽ

### ഉച്ചെക്ക മുമ്പെയുള്ള പ്രാൎത്ഥന.

## സാമാന്യവന്ദനങ്ങൾ.

൧.

നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ കരുണയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും, നിങ്ങൾ എല്ലാവരോടും കൂടെ ഇരിപ്പൂതാക. ആമെൻ. (൨ കൊ. ൧൩.)

൨.

നമ്മുടെ പിതാവായ ദൈവത്തിൽനിന്നും, കൎത്താവായ യേശു ക്രിസ്തുവിൽനിന്നും, നിങ്ങൾക്ക കരുണയും സമാധാനവും ഉണ്ടാവൂതാക. ആമെൻ. (൨ കൊ. ൧.)

൩.

പിതാവായ ദൈവത്തിൽനിന്നും, പിതാവിൻ പുത്രനായ യേശു ക്രിസ്തു എന്ന കൎത്താവിൽനിന്നും, സത്യത്തിലും സ്നേഹത്തിലും നിങ്ങളോടു കരുണ കനിവു സമാധാനവും ഉണ്ടാവൂ. ആമെൻ. (൨ യൊ.)

൪.

നമ്മുടെ ആരംഭം പിതാ, പുത്രൻ, പരിശുദ്ധാത്മാവു എന്നീ ദൈവനാമത്തിൽ ഉണ്ടായിരിക്കേണമേ. ആമെൻ.

# ഉത്സവവന്ദനങ്ങൾ.

## ആഗമനനാൾ.

൧.

ദാവിദപുത്രന്ന ഹൊശിയന്ന, കൎത്താവിൻ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാക. അത്യുന്നതങ്ങളിൽ ഹൊശിയന്ന. (മത്ത. ൨൧.)

൨.

പ്രമാണവും സൎവ്വഗ്രാഹ്യവും ആകുന്ന വചനം ആവിതു: ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു. (൧ തിമൊ. ൧.)

## തിരുജനനനാൾ.

൧.

കണ്ടാലും, സകല ജനത്തിന്നും ഉണ്ടാകും മഹാ സന്തോഷം ഞാൻ നിങ്ങളോട്ടു സുവിശേഷിക്കുന്നു; ഇന്നു തന്നെ കൎത്താവാകുന്ന ക്രിസ്തു എന്ന രക്ഷിതാവു ദാവിദിൻ നഗരത്തിൽ നിങ്ങൾക്കായിട്ടു ജനിച്ചു. (ലൂ. ൨.)

൨.

ദൈവത്തിന്നു അത്യുന്നതങ്ങളിൽ തേജസ്സും, ഭൂമിയിൽ സമാധാനവും, മനുഷ്യരിൽ പ്രസാദവും ഉണ്ടു. (ലൂ. ൨.)

## ആണ്ടുപിറപ്പു.

൧.

ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനും ആയവനിൽനിന്നും, അവന്റെ സിംഹാസനത്തിൻ മുമ്പിലുള്ള ഏഴു ആത്മാക്കളിൽനിന്നും, വിശ്വസ്തസാക്ഷിയും, മരിച്ചവരിൽ ആദ്യജാതനും, ഭൂമിരാജാക്കന്മാരെ വാഴുന്നവനും ആയ യേശുക്രിസ്തുവിൽനിന്നും, നിങ്ങൾക്കു കരുണയും സമാധാനവും ഉണ്ടാക. (വെളി. ൧.)

൨.

ദൈവം നമുക്കു ആശ്രയവും ബലവും ആകുന്നു, ക്ലേശങ്ങളിൽ അവൻ തുണ എന്നു ഏററം കാണപ്പെട്ടുന്നു. അതുകൊണ്ടു ഭൂമിയെ

മാററുകിലും, സമുദ്രമദ്ധ്യെ മലകൾ കുലുങ്ങിയാലും, നാം ഭയപ്പെടു കയില്ല. (സങ്കീ. ൪൬.)

## പ്രകാശനദിനം.

എഴുനീററു പ്രകാശമാക, നിന്റെ പ്രകാശം വന്നുവല്ലൊ, യഹോവയുടെ തേജസ്സും നിന്റെ മേൽ ഉദിക്കുന്നു. (യശ. ൬൦.)

## തിരുവെള്ളിയാഴ്ച.

അറുക്കപ്പെട്ട കുഞ്ഞാടായവൻ ശക്തി, ധനം, ജ്ഞാനം, ഊക്ക, ബഹുമാനം, തേജസ്സനുഗ്രഹങ്ങളും ലഭിപ്പാൻ പാത്രമാകുന്നു. (വെളി. ൫.)

## പുനരുത്ഥാനനാൾ.

൧.

യേശു ക്രിസ്തു മരിച്ചവരിൽനിന്നു എഴുനീററതിനാൽ, തന്റെ കനിവിൻ ആധിക്യപ്രകാരം നമ്മെ വീണ്ടും ജനിപ്പിച്ചവനായി, നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം. (൧ പേ. ൧.)

൨.

ആടുകളുടെ വലിയ ഇടയനാകുന്ന നമ്മുടെ കൎത്താവായ യേശുവെ നിത്യനിയമത്തിന്റെ രക്തത്താൽ മരിച്ചവരിൽനിന്നു മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്യാന്തക്കവണ്ണം, സകല സൽക്രിയയിലും യഥാസ്ഥാനപ്പെടുത്തി, നിങ്ങളിൽ തനിക്ക പ്രസാദമുള്ളതിനെ യേശു ക്രിസ്തുമൂലം നടത്തിക്കേണമേ. ഇവന്നു എന്നെന്നേക്കും തേജസ്സു ഉണ്ടാവൂതാക. ആമെൻ. (എബ്ര. ൧൩.)

## സ്വൎഗ്ഗാരോഹണനാൾ.

ദൈവം ജയഘോഷത്തോടും, യഹോവ കാഹളനാദത്തോടും കരേറുന്നു; ദൈവത്തെ കീൎത്തിപ്പിൻ, നമ്മുടെ രാജാവെ കീൎത്തിപ്പിൻ. (സങ്കീ. ൪൭.)

## പെന്തകൊസ്തനാൾ.

നിങ്ങൾ പുത്രരാകകൊണ്ടു, അബ്ബാ പിതാവേ, എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു. (ഗല. ൪.)

## ത്രിത്വത്തിന്നാകം.

സൎവ്വശക്തനായ യഹോവ എന്ന ദൈവം, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ഭൂമി മുഴുവനും അവന്റെ തേജസ്സുകൊണ്ടു നിറഞ്ഞിരിക്കുന്നു. (വെളി. ൪. യശ. ൬.) W.

(പിന്നെ സ്തോത്രമോ പ്രാൎത്ഥനയോ ഉള്ളൊരു ശ്ലോകം പാടുക.)

## പിന്നെ പ്രാൎത്ഥനാരംഭം.

വിളിക്കപ്പെട്ട വിശുദ്ധരായുള്ളോരേ, ദൈവമുമ്പിൽ നിങ്ങളുടെ പ്രാൎത്ഥനയോടും കൂടെ എത്തുവാൻ ഹൃദയങ്ങളെ ഉയൎത്തുവിൻ, ഇവിടെയും നിശ്ചയമായി ദൈവഭവനവും സ്വൎഗ്ഗവാതിലും ഉണ്ടു, ഇവിടെയും കൂടെ അത്യുന്നതന്റെ കരുണ വിളങ്ങുന്നുണ്ടു. വചനം കൊണ്ടും, വിലയേറിയ ചൊല്കുറികളെകൊണ്ടും, രാജ്യത്തിന്റെ മക്കളിൽ സ്വൎഗ്ഗീയജ്ഞാനം ആകുന്ന നല്ല വെളിച്ചത്തെയും, ബുദ്ധിയെ കടക്കുന്ന സമാധാനസന്തോഷങ്ങൾ ഉള്ള ദിവ്യജീവനെയും, ഇവിടെ പരത്തുവാൻ പിതാവിനു പ്രിയപുത്രനോടും പരിശുദ്ധാത്മാവിനോടും പ്രസാദം തോന്നുന്നുണ്ടു. അപ്രകാരം തന്നെ സകല നന്മകൾക്കും ജീവനുള്ള ഉറവാകുന്ന ത്രിയെക ദൈവത്തോടു ചേരുവാനും, പ്രാൎത്ഥനയും ആത്മികസ്തുതിയും നല്ല ആരാധനയും കഴിപ്പാനും, നിങ്ങൾക്കും അനുവാദം ഉണ്ടു. ആകയാൽ നാം ഹൃദയതാഴ്മയോടും, മക്കൾക്കു പററുന്ന ആശ്രയത്തോടും കൂടെ, കൃപാസനത്തിൻ മുമ്പിൽ ഇരുന്നുംകൊണ്ടു, ഒന്നാമതു പാപങ്ങളെ മനസ്താപം പൂണ്ടു, ഏററുപറയുമാറാക. Sfh.

## പാപസ്വീകാരം.

(എല്ലാവരും മുട്ടുകുത്തീട്ടു.)

അരിഷ്ടപാപികളായ ഞങ്ങൾ, സ്വൎഗ്ഗസ്ഥപിതാവായ ദൈവത്തിന്മുമ്പിൽ സങ്കടപ്പെട്ടു അറിയിക്കുന്നിതു:— ഞങ്ങൾ നിന്റെ വിശുദ്ധ കല്പനകളെ പലവിധത്തിലും നിരന്തരമായി ലംഘിച്ചു പോന്നു; ആകാത്ത വിചാരങ്ങളാലും, വാക്കുകളാലും, ക്രിയകളാലും, നാനാപ്രകാരം അവിശ്വാസം നന്നികേടു ചതിവുകളാലും, എല്ലാ നടപ്പിലും സഹോദരസ്നേഹമില്ലായ്കയാലും, വളരെ പാപം ചെയ്തി

രിക്കുന്നു. അതുകൊണ്ടു നിന്റെ ശിക്ഷയാകുന്ന നിത്യ മരണത്തിന്നു ഞങ്ങൾ യോഗ്യരാകുന്നു, എങ്കിലും ഈ സകല പാപം നിമിത്തം ഞങ്ങൾക്കു അനുതാപവും, മനഃക്ലേശവും ഉണ്ടു. ഞങ്ങളുടെ കടങ്ങളെ കടക്കുന്ന ദൈവകൃപയും, കൎത്താവായ യേശുവിന്റെ അളവററ പുണ്യവും അല്ലാതെ, ഞങ്ങൾ ഒർ ആശ്വാസവും വഴിയും കാണുന്നതും ഇല്ല. ഈ കൃപയെ അപേക്ഷിച്ചു ഞങ്ങൾ ചൊല്ലുന്നിതു: പിതാവേ, ഞാൻ സ്വൎഗ്ഗത്തിങ്കലും നിന്റെ മുമ്പിലും പാപം ചെയ്തു, ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെട്ടുവാൻ യോഗ്യനമല്ല; എങ്കിലും എല്ലാ പാപത്തിന്നും ക്ഷമയും, ദൈവത്തിങ്കലെ പ്രാഗത്ഭ്യവും, ആത്മാവിന്റെ വിശുദ്ധീകരണത്തിന്നു ശക്തിയും, സൌജന്യമായി ലഭിക്കേണം എന്നു യേശു ക്രിസ്തുവിന്റെ നാമത്തിൽ വന്നു യാചിക്കുന്നു. ആമെൻ. Sl.

അല്ലെങ്കിൽ.

സൎവ്വശക്തിയും കൃപയും ഉള്ള നിത്യദൈവമേ, ഞങ്ങളുടെ കൎത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ പിതാവായുള്ളോവേ, അരിഷ്ടപാപികളായ ഞങ്ങൾ നിന്തിരുമുമ്പിൽ സങ്കടപ്പെട്ടു, അറിഞ്ഞും അറിയിച്ചും കൊള്ളുന്നിതു: ഞങ്ങൾ പാപത്തിൽ ഉത്ഭവിച്ചു ജനിക്കകൊണ്ടു, സ്വഭാവത്താൽ കോപത്തിൻ മക്കൾ ആകുന്നു; ഞങ്ങളുടെ നടപ്പിൽ ഒക്കയും വിചാരത്താലും, വാക്കിനാലും, ക്രിയയാലും, നിന്നെ പലവിധേന കോപിപ്പിച്ചിരിക്കുന്നു. ഞങ്ങളെ സൃഷ്ടിച്ചും, രക്ഷിച്ചും, വിശുദ്ധീകരിച്ചും പോരുന്ന നിന്നെ പൂൎണ്ണഹൃദയത്തോടും, പൂൎണ്ണമനസ്സോടും, എല്ലാശക്തികളാലും, സ്നേഹിച്ചിട്ടില്ല. ഞങ്ങളെ പോലെ തന്നെ കൂട്ടുകാരെ സ്നേഹിച്ചതും ഇല്ല. ആകയാൽ നിന്റെ ക്രോധത്തിന്നും, ന്യായവിധിക്കും, നിത്യമരണശാപങ്ങൾക്കും ഞങ്ങൾ പാത്രമാകുന്നു സ്പഷ്ടം. എങ്കിലും നിന്റെ അളവില്ലാത്ത കനിവിനെ ശരണമാക്കി, ഞങ്ങൾ കരുണ തേടി ഇരിക്കുന്നു; നിന്റെ പ്രിയ പുത്രനും, ഞങ്ങളുടെ കൎത്താവും രക്ഷിതാവും ആകുന്ന യേശു ക്രിസ്തുനിമിത്തവും, നിന്റെ പരിശുദ്ധനാമത്തിന്റെ ബഹുമാനംനിമിത്തവും ഞങ്ങളിൽ കനിവു തോന്നുകയും, സകല പാപം ക്ഷമിക്കയും, ഹൃദയത്തിന്നു നല്ല പുതുക്കം നല്കുകയും വേണ്ടു എന്നു ഞങ്ങൾ ഉണ്മയായി അപേക്ഷിക്കുന്നു. അല്ലയൊ കൎത്താ

വേ, അരിഷ്ട പാപികളായ ഞങ്ങളോടു കരുണ ഉണ്ടാകേണമേ. ആമെൻ. Hs.

## കെട്ടഴിപ്പിന്റെ വാചകം.

പാപങ്ങളെ ചൊല്ലി അനുതപിച്ചു, നമ്മുടെ പ്രായശ്ചിത്തമാകുന്ന ക്രിസ്തുവിൽ വിശ്വസിച്ചും, ഹൃദയത്തിന്നും നടപ്പിന്നും പുതുക്കം ആഗ്രഹിച്ചും കൊള്ളുന്ന നിങ്ങൾ എല്ലാവരും, പാപമോചനം എന്നുള്ള ആശ്വാസത്തെ വിശുദ്ധ സുവിശേഷത്തിൽനിന്നു കേട്ടുകൊൾവിൻ. സൎവ്വശക്തനായ ദൈവം നിങ്ങളിൽ കനിഞ്ഞിട്ടു, നമ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും, നമ്മുടെ നീതീകരണത്തിന്നായി ഉണൎത്തപ്പെട്ടും ഇരിക്കുന്ന യേശു ക്രിസ്തു എന്ന പ്രിയപുത്രൻമൂലം, നിങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ചു വിടുന്നു. ക്രിസ്തുസഭയുടെ ശുശ്രൂഷക്കാരൻ എന്നു നിയമിക്കപ്പെട്ട ഞാനും, കൎത്താവായ യേശുവിന്റെ കല്പനപ്രകാരം സകല പാപങ്ങൾക്കും ഉള്ള മോചനത്തെ നിങ്ങളോടു അറിയിക്കുന്നതു, പിതാവു, പുത്രൻ, പരിശുദ്ധാത്മാവു എന്നീ ദൈവനാമത്തിൽ തന്നെ.

(നിങ്ങളിൽ അനുതാപമില്ലാത്തവരും അവിശ്വാസികളും ആയുള്ളവൎക്കോ പാപങ്ങൾ പിടിപ്പിക്കപ്പെട്ടിരിക്കുന്നു; അവർ മനം തിരിയാതെ പാൎത്താൽ, ദൈവകോപവും ശിക്ഷയും അവരുടെ മേൽ വസിക്കും എന്നു കൂടെ അറിയിക്കുന്നതു നമ്മുടെ കൎത്താവും രക്ഷിതാവും ആകുന്ന യേശു ക്രിസ്തുവിന്റെ നാമത്തിൽ തന്നെ). ആമെൻ. W. Hs.

(ഈ വാചകങ്ങളെ ഉപദേഷ്ടാക്കന്മാൎക്കുമാത്രമല്ല ഉപദേശിമാൎക്കും വായിക്കാം.)

തങ്ങളുടെ പാപങ്ങളെ ഓൎത്തുകൊണ്ടു ദുഃഖിച്ചു, കരുണയും പാപമോചനവും തേടിക്കൊള്ളുന്ന എല്ലാവരും, സുവിശേഷത്തിന്റെ ആശ്വാസവചനത്തെ കേൾപ്പിൻ! നിങ്ങളോടു യേശു താൻ പറയുന്നിതു:

൧.

അല്ലയോ അദ്ധ്വാനിച്ചും, ഭാരം ചുമന്നും നടക്കുന്നോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും ഹൃദയതാഴ്മയും ഉള്ളവൻ ആകകൊണ്ടു, എന്റെ നുകം നിങ്ങളിൽ ഏറ്റുകൊണ്ടു, എങ്കൽനിന്നു പഠി

പ്പിൻ; എന്നാൽ നിങ്ങളുടെ ദേഹികൾക്ക ആശ്വാസം കണ്ടെത്തും. എന്തെന്നാൽ എന്റെ നുകം ഗുണമായും, എന്റെ ചുമട ലഘുവായുമിരിക്കുന്നു. (മത്തായി. ൧൧, ൨൮—൩൦.)

അല്ലെങ്കിൽ.

൨.

എന്തെന്നാൽ ദൈവം തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിക്കാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിന്നു അവനെ തരുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹ. ൩, ൧൬.)

നാം അവനിൽ ദൈവനീതി ആകേണ്ടതിന്നു, അവൻ പാപത്തെ അറിയാത്തവനെ നമുക്ക വേണ്ടി പാപം ആക്കി. (൨ കോറി. ൫, ൨൧.)

---

എന്നാൽ കൎത്താവിനെ മറന്നു, അന്യായത്തിലും പാപത്തിലും രസിക്കുന്നവർ ഒക്കയും ദൈവത്തിന്റെ അരുളപ്പാടിനെ കേൾപ്പിൻ:

൧.

ദുഷ്ടൻ തന്റെ വഴിയെയും, അകൃത്യക്കാരൻ തന്റെ വിചാരങ്ങളെയും വിട്ടു, കൎത്താവിന്റെ അടുക്കൽ തിരിക; എന്നാൽ അവന്നു കരുണ ഉണ്ടാകും. (യശായ. ൫൫, ൭.)

ഇന്നു നിങ്ങൾ അവന്റെ ശബ്ദത്തെ കേട്ടാൽ, മത്സരത്തിൽ എന്നപോലെ, ഹൃദയത്തെ കഠിനമാക്കരുതേ. (എബ്ര. ൩, ൧൫.)

അല്ലെങ്കിൽ.

൨.

ദുഷ്ടൻ മരിക്കേണം എന്നു അല്പം പോലും എനിക്ക ഇഷ്ടമില്ല; അവൻ തന്റെ വഴികളെ വിട്ടു തിരിഞ്ഞു ജീവിക്കേണം എന്നത്രെ. (ഹെസ. ൧൮, ൨൩.)

നീതിമാൻ പ്രയാസേന രക്ഷപ്പെടുന്നു എങ്കിൽ, അഭക്തനും പാപിയും എവിടെ കാണപ്പെടും. (൧ പേത്രു. ൪, ൧൮.)

(പിന്നെ എല്ലാവരും നില്ക്കെ, പ്രബോധിപ്പിക്കുന്നിതു:)

കനിവുള്ള ദൈവം കരുണ വിചാരിച്ചു അനുതപിക്കുന്നവരായ നിങ്ങളുടെ പാപങ്ങളെ മോചിച്ചതു കൊണ്ടു, വിശ്വാസമുള്ള

ദൈവജാതിയായുള്ളോരേ, നിങ്ങൾ ത്രിയെകദൈവത്തെ പുതുതായി പററികൊണ്ടു, എല്ലാകാലത്തും ഏതു സ്ഥലത്തും അവങ്കലുള്ള വിശ്വാസത്തെ വാക്കിനാലും ക്രിയയാലും ഏററു പറയേണം എന്നു നിങ്ങളെ പ്രബോധിപ്പിക്കുന്നു. അതുകൊണ്ടു നാം ഹൃദയങ്ങളെ ഉയൎത്തി ഒന്നിച്ചു പറഞ്ഞു കൊൾ്കതാക.

## വിശ്വാസപ്രമാണം.

സ്വൎഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി, സൎവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിങ്കൽ ഞാൻ വിശ്വസിക്കുന്നു.

അവന്റെ ഏകപുത്രനായി, നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിങ്കലും ഞാൻ വിശ്വസിക്കുന്നു. ആയവൻ പരിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉല്പാദിതനായി ജനിച്ചു, പൊന്ത്യപിലാതന്റെ താഴെ കഷ്ടമനുഭവിച്ചു, ക്രൂശിക്കപ്പെട്ടു മരിച്ചു, അടക്കപ്പെട്ടു, പാതാളത്തിൽ ഇറങ്ങി, മൂന്നാം ദിവസം ഉയിൎത്തെഴുനീററു, സ്വൎഗ്ഗാരോഹണമായി, സൎവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. അവിടെനിന്നു ജീവികളോടും മരിച്ചവരോടും ന്യായം വിസ്തരിപ്പാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്ന ശുദ്ധ സാധാരണ സഭയിലും, പാപമോചനത്തിലും, ശരീരത്തോടെ ജീവിച്ചെഴുനീല്ക്കുന്നതിലും, നിത്യജീവങ്കലും ഞാൻ വിശ്വസിക്കുന്നു. ആമെൻ.

## നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയുള്ള ദൈവവും, സകല കരുണകൾക്കും പിതാവുമായുള്ളോവേ, നീ ഞങ്ങളിലും, സകല മനുഷ്യരിലും കാട്ടിയ കൃപാവാത്സല്യങ്ങൾക്കായികൊണ്ടു പാത്രമല്ലാത്ത അടിയങ്ങൾ താഴ്മയോടെ സ്തോത്രം ചൊല്ലുന്നു. ഞങ്ങളെ നീ സൃഷ്ടിച്ചു, പാലിച്ചു, ഐഹികത്തിൽ അനുഗ്രഹിച്ചുകൊണ്ടതിനെ എല്ലാം ഞങ്ങൾ ഓൎത്തിട്ടൊഴികെ, ഞങ്ങളുടെ കൎത്താവാകുന്ന യേശു ക്രിസ്തുവിനെ കൊണ്ടു നീ ലോകത്തെ വീണ്ടെടുത്തിട്ടുള്ള അളവില്ലാത്ത സ്നേഹത്തെയും, തിരുവചനവും, ചൊല്ക്കുറികളും ആകുന്ന ദാനത്തെയും, തേജസ്സിന്റെ പ്രത്യാശയെയും ചൊല്ലി നിന്നെ വാഴ്ത്തുന്നുണ്ടു. ഇനി നിന്റെ

കരുണകൾ വേണ്ടുംവണ്ണം ബോധിച്ചിട്ടു, ഞങ്ങൾ നിൎവ്യാജമായ നന്നിഭാവം കാട്ടി, തിരുസേവക്കായിട്ടു ഞങ്ങളെ മുഴുവൻ സമൎപ്പിച്ചും, വാഴുന്നാൾ ഒക്കെയും വിശുദ്ധിയിലും നീതിയിലും നിന്റെ മുമ്പാകെ നടന്നുകൊണ്ടു, ഇങ്ങിനെ അധരങ്ങളാൽ മാത്രമല്ല, നടപ്പിനാൽ തന്നെ നിന്റെ സ്തുതിയെ പരത്തുമാറാകേണ്ടതിന്നു, ഞങ്ങൾ കൎത്താവായ യേശു ക്രിസ്തുമൂലം നിന്നോടു അപേക്ഷിക്കുന്നു. ആയവൻ നീയും പരിശുദ്ധാത്മാവുമായി എന്നേക്കും സകല ബഹുമാനവും തേജസ്സും അനുഭവിച്ചു വാഴേണമേ. ആമെൻ. Cp.

A. p. എന്ന അക്കത്തിലെ പ്രാൎത്ഥനകൾ ഒന്നോ രണ്ടോ ഇവിടെ ചേൎത്തു വായിക്കാം. പിന്നെ

പക്ഷവാദങ്ങൾ ആവിതു:

സൎവ്വശക്തിയും നിത്യകനിവും ഉള്ള ദൈവവും, ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവും ആയുള്ളോവേ, പ്രിയപുത്രൻ നിമിത്തം കടാക്ഷിച്ചു, തിരുവുള്ളം ഇങ്ങോട്ടു ആക്കേണമേ. ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം ഞങ്ങളോടു കൃപ ചെയ്തു, നിൻകനിവുകളുടെ പെരുമപ്രകാരം ഇങ്ങേ ദ്രോഹങ്ങളെ മാച്ചുകളക. അടിയങ്ങളെ ന്യായവിധിയിൽ പ്രവേശിപ്പിക്കാതെ, മദ്ധ്യസ്ഥനായ യേശു ക്രിസ്തുനിമിത്തം ഞങ്ങളുടെ അകൃത്യം ഒക്കെയും ക്ഷമിക്കേണമേ. തിരുസഭയെ കരുതിനോക്കി, വചനത്തെയും കൃപാകരചൊല്കുറികളെയും കുറ്റില്ലാതെ വെടിപ്പായി കാത്തുകൊൾക. നിന്റെ കൊയ്തിൽ വിശ്വസ്തരായ വേലക്കാരെ അയച്ചു, തിരുവചനത്തിൻ ഘോഷണത്തിന്നായി നിന്റെ ആത്മാവെയും ശക്തിയെയും നല്കി, അതിനെ സകല രാജ്യങ്ങളിലും പ്രസ്താവിച്ചു, പുറജാതികളെ മനം തിരിയുമാറാക്കി, ഇസ്രയേലിൻ ചിതറിയ ആടുകളെ ചേൎത്തുകൊള്ളേണമേ. എല്ലാ ഇടൎച്ചകളെയും തടുത്തു, ഭ്രമിച്ചു തെറ്റിപ്പോയവരെയും പാപത്തിൻ ചതിയിൽ കുടുങ്ങിയവരെയും രക്ഷാവഴിയിൽ നടത്തി, ഞങ്ങളെ ശക്തീകരിച്ചു, ലോകത്തോടും, താന്താന്റെ ജഡത്തോടും പോരാടി ജയിപ്പാറാകേണമേ. ബഹുമാനപ്പെട്ട ഞങ്ങളുടെ രാജ്ഞിയെയും, ഇളയ രാജാവിനെയും, സകല രാജകുഡുംബത്തെയും, മന്ത്രികളെയും തിരുമുമ്പിൽ ഓൎക്കുന്നുണ്ടു. (B. 2. p. *)

* ഇവിടെയും മറ്റുള്ള സ്ഥലങ്ങളിലും B. എന്ന അക്കത്തിൽനിന്നു ആവശ്യംപോലെ ഓരോന്നു ചേൎത്തു വായിക്കാം.

അവൎക്ക ജ്ഞാനത്തിൻ ആത്മാവെ കൊടുത്തു, ശുദ്ധവിചാരങ്ങളെ എത്തിച്ചും കൊണ്ടു, ഈ ദേശത്തിൽ തേജസ്സ വസിപ്പാനും, കരുണാസത്യങ്ങളും നീതിസമാധാനങ്ങളും ഞങ്ങളിൽ വാഴുവാനും സംഗതി വരുത്തേണമേ. എല്ലാവൎക്കും ദിവസവൃത്തി കൊടുത്തു, ഞങ്ങളുടെ തൊഴിലും ഉത്സാഹവും അനുഗ്രഹിച്ചു, വാനത്തിൽനിന്നു മഴകളും ഫലപുഷ്ടിയുള്ള സമയങ്ങളും ഇറക്കേണമേ. (B. 3. p. ) നിലത്തേ വിളയെ സൂക്ഷിക്ക; ഞങ്ങളുടെ നാട്ടു തന്റെ ഫലങ്ങളെ കായ്ക്കുമാറാക; വിവാഹകുഡുംബങ്ങളിലും സമാധാനവും ഐകമത്യവും, പള്ളിയിലും വീട്ടിലും മക്കളെ വളൎത്തുന്നതിന്നു സാമൎത്ഥ്യവും ജനിപ്പിച്ചു, ഇളയവരുടെ ഹൃദയങ്ങളെ വിശുദ്ധാത്മാവെ കൊണ്ടു എല്ലാ നല്ല വഴികളിലും നടത്തുക. നാട്ടും നഗരവും പിതാവായിട്ടു പോററി, യുദ്ധകലഹങ്ങൾ ക്ഷാമം രോഗം മുതലായ ദുസ്സമയങ്ങളും (ദുഷ്ടമൃഗഭയവും) അഗ്നിഭയവും എല്ലാം അകററി, വല്ലാത്ത അകാലമരണത്തിൽനിന്നും ഞങ്ങളെ കാത്തു, വിശുദ്ധദൂതന്മാർ വഴിയിൽ ഞങ്ങളെ കാത്തു, ചുററും പാളയം ഇറങ്ങുമാറാക്കുക. ദരിദ്രരെയും അഗതികളെയും പോററുക; വിധവമാൎക്കും അനാഥൎക്കും തുണനില്ക്ക; ബലഹീനരെയും രോഗികളെയും താങ്ങുക. (B. 7. p. ) ആത്മികാസങ്കടവും ഭയവും ഒക്കയും നീക്കുക. ഞങ്ങളുടെ രക്ഷയോടു എതിരിടുന്നതു ഒക്കയും, ഞങ്ങൾ വിശ്വാസത്തിൽ ഊന്നി ജാഗരിച്ചും പ്രാൎത്ഥിച്ചും കൊണ്ടു, പൊരുതു തടുക്കുമാറാക. സ്നേഹസമാധാനങ്ങളിലും, വിനയ സൌമ്യതകളിലും, ഇന്ദ്രിയ ജയസുബോധങ്ങളിലും നടന്നു കൊണ്ടു, ഞങ്ങൾ അവസാനത്തോളം യേശുവിൽ അത്രെ നിലനില്പാറാക. ഒടുക്കം ഈ ലോകത്തെ പിരിയുമ്പോൾ, മരണസങ്കടത്തിലും സൎവ്വശക്തിയുള്ള കരുണയാലേ തുണനില്ക്ക. ഞങ്ങൾ വിശ്വാസത്തിൽ നിദ്രകൊണ്ടു, സമാധാനത്തോടെ പ്രാണങ്ങളെ നിന്നിൽ ഭരമേല്പിക്കുമാറാക. തേജസ്സിന്റെ രാജ്യത്തിൽ ഞങ്ങളെ പ്രവേശിപ്പിച്ചു, തിരുമുഖത്തെ ആനന്ദത്തോടെ കാണ്മാനും, സകല ദൂതരോടും, തെരിഞ്ഞെടുത്ത കൂട്ടത്തോടും ഒന്നിച്ചു നിന്നെ എന്നെന്നേക്കും വാഴ്ത്തി സ്തുതിപ്പാനും സംഗതി വരുത്തി രക്ഷിക്കേണമേ. ആമെൻ. W.

അല്ലെങ്കിൽ.

ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവായി, കനി

വുനിറഞ്ഞ ദൈവമേ, നീ ഞങ്ങളിൽ ചെയ്ത എല്ലാ കരുണെക്കും സൎവ്വവിശ്വസ്തതെക്കും ഞങ്ങൾ എന്മാത്രം. കൎത്താവേ, ഞങ്ങളിൽ കനിഞ്ഞു, പ്രിയപുത്രനായ യേശുവെ വിചാരിച്ചു, ഞങ്ങളുടെ സകല പാപങ്ങളെയും പൊറുത്തു വിടേണമേ. വിചാരവും ശങ്കയും ഇല്ലാത്ത എല്ലാ പാപികളെയും ഉണൎത്തി മാനസാന്തരപ്പെട്ടു, ഹൃദയങ്ങൾ നിങ്കലേക്കു തിരിയുമാറാക്കുക. പുതുതായി ജനിച്ചവർ അകമേ മനുഷ്യനിൽ ബലപ്പെട്ടു വളരുവാനും, യേശു ക്രിസ്തുവിന്റെ സുവിശേഷം വിശ്വസിക്കുന്നവന്നു ഒക്കെയും രക്ഷെക്കു ദൈവശക്തിയാകുന്നു, എന്നതു അനുഭവത്താൽ ബോധിച്ചുറെപ്പാനും സംഗതിവരുത്തുക. ജീവനിലും മരണത്തിലും ഈ സുവിശേഷം ഞങ്ങൾക്കു ഉത്തമജ്ഞാനവും ആശ്വാസവും ആയി തെളിയുക. അതിനെ ഞങ്ങൾക്കും സന്തതികൾക്കും കുട്ടില്ലാതെ ശുദ്ധമായി കാത്തുകൊൾക. ദിവ്യ സത്യത്തെ വെറുക്കുന്ന അവിശ്വാസത്തെയും, യേശു എന്ന ഏകമായ അടിസ്ഥാനത്തിൽനിന്നു തെററിക്കുന്ന ഏതു ദുൎവ്വിശ്വാസത്തെയും അകററി, ഞങ്ങളെ വിശ്വാസത്തിൽ രക്ഷിച്ചുകൊള്ളേണമേ.

തിരുസഭെക്കു എപ്പോഴും പ്രകാശിതരും ഉത്സാഹികളും ആയ ഉപദേഷ്ടാക്കളെ നല്കി, അവൎക്കു വേലെക്കു വേണ്ടിയ ധൈൎയ്യവും എരിവും പ്രാഗത്ഭ്യവും ശക്തിയും ഇറക്കുക; ഞങ്ങൾ എല്ലാവരും വിശ്വാസത്തിലും, ദൈവപുത്രന്റെ പരിജ്ഞാനത്തിലും, ഐക്യത്തോടും, തികഞ്ഞ പുരുഷത്വത്തോടും ക്രിസ്തുവിന്റെ നിറവുള്ള പ്രായത്തിൻ അളവോടും എത്തുവോളം, വിശുദ്ധരുടെ യഥാസ്ഥാനത്വത്തിന്നും, ഇവ്വണ്ണം ശുശ്രൂഷയുടെ വേലയും, ക്രിസ്തുശരീരത്തിന്റെ വീട്ടുവൎദ്ധനയും വരുവാനും ആയിട്ടത്രെ.

വിശേഷിച്ചു മഹാദൈവവും കൎത്താധികൎത്താവുമായുള്ളോവേ, ഞങ്ങളുടെ രാജ്ഞിയായവളെ അനുഗ്രഹിച്ചുകൊൾക, അവൾക്കും മന്ത്രികൾക്കും, വിശേഷാൽ ഈ രാജ്യത്തിൽ മുൽപ്പെട്ടവൎക്കും വാഴുന്നവൎക്കും ക്രിസ്തീയ ജ്ഞാനത്തെയും, പക്ഷപാതം കൂടാതെ ന്യായം വിധിക്കുന്ന സൂക്ഷ്മബുദ്ധിയെയും, ഈ നാടുകളിൽ ദോഷത്തെ നിറുത്തി നന്മയെ വൎദ്ധിപ്പിച്ചു ഭരിപ്പാൻ പ്രാപ്തിയെയും നല്കേണമേ. നിന്റെ കൃപയുടെ പെരുപ്പത്തിൻപ്രകാരം ഞങ്ങൾക്കു എല്ലാവ

ൎക്കും ദിവസവൃത്തികൾ തന്നും, അവരവരുടെ തൊഴിലും വ്യാപാരവും അനുഗ്രഹിച്ചും, നിലങ്ങളിൽ വിതയെ വിളയിച്ചും, തത്സമയത്തു വേയിലും മഴയും അയച്ചും പുലൎത്തേണമേ. ഈ ദേശം കൂടേ നിന്റെ തേജസ്സുകൊണ്ടു നിറഞ്ഞു ചമയുക, നീ ചെയ്ത നന്മകളെ ഞങ്ങൾ മറക്കാതെ, ദരിദ്രരിലും സങ്കടപ്പെടുന്നവരിലും മനസ്സലിഞ്ഞു, നീ കാണിച്ച ദയ പോലെ ഞങ്ങൾ കാണിച്ചും, പ്രിയ പിതാവേ, നീ കനിവുള്ളവൻ ആകുംപ്രകാരം കനിവുള്ളവരായും വരുമാറാക.

വിലയേറിയ സമാധാനത്തെ ഞങ്ങളിൽ കാത്തുകൊണ്ടു, വിവാഹസ്ഥന്മാൎക്ക ഒക്കയും ഒരുമയും തൃപ്തിഭാവവും, അപ്പനമ്മമാൎക്ക പ്രവൃത്തിയിൽ ഫലസിദ്ധിയും, മക്കളെ വളൎത്തുന്നതിൽ ജ്ഞാനവും ഭാഗ്യവും ഏകേണമേ. കുട്ടികൾ മനസ്സോടെ അനുസരിച്ചും, അപ്പനമ്മമാരെ ഭയപ്പെട്ടും സ്നേഹിച്ചും വളരുവാൻ അനുഗ്രഹം കൊടുക്ക. പണിക്കാരെ ശുദ്ധമനസ്സാക്ഷിയിൽ നിന്നെ സേവിപ്പാറാക്കുക. യജമാനന്മാരെ തങ്ങൾക്കും സ്വൎഗ്ഗത്തിൽ യജമാനൻ ഉണ്ടെന്നു വിചാരിപ്പിക്ക. എല്ലാ മനുഷ്യരിലും കടാക്ഷിച്ചും കൊള്ളേണമേ. വഴി തെററി ഉഴലുന്നവരെ നേരെയുള്ള മാൎഗ്ഗത്തിലാക്കുക; ശത്രുക്കൾക്കു തമ്മിൽ നിരപ്പു വരുത്തുക, ദുഃഖിതന്മാരെ ആശ്വസിപ്പിക്ക, എളിയവരെ പോററുക, വിധവമാരെയും അനാഥരെയും പുലൎത്തുക, നിരാധാരന്മാരെ താങ്ങുക, രോഗികൾക്കു ചികിത്സകനും ചാകുന്നവൎക്ക ശരണവും ആയ്ച്ചമക. ഒടുക്കം ഞങ്ങളെ നിത്യസന്തോഷത്തിന്റെ രാജ്യത്തിൽ ഏററുകൊള്ളേണ്ടതു, അവിടെ നിന്റെ മക്കളുടെ സകല കണ്ണീരും തുടെക്കയും, ഹൃദയങ്ങളിലെ ആഗ്രഹം ഒക്കയും നിവൃത്തിക്കയും ചെയ്യുമല്ലോ. ഞങ്ങൾ യാചിക്കുന്ന എല്ലാററെയും, യാചിക്കുന്നതിന്നു മീതേയും പ്രിയപുത്രനായ യേശുക്രിസ്തുവിൻ നിമിത്തം കനിഞ്ഞു കൊള്ളേണമേ. ആമെൻ. W.

പിന്നെ കൎത്തൃപ്രാൎത്ഥന ചൊല്ലുമ്പോൾ സഭക്കാർ ഓരോരോ അപേക്ഷയെ കേട്ടു ആവൎത്തിച്ചു പറക.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ, ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാൎക്ക ഞങ്ങളും വിടുന്നതു

പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടുതരേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിണക്കല്ലോ ആകുന്നു. ആമെൻ.

ഒരു ശ്ലോകം പാടിയ ശേഷം അതതു ദിവസത്തിന്നുള്ള വേദപാഠങ്ങളെ വായിക്കാവു. (D.)

പിന്നെ ഒരു പാട്ടു പാടുക. ശേഷം പ്രസംഗിക്ക. അതിന്റെ ആരംഭത്തിലും അവസാനത്തിലും മനസ്സു മുട്ടുമ്പോലെ പ്രാൎത്ഥിക്ക. അനന്തരം ഒരു ശ്ലോകം പാടിച്ചു തീൎന്നാൽ തിരുവത്താഴം വിവാഹം മുതലായതിനെ സംബന്ധിച്ചുള്ള പരസ്യങ്ങളെ അറിയിക്ക; ഒടുക്കം ഓർ ആശീൎവ്വചനം ചൊല്ലുക.

---

## ആശീൎവ്വചനങ്ങൾ.

൧.

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക; യഹോവ തിരുമുഖത്തെ നിങ്ങളിലേക്കു പ്രകാശിപ്പിച്ചു കരുണ ചെയ്ക; യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി, നിങ്ങൾക്കു സമാധാനം ഇടുമാറാക. ആമെൻ. (൪ മോ. ൬.)

൨.

എല്ലാബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും, നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കുക. ആമെൻ. (ഫിലി. ൪.)

൩.

സമാധാനത്തിന്റെ ദൈവമായവൻ തന്നെ, നിങ്ങളെ അശേഷം വിശുദ്ധീകരിക്ക; നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുക. ആമെൻ. (൧ തെസ്സ. ൫.)

൪.

എന്നാൽ നമ്മെ കുറയ കഷ്ടപ്പെട്ടു എങ്കിൽ, യേശു ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിലേക്കു വിളിച്ചവനായി, സൎവ്വകൃപാവരമുടയ ദൈവം താൻ നിങ്ങളെ യഥാസ്ഥാനത്തിലാക്കി, ഉറപ്പിച്ചു, ശക്തീകരിച്ചു, അടിസ്ഥാനപ്പെടുത്തുകയും ആം. അവനു തേജസ്സും ബലവും എന്നെന്നേക്കും ഉണ്ടാവൂതാക. ആമെൻ. (൧ പെ. ൫.)

൫.

എന്നാൽ ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിപ്രകാരം കഴിയുന്നവന്നു സഭയകത്തു എന്നെന്നേക്കും സകല തലമുറകളോളവും ക്രിസ്തുയേശുവിങ്കൽ തേജസ്സുണ്ടാവൂതാക. ആമെൻ. (എഫ. ൩.)

---

## II. കൎത്താവിൻ ആഴ്ചെക്കു

### ഉച്ചയിൽ പിന്നെയുള്ള പ്രാൎത്ഥന.

ഒരു വന്ദനം ചൊല്ലിയശേഷം ഒരു ശ്ലോകത്തെ പാടുക, പിന്നെ A. P. അക്കത്തിലെ പ്രാൎത്ഥനകളാൽ ഒന്നു എങ്കിലും ഇവിടെ കാണുന്നതു എങ്കിലും പ്രാൎത്ഥിക്ക.

സ്വൎഗ്ഗസ്ഥനായ പിതാവേ, നീ സ്വൎഗ്ഗീയ വിളികൊണ്ടു ഞങ്ങളെ വിളിച്ചതിനാലും, രാജ്യപുത്രരായി തിരുമുമ്പിൽ വീണ്ടും വരുവാൻ അനുവദിക്കുന്നതിനാലും, ഞങ്ങൾ സ്തോത്രം ചൊല്ലുന്നു. കൎത്താവേ, നീ പരിശുദ്ധനും കരുണാസമ്പന്നനും അത്രേ; ഞങ്ങളോ ഈ വിളിയുടെ വലിപ്പത്തെയും ധന്യതയെയും നന്നിയുള്ളവരായി വിചാരിക്കായ്കയാൽ, നാണിക്കേണ്ടതാകുന്നു. അയ്യോ ഞങ്ങൾ പരിശുദ്ധാത്മാവിന്റെ കൃപാവ്യാപാരങ്ങളോടു എത്രവട്ടം മറുത്തു! തിരുവചനത്തിന്റെ വിത്തു എത്രവട്ടം പ്രപഞ്ചമോഹം, ജഡചിന്ത, അവിശ്വാസം എന്നീ മുള്ളുകളിൽ അകപ്പെട്ടു ഞെരുങ്ങി മുടിഞ്ഞുപോയി! പ്രിയരക്ഷിതാവേ, ഞങ്ങളുടെ നന്നികേടിന്നു യോഗ്യമായ ശിക്ഷയെ വിധിക്കല്ലേ, നിന്റെ സത്യത്തിൻ വെളിച്ചത്തെ ഇവിടെനിന്നു നീക്കരുതേ, നിന്റെ കരുണാരാജ്യത്തിന്നു ഇങ്ങു മാററം വരുത്തരുതേ. ദയയുള്ള ദൈവമേ, പ്രിയപുത്രന്റെ രക്തംകൊണ്ടു ഞങ്ങളുടെ സകല അധൎമ്മങ്ങളെയും മാച്ചു കളയേണമേ. ഞങ്ങളിൽ കനിഞ്ഞു, വിശുദ്ധവചനത്തെയും ചൊല്കുറികളെയും ഇനിയും കൂട്ടില്ലാതെ നിൎമ്മലമായി ഈ സഭയിൽ കാത്തു നടത്തിക്ക, പുതിയ ഹൃദയത്തെ ഞങ്ങളിൽ സൃഷ്ടിക്ക, നിന്നെ സ്തുതിച്ചും കനിവിൻ വൎദ്ധനയെ അപേക്ഷിച്ചുംകൊണ്ടു, തിരുവചനത്തിൻ ശക്തിയാൽ പ്ര

കാശവും വിശുദ്ധിയും, നിത്യജീവന്റെ നിശ്ചയവും നിറഞ്ഞു വഴി യുന്നതിൽ ആഗ്രഹം ജനിപ്പിക്ക. ഇങ്ങിനെ സംഭവിക്കേണ്ടതിന്നു നിന്റെ ഹൃദയപ്രകാരമുള്ള ബോധകരെയും ഇടയന്മാരെയും തിരു സഭെക്കു കൊടുത്തരുളുക; ഓരോരോ കൂടികളിൽ നിന്റെ ആത്മാവിനാൽ വാഴുക; പള്ളികളിൽ കേൾപ്പിക്കുന്നവരെയും കേൾക്കുന്നവരെയും അനുഗ്രഹിക്ക. എല്ലാ ക്രിസ്തീയ അധികാരങ്ങൾക്കും ജ്ഞാനവും പ്രാപ്തിയും നല്കി, അവർ കല്പിക്കുന്നതും നടത്തുന്നതും ഒക്കയും നിന്റെ ബഹുമാനത്തിന്നും, തിരുസഭയുടെ പരിപാലനത്തിന്നും വൎദ്ധനെക്കും, സത്യവിശ്വാസവും ശുദ്ധനടപ്പും എങ്ങും വ്യാപിക്കുന്നതിന്നും അനുകൂലമായി തീരുമാറാകേണമേ. ഈ രാജ്യത്തെ മുഴുവൻ കടാക്ഷിക്കയാവൂ. നിന്റെ ജനത്തെ ആദരിച്ചും കൊണ്ടു, തിരു അവകാശത്തിന്റെ ശേഷിപ്പു നാണിച്ചു പോകാതവണ്ണം രക്ഷിക്കേണമേ. തിരുസഭയോടു കലഹിച്ചു വരുന്ന സകല ഉപായത്തെയും സാഹസത്തെയും ഇല്ലാതാക്കുക, നിന്തിരുനാമത്തെ ഏററുപറഞ്ഞിട്ടു, ഉപദ്രവപ്പെട്ടും ക്ലേശിച്ചും പോകുന്നവരെ ബലപ്പെടുത്തി ഉദ്ധരിക്ക. ഭൂമിയിൽ മനുഷ്യർ വസിപ്പെടത്തോളം നിന്റെ സുവിശേഷവെളിച്ചത്തെ സകല ഹൃദയങ്ങളിലും പ്രകാശിപ്പിച്ചു, ദുഃഖിതർ, അനാഥർ, രോഗികൾ, ദരിദ്രർ മുതലായവരുടെ സങ്കടത്തെ പിതാവായിട്ടു കുറിക്കൊണ്ടു വിചാരിക്ക. ഭൂമിയുടെ ഫലങ്ങളെയും കാത്തുകൊൾക, ഇഹജീവകാലത്തിന്റെ ആവശ്യവും ആശ്വാസവും സംബന്ധിച്ചുള്ളതു ഒക്കയും ദിവ്യാനുഗ്രഹങ്ങളുടെ നിറവിൽനിന്നു ഇറക്കി പോരുകയല്ലാതെ, ഒടുക്കം ഈ അരിഷ്ടതയുടെ താഴ്വരയിൽ നിന്നു നിന്റെ നിത്യ സ്വസ്ഥതയിൽ പ്രവേശിപ്പിച്ചു, ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുമൂലം എന്നേക്കും രക്ഷിക്കേണമേ. ആമെൻ. W. Sfh.

അല്ലെങ്കിൽ.

സൎവ്വശക്തിയുള്ള ദൈവവും, ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവും, സ്വൎഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുഡുംബത്തിന്നു ഒക്കയും പേർ വരുവാൻ ഹേതുവുമായുള്ളോവേ, അടിയങ്ങൾ തിരുമുഖത്തിൻ മുമ്പിൽ നിന്നു കൊണ്ടു ഹൃദയങ്ങളുടെ സ്തോത്രബലികളെ കഴിക്കുന്നു.

നിന്റെ സാദൃശ്യത്തിൽ ഞങ്ങളെ സൃഷ്ടിച്ചു, ചെറുപ്പം മുതൽ ഇന്നേവരേ യാതൊരു പുണ്യവും യോഗ്യതയും ഇല്ലാത്തവരായ ഞങ്ങളെ ആത്മാവിലും ശരീരത്തിലും ഉള്ള നന്മകളെ കൊണ്ടു അനുഗ്രഹിച്ചതിനാൽ, പിതാവേ, ഞങ്ങൾ സ്തുതിക്കുന്നു. വിശേഷാൽ നീ മനം അഴഞ്ഞു, അരിഷ്ടപാപികളെ കനിഞ്ഞു കൊണ്ടു, പ്രിയ പുത്രനായ യേശു ക്രിസ്തുവിനെ ഞങ്ങൾക്കു സമ്മാനിച്ചയക്കയാലും, ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ നിന്റെ വിശുദ്ധാത്മാവിനെ അയച്ചു പോരുന്നു, അവററിൽ ആശ്വാസസമാധാനങ്ങളെയും നിത്യജീവന്റെ പ്രത്യാശയെയും നിറെക്കുന്നതിനാലും, ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ഞങ്ങളുടെ ദൈവമായ കൎത്താവേ, ഈ സകല കൃപകൾ നിമിത്തവും ഇങ്ങേ സ്തോത്രബലികളെ പ്രസാദിച്ചു പരിഗ്രഹിക്കേണമേ.

ഇനി ഞങ്ങൾ അപേക്ഷിക്കുന്നിതു: നിന്നെ അറിയാത്ത ഭയഹീനരായ പാപികളെ തിരുവചനത്തിന്റെ ഒച്ചയെ കേൾപ്പിച്ചുണൎത്തി, സൎവ്വ സഭയിലും ജീവിപ്പിക്കുന്ന നിന്റെ ആത്മാവെ പകരേണമേ. മരണനിഴലിൽ പാൎക്കുന്ന എല്ലാ ജാതികളിലും മനസ്സലിഞ്ഞു, തിരുവെളിച്ചത്തെയും സത്യത്തെയും അയക്കുക. എല്ലാ രാജ്യങ്ങളിലും സുവിശേഷദൂതന്മാരെ പാലിച്ചു നടത്തി, വേലെക്കു വേണ്ടുന്ന ജ്ഞാനവും ശക്തിയും ക്ഷാന്തിയും ഏകേണമേ.

യേശു ക്രിസ്തുവിന്റെ പിതാവേ, സാധാരണ സഭയുടെ ആഗ്രഹത്തെ ഒക്കയും ഞങ്ങൾ ഇതാ തൃക്കൈയിൽ ഏല്പിക്കുന്നു. എല്ലാ (ക്രിസ്തീയ) അധികാരങ്ങളെയും ഞങ്ങൾ ഓൎത്തപേക്ഷിക്കുന്നിതു: അവർ തിരുമനസ്സിൻ പ്രകാരം നാടുകളെ ഭരിപ്പാനായി, അവരെ നിന്റെ ആത്മാവിനാൽ നടത്തുക. തിരുവചനത്തിന്നു വിശ്വസ്ത ശുശ്രൂഷക്കാരെ അയച്ചു, അവരെ സ്വന്തമുള്ളതിനെ അല്ല, നിന്റെ മാനത്തെയും ആട്ടിങ്കൂട്ടത്തിന്റെ രക്ഷയെയും അന്വേഷിപ്പാറാക്കുക. വിവാഹസ്ഥന്മാൎക്കു ജീവനോടും ദൈവഭക്തിയോടും ചേരുന്നവ ഒക്കയും സമ്മാനിച്ചു, അപ്പനമ്മമാർ കുട്ടികളെ നിന്റെ ഭയത്തിൽ വളൎത്തുവാനും, മക്കൾ നന്നിയുള്ളവരായി അനുസരിച്ചടങ്ങുവാനും അനുഗ്രഹിച്ചു കൊൾകേവേണ്ടു. സൌഖ്യവും ഫലവൎദ്ധനവും വരുത്തുന്ന വേനലും മഴയും നല്കി, നിലത്തിൻ അനുഭവത്തെ വിളയിച്ചു,

മഹാവ്യാധി യുദ്ധം മുതലായ ബാധകളെ ദയ ചെയ്തു നീക്കേണമേ. രോഗികൾ, പീഡിതർ, അഗതികൾ, ദരിദ്രർ, വിധവമാർ, അനാഥർ ഇത്യാദികൾക്കു എല്ലാം നീ ഏകസഹായവും, ഉറപ്പുള്ള ആധാരവും, മതിയായുള്ള ആശ്വാസവും ആയ്തീൎന്നു, സകല ദുഃഖക്ലേശങ്ങൾക്കും ഭാഗ്യമുള്ള അറുതി വരുത്തുക. നിന്റെ പ്രജകളെ ഉപദ്രവിച്ചു നിൎബ്ബന്ധിക്കുന്ന സാഹസങ്ങളെ എപ്പോഴും തടുത്തു, സദൈക തുണയും നിഴലുമായി വരേണമേ. ഞങ്ങൾക്കും സന്തതികൾക്കും വലിയ പരീക്ഷാസമയത്തിലും നിന്റെ സുവിശേഷസത്യത്തെയും, ദിവ്യസമാധാനത്തെയും രക്ഷിച്ചു കാത്തു, സമാധാനപ്രഭുവായ യേശു ക്രിസ്തു എന്ന നിന്റെ പ്രിയപുത്രനും, ഞങ്ങളുടെ കൎത്താവും ആയവനെ കൊണ്ടു ഞങ്ങളെ പോററി വാഴേണമേ. ആമെൻ. W. Bs.

അതിന്റെ ശേഷം വേദപാഠം വായിച്ചു പാട്ടു പാടിച്ചു അനന്തരം മനസ്സു മുട്ടുംപോലെ പ്രാൎത്ഥിച്ചു പ്രസംഗിക്ക. ഒടുക്കം ഹൃദയത്തിൽനിന്നു പ്രാൎത്ഥിച്ചു കൎത്തൃപ്രാൎത്ഥന ചൊല്ലി ചൊല്ലിച്ചു, ഒരു ശ്ലോകം പാടിച്ചു തീൎച്ചെക്കു ആശീൎവ്വചനം ഒന്നിനെ കേൾപ്പിക്കുക.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ, ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിടുന്നതു പോലെ, ഞങ്ങളുടെ കടങ്ങളെ വിട്ടു തരേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിണക്കല്ലോ ആകുന്നു. ആമെൻ.

---

## ആശീൎവ്വചനങ്ങൾ.

൧.

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക; യഹോവ തിരുമുഖത്തെ നിങ്ങളിലേക്കു പ്രകാശിപ്പിച്ചു കരുണ ചെയ്ക; യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി, നിങ്ങൾക്കു സമാധാനം ഇടുമാറാക. ആമെൻ. (൪ മോ. ൬.)

൨.

എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തു യേശുവിങ്കൽ കാക്കുക. ആമെൻ. (ഫിലി. ൪.)

൩.

സമാധാനത്തിന്റെ ദൈവമായവൻ തന്നെ, നിങ്ങളെ അശേഷം വിശുദ്ധീകരിക്ക; നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി ക ക്കപ്പെടാക. ആമെൻ. (൧ തെസ്സ. ൫.)

൪.

എന്നാൽ നമ്മെ കുറയ കഷ്ടപ്പെട്ട എങ്കിൽ, യേശു ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിലേക്കു വിളിച്ചവനായി, സൎവ്വകൃപാവരമുടയ ദൈവം താൻ നിങ്ങളെ യഥാസ്ഥാനത്തിലാക്കി ഉറപ്പിച്ചു, ശക്തീകരിച്ചു, അടിസ്ഥാനപ്പെടുത്തുകയും ആം. അവന്നു തേജസ്സും ബലവും എന്നെന്നേക്കും ഉണ്ടാവൂതാക. ആമെൻ. (൧ പേ. ൫.)

൫.

എന്നാൽ ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിപ്രകാരം കഴിയുന്നവന്നു, സഭയകത്തു എന്നേക്കും സകല തലമുറകളോളവും ക്രിസ്തു യേശുവിങ്കൽ തേജസ്സുണ്ടാവൂതാക. ആമെൻ. (എഫ. ൩.)

---

## III. ബാലോപദേശം.

ഞായറാഴ്ചതോറും ബാലോപദേശം എന്ന ആരാധന കൊണ്ടാടുക. ഒരു വന്ദനം ചൊല്ലി പാട്ടു പാടിച്ചശേഷം ഈ പ്രാൎത്ഥനയെ പ്രാൎത്ഥിക്ക.

ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവേ, വലിയ പ്രവാചകനും അല്പബുദ്ധികളുടെ ഉപദേഷ്ടാവും ആയുള്ളോവേ, നീയും ബാല്യത്തിങ്കൽ പന്ത്രണ്ടു വയസ്സായപ്പോൾ, ഗുരുക്കന്മാരുടെ നടുവിൽ ഇരുന്നു, അവൎക്കു ചെവികൊടുക്കയും, അവരോടു ചോദിക്കയും ചെയ്തുവല്ലോ. ഞങ്ങൾ ഇവിടെ കൂടി വന്നിരിക്കുന്നതു, ദൈവഭക്തിയു

ടെ ഉപദേശത്തെയും, രക്ഷാകരമായ ക്രിസ്തുമതത്തിന്റെ സാരാംശ ങ്ങളെയും കേൾപ്പാൻ മാത്രമല്ല; ചോദ്യങ്ങൾക്ക ഉത്തരം പറവാ നും, നിന്റെ ജ്ഞാനത്തിൽ വേരൂന്നി വിശ്വാസവൎദ്ധന ലഭിപ്പാനും ആകുന്നു. ഇതിന്നായിട്ട നിന്റെ പരിശുദ്ധാത്മാവിന്റെ കരുണ ന ല്കേണമേ; നിന്റെ ധൎമ്മോപദേശത്തിലെ അതിശയങ്ങളെ കാണേ ണ്ടതിന്നു ഞങ്ങളുടെ കണ്ണുകളെയും ഹൃദയങ്ങളെയും തുറക്കേണമേ. നിന്റെ വിശുദ്ധ വചനത്തെ മേല്ക്കുമേൽ അധികം ഗ്രഹിക്കേണ്ട തിന്നു ഞങ്ങൾക്ക ബുദ്ധികളെ തുറന്നു തരേണമേ; ഇപ്രകാരം ഞ ങ്ങൾ കൎത്താവായ യേശുവേ, നീ മൂലക്കല്ലാകുന്ന ആലയത്തിൽ അപോസ്തലപ്രവാചകന്മാരുടെ അടിസ്ഥാനത്തിന്മേൽ കെട്ടപ്പെട്ട വളൎന്നു, പിശാചിന്റെയും ലോകത്തിന്റെയും സകല പരീക്ഷക ൾക്കും തെററി ജയം കൊണ്ടു, ആത്മാക്കളുടെ രക്ഷയാകുന്ന വിശ്വാ സത്തിന്റെ ലാക്കിൽ എത്തേണ്ടതിന്നു, കരുണ ചെയ്തു പരിപാലി ക്കേണമേ. ആമെൻ. W.

അല്ലെങ്കിൽ.

കനിവേറിയവനും ഏകജ്ഞാനിയുമായ പിതാവും ദൈവവും ആയുള്ളോവേ, ഞങ്ങൾ പാപത്തിലും അറിയായ്മയിലും ജനിക്ക യാൽ, ഏകദൈവമായ നിന്നെയും, നീ ലോകത്തിൽ അയച്ച യേശു ക്രിസ്തുവിനെയും അറിയുന്നതിൽ നിത്യജീവൻ ഉണ്ടായിരിക്കുന്നു എ ങ്കിലും ഇവ രണ്ടും ബോധിപ്പാൻ ഞങ്ങളാൽ കഴിയാതിരിക്കേ, ഒരു ബാലൻ ഈ കുറവിനെ തീൎപ്പതു എങ്ങിനെ? ചെറുപ്പം മുതൽ നി ന്നോട്ട ചേരുവാൻ തന്റെ ഓട്ടത്തെ ദോഷം അകററി, ക്രമത്തിലാക്കു ന്നതു എങ്ങിനെ? നിന്റെ വചനത്തെ സൂക്ഷിക്കുന്നതിനാലല്ലോ. ആയതത്രേ ഞങ്ങളുടെ കാലുകൾക്ക ദീപവും, മാൎഗ്ഗത്തിങ്കൽ വെളി ച്ചവും ആകുന്നതു; അതുകൊണ്ടു ഞങ്ങൾ ഈ ഭൂമിമേൽ പരദേശി കളും അതിഥികളും ആയി കടന്നു തീരുവോളം, തിരുവചനം ഞങ്ങ ളിൽനിന്നു മറെക്കരുതേ; ജ്ഞാനത്തിന്റെ ആത്മാവെ തന്നു, ഞ ങ്ങൾ നിന്റെ പരമാൎത്ഥത്തെ ശുദ്ധമായി ഗ്രഹിക്കേണ്ടതിന്നു ഉള്ള ങ്ങളെ പ്രകാശിപ്പിക്കേണമേ. സത്യത്തെ ഗ്രഹിച്ച പ്രകാരം ഞ ങ്ങൾ നിവൃത്തിച്ചും, നിന്റെ സന്നിധിയിൽ പ്രസാദം വരുത്തി ന

ടന്നും കൊള്ളേണ്ടതിന്നു ഹൃദയങ്ങളെ പുതുക്കയും ചെയ്യു. ഇതു ഒക്കെയും ഞങ്ങൾ യാചിക്കുന്നതു, പിതാവോടു എത്തുവാൻ ഏക വഴിയും സത്യവും ജീവനും ആയിരിക്കുന്ന യേശു ക്രിസ്തു എന്ന കൎത്താവിന്മൂലമത്രെ. ആയവന്റെ നാമത്തിൽ ഞങ്ങൾ ഇനിയും വിളിച്ചപേക്ഷിക്കുന്നു. സ്വൎഗ്ഗസ്ഥനായ— Sfh.

പിന്നെ ചോദ്യോത്തരത്താലേ ഉപദേശവും അനന്തരം ഹൃദയപ്രാൎത്ഥനയും ചെയ്തു, പാടിയ ശേഷം ആശീൎവ്വചനവും ചൊല്ലേണ്ടതു. വളരെ കുട്ടികൾ ഉള്ളസ്ഥലത്തിൽ ഹൃദയപ്രാൎത്ഥനെക്കു പകരം ഇതിനെയും.

## വായിക്കാം.

ഞങ്ങളുടെ കൎത്താവായ യഹോവേ, നിന്റെ പ്രതാപത്തെ വാനങ്ങളിന്മേൽ ഇട്ടവനേ, നിൻ നാമം ഭൂമിയിൽ ഒക്കെയും എത്ര നിറഞ്ഞിരിക്കുന്നു! ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു നീ നിനക്കു ബലത്തെയും സ്തോത്രത്തെയും നിൎമ്മിച്ചു, ഞങ്ങളെ നീ എത്ര വാത്സല്യത്തോടെ വിളിച്ചു ക്ഷണിച്ചിരിക്കുന്നു. എൻ മകനേ, എന്റെ വേദധൎമ്മത്തെ മറക്കാതെ, നിന്റെ ഹൃദയം എൻ കല്പനകളെ സൂക്ഷിക്കാവു, അവ ദീൎഘനാളുകളും, ജീവന്റെ ആണ്ടുകളും, സമാധാനവും നിനക്കു കൂട്ടിവെക്കും. അവറ്റെ കഴുത്തിൽ കെട്ടിക്കൊൾക, ഹൃദയപലകമേലും എഴുതുക, എന്നാൽ ദൈവത്തിന്റെയും മനുഷ്യരുടെയും കണ്ണുകളിൽ കരുണയും ഭാഗ്യസിദ്ധിയും കണ്ടെത്തും. എന്നതല്ലാതെ നിന്റെ ഏകജാതനായ യേശു ക്രിസ്തു പൈതങ്ങളെ തനിക്കു കൊണ്ടുവരുവാൻ എത്ര താല്പൎയ്യത്തോടെ കല്പിച്ചും, ഇപ്രകാരമുള്ളവൎക്കു ദൈവരാജ്യം ഉണ്ടെന്നു ചൊല്ലി അനുഗ്രഹിച്ചും ഇരിക്കുന്നു. നീ ചെറുപ്പത്തിൽ ഞങ്ങളെയും വലിച്ചു വിശുദ്ധസ്നാനത്താൽ ദൈവപുത്രത്വത്തിൻ വാഗ്ദത്തം തന്നതു ഒഴികെ, നീ വെളിപ്പെടുത്തിയ ദിവ്യവചനങ്ങളാകുന്ന കൂട്ടില്ലാത്ത പാലു കൊണ്ടു നിത്യം പുലൎത്തി, വിശുദ്ധവഴിയിൽ നടത്തിവരുന്നതുകൊണ്ടു, ഞങ്ങൾ ഹൃദയത്തിൽനിന്നു സ്തുതിക്കുന്നുണ്ടു. ഇനി ഞങ്ങൾ ഏറ്റവും വേണ്ടികൊള്ളുന്നിതു: ഞങ്ങൾ വളരുന്തോറും ആത്മാവിൽ ശക്തിപ്പെട്ടു വൎദ്ധിക്കയാവു. വിശ്വസ്ത ദൈവമായ പിതാവേ, നിന്നോടും, നിന്നെ സേവിക്കുന്ന സകല മനുഷ്യരോടും ഞങ്ങൾ പ്രസാദം

വരുത്തി കരുണയിൽ വളരുമാറാക. ഇപ്രകാരം നിന്നെ അറിഞ്ഞും സേവിച്ചും, നിന്നാൽ ജീവിച്ചും പോരുന്ന ജാതി ജനിച്ചു വൎദ്ധിക്കയും, ഞങ്ങളുടെ കൎത്താവും രക്ഷിതാവും ആയ യേശുക്രിസ്തുമൂലം അവന്റെ വലിയ നാൾവരേ നില്ക്കയും ചെയ്യേണമേ. ആമെൻ. Sfh.

അല്ലെങ്കിൽ.

കരുണയുള്ള ദൈവമായ പിതാവേ, നീ ഞങ്ങൾക്ക വീണ്ടും രക്ഷാമാൎഗ്ഗത്തെ ഗ്രഹിപ്പിച്ചു തന്നതു കൊണ്ടു, ഞങ്ങൾ സ്തോത്രം ചൊല്ലുന്നു. കേട്ട വചനത്തിന്മേൽ നിന്റെ അനുഗ്രഹം വെക്കക, വലിയവരും ചെറിയവരും എല്ലാവരും അതിനെ നല്ല ഹൃദയത്തോടെ സൂക്ഷിപ്പാൻ സംഗതി വരുത്തേണമേ. നിന്റെ വചനവും ആത്മാവും ഞങ്ങളിൽനിന്നും, മക്കളിൽനിന്നും മാറിപ്പോകയില്ല എന്നുള്ള വാഗ്ദത്തത്തിന്നു നിവൃത്തി വരുത്തുക. തിരുവചനത്തെ കാത്തുകൊണ്ടാലല്ലാതെ, നടപ്പു നിൎദ്ദോഷമാശ്ശുരികയില്ല എന്നു ഞങ്ങളുടെ കുട്ടികൾക്ക ചെറുപ്പത്തിൽ തന്നെ ഉപദേശിക്ക. അവർ ബാല്യത്തിലും തങ്ങളുടെ സ്രഷ്ടാവെ ഓൎക്കേണ്ടതിന്നും, അതി വിശുദ്ധ ബാലനായ യേശുവിന്റെ മാതൃകപ്രകാരം പ്രായത്തിൽ വളരുന്തോറും, ജ്ഞാനത്തിലും നിന്നോടും മനുഷ്യരോടും കൃപയിലും വൎദ്ധിക്കേണ്ടതിന്നും, ഇവ്വണ്ണം ഇഹത്തിലും പരത്തിലും വിടാത്ത സൌഖ്യം സാധിക്കേണ്ടതിന്നും, കരുണ ചെയ്യേണമേ. പ്രിയ പുത്രനായ യേശുക്രിസ്തുവിനെ വിചാരിച്ചു, ഞങ്ങളെ കേൾക്കയാവു. ആമെൻ. W.

---

## A.

### a. ഓരോ ഞായറാഴ്ച പ്രാൎത്ഥനകൾ.

൧.

ഞങ്ങളുടെ ദൈവമായ കൎത്താവേ, നീ വെളിച്ചമാകുന്നു, ഇരിട്ടു നിന്നിൽ ഒട്ടും ഇല്ല. നീ ഏകജാതനായ പുത്രനെ ഈ ലോകത്തിൽ അയച്ചതു അവനെ പിഞ്ചെല്ലുന്നവൻ ആരും ഇരിട്ടിൽ നടക്കാതെ, ജീവന്റെ വെളിച്ചമുള്ളവൻ ആയിരിക്കേണ്ടതിന്നത്രേ. ഇന്നും കൂടെ

നിന്റെ വെളിച്ചവും സത്യവും ഞങ്ങളെ നടത്തേണ്ടതിന്നു അയക്കുക. ഇന്നും ഞങ്ങളിൽ അറിയിക്കുന്ന നിന്റെ വചനം ഞങ്ങളുടെ കാല്ക്കു ദീപവും, വഴിയിൽ വെളിച്ചവും ആയ്യുമക. താന്താന്റെ ഹൃദയത്തിന്റെ അവസ്ഥ ഇന്നതു എന്നു ഞങ്ങൾക്കു വെളിപ്പെടുത്തിതരിക; തന്നെത്താൻ ചതിക്കുന്ന മായാബുദ്ധിയെ അകററുക, അഹംഭാവത്തെ ഇടിക്കുക. ഞങ്ങളെ ഉയൎത്തുവാൻ കഴിയേണ്ടതിന്നു താഴ്ത്തിവെക്കുക. നല്ല ദാനങ്ങളും തികഞ്ഞ വരങ്ങളും ഞങ്ങളിൽ നിറെച്ചും, താനും ഞങ്ങളിൽ വസിച്ചും കൊൾ്വാൻ വേണ്ടി ജഡത്തിലേയും ആത്മാവിലേയും സകല കന്മഷത്തിൽനിന്നും ഞങ്ങളെ വെടിപ്പാക്കേണമേ. ഞങ്ങളെ നിന്റെ ദിവ്യപ്രതിമയാക്കി രൂപാന്തരപ്പെടുത്തി, നിന്റെ അത്യന്തജ്ഞാനത്തെ ഞങ്ങൾക്കു ഇപ്പോൾ തന്നെ നിത്യജീവന്റെ ഉറവാക്കി ചമെക്കേണമേ. നിനക്കു വേൎതിരിച്ചുള്ള ഈ നാളിനെ സമൃദ്ധിയായി അനുഗ്രഹിക്ക. ഇന്നു നിന്റെ വചനത്തെ വായിച്ചും കേട്ടും പ്രസ്താവിച്ചും കൊള്ളുന്ന എല്ലാരിലും നിന്റെ ആത്മാവു കൊണ്ടു ശക്തിയോടെ പ്രവൃത്തിക്ക. നിന്റെ വിലയേറിയ സുവിശേഷത്തെ നിന്ദിക്കുന്നവരോടും നീ പൊരുതു ജയിച്ചും കൊൾ്ക. ഇങ്ങിനെ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുകയും, തിരുരാജ്യം പരന്നുവരികയും, പല ആത്മാക്കൾക്കും നിത്യരക്ഷ സാധിക്കയും ആകേണമേ. സ്വൎഗ്ഗസ്ഥനായ പിതാവേ, നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവും ആയ യേശു ക്രിസ്തുവിനെ വിചാരിച്ചു, ഞങ്ങളുടെ യാചനകളെ കേട്ടരുളേണമേ. ആമെൻ. W.

൨.

സ്വൎഗ്ഗസ്ഥപിതാവായ ദൈവമേ, ഇന്നു നിന്റെ സ്വസ്ഥനാളാകകൊണ്ടു, ഞങ്ങൾ മുഴുമനസ്സോടും നിന്റെ വചനം കേട്ടും പരിഗ്രഹിച്ചുംകൊണ്ടു, ഈ ദിവസത്തെ വേണ്ടുംവണ്ണം വിശുദ്ധീകരിപ്പാനും, നിന്റെ വചനത്താൽ ഞങ്ങൾ വിശുദ്ധീകരിക്കപ്പെടുവാനും, നിന്റെ നല്ല ആത്മാവെ അയച്ചു, ഞങ്ങളെ പ്രകാശിപ്പിച്ചു നടത്തേണമേ. നിന്റെ വചനത്തിന്നു ശുശ്രൂഷക്കാരായവർ ഒക്കെയും യേശു ക്രിസ്തുവിന്റെ സുവിശേഷത്തെ കുറ്റമില്ലാതെ വെടിപ്പായി അറിയിച്ചും, തങ്ങളും അതിനാൽ ജീവിച്ചും ഇരിക്കേണ്ടതിന്നു പരിശുദ്ധാ

ത്മാവിന്റെ വെളിച്ചത്തെയും ശക്തിയെയും അവൎക്ക നല്കേണമേ. ഈ ദിവസത്തിന്റെ അനുഗ്രഹങ്ങൾ എല്ലാവൎക്കും, വിശേഷാൽ സ ങ്കടക്കാൎക്കും, ഭാരം ചുമക്കുന്നവൎക്കും, രോഗികൾക്കും, മരിക്കുന്നവൎക്കും വേണ്ടുവോളം അനുഭവമായ്വരേണമേ. ഞങ്ങൾ നിന്റെ പ്രിയപു ത്രനായ യേശു ക്രിസ്തുവിൽ മുററും ആശ്രയിച്ചും, ആശ വെച്ചുംകൊ ണ്ടു തിരുവചനപ്രകാരം നടപ്പാനും, എല്ലാ ഇടൎച്ചകളെയും സൂക്ഷി ച്ചൊഴിച്ചു, ഞങ്ങളുടെ രക്ഷിതാവെ വിടാതെ പിഞ്ചെല്വാനും, പ്ര യാണത്തിന്റെ ഒടുവിൽ നിന്റെ സ്വൎഗ്ഗീയ രാജ്യത്തിൽ പ്രവേശിപ്പാനും നിന്റെ കരുണ ഇറക്കി തരേണമേ. ആമെൻ. W.

൩.

വിശ്വസിക്കുന്ന ഹൃദയങ്ങൾക്കെല്ലാം ശ്രേഷ്ഠവിശ്രാമവും, ഭാഗ്യ സ്ഥാനവും ആകുന്ന യേശുവേ, അദ്ധ്വാനിച്ചും ഭാരം ചുമന്നും നട ക്കുന്നോരേ, ഒക്കയും എന്റെ അടുക്കെ വരുവിൻ. എന്നാൽ നിങ്ങളു ടെ ദേഹികൾക്കു ആശ്വാസം കണ്ടെത്തും എന്നുള്ളതു നിന്റെ വാ ക്കാകുന്നുവല്ലൊ. അതുകൊണ്ടു ഹൃദയത്തിന്നു ഈ ലോകത്തിൽ ഒരു തൃപ്തിയും കാണാത്ത ഞങ്ങൾ നിന്റെ അടുക്കൽ വരുന്നു. കൎത്താ വായ യേശുവേ, നിന്റെ ജീവനാലും കഷ്ടമരണങ്ങളാലും നീ ലോ കത്തെ ജയിച്ചുവല്ലൊ, ഞങ്ങളുടെ ദേഹികൾ നിന്റെ സ്നേഹത്തി ലും ആശ്വാസത്തിലും സമാധാനത്തിലും സ്വസ്ഥത ആചരിക്കു മാറാകേണമേ എന്നതു ഞങ്ങളുടെ യാചന തന്നെ. ഞങ്ങൾ നി ന്നെ ഉള്ളവണ്ണം അറിഞ്ഞും, നിന്നെ മാത്രം വാഞ്ഛിച്ചും, നിന്നിൽ ആനന്ദിച്ചും സുഖിച്ചും കൊണ്ടിരിപ്പാൻ സംഗതി വരുത്തുക. ഒടു ക്കം തിരുമുഖത്തോടു സന്തോഷങ്ങളുടെ തൃപ്തിയും, നിൻ വലങ്കൈ യാൽ എന്നും കൌതുകങ്ങളും ഉള്ള നിത്യ സ്വസ്ഥതയിലേക്കു പ്ര വേശിപ്പിക്കയാവു. ആമെൻ. W.

൪.

നിത്യത്തോളം ഞങ്ങൾക്കു രക്ഷയും ആശ്വാസവും ആകുന്ന ദൈവവും പിതാവും ആയുള്ളോവേ, വിശുദ്ധ ഭയത്തോടെ തിരുമു മ്പിൽ ആരാധിച്ചു കൊൾവാൻ, ഞങ്ങൾ നിന്റെ കരുണയാലെ കൂടിവന്നിരിക്കുന്നു. ഞങ്ങൾ പൊടിയും ഭസ്മവും എന്നിട്ടും, നിന്നോടു

പറവാൻ തുനിഞ്ഞിരിക്കുന്നു. എന്റെ മുഖത്തെ അന്വേഷിപ്പിൻ എന്നു നീ കല്പിച്ചിരിക്കയാൽ, ഞങ്ങൾ നിന്റെ മുഖത്തെ അന്വേഷിച്ചും, നിന്റെ സത്യവചനത്തെ മുറുക പിടിച്ചും ഇരിക്കുന്നു. യഹോവേ, നിന്നെ വാഴ്ത്തുന്ന ശബ്ദം കേൾപ്പിച്ചും, നിന്റെ അതിശയങ്ങളെ ഒക്കയും വൎണ്ണിച്ചും പോരുന്ന നിന്റെ ഭവനത്തിലെ പാൎപ്പും, നിന്റെ തേജസ്സിൻ വാസസ്ഥലവും ഞങ്ങൾ സ്നേഹിക്കുന്നു. ദൈവവും, ഞങ്ങളുടെ കൎത്താവും ആയ യേശു ക്രിസ്തുവിന്റെ പിതാവുമായുള്ളോവേ, നീ വാഴ്ത്തപ്പെട്ടവനാക. സ്വൎല്ലോകങ്ങളിലെ എല്ലാ ആത്മിക അനുഗ്രഹത്താലും നീ ഞങ്ങളെ ക്രിസ്തുവിങ്കൽ പണ്ടേ അനുഗ്രഹിച്ചു വന്നുവല്ലൊ; അവനിലും അവന്മൂലവും ഇന്നും എന്നും അനുഗ്രഹിച്ചു പോരേണമേ. ഞങ്ങൾ നിത്യവും യഹോവയുടെ അനുഗ്രഹമുള്ളവരായിരിക്ക. ഞങ്ങളെ സകല സത്യത്തിലും നടത്തേണ്ടതിന്നു, നിന്റെ പരിശുദ്ധാത്മാവിനെ അയക്കുക. ഞങ്ങളെ വിശ്വാസത്തിൽ വേരൂന്നിപ്പാൻ കരുണാത്മാവെയും, നിന്റെ കൂട്ടായ്മയെ ഉറപ്പിപ്പാൻ പ്രാൎത്ഥനാത്മാവെയും, നല്ല പോരാട്ടത്തിന്നായി ബലപ്പെടുത്തുവാൻ ശക്ത്യാത്മാവെയും, ഞങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും നിത്യജീവങ്കലേക്കു ക്രിസ്തു യേശുവിങ്കൽ കാപ്പാൻ പ്രത്യാശയുടെയും സമാധാനത്തിന്റെയും ആത്മാവെയും ഇറക്കി തരേണമേ. ആമെൻ. W.

൭.

സൎവ്വത്തിന്നും മീതെ സ്തുതിക്കപ്പെടുന്ന കൎത്താവേ, നീ വിശുദ്ധവചനത്തെ ഒക്കയും എഴുതിച്ചതു, ഞങ്ങളുടെ ഉപദേശത്തിന്നാകുന്നുവല്ലൊ, അതിനെ ഞങ്ങൾ വായിച്ചും, കേട്ടും, ധ്യാനിച്ചും, പഠിച്ചും, ഹൃദയങ്ങളിൽ സംഗ്രഹിച്ചും കൊൾക അല്ലാതെ, ആ വക ചെയ്യുന്തോറും തിരുവചനത്തിന്റെ ആശ്വാസത്താലും ക്ഷാന്തിയാലും നിത്യജീവന്റെ ഭാഗ്യമുള്ള ആശയെ കൈക്കലാക്കി വിടാതെ പിടിച്ചുകൊൾവാൻ കൃപ ചെയ്യേണമേ. ആയതിനെ ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുമൂലം നീ സമ്മാനിച്ചു തന്നുവല്ലൊ. ആമെൻ. C. P.

൮.

പ്രിയ ദൈവമേ, പിശാചിന്റെ ക്രിയകളെ അഴിപ്പാനും,

ഞങ്ങളെ നിന്റെ മക്കളും നിത്യജീവന്റ അവകാശികളും ആക്കുവാനും തന്നെ. സ്തുതിപ്പാൻ യോഗ്യനായ നിന്റെ പുത്രൻ പ്രത്യക്ഷനായി വന്നുവല്ലൊ, ഈ പ്രത്യാശ ഉണ്ടായിട്ടുള്ള ഞങ്ങൾക്കു, ആയവൻ നിൎമ്മലൻ ആകുമ്പോലെ ഉള്ളങ്ങളെ നിൎമ്മലീകരിപ്പാൻ കരുണ ചെയ്യേണമേ. എന്നാൽ അവൻ ശക്തിയോടും മഹാതേജസ്സോടും തിരികെ വന്നു വിളങ്ങുമ്പോൾ, ഞങ്ങൾ അവനോടു സദൃശരായി, അവന്റെ നിത്യമുള്ള തേജോരാജ്യത്തിൽ കൂടേണ്ടതിന്നു സംഗതി വരികേ ആവു. ആയതിൽ അവൻ പിതാവേ, നിന്നോടും പരിശുദ്ധാത്മാവേ, നിന്നോടും കൂടെ ഏക ദൈവമായി എന്നേക്കും ജീവിച്ചും വാണും കൊണ്ടിരിക്കുന്നു. ആമെൻ. C. P.

---

## b. ഉത്സവപ്രാൎത്ഥനകൾ.

### ആഗമനനാൾ.

൧.

നിത്യവും സൎവ്വശക്തിയും ഉള്ള ദൈവമേ, കാലസമ്പൂൎണ്ണത വന്നേടത്തു നിന്റെ ഏകജാതനായ യേശു ക്രിസ്തുവിനെ ഞങ്ങളുടെ ഇടയിലേക്കു ഇറങ്ങി വരുവാൻ, നീ അയച്ചതുകൊണ്ടു ഞങ്ങൾ മനഃപൂൎവ്വമായി സ്തുതിക്കുന്നു. ഇങ്ങിനെ അവൻ ജഡത്തിൽ വന്നതു ഞങ്ങൾക്കു നിത്യാശ്വാസമായി ചമവാനും, അവൻ ലോകത്തിൽ കിഴിഞ്ഞതു അരിഷ്ടപാപികളായ ഞങ്ങളെ രക്ഷിക്കേണ്ടതിന്നത്രേ എന്നു വിശ്വസിച്ചുറപ്പിപ്പാനും കരുണ ചെയ്തുനല്കേണമേ. വിശ്വസ്തനായ ദൈവമേ, ഇന്നും കൂടെ അവൻ തിരുവചനത്താലും വിശുദ്ധചൊല്കുറികളാലും ഞങ്ങളുടെ ഇടയിൽ വരുമാറാക. ഞങ്ങൾ നിന്റെ ശക്തിമൂലം ഈ ഹൃദയങ്ങളെ ഒരുക്കി, അവന്നു നിത്യവാസസ്ഥലമാക്കേണ്ടതിന്നു സംഗതി വരുത്തുകേ ആവു. ഒടുക്കത്തെ പ്രത്യക്ഷതക്കായി അവൻ വരുവാനുള്ളതിനെ ഞങ്ങൾ വാഞ്ഛിക്കയും, അവൻ ന്യായവിധിക്കായി ഇറങ്ങുമ്പോൾ, സന്തോഷത്തോടെ എതിരേല്ക്കയും, നിത്യതേജസ്സിന്റെ രാജ്യത്തിൽ അവനോടു കൂടെ പ്ര

വേശിക്കയും ചെയ്യേണ്ടതിന്നു, ഞങ്ങളുടെ നിനവുകളെയും ചിന്ത
കളെയും ഉണൎത്തി ഉത്സാഹിപ്പിക്കേണമേ. നിത്യരാജാവായുള്ള നി
നക്കും നിന്നോടു ഒന്നിച്ചു ജീവിച്ചും വാണുംകൊണ്ടിരിക്കുന്ന പുത്ര
നും ആത്മാവിന്നും, ഇന്നു മുതൽ എന്നെന്നേക്കും സകല തലമുറക
ളോളവും സഭയകത്തു തേജസ്സുണ്ടാവൂതാക. ആമെൻ. W.

൨.

കനിവും വിശ്വസ്തതയും നിറഞ്ഞ ദൈവമേ, ഏകജാതനായ
പുത്രനെ പഴയ നിയമത്തിലെ പിതാക്കന്മാൎക്കു വാഗ്ദത്തം ചെയ്തും,
വിശുദ്ധപ്രവാചകരെ കൊണ്ടു മുന്നറിയിച്ചും, കാലസമ്പൂൎണ്ണത
വന്നേടത്തു ലോകത്തിൽ അയച്ചും കൊണ്ടു, നിന്റെ ഇഷ്ടത്തെയും
ആലോചനയെയും വെളിപ്പെടുത്തി, ഭൂമിയിലെ സകല ജാതികളി
ലും നിന്റെ അനുഗ്രഹത്തെ വരുത്തി പരത്തിയതുനിമിത്തം ഞ
ങ്ങൾ സ്തോത്രവും പുകഴ്ചയും ചൊല്ലുന്നു. അവനായി ഞങ്ങളും ഹൃ
ദയങ്ങളെ മനസ്സോടെ തുറന്നിട്ടു, അവൻ ഇങ്ങു പ്രവേശിച്ചും, താൻ
സ്വൎഗ്ഗത്തിൽനിന്നു കൊണ്ടുവന്ന രക്ഷാകരദാനങ്ങളോടും കൂടെ ഞ
ങ്ങളിൽ നിത്യം വസിച്ചും നിലനിന്നും കൊള്ളേണ്ടതിന്നു, നിന്റെ
കരുണയെ സമൃദ്ധിയായി തരേണമേ. അവൻ തിരുവചനത്താലും
ആത്മാവിനാലും ഇടവിടാതെ ഞങ്ങളുടെ ഉള്ളങ്ങളോടു പറകയും,
പാപങ്ങളുടെ അധികാരത്തെ ഞങ്ങളിൽനിന്നു നീക്കുകയും, തികവു
വന്നുള്ള നീതിമാന്മാരുടെ കൂട്ടത്തിൽ ഞങ്ങളെ ചേൎക്കയും ചെയ്യേ
ണമേ. നിന്റെ വിശ്വസ്തതെക്കു തക്കവണ്ണം ഞങ്ങളെ അവസാനം
വരെയും ഉറപ്പിച്ചു കാത്തു, ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തു
വിന്റെ നാളിൽ കുററം ചുമത്തപ്പെടാത്തവരാക്കി തീൎക്കേണമേ.
ആമെൻ. W.

---

## തിരുജനനനാൾ.

സ്വൎഗ്ഗസ്ഥപിതാവും കൎത്താവുമായ ദൈവമേ, നീ അനാദിയാ
യിട്ടു നിന്റെ ഏകജാതനെ ഞങ്ങളുടെ രക്ഷെക്കായി നിയമിച്ചു, കാ
ലസമ്പൂൎണ്ണതയിൽ മനുഷ്യനായി പിറപ്പിച്ചതുകൊണ്ടു, ഞങ്ങൾ ഹൃ
ദയത്തിൽനിന്നു സ്തുതിയും പുകഴ്ചയും ചൊല്ലുന്നു. നിന്റെ കരുണാ

ധനം ഹേതുവായി നീ അവനെ ഈ അരിഷ്ടജാതിക്ക സമ്മാനിച്ചു ജഢികമായ പിറപ്പിലെ കേടിന്നു ശുദ്ധി വന്നിട്ടു, ഞങ്ങൾ ധൎമ്മത്തിന്റെ ശാപത്തിൽനിന്നും, പാപമരണങ്ങളുടെ അധികാരത്തിൽനിന്നും ഉദ്ധരിക്കപ്പെട്ടു, നിന്റെ മക്കളും സ്വൎഗ്ഗരാജ്യത്തിന്റെ അവകാശികളും ആയ്തീരേണ്ടതിന്നത്രേ. കനിവുള്ള പിതാവേ, നിന്റെ പ്രിയപുത്രന്റെ പരിശുദ്ധമുള്ള അവതാരത്താൽ ഞങ്ങൾ എല്ലാപ്പോഴും ആശ്വസിച്ചും ആനന്ദിച്ചും കൊൾവാൻ ദയ ചെയ്തു, ഞങ്ങളെ ആ രക്ഷിതാവിന്റെ അറിവിൽ വേരൂന്നിക്കയും ഉറപ്പിക്കയും ചെയ്യേണ്ടു എന്നു അപേക്ഷിക്കുന്നു. ആത്മാവിൽനിന്നു ഞങ്ങൾ വീണ്ടും ജനിച്ചിട്ടു, അനുസരണമുള്ള മക്കളായി നിനക്ക എന്നും ജീവിച്ചും സേവിച്ചും കൊണ്ടു, ഒടുക്കം എല്ലാ ദൂതന്മാരോടും തെരിഞ്ഞെടുത്ത കൂട്ടത്തോടും ഒന്നിച്ചു നിന്നെ എന്നേക്കും സ്തുതിച്ചും പുകണ്ണും പോരേണ്ടതിന്നു കൃപ ചെയ്യേണമേ. ആമെൻ. W.

൨.

ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവായി, സൎവ്വശക്തിയുള്ള ദൈവമേ, നിന്തിരുനാമത്തിന്നു എന്നും സ്തോത്രം ഭവിപ്പൂതാക. നീ ഞങ്ങളോടു വലിയവ ചെയ്കയാൽ, ഞങ്ങൾ ആനന്ദിക്കുന്നു. ഞങ്ങൾക്കല്ലൊ കൎത്താവാകുന്ന ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ജനിച്ചിരിക്കുന്നു. ഇപ്രകാരം നീ ഞങ്ങളെ സ്നേഹിച്ചു, പ്രിയപുത്രനെ ഞങ്ങൾ അവന്മൂലം ജീവിക്കേണ്ടതിന്നു ഇഹലോകത്തിൽ അയച്ചിരിക്കയാൽ, ഞങ്ങൾ പൂൎണ്ണമനസ്സോടെ സ്തുതിക്കുന്നു. കൎത്താവായ യേശുവേ, നിനക്ക സ്തോത്രവും നമസ്കാരവും ഉണ്ടാവൂതാക. ഞങ്ങൾ ദൈവപുത്രർ ആകേണ്ടതിന്നു, നീ മനുഷ്യപുത്രനായ്വന്നു, നിന്റെ ദാരിദ്ര്യത്താൽ ഞങ്ങൾ സമ്പന്നന്മാർ ആകേണ്ടതിന്നു, നീ ദരിദ്രനായ്വന്നു, നിന്നാൽ ഞങ്ങൾ ദൈവസാദൃശ്യമായി പുതുക്കപ്പെടേണ്ടതിന്നു നീ ദാസരൂപം എടുത്തു കിഴിഞ്ഞു വന്നു; ഞങ്ങൾ എല്ലാവരും അന്ധകാരത്തിലും മരണനിഴലിലും ഇരുന്നു, നീയോ ദൈവത്തിന്റെ കരൾ അലിയുന്ന കനിവിനെ ഞങ്ങളിൽ ആക്കി, സമാധാനസന്തോഷങ്ങളെ ഇറക്കി, ഞങ്ങളും നിന്റെ നിറവിൽനിന്നു കൃപെക്ക വേണ്ടി കൃപയെയും കൈക്കൊള്ളുന്നു. അതു

കൊണ്ടു ഞങ്ങളുടെ ദേഹി ഉല്ലസിച്ചും: ദൈവത്തിന്നു അത്യുന്നതങ്ങളിൽ തേജസ്സും, ഭൂമിയിൽ സമാധാനവും, മനുഷ്യരിൽ പ്രസാദവും ഉണ്ടെന്നു സ്തുതിക്കുന്നു.

ഹാ ഞങ്ങളുടെ കൎത്താവും രക്ഷിതാവും ആയവനേ, നിന്നെ കാംക്ഷിക്കുന്ന ഈ ഹൃദയങ്ങളിലേക്കു വന്നു, നിന്റെ സ്വൎഗ്ഗീയവരങ്ങളെല്ലാം ഞങ്ങളിൽ നിറെക്കേണമേ. നിന്റെ ആത്മാവു കൊണ്ടു ഞങ്ങളെ നടത്തുക, നിന്റെ കൃപകൊണ്ടു പാപം എന്ന വ്യാധിയെ നീക്കി ഭേദം വരുത്തുക. വിശ്വസ്തനായ ത്രാണകൎത്താവേ, സകല ദുഃഖത്തിലും ആശ്വാസവും, എല്ലാ ഞെരുക്കത്തിലും സഹായവും, ഈ ദുഷ്ടലോകത്തിലെ പരീക്ഷകളിൽ ശക്തിയും, ഒടുക്കത്തെ പോരാട്ടത്തിൽ ധന്യമായ പ്രത്യാശയും നല്കേണമേ. യേശുവേ, ഞങ്ങളെ കനിഞ്ഞു കൊണ്ടു നിന്റെ സമാധാനം തരികേ ആവു. ആമെൻ. W.

---

## ആണ്ടുപിറപ്പു.

സ്വൎഗ്ഗസ്ഥപിതാവായ ദൈവമേ, നീ പ്രിയപുത്രനെ ഈ ലോകത്തിൽ അയച്ചു, അവനെ പരിഛേദനകൊണ്ടു സ്വന്ത വംശത്തിന്റെ സഭയോടു ചേൎക്കുന്ന ദിവസം ആ വിലയേറിയ യേശുനാമം വിളിപ്പിച്ചതു കൊണ്ടു ഞങ്ങൾ സ്തോത്രം ചൊല്ലുന്നു. നീ വിശുദ്ധനിയമത്തെ ഓൎത്തു, അബ്രഹാംവംശത്തിൽ ഭൂജാതികൾക്കു എല്ലാം അനുഗ്രഹം വരേണം എന്നുള്ള വാഗ്ദത്തത്തിന്നു നിവൃത്തി വരുത്തി ഇരിക്കുന്നു. അതു കൊണ്ടു നിന്റെ ശേഷമുള്ള വാഗ്ദത്തങ്ങൾ എല്ലാം ക്രിസ്തു യേശുവിൽ ഉവ്വ എന്നും, ആമെൻ എന്നും വരേണ്ടതാകുന്നു. അവൻ ജഡത്തിൽ വിളങ്ങിയതിനാലും, യേശു എന്ന നാമത്തിന്റെ ശക്തിയാലും, ഞങ്ങൾക്കു ഇളകാത്ത വിശ്വാസംമൂലം നിത്യമുള്ള ആശ്വാസവും, പഴയ മനുഷ്യനെ വീഴ്ത്തുന്നതിനാൽ പുതിയ വൎഷത്തിന്നു നല്ലൊരാരംഭവും, നിന്റെ കൃപയുള്ള പരിപാലനത്തിനാൽ സമാധാനമുള്ള അവസാനവും വരേണ്ടതിന്നു പരിശുദ്ധാത്മാവു കൊണ്ടു ഞങ്ങളിൽ വ്യാപരിക്കേണം എന്നു വളരെ യാചിക്കുന്നു. യഹോവേ, ഞങ്ങളുടെ വരവും പോക്കും ഇന്നുമുതൽ എന്നേക്കും കാത്തരുളേണമേ. ആമെൻ. W.

൨.

കൎത്താവേ, നീ തലമുറ തലമുറയായിട്ടു ഞങ്ങൾക്കു ശരണമായിരിക്കുന്നു. മലകൾ ജനിച്ചതിന്നും, നീ ഭൂമിയെയും ഉലകിനെയും നിൎമ്മിച്ചതിന്നും മുമ്പേ, അനാദിയായി എന്നേക്കും ദൈവമേ, നീ ഉണ്ടു. ഞങ്ങൾ ഇന്നലെ തുടങ്ങി, പൊടിയും ഭസ്മവും ആകുന്നു. ഞങ്ങളുടെ ആയുസ്സു നിന്റെ മുമ്പാകെ ഇല്ലാത്തതു പോലെ തന്നെ. നീയൊ അനന്യനത്രേ, നിന്റെ ആണ്ടുകൾ തീരുകയും ഇല്ല. ഞങ്ങൾ പാപികൾ ആകുന്നു, ഞങ്ങളുടെ ദ്രോഹം തിരുമുമ്പിൽ വെളിപ്പെട്ടിരിക്കുന്നു. നീയൊ യഹോവേ, ഞങ്ങളുടെ പിതാവു, ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നതു എന്നും നിന്റെ പേർ തന്നെ. നിന്റെ മഹാക്രിയകളെ പറവാനും, സ്തുതിക്കു യോഗ്യമായ നിന്റെ പണികളെ ഒക്കെയും വൎണ്ണിപ്പാനും ആർ പോരും. നീ ഞങ്ങളിൽ ചെയ്യുന്ന ഉപകാരങ്ങൾക്കു എല്ലാം ആർ പകരം ചെയ്യും. നിൻ ദയ എത്ര വിലയേറിയതു. ദൈവമേ, മനുഷ്യപുത്രർ നിന്റെ ചിറകുകളുടെ നിഴലിൽ ആശ്രയിച്ചും കൊള്ളുന്നു. നീ ഞങ്ങൾക്കു എന്നും തുണയും തണലും ആകകൊണ്ടു, കരുണയാലെ ഞങ്ങളിൽ ഉദിപ്പിച്ച വൎഷത്തിന്റെ ആരംഭത്തിൽ ഞങ്ങളുടെ ആത്മാവു നിന്നെ അന്വേഷിക്കുന്നു. ഞങ്ങൾക്കു ഇനി ഉണ്ടാകേണ്ടുന്ന നാളുകൾ നിന്റെ പുസ്തകത്തിൽ എഴുതി ഇരിക്കുന്നു. തിരുകൈകളിൽ ഞങ്ങൾ ജീവനും ജഡവും ദേഹിയും ആത്മാവും എല്ലാം ഭരമേല്പിക്കുന്നു. നിന്റെ ഏകജാതനായ യേശു ക്രിസ്തുവിനെ ഇന്നും ഞങ്ങളുടെ ഹൃദയങ്ങളിൽ പുതുതായി ഉദിപ്പിക്കേണമേ. അവനല്ലൊ വെളിച്ചവും ജീവനും വരുത്തുന്ന നീതിസൂൎയ്യനായി ഉദിച്ചു. ഞങ്ങൾ കാൽ ഇടറാതെ നേരെ ഉള്ള ചാലിൽ കൂടി നടക്കേണ്ടതിന്നു പരിശുദ്ധാത്മാവിനെ ഞങ്ങളുടെ പ്രയാണത്തിൽ വഴികാട്ടിയായിട്ടു തരേണമേ. ഉറക്കവും തൂക്കവും വരാത്ത ഇസ്രയേലിൻ കാവലാളനേ, നിന്റെ സൎവ്വശക്തിയുള്ള പരിപാലനത്തിൽ ഞങ്ങളെയും ചേൎത്തുകൊണ്ടു, എല്ലാ വഴികളിലും ഞങ്ങളുടെ ജീവനു വെളിച്ചവും ഊക്കമായിരിക്കേണമേ. നിത്യദൈവമേ, ഞങ്ങളെ കൈവിടൊല്ലാ; നിന്റെ രക്ഷയെ ഞങ്ങൾ കാത്തു നില്ക്കുന്നു. അല്ലയോ യഹോവേ, രക്ഷിക്കേണമേ; അല്ലയോ യഹോവേ, സാധിപ്പിക്കേണമേ. ആമെൻ. (സങ്കീ. ൯൦.) W.

## പ്രകാശനദിനം.

വെളിച്ചങ്ങളുടെ പിതാവായുള്ളോവേ, ഇരുളിലും മരണനിഴലിലും ഇരിക്കുന്നവൎക്ക വിളങ്ങി, ഞങ്ങളുടെ കാലുകളെ സമാധാനവഴിയിൽ നടത്തേണ്ടതിന്നു ഉയരത്തിൽനിന്നു അരുണോദയം ഞങ്ങളെ ദൎശ്ശിച്ചു വന്നു, നിന്റെ കരളിൻ കനിവിനെ ഞങ്ങൾ വാഴ്ത്തി സ്തുതിക്കുന്നു. ഞങ്ങളുടെ സമാധാനമായ ക്രിസ്തുവിനെ നിന്റെ കരുണയാൽ ലഭിച്ചിരിക്കുന്നു. നിന്റെ ബഹുവിധമായ ജ്ഞാനവും ദയയും ആകുന്ന നിക്ഷേപം അറിയായ്വരേണ്ടുന്നൊരു സഭയെ അവൻ ഭൂമിയിലെ വംശങ്ങളിൽനിന്നു തനിക്കു ചേൎത്തിരിക്കുന്നു. കനിവുള്ള പിതാവേ, ഞങ്ങൾ നിന്റെ ജനവും നിന്റെ മക്കളും എന്നു നാമം പ്രാപിച്ചുള്ള അവാച്യമായ ഉപകാരത്തിന്നു സ്തോത്രം തന്നെ ചൊല്ലുന്നു. നിന്റെ വാത്സല്യം ഉദിച്ചു വന്നിട്ടുള്ള നിന്റെ ഏകജാതനു സ്തുതിയും ആരാധനയും ആകുന്ന സത്യ ബലികളെ കഴിപ്പാൻ ഞങ്ങളെ സമൎത്ഥരാക്കേണമേ. ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ നല്കി, നിന്നെ അറിയുമാറാക്കി, ഞങ്ങളുടെ ഹൃദയക്കണ്ണുകളെ പ്രകാശിപ്പിച്ചിട്ടു, വിശുദ്ധരിൽ നിന്റെ വിളിയാലുള്ള ആശ ഇന്നതു എന്നും, നിന്റെ കരുണയുടെ അത്യന്തധനം ഇന്നതെന്നും ഗ്രഹിപ്പിക്കേണമേ. നിന്റെ രാജ്യം നിത്യം പരത്തി പോന്നു, ഭൂമിയുടെ അററങ്ങളിലെ ജാതികൾ നിന്റെ വെളിച്ചം കണ്ടു, അവൎക്കു മേൽ ഉദിക്കുന്ന ശോഭയാൽ ആനന്ദിപ്പാൻ ദയ ചെയ്യേണമേ. നിന്റെ കൃപയുടെ ആദ്യഫലം ലഭിച്ചുള്ള ഞങ്ങളെ പരിശുദ്ധാത്മാവിനാൽ നടത്തി വെളിച്ചമക്കളായി, നിന്റെ പ്രകാശത്തിൽ നടക്കുമാറാക്കി, ഇരിട്ടിന്റെ നിഷ്ഫലക്രിയകളെ വെറുപ്പിക്കേണമേ. ഒടുക്കം ഞങ്ങളെ നിന്റെ സിംഹാസനത്തെ ചൂഴുന്ന വെളിച്ചത്തിൽ കടത്തി, യേശു ക്രിസ്തുവിന്റെ മുഖത്തിൽ നിൻ തേജസ്സെ കാണുകയും, എന്നെന്നേക്കും നിന്നെ സ്തുതിക്കയും ചെയ്യുമാറാക്കേണമേ. ആമെൻ. W.

വ.

നിത്യദൈവമേ, നല്ല ദാനവും തികഞ്ഞ വരവും എല്ലാം ഇറങ്ങി വരുന്ന വെളിച്ചങ്ങളുടെ പിതാവായുള്ളോവേ, നിന്റെ ഏക

ജാതനായ യേശു ക്രിസ്തു എന്ന കൎത്താവിനെ മനുഷ്യരുടെ സത്യവെളിച്ചമായി ഈ ലോകത്തിൽ അയച്ചു, അവന്മൂലം എല്ലാ വംശങ്ങൾക്കും നിന്നെ വെളിപ്പെടുത്തി, വിശുദ്ധസുവിശേഷത്താൽ ഞങ്ങളെയും ഇരിട്ടിൽനിന്നു നിന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിച്ചകാരണത്താൽ ഞങ്ങൾ സ്തുതിക്കുന്നു. ഇനിമേലാൽ ദയ ചെയ്തു, ആ ദിവ്യവെളിച്ചത്തെ ഞങ്ങളിൽ വിളങ്ങിക്കയല്ലാതെ, ഇഹലോകത്തിന്റെ ഇരിട്ടിനെ സത്യത്തിന്റെ വിശ്വസ്തസാക്ഷികളെക്കൊണ്ടു പ്രകാശിപ്പിക്കയും, എല്ലാ കണ്ണുകൾക്കും നിന്നെയും, നീ അയച്ച പുത്രനായ യേശുവിനെയും തെളിയിക്കയും ചെയ്യേണമേ. സകല ജഡത്തിന്മേലും നിൻ ആത്മാവിനെ പകൎന്നു, തിരുവചനത്തിന്നു വഴിയും വാതിലും തുറന്നു, അതിനാൽ എല്ലാടത്തും ഹൃദയങ്ങളെ പുതുക്കി, ശുദ്ധീകരിച്ചു തണുപ്പിച്ചു രക്ഷിച്ചു പോരേണമേ.

മനസ്സലിവിൻ പിതാവേ, നിന്റെ വലിയ കൊയ്ത്തിന്നായി പ്രവൃത്തിക്കാരെ വിളിച്ചു വരുത്തി, ദൂതരെ അയച്ചു, ജാതികളെ ഇരിട്ടിൽനിന്നു നിന്റെ വെളിച്ചത്തിലേക്കു തിരിപ്പിക്കേണമേ. നിന്റെ ദാസന്മാൎക്കു എല്ലാ പോരാട്ടത്തിലും ധൈൎയ്യം കൂട്ടി, സകല ഭയത്തിലും താങ്ങി, അവരുടെ വചനത്തിന്മേൽ നിന്റെ ശക്തിയെ ഇറക്കി പാൎപ്പിച്ചു, ഇങ്ങിനെ അവരുടെ യുദ്ധത്തിൽ നീയേ കൂടി പുറപ്പെട്ടു, ബിംബാരാധനകളെ മുടിച്ചു കളയേണമേ. എന്നാൽ ജാതികൾ നിനക്കു തേജസ്സു കൊടുക്കയും, ദൂരയുള്ള ദ്വീപുകളും രാജ്യങ്ങളും നിന്റെ കീൎത്തിയെ പരത്തുകയും, കൎത്താധികൎത്താവേ, നിന്റെ രാജ്യം വരികയും, നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും നടക്കയും ചെയ്വാറാകേണമേ. ആമെൻ. W.

---

## തിരുവെള്ളിയാഴ്ച.

ദൈവത്തിൻ കുഞ്ഞാടായുള്ള യേശു ക്രിസ്തുവേ, നീ ലോകത്തിന്റെ പാപം ചുമന്നെടുത്തു, തിരുകഷ്ടമരണങ്ങളാൽ ഞങ്ങൾക്കു വേണ്ടി പ്രായശ്ചിത്തബലിയായി തീരുകകൊണ്ടു, ഞങ്ങൾ മനസ്സോടെ സ്തുതിക്കുന്നു; നീ പാപികളുടെ കൈകളിൽ നിന്നെ തന്നെ

ഏല്പിച്ചു, ഞങ്ങൾക്ക വേണ്ടി പരിഹാസവും തല്ലും തുപ്പും മുൾക്കിരിടവും, ക്രൂശിലെ ദണ്ഡവും അത്യാസന്ന യാതനയും അനുഭവിച്ചുവല്ലൊ, ഈ വിശുദ്ധകഷ്ടതയും മരണവും ഞങ്ങൾ ധ്യാനിച്ചു പാൎത്തുകൊണ്ടു, ഉള്ളിൽ താഴ്ത്തപ്പെട്ടും, എല്ലാ പരീക്ഷകളിലും ഊന്നിനിന്നും, പാപത്തെയും ലോകത്തെയും ചെറുക്കുന്നതിൽ ഉറെച്ചും, ജീവനിലും മരണത്തിലും ആശ്വസിച്ചുംകൊണ്ടിരിപ്പാൻ കരുണ നല്കേണമേ. പ്രിയ രക്ഷിതാവേ, നിന്റെ കാൽവടുക്കളിൽ പിൻചെല്ലുവാനായി നീ ഞങ്ങൾക്ക ഒരു പ്രമാണം വെച്ചുവിട്ടിരിക്കുന്നു. വിശ്വാസത്തിന്റെ നായകനും, തികവു വരുത്തുന്നവനും ആയ നിന്നെ ഞങ്ങൾ നോക്കിക്കൊണ്ടു, ഞങ്ങൾക്ക മുൻകിടക്കുന്ന പോൎപ്പാച്ചലെ ക്ഷാന്തിയോടെ കഴിച്ചോടുവാനും, ദേഹികളുടെ രക്ഷയാകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിപ്പാനും, നിന്റെ ചൊല്ലി മുടിയാത്ത സ്നേഹത്തിന്നായി എന്നും സ്തുതിച്ചു വാഴ്ത്തുവാനും, കരുണ ചെയ്തു രക്ഷിക്കേണമേ. ആമെൻ. W.

൨.

കൎത്താവായ യേശുവേ, നീ ഞങ്ങളുടെ ജഡരക്തങ്ങൾ എടുത്തു, മരണത്തിന്റെ അധികാരിയാകുന്ന പിശാചിനെ തിരുമരണത്താൽ നീക്കി, മരണഭീതിയാൽ ജീവപൎയ്യന്തം ദാസ്യത്തിൽ ഉൾപ്പെട്ട ഞങ്ങളെ ഉദ്ധരിച്ചതു കൊണ്ടു, ഞങ്ങൾ പൂൎണ്ണമനസ്സോടെ വന്ദനവും സ്തോത്രവും ചൊല്ലുന്നു. ഞങ്ങൾ ഇനി നിന്റെ മരണത്തിന്റെ കൂട്ടായ്മയാൽ ഞങ്ങൾക്കും പാപത്തിന്നും മരിച്ചു, മേലാൽ നിന്നോടു ഒന്നിച്ചു ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു കരുണ ചെയ്തു താങ്ങേണമേ. മരണനേരത്തിലും ഞങ്ങൾ നിന്റെ വിലയേറിയ പുണ്യത്തിൽ ആശ്രയിച്ചു സന്തോഷിപ്പാനും താഴ്മയോടെ അപേക്ഷിക്കുന്നു. അന്നു ഞങ്ങളുടെ ദേഹികളെ തിരുകൈയിൽ ചേൎത്തു കൊള്ളേണമേ. വിശ്വസ്ത രക്ഷിതാവായ യേശുവേ, നീ ഞങ്ങളെ വീണ്ടു കൊണ്ടിരിക്കുന്നുവല്ലോ. ആമെൻ. W.

൩.

ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവായുള്ളോവേ, ഞങ്ങൾക്ക വേണ്ടി നീ ഏകജാതനെ മരണത്തിൽ ഏല്പിച്ചു

കൊടുത്തു, അവനിൽ വിശ്വസിക്കുന്നവൻ എല്ലാം നശിക്കാതെ, നിത്യജീവനുള്ളവനാവാൻ സംഗതി വരുത്തുകയാൽ, ഞങ്ങൾ സ്തുതി ചൊല്ലുന്നു. ഞങ്ങൾക്കു സമാധാനം വരുത്തുന്ന ശിക്ഷയെ നീ അവ ന്മേൽ ആക്കി, അവന്റെ അടിപ്പിണരാൽ ഞങ്ങൾ സൌഖ്യപ്പെട്ടി രിക്കുന്നു. മനസ്സലിവിൻ പിതാവേ, പാപത്തിൻ കറ പററീട്ടുള്ള ഞ ങ്ങളുടെ സ്വഭാവരൂപത്തിലല്ല, നിന്റെ പ്രിയമുള്ള പരിശുദ്ധ പുത്ര നിൽ അത്രേ ഞങ്ങളെ നോക്കി, അവൻ ഗഥശമനിലും ഗൊല്ഗഥാ വിലും വെച്ചു, ഞങ്ങൾക്കു വേണ്ടി കഴിച്ചിട്ടുള്ള ഈടാറ്റ ബലിയെ വി ചാരിച്ചു എണ്ണി, തീരാത്ത വങ്കടത്തെ ക്ഷമിച്ചു ഞങ്ങളെ കൈക്കൊ ള്ളേണമേ.

നീയൊ പ്രിയ യേശുവേ, നിന്റെ അഗാധസ്നേഹത്തെ ഇന്നു കണ്ണിന്നു നിലാക്കി തോന്നിച്ചു, ഈ ശീതമുള്ള ഹൃദയങ്ങളിൽ നിന്റെ വാത്സല്യമാകുന്ന ജ്വാലയെ കത്തിച്ചു, മരണപൎയ്യന്തം സ്നേഹിച്ചു ള്ള നിന്നെ എല്ലാററിൻ മീതെ ഉററു സ്നേഹിപ്പാറാകേണമേ. നി ന്റെ കഷ്ടങ്ങളെ അനുതാപമുള്ള ഹൃദയത്തോടും, ജീവനുള്ള വി ശ്വാസത്തോടും നോക്കി കരുതികൊൾ്വാൻ കരുണ നല്കേണമേ. ഞ ങ്ങളുടെ നേരെ പാപങ്ങൾ എഴുനീററു, നിന്റെ കല്പനയും സ്വന്ത മനസ്സാക്ഷിയും കുററം ചുമത്തി ശപിക്കുന്നോറും തിരുകുരിശിന്റെ ചുവട്ടിൽ ഞങ്ങൾക്കു ശരണം നല്കേണമേ. സ്വൎഗ്ഗങ്ങളിൽ കടന്ന മഹാപുരോഹിതനെ പണ്ടു പ്രാൎത്ഥിച്ചതു പോലെ: പിതാവേ, ഇ വൎക്കു ക്ഷമിച്ചു വിടേണമേ, എന്നു ഞങ്ങൾക്കു വേണ്ടി വിടാതെ പ്രാ ൎത്ഥിച്ചു കൊണ്ടു മദ്ധ്യസ്ഥം ചെയ്തു പോരേണമേ.

വിശ്വസ്ത രക്ഷിതാവേ, നിന്റെ മരണത്തിന്റെ ശക്തിയെ ഞ ങ്ങളിൽ നടത്തി, ഞങ്ങൾ പാപത്തെ പകെച്ചു വെറുത്തു, ജഡ ത്തെ അതിന്റെ രാഗമോഹങ്ങളോടും കുരിശിച്ചു ഇഹലോകത്തിൽ നിനക്കായി മാത്രം ജീവിച്ചിരിക്കുമാറാകേണമേ. നിന്റെ കഷ്ടങ്ങളു ടെ കൂട്ടായ്മയിൽ ഞങ്ങളെ നടത്തുവാൻ തോന്നിയാൽ, ഞങ്ങൾ നി ന്നോടു ഒന്നിച്ചു നിലെച്ചു സഹിപ്പാനും, ഒടുക്കം നിന്റെ തേജസ്സിൽ കൂടി വാഴുവാനും വരം നല്കി രക്ഷിക്കേണമേ. ആമെൻ. Bs. W.

## പുനരുത്ഥാനനാൾ.

മഹാരക്ഷിതാവായ യേശു ക്രിസ്തുവേ, തിരുനാമത്തിന്റെ തേജസ്സിന്നായും, എല്ലാ വിശ്വാസികളുടെ ആശ്വാസത്തിന്നായും നീ ജയം കൊണ്ടു, ശവക്കുഴിയെ വിട്ടു വരികയാൽ, നിനക്കു സ്തോത്രം. നിന്റെ ബഹുമാനത്തിന്നായുള്ള ഈ പെരുനാളിൽ നിന്നെ യോഗ്യമാംവണ്ണം പുകഴുന്നതു എങ്ങിനെ? ഞങ്ങൾ വിശ്വസിച്ചവൻ ഇന്നവൻ, എന്നു നിന്റെ ജയം ഹേതുവായിട്ടു അറിഞ്ഞു വന്നു. ഞങ്ങളെയും അന്നാൾവരേയും കാത്തുകൊൾവാൻ നീ ശക്തൻ എന്നതും സ്പഷ്ടം തന്നെ. നീ ന്യായവിധിയിൽനിന്നു എടുക്കപ്പെട്ടതിനാൽ ഞങ്ങളുടെ മേൽ ഇരുന്ന ശിക്ഷാശാപം എല്ലാം നീങ്ങിപ്പോയല്ലോ. നിന്നോടു കൂടെ ജീവന്റെ പുതുക്കത്തിന്നായി ഞങ്ങൾ എഴുനീററാൽ തന്നെ. ഹാ യേശു കൎത്താവേ, നീ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിട്ടു നിന്നെ വിശ്വസിച്ചാശ്രയിക്കുന്ന ഞങ്ങളിലും ജീവിച്ചിരിക്കേണമേ. നിന്റെ പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടു ഞങ്ങളെ പാപനിദ്രയിൽനിന്നു ഉണൎത്തി, ഈ മരണശരീരത്തിൽ നിറയുന്ന ദുൎമ്മോഹത്തെ ഇല്ലാതാക്കി, സത്യമാനസാന്തരത്താലും നിൎവ്വ്യാജമായ വിശ്വാസത്താലും ജീവന്റെ പുതുക്കത്തിൽ നിന്തിരുമുമ്പിൽ നടത്തിച്ചുകൊള്ളേണമേ. ഊററമുള്ള വീരാ, ഞങ്ങളിലുള്ള ലോകത്തെ ജയിച്ചടക്കി, വാഗ്ദത്തപ്രകാരം ചെറിയ ആട്ടിങ്കൂട്ടത്തിന്റെ നടുവിൽ പാൎത്തു കൊണ്ടു, സമാധാനം ബലം ജയം ആശ്വാസം ആനന്ദം തുടങ്ങിയുള്ള സ്വൎഗ്ഗീയനിധികൾ എല്ലാം മറഞ്ഞു കിടക്കുന്ന നിന്റെ അത്ഭുതമായ ജീവനെ ഞങ്ങളിൽ നിറെച്ചു തരേണമേ.

ഞങ്ങളുടെ തലയായ യേശുവേ, നീ വിളങ്ങി വരുമ്പോഴേക്കു ഞങ്ങളും നിന്നോടു കൂടെ തേജസ്സിൽ വിളങ്ങും, ഈ ക്ഷയമുള്ളതു അക്ഷയത്തെയും, ഈ ചാകുന്നതു ചാകായ്മയേയും ധരിക്കുമല്ലൊ. ഇപ്പോൾ പൊരുതു ഞെരുങ്ങി വലഞ്ഞവർ എങ്കിലും, നിന്റെ പുനരുത്ഥാനത്തിൽ ആശ്രയിച്ചു തേറുന്നവർ എല്ലാം അന്നു ഒരുമിച്ചു സ്തുതിപ്പിതു: ഹേ മരണമേ, നിൻ വിഷമുൾ എവിടെ, പാതാളമേ, നിൻ ജയം എവിടെ, നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിനെക്കൊണ്ടു നമുക്കു ജയത്തെ നല്കുന്ന ദൈവത്തിന്നു സ്തോത്രം. ആമെൻ. W.

൨.

യേശു ക്രിസ്തുവിന്നും ഞങ്ങൾക്കും പിതാവും ദൈവവുമായുള്ളോവേ, പ്രിയപുത്രനെ നീ മരിച്ചവരിൽനിന്നു ഉണൎത്തി, തേജസ്സും മാനവും അണിയിച്ചു, സ്വൎല്ലോകങ്ങളിൽ നിന്റെ വലഭാഗത്തു ഇരുത്തി, സഭെക്കു എന്നും തലയും ഭൎത്താവുമാക്കിവെച്ചതുകൊണ്ടു, ഞങ്ങൾ വാഴ്ത്തി സ്തുതിക്കുന്നു. ക്രിസ്തു യേശുവിൽ നീ ഞങ്ങളെ സ്നേഹിച്ചു, പാപങ്ങളിൽ മരിച്ചവരായപ്പോൾ അവനോടു കൂടെ ഉയിൎപ്പിച്ചുണൎത്തി, സ്വൎല്ലോകങ്ങളിൽ കൂടെ ഇരുത്തുകയും ചെയ്ത നിന്റെ മഹാവാത്സല്യത്തിന്നു സ്തോത്രം. കൎത്താവായ യേശുവേ, നീ മരിച്ചവനായി ഇനി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനാകയാൽ, നിനക്കും സ്തോത്രവും വന്ദനവും ഉണ്ടാക. ഞാൻ ജീവിച്ചിരിക്കുന്നു, നിങ്ങളും ജീവിച്ചിരിക്കും എന്നു ഞങ്ങളോടു അരുളിച്ചെയ്കയാൽ, നിന്നോടു കൂടെ ഞങ്ങളെ സത്യജീവന്നും മഹാജയത്തിന്നും, നിന്റെ മരണത്തിന്റെ വിലയേറിയ ഫലങ്ങൾക്കും പങ്കാളികളാക്കി തീൎക്കുന്നു. ഇനി ഞങ്ങൾക്കായി തന്നെ അല്ല, ഞങ്ങൾക്കു വേണ്ടി മരിച്ചു ഉയിൎത്തെഴുനീററ നിനക്കായി തന്നെ ജീവിക്കേണ്ടതിന്നു, ഞങ്ങളിൽ വ്യാപരിക്കേണമേ. ഉറങ്ങുന്നവനേ, ഉണൎന്നു മരിച്ചവരിൽനിന്നു എഴുനീല്ക്ക, എന്നാൽ ക്രിസ്തു നിനക്കു ഉജ്ജ്വലിക്കും എന്നുള്ള കരുണാശബ്ദത്തെ എല്ലാ മനുഷ്യരോടും എത്തിച്ചരുളേണമേ. പ്രിയ പിതാവേ, ആടുകളുടെ വലിയ ഇടയനാകുന്ന ഞങ്ങളുടെ കൎത്താവായ യേശുവേ, നിത്യനിയമത്തിന്റെ രക്തത്താൽ മരിച്ചവരിൽനിന്നു മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവമായുള്ളോവേ, നിന്റെ ഇഷ്ടം ചെയ്യുമാറാക്കുവണ്ണം, ഞങ്ങളെ സകല സൽക്രിയയിലും യഥാസ്ഥാനപ്പെടുത്തി, നിനക്കു പ്രസാദമുള്ളതിനെ പ്രിയ പുത്രനായ യേശു ക്രിസ്തുമൂലം ഞങ്ങളിൽ നടത്തേണമേ. ആയവന്നു എന്നെന്നേക്കും സ്തോത്രവും ബഹുമാനവും ഭവിപ്പൂതാക. ആമെൻ. Bs. W.

---

## സ്വൎഗ്ഗാരോഹണനാൾ.

സകല മനുഷ്യൎക്കും ഏക രക്ഷിതാവും കൎത്താവുമായ യേശു ക്രിസ്തുവേ, ഞങ്ങളുടെ വീണ്ടെടുപ്പിന്റെ പ്രവൃത്തിയെ നീ തീൎത്തു, സ്വ

ൎഗ്ഗത്തേക്കു കയററി, പിതാവിൻ വലഭാഗത്തിരുന്നിരിക്കുന്നുവല്ലോ. നിന്റെ വഴിയെ ഞങ്ങൾ വിശ്വാസത്തോടെ നോക്കി, നിന്റെ തേജസ്സിങ്കൽ സന്തോഷിക്കുന്നു. ഇനി ഞങ്ങളുടെ ഹൃദയങ്ങളെ ഈ അഴിവുള്ള ലോകത്തോടു അകററി, കീഴേതിനെ ഒക്കയും നിരസിച്ചു, നിന്നിലുള്ള നിത്യധനത്തെ ആശിച്ചു വാഞ്ഛിപ്പാന്തക്കവണ്ണം ഞങ്ങളെ കടാക്ഷിക്കേണമേ. ഞങ്ങളുടെ മനസ്സു സ്വൎഗ്ഗത്തിൽ വസിച്ചു, ഭൂമിയിലുള്ളവ അല്ല, മേലേവ തന്നെ അന്വേഷിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമേ. ഈ അരിഷ്ടമുള്ള ആയുഷ്കാലം തീൎന്ന ശേഷം, ഞങ്ങളുടെ ദേഹികൾ നിന്നോടു എത്തി പാൎത്തു വാഴുവാനും, ഞങ്ങളുടെ തലയും രാജാവുമാകുന്ന നിന്റെ തേജസ്സു കണ്ടു എന്നും വണങ്ങുവാനും ദയ ചെയ്തു രക്ഷിക്കേണമേ. ആമെൻ. W.

൨.

സൎവ്വശക്തിയുള്ള ദൈവമേ, നിന്റെ ഏകജാതനായ പുത്രനും, ഞങ്ങളുടെ രക്ഷിതാവും ആയവൻ ഇന്നു സ്വൎഗ്ഗത്തേക്കു എടുക്കപ്പെട്ടുവല്ലോ. അവനോടു കൂടെ ഞങ്ങൾക്കും സ്വൎഗ്ഗാരോഹണം നല്കേണമേ. ഇപ്പോൾ നേരുള്ള പ്രാൎത്ഥനയാലും, ജീവനുള്ള വിശ്വാസത്താലും, ഭക്തിയേറുന്ന നടപ്പിനാലും, നിത്യ ഭവനത്തെ വാഞ്ഛിക്കുന്ന ആശയാലും, ഒടുവിൽ നല്ല മരണത്താലും ധന്യമായ ഉയിൎപ്പിനാലും ഞങ്ങളെയും യേശു ക്രിസ്തുനിമിത്തം സ്വൎഗ്ഗത്തേക്കു കരേററിക്കൊള്ളേണമേ. ആമെൻ. W.

൩.

കൎത്താവായ യേശുവേ, നീ ഉയരത്തിൽ കരേറി, സ്വൎഗ്ഗസ്ഥപിതാവിന്റെ വലത്തു ഭാഗത്തു ഇരുന്നുവല്ലോ. പാപമരണങ്ങളുടെ കൈകളിൽനിന്നു ഞങ്ങളെ വിടുവിച്ചു, ഞങ്ങളുടെ ഭാഗ്യത്തിന്നു എതിർ നില്ക്കുന്ന ശത്രുക്കളെ ഒക്കയും ജയിച്ചു കാല്ക്കീഴാക്കിയതിനാൽ ഞങ്ങൾ സന്തോഷിച്ചു വാഴ്ത്തുന്നു. സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നിനക്കു നല്കപ്പെട്ടതു കൊണ്ടു തിരുസഭയെ പരിപാലിച്ചു, ലോകത്തിൻ അററങ്ങൾ വരേയും പരത്തിക്കൊൾക ആവു. നിന്റെ വിശ്വസ്തരെ ആശ്വസിപ്പിച്ചു, വിശുദ്ധീകരണം തികെച്ചു തരികയും, വാഗ്ദത്ത പ്രകാരം നിന്റെ വചനത്താലും ആത്മാവിനാലും

ഞങ്ങളോട്ടു കൂടെ പാൎക്കയും, തേജസ്സോടെ പ്രത്യക്ഷനാകുന്ന നാളിൽ ഞങ്ങളെയും ചേൎത്തു കൊണ്ടു, പിതാവിൻ ഭവനത്തിൽ ആക്കി പാൎപ്പിക്കയും ചെയ്യേണമേ. ആമെൻ. W.

---

## പെന്തകൊസ്തനാൾ.

വിശ്വാസ്തരുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവെകൊണ്ടു പ്രകാശിപ്പിച്ചു ഉപദേശിച്ചു, തിരുസഭയെ ചേൎത്തു കൊണ്ട സത്യദൈവമേ, ഞങ്ങളും ആ ആത്മാവിൽ തന്നെ ചേൎന്നു നടക്കേണ്ടതിന്നും, അവന്റെ കൃപാശക്തിയാലും നിത്യ തുണയാലും ഹൃദയങ്ങൾക്കശുദ്ധി വന്നു, വികടങ്ങളിൽനിന്നു തെറ്റേണ്ടതിന്നും കരുണ ചെയ്യേണമേ. ശത്രുക്കൾ എത്ര തന്നെ വിരോധിച്ചാലും, തിരുസഭ ഒന്നിലും വഴി വിട്ടു പോകാതവണ്ണം, സകല സത്യത്തിലും വഴി നടത്തിച്ചു കൊണ്ടു പ്രിയ പുത്രനായ യേശു ക്രിസ്തുവിന്റെ ശുഭമായ വാഗ്ദത്തം നിവൃത്തിച്ചു തരേണമേ. ആയവൻ നിന്നോടു കൂടെ പരിശുദ്ധാത്മാവിന്റെ ഒരുമയിൽ തന്നെ സത്യദൈവമായി എന്നും ജീവിച്ചും വാണും കൊണ്ടിരിക്കുന്നു. ആമെൻ. W.

൨.

ഞങ്ങളുടെ കൎത്താവായ യേശുവിന്റെ പിതാവായ ദൈവമേ, നീ വാഗ്ദത്തം ചെയ്ത കാൎയ്യസ്ഥനെ ഈ ലോകത്തിൽ അയച്ചു, സ്വൎഗ്ഗീയ അവകാശത്തിന്റെ പണയവും അച്ചാരവും ആയി, ഞങ്ങൾക്കു തരികയാൽ നിനക്കു സ്തോത്രം ഭവിപ്പൂതാക. ക്രിസ്തു യേശുവിലുള്ള സഭയുടെ മേൽ നിന്റെ ആത്മാവിനെ ധാരാളമായി പകൎന്നു, ഹൃദയങ്ങളുടെ അകത്തു നിന്റെ രാജ്യം സ്ഥാപിച്ചു, ഞങ്ങളെ ഇരിട്ടിൽനിന്നു വെളിച്ചത്തേക്കും, പാപദാസ്യത്തിൽനിന്നു നിന്റെ മക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യത്തിലേക്കും നടത്തി പോരേണമേ.

പരിശുദ്ധാത്മാവായുള്ളോവേ, നീയേ വന്നു, ഞങ്ങളിൽ ആരോടും നിന്നെ തന്നെ സാക്ഷി കൂടാതെ വിടൊല്ലാ. എല്ലാ വിശ്വാസികളിലും നിന്റെ വരങ്ങളെ നിറെക്കയും, ഇരുമനസ്സുള്ളവരെ നിന്നെ മാത്രം അനുസരിപ്പിക്കയും, പാപങ്ങളിൽ ഉറങ്ങി ചത്തവരെ പുതിയ

ജീവങ്കലേക്ക ഉണൎത്തുകയും ചെയ്ക. ഞങ്ങളുടെ ബലഹീനതെക്ക തുണനിന്നു, ഞങ്ങൾ പരീക്ഷയിൽ അകപ്പെടായ്വാൻ ഉണൎന്നും പ്രാൎത്ഥിച്ചും കൊൾ്വാൻ പഠിപ്പിച്ചു, വിശ്വാസം സ്നേഹം അനുസരണം ക്ഷാന്തി എന്നിവററിൽ ഞങ്ങളെ സ്ഥിരീകരിക്കേണമേ. യേശുവിനെ ഞങ്ങളിൽ മഹത്വപ്പെടുത്തുകയും അവന്റെ ശരീരത്തിൽ ഞങ്ങൾ അവയവങ്ങളും ദൈവമക്കളും ആകുന്നു എന്നു ഞങ്ങളുടെ ആത്മാവിനോടു കൂടെ സാക്ഷ്യം പറകയും ചെയ്യേണ്ടു.

അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരുടെ മേലും നിന്റെ മഹാപ്രകാശം ഉദിപ്പൂതാക. തിരുസുവിശേഷത്തെ നീളെ അറിയിച്ചു, നിന്റെ വങ്ക്രിയകളെ സകല ഭാഷകളിലും പ്രസ്താവിപ്പാൻ തക്കവണ്ണം വട്ടം കൂട്ടേണമേ. യേശു ക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തോടു ദിനമ്പ്രതി ആത്മാക്കളെ ചേൎക്കേ ആവു. എല്ലാ സഭകളിലും യേശു താൻ ഒരുമയുടെ കെട്ടായിരിക്ക; ഏക ശരീരത്തിൽ ആവാൻ ഞങ്ങളെ വിളിച്ച പ്രകാരം, എല്ലാവരും വിശ്വാസത്തിലും ദൈവപുത്രന്റെ പരിജ്ഞാനത്തിലും, ഐക്യത്തോടും തികഞ്ഞ പുരുഷത്വത്തോടും ക്രിസ്തുവിന്റെ നിറവുള്ള പ്രായത്തിൻ അളവോടും എത്തുമാറാക്കി, ഓർ ഇടയനും ഓർ ആട്ടിങ്കൂട്ടവും എന്ന വാഗ്ദത്തം നിവൃത്തിച്ചു തരേണമേ. ദൈവം സകലത്തിലും സകലവും ആകേണ്ടതിന്നു തന്നെ. ആമെൻ. Bs. W.

---

## ത്രി ത്വ ത്തി ന്നാ ൾ.

എന്നും സ്തുതിക്കപ്പെടേണ്ടുന്ന പരിശുദ്ധ ദൈവമേ, നിന്റെ സ്വഭാവത്തിന്റെ വലിയ രഹസ്യം നീ കരുണ ചെയ്തു വെളിപ്പെടുത്തി, നീ പിതാവും പുത്രനും ആത്മാവുമായി, ഏകസത്യദൈവമാകുന്നു എന്നുള്ള വിശ്വാസപ്രമാണത്തെ അറിയിച്ചു, ഇപ്രകാരം സ്വീകരിപ്പാനും ആരാധിപ്പാനും പഠിപ്പിച്ചതുകൊണ്ടു നിനക്ക സ്തോത്രം. ഈ ദിവ്യമായ അറിവിനെ ഞങ്ങളിൽ പാലിച്ചുറപ്പിച്ചു, സകല ദുൎമ്മതങ്ങളിൽനിന്നും ഞങ്ങളെ കാത്തു രക്ഷിക്കേണമേ. നിത്യദൈവമേ, നിന്റെ വാത്സല്യത്താൽ ഞങ്ങളെ സൃഷ്ടിച്ചും വീണ്ടെടുത്തും വിശുദ്ധീകരിച്ചും കൊണ്ട പ്രകാരം തന്നെ, നിന്റെ സ്നേഹവും കൃപയും

കൂട്ടായ്മയും ഇടവിടാതെ അനുഭവിപ്പിച്ചു പോരേണമേ. ഒടുവിൽ നിന്റെ മഹത്വമുള്ള രാജ്യത്തിൽ ഞങ്ങളെ ചേൎത്തു കൊൾ്കേയാവു. ഇവിടെ വിശ്വസിച്ചതിനെ ഞങ്ങൾ അവിടെ കണ്ണാലേ കണ്ടു, സകല ദൂതരോടും, തെരിഞ്ഞെടുത്തവരോടും ഒന്നിച്ചു നിത്യ ത്രിയൈക ദൈവമായ നിന്നെ എന്നും വാഴ്ത്തി സ്തുതിപ്പാനായ്ക്കന്നെ ആമെൻ. W.

---

## ഒരു സഭയെ സ്ഥാപിച്ച ദിവസത്തിന്റെ ഓൎമ്മെക്കായി

(അടുത്ത ഞായറാഴ്ചയിൽ പ്രാൎത്ഥിക്കേണ്ടതു.)

സ്വൎഗ്ഗസ്ഥ പിതാവായ യഹോവേ! തിരുവചനത്താലും നിന്റെ പരിശുദ്ധാത്മാവിനാലും നീ. . . . വൎഷം മുമ്പെ ഇവിടെ ഒരു സഭയെ സ്ഥാപിച്ചു, ഇന്നേവരേയും പാലിച്ചു, ധന്യമായ സുവിശേഷത്തിൻ ഘോഷണത്തെയും ഒരുമിച്ചു പ്രാൎത്ഥിക്കുന്ന സ്ഥലത്തെയും കാത്തരുളിയതു കൊണ്ടു നിനക്കു സ്തോത്രം. ഇത്ര കാലം എല്ലാം നീ നട്ടും നനെച്ചും വളമിട്ടും വന്നിരിക്കുന്നു, എങ്കിലും ഫലങ്ങൾ ചുരുക്കം തന്നെ കഷ്ടം. അതു കൊണ്ടു ഞങ്ങൾ തിരുമുമ്പിൽ നാണിച്ചു വീണു: എല്ലാ മടിവിന്നും അവിശ്വസ്തതെക്കും നീ ക്ഷമ കല്പിച്ചു, ഞങ്ങളുടെ വിശ്വാസവും സ്നേഹവും പ്രിയ പുത്രനായ യേശു ക്രിസ്തുവിന്റെ രക്തത്താലെ പുതുക്കി തരേണം എന്നു യാചിക്കുന്നു. സത്യവിശ്വാസത്തിന്റെ സ്ഥിരമായ അടിസ്ഥാനത്തിന്മേലും, സകല വിശുദ്ധരുടെ കൂട്ടായ്മയിലും ഞങ്ങളെയും സന്തതികളെയും സ്ഥാപിച്ചു രക്ഷിക്കേണമേ. നല്ല ഉപദേഷ്ടാക്കന്മാർ നിന്റെ ദാനമത്രെ. ആട്ടിങ്കൂട്ടത്തെ സൂക്ഷിച്ചു മേച്ചും, സത്യവചനത്തെ നേരെ വിഭാഗിച്ചും, ദൈവാലോചനയെ ഒട്ടും മറെച്ചു വെക്കാതെ സമയത്തിലും അസമയത്തിലും പ്രസംഗിച്ചും തെരിഞ്ഞെടുത്തവൎക്കു വേണ്ടി സകലവും സഹിച്ചും കൊള്ളുന്ന വിശ്വസ്ത വീട്ടുവിചാരകരെ നിത്യം ആക്കി വെക്കേണമേ. കേൾക്കുന്നവരുടെ ഹൃദയങ്ങളെ നിന്റെ കൃപയാലെ നടത്തി, വചനത്തെ സന്തോഷത്തോടും കൂട കേട്ടുകൊൾ്കയല്ലാതെ ചെയ്വാനും ഉത്സാഹിപ്പിക്കേണമേ. എല്ലാടത്തും നിന്റെ രാജ്യത്തെ പരത്തുക. ഈ സ്ഥലത്തിലും വേദഘോഷണത്തെ അനുഗ്രഹിക്ക. ഞങ്ങളുടെ ഭവനങ്ങ

ളിലും നിന്റെ വചനം ഐശ്വൎയ്യമായി വസിപ്പാറാക്കുക. ശേഷം ഞങ്ങൾ എപ്പേരും നിന്റെ സ്വൎഗ്ഗീയ ആലയം പ്രവേശിച്ചു, വിശുദ്ധ അലങ്കാരത്തിൽ നിന്നെ സേവിച്ചും, നിന്റെ തേജസ്സു കണ്ടും കൊണ്ടിരിപ്പാൻ ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിനെ കൊണ്ടു കരുണ ചെയ്തു രക്ഷിക്കേണമേ. ആമെൻ. W.

---

## B.

## വിശേഷപ്രാൎത്ഥനകൾ.

### ൧.

### ദൈവരാജ്യം വ്യാപിപ്പാൻ വേണ്ടി.

കനിവുള്ള ദൈവമേ, നീ സകല മനുഷ്യരെയും സൃഷ്ടിച്ചവനും, സൃഷ്ടികളിൽ ഒന്നിനെ എങ്കിലും ദ്വേഷിക്കാത്തവനും ആകുന്നതല്ലാതെ, പാപിയുടെ മരണത്തിൽ അല്ല, അവൻ മനന്തിരിഞ്ഞു ജീവിക്കയിൽ അത്രേ പ്രസാദിക്കുന്നവനല്ലൊ ആകുന്നു. എല്ലാ യഹൂദന്മാരോടും മുസല്മാനരോടും അവിശ്വാസികളോടും ദുൎമ്മതക്കാരോടും കൃപ ചെയ്തു, സകല അറിയായ്മ, ഹൃദയകാഠിന്യം, തിരുവചനത്തിൻ ഉപേക്ഷ മുതലായ പിശാചിൻ കെട്ടുകളെ അഴിച്ചു വിടുവിക്കേണമേ. കരുണയുള്ള ദൈവമേ, അവരെ നിന്റെ തൊഴുത്തിലേക്കു കൂട്ടി നടത്തി, സത്യമായുള്ള ഇസ്രയേലിൽ ശേഷിച്ചവരോടും ചേൎത്തു ഒരിടയന്റെ കീഴിൽ ഒരു കൂട്ടമാക്കി രക്ഷിക്കേണമേ. ആ ഇടയനൊ നിന്നോടും പരിശുദ്ധാത്മാവിനോടും ഒന്നിച്ചു ഏകദൈവമായി എന്നെന്നേക്കും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവത്രെ; ആയവന്നു എന്നും സ്തോത്രവും ബഹുമാനവും ഭവിപ്പൂതാക. ആമെൻ. C. P.

അല്ലെങ്കിൽ.

ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവായുള്ളോവേ, നിന്റെ പുത്രനിൽ തന്നെ നിന്റെ മക്കൾ ആകുവാനും, അവനിൽ ജീവനും വഴിച്ചലും ഉണ്ടാവാനും ഞങ്ങൾക്കു അധികാരം

തന്നതു കൊണ്ടു നിനക്കു സ്തോത്രം. എല്ലാ ബുദ്ധിയെയും കടക്കുന്ന നിന്റെ സമാധാനം നിന്റെ പ്രിയ പുത്രന്റെ സഭയിൽനിന്നു സൎവ്വ ലോകത്തിലും പുറപ്പെട്ടു പരപ്പൂതാക. അനേക ജാതികൾക്കു ഇന്നേവരെയും നിന്റെ കൃപാപ്രകാശം ഉദിച്ചിട്ടില്ല. അതുകൊണ്ടു നീ കരുണ ചെയ്തു, തിരുവചനത്തെ എങ്ങും അറിയിപ്പാൻ ആളയച്ചു, ഞങ്ങളെയും ആ വേലെക്കായി ഉത്സാഹിപ്പിച്ചു, നിത്യ പക്ഷവാദത്താലും ഔദാൎയ്യത്തോടെ വിരഞ്ഞു കൊടുക്കുന്നതിനാലും, അതിൽ കൂട്ടാളികൾ ആക്കി തീൎത്തു, നന്ദിയുടെ ബലികളെ കഴിപ്പിക്കേണമേ. നിന്റെ രക്ഷയുടെ ദൂതന്മാൎക്കു തുണ നിന്നു, അവരുടെ ശുശ്രൂഷയാൽ തിരുരാജ്യത്തിന്റെ അതിരുകളെ വിസ്താരമാക്കി, തിരുനാമത്തിന്റെ അറിവിനെയും ആരാധനയെയും വേരൂന്നുമാറാക്കുക. നിന്റെ വേലക്കാരെ എല്ലാം കൊണ്ടും വിശുദ്ധീകരിച്ചു, നിന്റെ ബഹുമാനത്തിന്നു തക്ക പാത്രങ്ങളാക്കി തീൎക്കയാവു. അജ്ഞാനത്തിൽ മുങ്ങിയ വംശങ്ങൾ അവരെ സന്തോഷത്തോടും കൈക്കൊണ്ടു, ചെവി കൊടുക്കേണ്ടതിന്നു മുമ്പിൽ കൂട്ടി വഴി ഒരുക്കേണമേ. തിരുവചനത്തിന്നു പലേടത്തും വാതിൽ തുറന്നു, നീ അതിനെ അയച്ചിരിക്കുന്ന കാൎയ്യത്തെ സഫലമാക്കുകേ വേണ്ടു. എല്ലാ സഭകളിലും വിശ്വാസം, സ്നേഹം, ജ്ഞാനം, ശക്തി മുതലായ വരങ്ങളെ വൎദ്ധിപ്പിച്ചു, തിരുനാമത്തിന്നു ഉദയം മുതൽ അസ്തമയം വരെ മഹത്വം ഉണ്ടാവാനും, എല്ലാ നാവും: യേശു ക്രിസ്തു കൎത്താവു എന്നു നിന്റെ തേജസ്സിന്നായി ഏററു പറവാനും, കോപ്പു കൂട്ടി എന്നേക്കും രക്ഷിക്കേണമേ. ആമെൻ. W.

---

൨.

## രാജ്യാധികാരികൾക്കു വേണ്ടി.

സൎവ്വശക്തിയുള്ള നിത്യ ദൈവമേ, രാജാക്കൾ അധികാരികൾ മുതലായ മഹാന്മാരുടെ ഹൃദയങ്ങൾ തിരുകൈയിൽ തന്നെ ഉണ്ടെന്നും, നീ അവററെ നീൎത്തോടുകളെ പോലെ തിരിച്ചു നടത്തുന്നു എന്നും, നിന്റെ വചനത്താൽ അറിഞ്ഞിരിക്കകൊണ്ടു, ഞങ്ങൾ താഴ്മയോടെ യാചിക്കുന്നിതു: നിന്റെ ദാസിയായ ഞങ്ങളുടെ രാ

ജ്ഞിയുടെ ഹൃദയത്തെയും എല്ലാ നാടുവാഴികളുടെയും അധികാരസ്ഥരുടെയും ഹൃദയങ്ങളെയും നീ കൈക്കലാക്കി, അവരുടെ സകല വിചാരങ്ങളെയും വാക്ക ക്രിയകളെയും നടത്തി, എല്ലാററിലും നിന്റെ ബഹുമാനവും കീൎത്തിയും അന്വേഷിപ്പാറാക്കി, അവരുടെ വിചാരണയിൽ ഭരമേല്പിച്ച നിന്റെ ജനം എല്ലാ ഭക്തിയോടും സാവധാനവും സ്വസ്ഥതയും ഉള്ള ജീവനം കഴിപ്പാൻ സംഗതി വരുത്തേണമേ. അവൎക്കും സ്വൎഗ്ഗത്തിൽ യജമാനൻ ഉണ്ടെന്നും, കണക്ക ബോധിപ്പിക്കേണ്ടുന്ന മഹാദിവസം ഉണ്ടെന്നും ബോധം വരുത്തി, തങ്ങളുടെ ആത്മാക്കളെ നീ നിയമിച്ച വഴിയിൽ രക്ഷിക്കേണ്ടതിന്നു കൃപ നല്കേണമേ. കനിവുള്ള പിതാവേ, ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിനെ നോക്കി, ഞങ്ങളെ കേൾക്കേണമേ. ആമെൻ. C. P.

---

൩.

## ഫലധാന്യാദികൾക്കുവേണ്ടി.

സൎവ്വശക്തിയുള്ള ദൈവമേ, കനിവുള്ള പിതാവേ, നിന്റെ ദിവ്യ ശക്തിയാലേ സകലവും സൃഷ്ടിച്ചു, ജീവനുള്ള എല്ലാററിനെയും പ്രസാദത്താൽ തൃപ്തിയാക്കുന്നവനാകയാൽ, ഇങ്ങെ നിലം പറമ്പുകളിലും നിന്റെ അനുഗ്രഹത്തെ കല്പിച്ചു (വിതെക്ക, കൊയ്ത്തിന്നു) നല്ല സമയവും (വേണ്ടുന്നമഴയും) ഫലപുഷ്ടിയും തന്നു, മനുഷ്യന്റെ സംരക്ഷണത്തിന്നായുള്ള നിന്റെ സകല ദാനങ്ങളെയും കരുണയാലെ നല്കി കാത്തു സഫലമാക്കി തീൎക്കേണമേ. എങ്ങിനെ എങ്കിലും നിന്റെ വചനത്തെ ഞങ്ങളുടെ ഹൃദയങ്ങളിൽ നട്ടു, ഞങ്ങളെ നിത്യജീവനായി നീതിയുടെ ഫലങ്ങളെ വേണ്ടുവോളം വിളയിപ്പിക്കേണമേ. നിന്റെ സമ്മാനങ്ങൾ ഒക്കെയും ഞങ്ങൾ നന്ദിയുള്ള മനസ്സോടെ കൈക്കൊണ്ടു അനുഭവിക്കേണ്ടതിന്നു, ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുമൂലം ഞങ്ങളുടെ ഹൃദയങ്ങളെ നിനക്ക തന്നെ ഒരുക്കി രക്ഷിക്കേണമേ. ആമെൻ. W.

---

൭.

## സങ്കടത്തിങ്കൽ ഉദ്ധാരണത്തിന്ന വേണ്ടി.

ഞങ്ങളുടെ ദൈവവും പിതാവുമാകുന്ന കൎത്താവേ, അഗാധങ്ങളിൽനിന്ന ഞങ്ങൾ നിന്നോട നിലവിളിക്കുന്നു. ഞങ്ങളുടെ ശബ്ദം കേട്ട, ഞങ്ങളുടെ യാചനാവിളികൾക്കായി ചെവി ചാച്ച, ഈ അകപ്പെടുന്ന ക്ലേശങ്ങളിൽ കനിഞ്ഞു നോക്കേണമേ. കൎത്താവേ, നീ അകൃത്യങ്ങളെ സൂക്ഷിച്ച നോക്കി കണക്കിട്ടാൽ, തിരുമുമ്പിൽ നില നില്ക്കുന്നവൻ ആർ? എങ്കിലും നിങ്കൽ ഞങ്ങൾ ആശ്രയിക്കുന്നു, കൃപയും മോചനവും നിന്നോട സമൃദ്ധിയായിട്ടുണ്ട, എന്നിട്ട കരുണ ചെയ്തു കൊണ്ടു ഇപ്പോൾ നീ ഞങ്ങളെ സന്ദൎശിച്ച, അകപ്പെടുത്തിയ സങ്കടത്തെ ശമിപ്പിച്ച, അധികമുള്ള ക്ലേശങ്ങൾ പററാതവണ്ണം പരിപാലിക്കേണമേ. ഞെരുക്കത്തിലുള്ളവരെ താങ്ങി ആദരിച്ച വിടുവിക്കേണമേ. ഈ സകല കഷ്ടദുഃഖങ്ങളാലും ഞങ്ങളുടെ ഹൃദയങ്ങളെ വലിച്ച നിന്നോട തന്നെ അടുപ്പിക്കേണമേ. ഇപ്പോൾ കണ്ണീരോടെ വിതെക്കുന്നവർ പിന്നെതിൽ നിത്യ സന്തോഷത്തോടെ കൊയ്യുമാറാകേ വേണ്ടു. യേശു ക്രിസ്തുനിമിത്തം ഞങ്ങളെ ചെവിക്കൊണ്ടു ഉത്തരം അരുളിച്ചെയ്യേണമേ. ആമെൻ. W.

---

൮.

## പടകാലത്തിൽ.

സൎവ്വശക്തിയുള്ള ദൈവമേ, സകല രാജാക്കളെയും ഭരിക്കുന്ന രാജാവും, എല്ലാ കാൎയ്യങ്ങളെയും നടത്തുന്ന ആദികാരണനുമായുള്ളോവേ, നിന്റെ ശക്തിയോട എതിൎക്കുന്ന സൃഷ്ടി ഒന്നും ഇല്ല; പാപികളെ ശിക്ഷിപ്പാനും, അനുതാപമുള്ളവരെ കനിഞ്ഞുകൊൾ്വാനും ഏകസമൎത്ഥൻ നീ തന്നെ. ഞങ്ങളെ ശത്രുക്കളുടെ കൈയിൽനിന്ന രക്ഷിപ്പാൻ കടാക്ഷിക്കേണമേ. അവരുടെ വമ്പിനെ താഴ്ത്തി, ദ്വേഷത്തെ ശമിപ്പിച്ച, ഉപായങ്ങളെ പഴതിലാക്കേണമേ. നിന്റെ തുണയാൽ സകല ആപത്തും അകററി, ഞങ്ങളെ പരിപാലിച്ച ജയം നല്കുന്ന നിന്നെ എന്നും സ്തുതിപ്പാറാക്കേണമേ. നിന്റെ ഏകജാതനും, ഞങ്ങളുടെ കൎത്താവുമാകുന്ന യേശു ക്രിസ്തുവിന്റെ പുണ്യം നിമിത്തമേ ഞങ്ങളെ കേട്ടരുളേണമേ. ആമെൻ. C. P.

---

൩.

## മഹാവ്യാധിയിൽ.

സൎവ്വശക്തിയുള്ള ദൈവമേ, പണ്ടു നിന്റെ ജനം മോശ അഹരോന്മാരുടെ നേരെ മത്സരിച്ച സമയം നീ രോഗം അയച്ചു ശിക്ഷിച്ചതല്ലാതെ, ദാവിദ്രാജാവിന്റെ കാലത്തിൽ വല്ലാത്ത വ്യാധി കൊണ്ടു ദണ്ഡിപ്പിച്ചു എഴുപതിനായിരം ആളുകളെ സംഹരിച്ചു നീക്കി, ശേഷമുള്ളവരെ ദയ കാണിച്ചു രക്ഷിച്ചു പ്രകാരം എല്ലാം ഞങ്ങൾ കേട്ടിരിക്കുന്നു. അരിഷ്ട പാപികളായ ഞങ്ങളിൽ ഇപ്പോൾ വന്ന മഹാ വ്യാധിയും കൊടിയ ചാക്കും നോക്കി വിചാരിച്ചു, ഞങ്ങളുടെ പാപങ്ങളെയും അതിക്രമങ്ങളെയുമല്ല, നിന്റെ സ്വന്ത കരുണയും ദയയും ഓൎത്തു ഞങ്ങളിൽ കനിഞ്ഞിരിക്കേണമേ. പണ്ടു നീ പരിഹാരബലിയെ അംഗീകരിച്ചു, സംഹാരം നടത്തുന്ന ദൂതനെ വിലക്കി, ദണ്ഡത്തെ നിറുത്തിയ പ്രകാരം തന്നെ ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിനെ നോക്കി, ഈ ബാധയെയും മഹാരോഗത്തെയും നീക്കി പ്രസാദിച്ചരുളേണമേ. ആമെൻ. C. P.

---

൪.

## രോഗിക്കുവേണ്ടി.

കനിവേറിയ ദൈവമേ: അന്യോന്യം പകരം പ്രാൎത്ഥിപ്പിൻ എന്നു തിരുവചനത്തിൽ കല്പിച്ചിരിക്കയാൽ, ഞങ്ങളുടെ സഭയിലുള്ള ഈ വ്യാധിക്കാരനു—(ക്കാരത്തിക്കു) വേണ്ടി നിന്നോടു യാചിപ്പാൻ തുനിയുന്നു. നീ ദയയോടെ വിചാരിക്കുന്ന അപ്പൻ എന്നും, യേശു ക്രിസ്തുവിങ്കൽ ആരെ എങ്കിലും കൈക്കൊണ്ടു രക്ഷിക്കുന്നവൻ എന്നും കാണിച്ചു, അവനെ (ളെ) ആശ്വസിപ്പിച്ചു താങ്ങി ക്ഷമയോടും സൌമ്യതയോടും തന്റെ കഷ്ടങ്ങളെ സഹിപ്പാൻ ബലപ്പെടുത്തേണമേ. തിരുവാഗ്ദത്തങ്ങളുടെ ശബ്ദം കൊണ്ടു ആ വലഞ്ഞു പോയ ദേഹിയെ തണുപ്പിച്ചു പോററി, സങ്കടത്തിൽ ഉള്ള മക്കളോടു നീ വാത്സല്യമുള്ള അപ്പൻ എന്നും, തല്ക്കാലത്തു സഹായിച്ചുദ്ധരിക്കുന്നവൻ എന്നും, സ്വന്ത പുത്രരിൽ ഒട്ടൊഴിയാതെ സകലവും നന്നാക്കുന്നവൻ എന്നും കാണിച്ചു, നിന്റെ സമാധാനം നിറെച്ചുകൊടുക്കേണമേ. ആമെൻ. W.

---

൮.

## ഉദ്ധരിച്ചതിന്നു സ്തോത്രം.

ഞങ്ങളുടെ ദൈവമായ യഹോവേ, മനുഷ്യപുത്രർ നിന്റെ ചിറകുകളുടെ നിഴലിൽ ആശ്രയിച്ചു കൊള്ളുന്നതിനാൽ, നിൻ ദയ എത്ര വിലയേറിയതു! നീ വലുതായ ഭയത്തെ ഞങ്ങളിൽ വരുത്തി പീഡിപ്പിച്ചു, ഞങ്ങൾക്ക പിണഞ്ഞ മഹാകഷ്ടങ്ങളിൽ നീ തന്നെ ഞങ്ങൾക്കു തുണ നില്ക്കുന്നില്ല എങ്കിൽ, ഞങ്ങൾ തീൎന്നു പോകുമല്ലൊ. യഹോവേ, ബഹുമാനവും സ്തോത്രവും നിനക്ക പറവുന്നു. നിന്റെ പലിശ ഞങ്ങളെ മൂടി, നിന്റെ കൈയ്യുകൾ താങ്ങി രക്ഷിച്ചിരിക്കുന്നു. സ്വൎഗ്ഗഭൂമികളെയും ഉണ്ടാക്കിയ യഹോവാനാമത്തിൽ അത്രെ ഞങ്ങളുടെ ശരണം. ഏകനായി അതിശയങ്ങളെ ചെയ്യുന്ന ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവനാക. നിന്റെ പരിശുദ്ധനാമത്തിന്നു എന്നും സ്തോത്രം ഭവിപ്പൂതാക. ആമെൻ. **W. U.**

---

൰.

## പ്രാൎത്ഥനെക്ക കൂടിവരുമ്പോൾ.

൧.

### സാധാരണ പ്രാൎത്ഥന.

ഉപദേഷ്ടാവു.

കൎത്താവേ, കനിഞ്ഞു കൊള്ളേണമേ;
ക്രിസ്തുവേ കനിഞ്ഞു കൊള്ളേണമേ;
കൎത്താവേ, കനിഞ്ഞു കൊള്ളേണമേ;
സ്വൎഗ്ഗസ്ഥപിതാവായ യഹോവാദൈവമേ;
ലോകരക്ഷിതാവെന്ന പുത്രനായ യഹോവാദൈവമേ;
പരിശുദ്ധാത്മാവായ യഹോവാദൈവമേ;
ഞങ്ങളെ കനിഞ്ഞു കൊള്ളേണമേ;
കരുണ ഉണ്ടായി രക്ഷിക്കേണമേ;

സഭ.

പ്രിയ ദൈവമായ കൎത്താവേ, കരുണ ഉണ്ടായി ഞങ്ങൾക്കു തുണെക്കേണമേ.

ഉപദേഷ്ടാവു.

സകല പാപത്തിൽനിന്നും
എല്ലാ ബുദ്ധിമയക്കത്തിൽനിന്നും
എല്ലാ തിന്മയിൽനിന്നും

സഭ.

പ്രിയ ദൈവമായ യഹോവേ, ഞങ്ങളെ കാക്കേണമേ.

ഉപദേഷ്ടാവു.

പിശാചിന്റെ ചതികൌശലത്തിൽനിന്നും,
ക്ഷണത്തിൽ തട്ടുന്ന ദുൎമ്മരണത്തിൽനിന്നും,
മഹാരോഗക്ഷാമങ്ങളിൽനിന്നും,
യുദ്ധഹിംസകളിൽനിന്നും,
കലഹമത്സരങ്ങളിൽനിന്നും,
ചാഴി പുഴ ഇടികളിൽനിന്നും,
തീപ്പേടി പെരുവെള്ളത്തിൽനിന്നും,

സഭ.

പ്രിയ ദൈവമായ യഹോവേ, ഞങ്ങളെ കാക്കേണമേ.

ഉപദേഷ്ടാവു.

നിന്റെ പുണ്യത്തിൻ ഉപേക്ഷയിൽനിന്നും,
സകല സ്വന്ത പ്രീതിയിൽനിന്നും,
പാപത്തിൻ വഞ്ചനയിൽനിന്നും,
നിത്യമരണത്തിൽനിന്നും,

സഭ.

പ്രിയ ദൈവമായ യഹോവേ, ഞങ്ങളെ കാക്കേണമേ.

ഉപദേഷ്ടാവു.

നിന്റെ ദാസരൂപദാരിദ്ര്യങ്ങളാലും,
നിൻ ബലഹീനതാവേദനകളാലും,

നിന്റെ സകല പരീക്ഷകളാലും,
നിൻ അത്യാസന്നത്തിലെ രക്തസ്വേദത്താലും,
നിന്റെ ചഞ്ചല പരിഹാസ തല്ലുകളാലും,
നിന്റെ കുരിശു കഷ്ടങ്ങളാലും,
നിൻ വിലയേറിയ മരണത്താലും,
തേജസ്സുള്ള ഉയിൎപ്പാരോഹണങ്ങളാലും,
പരിശുദ്ധാത്മാവിന്റെ വരവിനാലും,
ഞങ്ങളുടെ മരണനേരത്തിലും,
അവസാന ന്യായവിധിയിലും,

സഭ.

പ്രിയ ദൈവമായ യഹോവേ, ഞങ്ങൾക്കു തുണെക്കേണമേ.

ഞങ്ങളെ ചെവിക്കൊൾകേ വേണ്ടു എന്നു അരിഷ്ട പാപികളായ ഞങ്ങൾ യാചിക്കുന്നു.

ഉപദേഷ്ടാവു.

പ്രിയ കൎത്താവും ദൈവമായുള്ളോവേ,
നിന്തിരുസഭയെ നടത്തി ഭരിക്കയും,
നിൻ നാമം എടുത്തവൎക്ക എല്ലവൎക്കും
തിരുകുരിശിന്റെ രഹസ്യം വെളിപ്പെടുത്തുകയും,
എല്ലാ ദൈവമക്കളെയും ഒർ ആത്മാവിൽ യോജിപ്പിക്കയും,
തിരുസഭയുടെ ശുശ്രൂഷക്കാരായ ഇടയന്മാരെ ഒക്കെയും
സൌഖ്യവചനത്തിലും വിശുദ്ധനടപ്പിലും കാത്തു രക്ഷിക്കയും,
എല്ലാ മതഭേദങ്ങളെയും ഇടൎച്ചകളെയും വിലക്കയും,
തെററി ഉഴന്നവരെ തിരിച്ചു വരുത്തുകയും,
സാത്താനെ ഞങ്ങളുടെ കാല്ക്കീഴെ ചതെക്കയും,
വിശ്വസ്ത വേലക്കാരെ നിൻ കൊയ്ത്തിൽ അയക്കയും,
വചനത്തോടു നിന്റെ ആത്മാവും ശക്തിയും കൂടുകയും,
ഇടിഞ്ഞു ചതഞ്ഞവരെ എല്ലാം താങ്ങി തണെപ്പിക്കയും,

സഭ.

പ്രിയ കൎത്താവും ദൈവവും ആയുള്ളോവേ, ഞങ്ങളെ ചെവിക്കൊൾ്കയും ചെയ്ക.

ഉപദേഷ്ടാവു.

സകല ജാതികൾ്ക്കും പ്രകാശവും ആശ്വാസവും ആയുള്ളോവേ,
കരമേലും കടലിലും ഉള്ള നിന്റെ വേലക്കാരെ സൂക്ഷിക്ക,
അവരുടെ സാക്ഷ്യവാക്കിന്മേൽ ആത്മാവും അഗ്നിയും ഇറക്കുക,
ജാതികളിൽനിന്നു നിനക്കായി ചേൎത്തവരെ പാലിക്ക,
ജാതികളിൽ ശേഷിച്ചവരെയും സന്ദൎശിക്ക,
നിൻ ജനമായ ഇസ്രയേലെ അന്ധതയിൽനിന്നു വിടുവിക്ക,
ഇഷ്മയേലും നിന്റെ മുമ്പാകെ ജീവിച്ചിരിപ്പൂതാക.

സഭ.

പ്രിയ കൎത്താവും ദൈവവും ആയുള്ളോവേ, ഞങ്ങളെ ചെവി കൊള്ളേണമേ.

ഉപദേഷ്ടാവു.

സകല രാജാക്കന്മാൎക്കും സന്ധിയും ഐക്യതയും നല്കുക,
ഞങ്ങളുടെ രാജ്ഞിയെയും രാജകുഡുംബത്തെയും മന്ത്രിഭൃത്യരെയും നടത്തി പരിപാലിക്ക.
ഞങ്ങളുടെ ദേശവും ഊരും നാടും
സഭകളും പാഠശാലകളും എല്ലാം
വിവാഹവും പുത്രസമ്പത്തും
ഒക്കെ അനുഗ്രഹിച്ചു കൊള്ളേണമേ.

സഭ.

പ്രിയകൎത്താവും ദൈവവും ആയുള്ളോവേ, ഞങ്ങളെ ചെവി കൊള്ളേണമേ.

ഉപദേഷ്ടാവു.

സങ്കടഞെരുക്കങ്ങളിലുള്ളവൎക്കെല്ലാം
നിന്റെ സഹായത്തോടെ വിളങ്ങി വന്നു,
ഗൎഭിണികൾക്കും മുലകുടിപ്പിക്കുന്നവൎക്കും,
ശുഭഫലവും തഴെപ്പും ഏകുക,

ശിശുക്കളെയും രോഗികളെയും പോററുക,
ബലഹീനരെയും വയസ്സന്മാരെയും താങ്ങുക,
കുററമില്ലാതെ തടവിലായവരെ വിടുവിക്ക,
സകല വിധവമാരെയും അനാഥരെയും
എളിയവരെയും അഗതികളെയും
പാലിച്ചു സംരക്ഷണം ചെയ്ക,
യാത്രക്കാൎക്കും അപകടം ഒഴിപ്പിച്ചു
എല്ലാ മനുഷ്യരിലും കനിഞ്ഞു കൊണ്ടു,

സഭ.

പ്രിയ കൎത്താവും ദൈവവും ആയുള്ളോവേ, ഞങ്ങളെ ചെവി കൊള്ളേണമേ.

ഉപദേഷ്ടാവു.

ഞങ്ങളെ ദ്വേഷിച്ചു നാണം കെടുത്തു ഹിംസിക്കുന്നവൎക്ക
പാപം ക്ഷമിച്ചും മനം തിരിച്ചും കൊടുത്തു,
നിലത്തിൻ അനുഭവം കല്പിച്ചു രക്ഷിച്ചു,
ഞങ്ങളുടെ കൈത്തൊഴിൽ എല്ലാം സഫലമാക്കി
കരുണയാലെ ഞങ്ങളെ ചെവികൊള്ളേണമേ.

സഭ.

പ്രിയ കൎത്താവും ദൈവവും ആയുള്ളോവേ, ദൈവപുത്രനായ യേശു ക്രിസ്തുവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

ഉപദേഷ്ടാവു.

ലോകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കു
ഞ്ഞാടേ, ഞങ്ങളോടു കരുണ ചെയ്യേണമേ.
ലോകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കു
ഞ്ഞാടേ, നിത്യ സമാധാനം ഞങ്ങൾക്കു എകേണമേ,

ക്രിസ്തുവേ, ഞങ്ങളെ കേട്ടരുളേണമേ,
കൎത്താവേ കരുണ ഉണ്ടാകേണമേ,
ക്രിസ്തുവേ, ഞങ്ങളെ കേട്ടരുളേണമേ,
കൎത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

### സഭ.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ, ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടു തരേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിണക്കല്ലോ ആകുന്നു. ആമെൻ.

### ഉപദേഷ്ടാവു.

സൎവ്വശക്തിയുള്ള ദൈവമേ, ഈ സമയത്തു ഞങ്ങൾ ഏകമനസ്സോടേ നിന്നോടു അപേക്ഷിപ്പാൻ നീ കൃപ തന്നിരിക്കുന്നു. രണ്ടു മൂന്നു പേർ നിന്റെ നാമത്തിലേക്കു ഒരുമിച്ചു കൂടുന്ന ഏതു സ്ഥലത്തും യാചിച്ച പ്രകാരം തരുവാൻ വാഗ്ദത്തം ചെയ്തിരിക്കുന്നുവല്ലോ. ഇന്നും കൎത്താവേ, അടിയങ്ങളുടെ ആഗ്രഹങ്ങളെയും അപേക്ഷകളെയും ഞങ്ങൾക്കു നന്നാകുംവണ്ണം നിവൃത്തി വരുത്തി, ഇഹലോകത്തിൽ നിന്റെ സത്യജ്ഞാനവും പരലോകത്തിൽ നിത്യജീവനും തരേണമേ. ആമെൻ.

നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ കരുണയും, ദൈവത്തിൻ സ്നേഹവും, പരിശുദ്ധാത്മാവിൻ കൂട്ടായ്മയും നാം എല്ലാവരോടും കൂടെ ഇരിപ്പൂതാക. ആമെൻ. W. Ub.

൨.

## അല്ലെങ്കിൽ.

കൎത്താവും ദൈവവുമായുള്ള യഹോവേ, കനിഞ്ഞും മനസ്സലിഞ്ഞും ഇരിക്കുന്നവനേ, ദീൎഘക്ഷമയുള്ളവനും കരുണയിൽ സമ്പന്നനും, ഭക്തന്മാരിൽ ആയിരത്തോളം കരുണ സൂക്ഷിച്ചും, അകൃത്യദ്രോഹപാപങ്ങളെ പൊറുത്തും കൊള്ളുന്നവനുമായോനേ, നീ ആരെയും കുററമില്ലാതാക്കി വെക്കുന്നവനല്ല, അന്യദൈവഭക്തിയെ സഹിക്കാത്ത ഉഗ്രദൈവമത്രെ; ഭയത്തോടും ആശ്രയത്തോടും ഞങ്ങൾ തിരുമുമ്പിൽ വരുന്നു. ശരീരാത്മാക്കൾ്ക്കും സമൃദ്ധിയായി തന്ന സകല അനുഗ്രഹങ്ങൾക്കും, ഓരോ സങ്കടത്തിൽ ഉണ്ടായ ആശ്വാസങ്ങൾക്കും ശിക്ഷാഫലങ്ങൾക്കും ഞങ്ങൾ സ്തോത്രവും ഉപചാരവും ചൊല്ലുന്നു. അയ്യോ കൎത്താവേ, നീ ചെയ്തുവന്ന എല്ലാ കരുണകൾക്കും ദിവസമ്പ്രതി കാട്ടുന്ന വിശ്വസ്തതെക്കും ഞങ്ങൾ എത്രയും അപാത്രം. ഞങ്ങൾ തീൎന്നുപോകാതിരിക്കുന്നതു നിന്റെ കരുണകൾ കൊണ്ടാകുന്നു; ഇന്നും നിന്റെ കനിവു മുടിയാതെ, രാവിലെ രാവിലെ പുതുതായും, വിശ്വസ്തത വലുതായും ഇരിക്കുന്നു. ഞങ്ങൾ പല പ്രകാരത്തിൽ മനന്തിരിയാതെയും, തെറ്റുകളെ മാററാതെയും, നിനക്കു അറിയുംപ്രകാരം പാപങ്ങളെ അധികമാക്കി, നിന്റെ കോപത്തിന്നു ഹേതുവരുത്തുന്നു എങ്കിലും, നീ ഓരപ്പനേക്കാളും അധികം പൊറുത്തും കനിഞ്ഞും കൊണ്ടിരിക്കുന്നു. ഫലം തരാത്ത വൃക്ഷത്തിന്റെ ചുവട്ടിൽ നിന്റെ കോടാലി ഇരിക്കുന്നു എങ്കിലും, യേശുക്രിസ്തുവിന്റെ പക്ഷവാദം നീ കുറിക്കൊണ്ടു, ഞങ്ങളെ ഇതുവരെയും ചെത്തികളയാതെ നിറുത്തി, പക്ഷെ നിന്റെ ദയയും ദീൎഘക്ഷാന്തിയും ഞങ്ങളെ മാനസാന്തരത്തിലേക്കു നടത്തുമൊ, മാററം വന്ന ഹൃദയത്തിന്നു തക്ക ഫലങ്ങളെ ഞങ്ങളുടെ നടപ്പിൽ കാണുമൊ എന്നു വെച്ചത്രേ.

അതുകൊണ്ടു സ്വൎഗ്ഗസ്ഥനായ പ്രിയ പിതാവേ, ഞങ്ങളെ ഈ വലിയ ഉപകാരം വേണ്ടുംവണ്ണം അറിയുമാറാക്കുക; നിന്റെ കരുണാസമൃദ്ധിയെ ഞങ്ങൾ ചവിട്ടിക്കളയാതെയും, നിന്റെ അനുഗ്രഹങ്ങൾക്കു അപാത്രമായ്പോകാതെയും, നിന്റെ കരുണയിൽ ഊന്നി

കൊണ്ടു സത്യവിശ്വാസത്താൽ ശുദ്ധമനസ്സാക്ഷിയോടും, ശുദ്ധീകരണത്തിങ്കൽ നിത്യ ഉത്സാഹത്തോടും അവസാനംവരെ നില്ക്കാകേണമേ. അതിന്നായി ഞങ്ങൾ എല്ലാവരിലും സത്യമാനസാന്തരം ഉണ്ടാക്കി, ഹൃദയത്തെയും ഭാവവിചാരങ്ങളെയും മാററി, ഞങ്ങൾ ആരും മനഃപൂൎവ്വമായി പാപം ചെയ്യാതെയും, നിന്നെ ദുഃഖിപ്പിക്കാതെയും ഇരുന്നു. — പരിശുദ്ധ ദൈവമേ, നിനക്കു ഹിതമല്ലാത്തതു എല്ലാം തള്ളിക്കളഞ്ഞു, നിന്നോടു നിരപ്പും സമാധാനവും ഉണ്ടു എന്നുള്ള സാക്ഷ്യത്തെ ഞങ്ങളുടെ ഉള്ളിൽ പ്രാപിച്ചു കാക്കുമാറാവാൻ വിടാതെ പ്രവൃത്തിച്ചു പോരേണമേ. അതുകൊണ്ടു സൎവ്വശക്തിയുള്ള ദൈവമേ, നിന്റെ കൃപയും, അതിനാൽ ഫലിക്കുന്ന അനുഗ്രഹങ്ങളും മങ്ങി മറഞ്ഞു പോവാനുള്ള ഇടൎച്ചകളെ ഒക്കെയും തടുത്തു നിറുത്തേണമേ.

വിശേഷിച്ചു സകല നാട്ടുവാഴ്ചയെയും പ്രത്യേകമായി ഞങ്ങളുടെ രാജ്ഞിയെയും രാജവംശത്തെയും അനുഗ്രഹിക്ക; സഭകളിൽ എങ്ങും സത്യവചനത്തെ നന്നായി ശുശ്രൂഷിക്കുന്നവരെ ഉദിപ്പിച്ചു പാൎപ്പിക്ക, അവരെ നിന്റെ ഹൃദയപ്രകാരമുള്ള ഇടയരാക്കി തീൎക്ക, നിന്റെ സമാധാനത്തിൻ സുവിശേഷത്തെ അവരെക്കൊണ്ടു ദിവ്യശുദ്ധിയിലും ശക്തിയിലും അറിയിപ്പിക്ക. എഴുത്തുപള്ളികളിലും വീടുകൾതോറും ബാലന്മാരെ വളൎത്തി പഠിപ്പിക്കുന്നതിനെ അനുഗ്രഹിക്ക; ആ ഘനമുള്ള വേലയിൽ അദ്ധ്വാനിക്കുന്നവൎക്കു ജ്ഞാനവും വിശ്വസ്തതയും ക്ഷാന്തിയും നല്കുക; ലോകത്തിൽ നിറയുന്ന ഇടൎച്ചകളാലും ദുൎമ്മാൎഗ്ഗങ്ങളാലും വയസ്സുകുറഞ്ഞവർ കെട്ടുപോകായ്വാൻ നീ തന്നെ അവരെ സൂക്ഷിച്ചു പാലിക്ക. രാജ്യത്തിലും കുടികൾതോറും എല്ലാടത്തും എല്ലാ വിധത്തിലും ഞങ്ങൾക്കു സമാധാനം നല്കുക; സഭയിൽ സകല ഛിദ്രങ്ങളെയും വിലക്കുക; തിരുസഭെക്കു വീട്ടുവൎദ്ധനയും യുഗസമാപ്തിയോളം വ്യാപിച്ചു പോരുന്ന വളൎച്ചയും ഏകുക, അതിൻ ശത്രുക്കൾ വിചാരിക്കുന്ന ഉപായവിരോധങ്ങളെയും ചെറുക്കുക. വിലയേറിയ സുവിശേഷപരമാൎത്ഥമാകുന്ന ഉപനിധിയെ ഞങ്ങളിൽനിന്നു നീക്കിക്കളവാൻ, ഞങ്ങളുടെ നന്ദികേടിനാലും ഉദാസീനതയാലും വളരെ കാരണം ഉണ്ടെങ്കിലും, ദയയാലേ അതിനെ ഞങ്ങളോടു പാൎപ്പിച്ചു, തിരുവചനത്തെ ധാരാളമായി വസി

പ്പിച്ചു, സന്തതികൾക്കും കൂടെ നിന്റെ നിയമത്തിൽ കൂട്ടവകാശവും, നിന്റെ നാമത്തിൻ അറിവും സ്തുതിയും നീട്ടി കൊടുക്ക.

ഞങ്ങളോടു സമമാനമുള്ള വിശ്വാസം കിട്ടിയവർ ആകയാൽ, ഹിംസയിലും ഉപദ്രവഞെരുക്കങ്ങളിലും അകപ്പെട്ടു പോകുന്നവരെ കനിഞ്ഞു കൊണ്ടു, അവൎക്ക മന്ത്രിയും ശരണവും തുണയുമായ്നില്ക്ക. ഒരു ശരീരത്തിലെ അവയവങ്ങൾ എന്നു വെച്ചു, ഞങ്ങൾ എപ്പോഴും പ്രാൎത്ഥനയിൽ അവരെ ഓൎത്തു കൊൾ്വാനും, ഇവിടെയും പരീക്ഷയുടെ സമയത്തിന്നായി ഒരുങ്ങി നില്പാനും, നിൻ കൃപയാലെ ഞങ്ങളെ ഉണൎത്തുക. നിന്നോടു സ്നാനത്താലുള്ള സമാധാന നിയമത്തെ ഞങ്ങൾ കാത്തു കരുതി കൊണ്ടു, കൃപാസാധനങ്ങൾ ആകുന്ന തിരുവചനവും വിശുദ്ധ ചൊല്കുറികളും ഭക്തിയുടെ വേഷം ധരിക്കുന്ന വ്യാജക്കാരെ പോലെ അനുഭവിക്കാതെ, സകല ഉപേക്ഷാപാപത്തിൽനിന്നും ഒഴിഞ്ഞു കൊൾ്വാൻ കരുണ നല്കേണമേ.

ഞങ്ങളുടെ മുട്ടുകളെ തീൎപ്പാൻ ശാരീരകഅനുഗ്രഹത്തെ രാജ്യത്തിൽ എങ്ങും പകരുക. കൃഷിയെയും നിലത്തിലെ ഉഭയങ്ങളെയും തഴെപ്പിക്ക. കുടിയാന്മാരുടെ കൈത്തൊഴിലിനെ അനുഗ്രഹിച്ചിട്ടു, അവനവൻ താന്താന്റെ വിളിയിൽ ജാഗ്രതയായി വേല ചെയ്തു, മുട്ടുള്ളവനു വിഭാഗിച്ചു കൊടുപ്പാൻ ഉണ്ടാകേണ്ടതിന്നു സംഗതി വരുത്തേണമേ. ഇതു വരെയും നിന്റെ കനിവിൻ പെരിപ്പു പ്രകാരം നീ ചെയ്തതു പോലെ ഇനിയും വറുതി, ക്ഷാമം, പട, കലഹം, തീഭയം, പെരുവെള്ളം, മഹാവ്യാധി, മൃഗബാധ മുതലായ ദണ്ഡങ്ങളെ വൎജ്ജിക്ക. നിന്റെ ശിക്ഷകൾക്കും ന്യായവിധികൾ്ക്കും ഹേതുവാകുന്ന ഞങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും എല്ലാം നിന്റെ പുത്രനായ യേശു ക്രിസ്തുവിൻ നിമിത്തം ക്ഷമിക്കുകേ വേണ്ടു. ഞങ്ങളെ സന്ദൎശിക്കുന്ന ഓരോ ശിക്ഷകളും കഷ്ടങ്ങളും ഞങ്ങളെ മാനസാന്തരത്തിലേക്കും സല്ഗുണത്തിലേക്കും ഉണൎത്തി നടത്തുകേ ആവു.

ഞങ്ങളുടെ സകല ശത്രുക്കളോടും പകയരോടും ക്ഷമിക്ക. എളിയ ആത്മാക്കൾ പലേടത്തും കുടുങ്ങിക്കിടക്കുന്ന ഇരിട്ടിന്റെ കെട്ടുകളെ അഴിക്കുക. ദുഷ്ടന്മാരുടെ വേണ്ടാതനത്തിന്നു ഒടുക്കം കല്പിക്ക,

നീതിമാന്മാൎക്കു ശക്തി കൂട്ടുക. ഭക്തിയുള്ള ഹൃദയത്തിന്നു എല്ലാം നിന്റെ ദയ കാട്ടുക. വളഞ്ഞ വഴികളിൽ തെറ്റി പോകുന്നവൎക്കു മനം തിരിപ്പിച്ചു, അവൎക്കും ഞങ്ങൾക്കു എല്ലാവൎക്കും നിന്റെ സമാധാനം നല്കുക.

വീട്ടിലുള്ളവൎക്കു നീ നിഴലും യാത്രക്കാൎക്കു ചങ്ങാതവും ആക. അഗതികൾ അനാഥ വിധവമാരെയും, നാടു കടത്തിയവർ പീഡിതരെയും, രോഗികൾ ചാവടുത്തവരെയും ഒക്കയും കനിഞ്ഞു കൊണ്ടു, അവരെയും ഞങ്ങളെയും അനുതാപത്തിന്നു ഒരുമ്പെടുത്തി, വിശ്വാസത്തിൽ ഉറപ്പിച്ചു, സ്നേഹത്തിൽ വേരൂന്നിച്ചു, പ്രത്യാശയിൽ കുലുങ്ങാതാക്കി തീൎക്കുക. അവൎക്കു പ്രാൎത്ഥനയിൽ ഉത്സാഹവും, കുരിശിൻ കഷ്ടത്തിൽ ആശ്വാസവും, പരീക്ഷയിൽ സ്ഥിരതയും, പാപത്തോടുള്ള പോരാട്ടത്തിൽ മിടുക്കും, സ്വൎഗ്ഗീയ വിരുതിനെ തേടി ഓടുന്നതിൽ മനോനിശ്ചയവും, ദൈവഭക്തിയെ അഭ്യസിക്കുന്നതിൽ വിശ്വസ്തതയും ഉറപ്പും കൊടുത്തു, സകല മനുഷ്യരിലും കനിവുണ്ടാകേണമേ.

വിശേഷിച്ചു ദൈവജനത്തിന്നു ഒരു സ്വസ്ഥാനുഭവം ശേഷിപ്പിച്ചിരിക്കകൊണ്ടു, നിന്റെ ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഞങ്ങൾ ശ്രമിച്ചു കൊള്ളേണ്ടതിന്നും, ആരും കാലം വെറുതെ കളയാതിരിക്കേണ്ടതിന്നും ഞങ്ങളെ ഉത്സാഹിപ്പിക്കുന്ന നിന്റെ പരിശുദ്ധാത്മാവെ തരേണമേ. അതു കൊണ്ടു ഞങ്ങൾ ശരീരത്തിൽ നിവസിക്കിലും നിൎവ്വസിക്കിലും ഉണൎന്നിരുന്നാലും ഉറങ്ങിയാലും ജീവിച്ചാലും മരിച്ചാലും നിനക്കുള്ളവരായേ ഇരിക്കേയാവു. എന്നതു ഞങ്ങളുടെ ഒരേ മദ്ധ്യസ്ഥനും വീണ്ടെടുപ്പുകാരനും പക്ഷവാദിയും സമാധാനപ്രഭുവുമാകുന്ന യേശു ക്രിസ്തുവിൻ നിമിത്തം തന്നെ യാചിക്കുന്നു. ആമെൻ. W.

# D.

# വേദപാഠങ്ങൾ.

## I. അതതുദിവസത്തിന്നുള്ള സുവിശേഷ ലേഖനാംശങ്ങൾ.

### ഒന്നാം ആണ്ടു.

#### ൧. ആഗമനനാൾ ഒന്നാമതു.

സു. മത്ത. ൨൧, ൧—൯. ലേ. രോ. ൧൩, ൧൧—൧൪.

#### ൨. ആഗമനനാൾ രണ്ടാമതു.

സു. ലൂ. ൨൧, ൨൫—൩൬. ലേ. രോ. ൧൫, ൪—൧൩.

#### ൩. ആഗമനനാൾ മൂന്നാമതു.

സു. മത്ത. ൧൧, ൨—൧൦. ലേ. കൊലൊ. ൪, ൧—൫.

#### ൪. ആഗമനനാൾ നാലാമതു.

സു. യൊ. ൧, ൧൯—൩൪. ലേ. ഫിലി. ൪, ൪—൯.

#### ൫. തിരുജനനനാൾ.

സു. ലൂ. ൨, ൧—൧൧. ലേ. തീത. ൨, ൧൧—൧൪.

#### ൬. തിരുജനനനാൾ രണ്ടാമതു.

സു. യൊ. ൧, ൧—൧൪. ലേ. ൧യൊ. ൧, ൧—൧൦.

#### ൭. തിരുജനനനാൾക്കു പിന്നത്തെ ഞായറാഴ്ച.

സു. ലൂ. ൨, ൩൩—൪൦. ലേ. ഗല. ൪, ൧—൭.

#### ൮. ആണ്ടുപിറപ്പു.

സു. ലൂ. ൨, ൧൫—൨൧. യശ. ൯, ൬—൭.

അല്ലെങ്കിൽ.

പുതിയ നിയമത്തിൽ. എബ്ര. ൧൩, ൮.
എബ്ര. ൧൩, ൧൪.
എബ്ര. ൧൦, ൩൫.
വെളി. ൨, ൧൦.

പഴയ നിയമത്തിൽ. സങ്കീ. ൩൯, ൫—൬.
„ ൯൦, ൧—൬.
„ ൧൦൨, ൨൬—൨൮.

### ൯. ആണ്ടുപിറപ്പിന്നു പിന്നത്തെ ഞായറാഴ്ച.

സു. മത്ത. ൩, ൧൩—൧൭. ലേ. തീത. ൩, ൪—൭.

### ൧൦. പ്രകാശനദിനം (൬ആം ജനുവെരി).

സു. മത്ത. ൨, ൧—൧൨. യശ. ൬൦, ൧—൬.

### ൧൧. പ്രകാശനത്തിന്നു പിമ്പു ഒന്നാമത്തു.

സു. ലൂ. ൨, ൪൧—൫൨. ലേ. റോ. ൧൨, ൧—൫.

### ൧൨. പ്രകാശനത്തിന്നു പിമ്പു രണ്ടാമത്തു.

സു. യൊ. ൨, ൧—൧൧. ലേ. റോ. ൧൨, ൬—൧൬.

### ൧൩. പ്രകാശനത്തിന്നു പിമ്പു മൂന്നാമത്തു.

സു. മത്ത. ൮, ൧—൧൩. ലേ. റോ. ൧൨, ൧൭—൨൧.

### ൧൪. പ്രകാശനത്തിന്നു പിമ്പു നാലാമത്തു.

സു. മത്ത. ൮, ൨൩—൨൭. ലേ. റോ. ൧൩, ൧—൧൦.

### ൧൫. പ്രകാശനത്തിന്നു പിമ്പു അഞ്ചാമത്തു.

സു. മത്ത. ൧൩, ൨൪—൩൦, ൩൬—൪൩. ലേ. കൊലൊ. ൩, ൧൨—൧൭.

### ൧൬. പ്രകാശനത്തിന്നു പിമ്പു ആറാമത്തു.

സു. മത്ത. ൧൭, ൧—൯. ലേ. ൨ പേ. ൧, ൧൬—൨൧.

### ൧൭. സപ്തതിദിനം.

സു. മത്ത. ൧൯, ൨൭—൨൦, ൧൬. ലേ. ൧ കൊ. ൯, ൨൪—൨൭.

### ൧൮. ഷഷ്ടിദിനം.

സു. ലൂ. ൮, ൪—൧൫. ലേ. ൨ കൊ. ൧൧, ൧൯—൧൨, ൧൦.

### ൧൯. നോമ്പിന്നു മുമ്പിലത്തെ ഞായറാഴ്ച.

സു. ലൂ. ൧൮, ൩൧—൪൩. ലേ. ൧ കൊ. ൧൩, ൧—൨൩.

### ൨൦. നോമ്പിൽ ഒന്നാമത്തു.

സു. മത്ത. ൪, ൧—൧൧. ലേ. ൨ കൊ. ൬, ൧—൧൦.

### ൨൧. നോമ്പിൽ രണ്ടാമത്തു.

സു. മത്ത. ൧൫, ൨൧—൨൮. ലേ. ൧ തെ. ൪, ൧—൧൨.

### ൨൨. നോമ്പിൽ മൂന്നാമത്തു.

സു. ലൂ. ൧൧, ൧൪—൨൮. ലേ. എഫെ. ൫, ൧—൧൪.

### ൨൩. നോമ്പിൽ നാലാമതു.

സു. യൊ. ൬, ൧—൧൫.    ലേ. ഗല. ൪, ൨൧—൩൧.

### ൨൪. നോമ്പിൽ അഞ്ചാമതു.

സു. യൊ. ൮, ൪൬—൫൯.    ലേ. എബ്ര്യ. ൯, ൧൧—൧൫.

### ൨൫. നഗരപ്രവേശനനാൾ.

സു. മത്ത. ൨൧, ൧—൯.    ലേ. ഫിലി. ൨, ൫—൧൧.

### ൨൬. ൨൭. തിരുവ്യാഴാഴ്ചയും തിരുവെള്ളിയാഴ്ചയും കഷ്ടാനുഭവചരിത്രം.

### ൨൮. പുനരുത്ഥാനനാൾ.

സു. മത്ത. ൨൮, ൧—൧൦.    ലേ. കൊലൊ. ൩, ൧—൭.

### ൨൯. പുനരുത്ഥാന തിങ്കളാഴ്ച.

സു. ലൂക്ക. ൨൪, ൧൩—൩൫.    അപ്പോ. ൧൦, ൩൪—൪൧.

### ൩൦. പെസഹയിൽ ഒന്നാമതു.

സു. യൊ. ൨൦, ൧൯—൩൧.    ലേ. ൧ യൊ. ൫, ൪—൧൩.

### ൩൧. പെസഹയിൽ രണ്ടാമതു.

സു. യൊ. ൧൦. ൧൧—൧൮.    ലേ. ൧ പേത്രു. ൨, ൧൯—൨൫.

### ൩൨. പെസഹയിൽ മൂന്നാമതു.

സു. യൊ. ൧൬, ൫—൧൫.    ലേ. ൧ പേത്രു. ൨, ൧൧—൧൭.

### ൩൩. പെസഹയിൽ നാലാമതു.

സു. യൊ. ൧൬, ൧൬—൨൩. (പാതി)    ലേ. യാക്കോ. ൧, ൧൨—൨൧.

### ൩൪. പെസഹയിൽ അഞ്ചാമതു.

സു. യൊ. ൧൬, ൨൩ (പാതി) ൩൩.    ലേ. യാക്കോ. ൧, ൨൨—൨൭.

### ൩൫. സ്വർഗ്ഗാരോഹണനാൾ.

സു. മാ. ൧൬, ൧൪—൨൦.    അപ്പോ. ൧, ൧—൧൧.

### ൩൬. ആരോഹണത്തിന്നു പിന്നത്തെ ഞായറാഴ്ച.

സു. യൊ. ൧൫, ൨൬—൧൬, ൪.    ലേ. ൧ പേത്രു. ൪, ൭—൧൧.

### ൩൭. പെന്തക്കൊസ്തനാൾ.

സു. യൊ. ൧൪, ൨൩—൩൧.    അപ്പോ. ൧, ൧—൧൮.

### ൩൮. പെന്തക്കൊസ്തതിങ്കളാഴ്ച.

സു. യൊ. ൭, ൩൭—൪൩.    അപ്പോ. ൧൦, ൪൨—൪൮.

## ൩൯. ത്രിത്വനാൾ.

യൊ. ൩, ൧—൧൫. ലേ. രോ. ൧൧, ൩൩—൩൬.

## ൪൦. ത്രിത്വത്തിൽ പിന്നെ ഒന്നാമതു.

സു. ലൂ. ൧൬, ൧൯—൩൧. ലേ. ൧ യൊ. ൪, ൭—൨൧.

## ൪൧. ത്രിത്വത്തിൽ പിന്നെ രണ്ടാമതു.

സു. ലൂ. ൧൪, ൧൬—൨൪. ലേ. ൧ യൊ. ൩, ൧൩—൨൪.

## ൪൨. ത്രിത്വത്തിൽ പിന്നെ മൂന്നാമതു.

സു. മത്താ. ൫, ൧—൧൬. ലേ. ൧ പേത്രു. ൫, ൫—൧൧.

## ൪൩. ത്രിത്വത്തിൽ പിന്നെ നാലാമതു.

സു. മത്താ. ൫. ൧൭—൪൮. ലേ. രോ. ൮, ൧൮—൨൭.

## ൪൪. ത്രിത്വത്തിൽ പിന്നെ അഞ്ചാമതു.

സു. മത്താ. ൬, ൧—൧൮. ലേ. ൧ പേത്രു. ൩, ൮—൧൫.

## ൪൫. ത്രിത്വത്തിൽ പിന്നെ ആറാമതു.

സു. മത്താ. ൬, ൧൯—൩൪. ലേ. രോ. ൬, ൧—൧൧.

## ൪൬. ത്രിത്വത്തിൽ പിന്നെ ഏഴാമതു.

സു. മത്താ. ൭, ൧—൧൨. ലേ. രോ. ൬, ൧൯—൨൩.

## ൪൭. ത്രിത്വത്തിൽ പിന്നെ എട്ടാമതു.

സു. മത്താ. ൭, ൧൩—൨൯. ലേ. രോ. ൮, ൧൨—൧൭.

## ൪൮. ത്രിത്വത്തിൽ പിന്നെ ഒമ്പതാമതു.

സു. ലൂ. ൧൬, ൧—൧൩. ലേ. ൧ കൊ. ൧൦, ൧—൧൪.

## ൪൯. ത്രിത്വത്തിൽ പിന്നെ പത്താമതു.

സു. ലൂ. ൧൯, ൪൧—൪൮. ലേ. ൧ കൊ. ൧൨, ൧—൧൧.

## ൫൦. ത്രിത്വത്തിൽ പിന്നെ പതിനൊന്നാമതു.

സു. ലൂ. ൧൮, ൯—൧൪. ലേ. ൨ കൊ. ൫, ൧—൧൦.

## ൫൧. ത്രിത്വത്തിൽ പിന്നെ പന്ത്രണ്ടാമതു.

സു. ലൂ. ൧൫, ൧൧—൩൨. ലേ. ൨ കൊ. ൩, ൪—൧൧.

## ൫൨. ത്രിത്വത്തിൽ പിന്നെ പതിമൂന്നാമതു.

സു. ലൂ. ൧൦, ൨൩—൩൭. ലേ. ഗല. ൩, ൧൫—൨൨.

## ൫൩. ത്രിത്വത്തിൽ പിന്നെ പതിനാലാമതു.

സു. ലൂ. ൧൭, ൧൧—൧൯. ലേ. ഗല. ൫, ൧൬—൨൪.

### ൫൪. ത്രിത്വത്തിൽ പിന്നെ പതിനഞ്ചാമത്.

സു. മത്താ. ൧൮, ൧—൧൧. ലേ. ഗല. ൫, ൨൫—൬, ൧൦.

### ൫൫. ത്രിത്വത്തിൽ പിന്നെ പതിനാറാമത്.

സു. ലൂ. ൭, ൧൧—൧൭. ലേ. എഫെ. ൩, ൧൪—൨൧

### ൫൬. ത്രിത്വത്തിൽ പിന്നെ പതിനേഴാമത്.

സു. ലൂ. ൧൪, ൧—൧൧. ലേ. എഫെ. ൪, ൧—൬.

### ൫൭. ത്രിത്വത്തിൽ പിന്നെ പതിനെട്ടാമത്.

സു. മത്താ. ൨൨, ൩൪—൪൬. ലേ. ൧ കൊ. ൧, ൪—൯.

### ൫൮. ത്രിത്വത്തിൽ പിന്നെ പത്തൊമ്പതാമത്.

സു. മത്താ. ൯, ൧—൮. ലേ. എഫെ. ൪, ൧൭—൩൨.

### ൫൯. ത്രിത്വത്തിൽ പിന്നെ ഇരുപതാമത്.

സു. മത്താ. ൨൨, ൧—൧൪. ലേ. എഫെ. ൫, ൧൫—൨൧.

### ൬൦. ത്രിത്വത്തിൽ പിന്നെ ഇരുപത്തൊന്നാമത്.

സു. യൊ. ൪, ൬—൨൬. ലേ. എഫെ. ൬, ൧൦—൨൦.

### ൬൧. ത്രിത്വത്തിൽ പിന്നെ ഇരുപത്തുരണ്ടാമത്.

സു. മത്താ. ൧൮, ൨൧—൩൫. ലേ. ഫിലി. ൧, ൩—൧൧.

### ൬൨. ത്രിത്വത്തിൽ പിന്നെ ഇരുപത്തുമൂന്നാമത്.

സു. മത്താ. ൨൨, ൧൫—൨൨. ലേ. ഫിലി. ൩, ൧൭—൨൧.

### ൬൩. ത്രിത്വത്തിൽ പിന്നെ ഇരുപത്തുനാലാമത്.

സു. മത്താ. ൯, ൧൮—൨൬. ലേ. കൊലൊ. ൧, ൯—൧൪.

### ൬൪. ത്രിത്വത്തിൽ പിന്നെ ഇരുപത്തഞ്ചാമത്.

സു. ലൂ. ൧൩. ൧—൯. ലേ. ൧ തെസ്സ. ൪, ൧൩—൧൮.

### ൬൫. ത്രിത്വത്തിൽ പിന്നെ ഇരുപത്താറാമത്.

സു. മത്താ. ൨൫, ൩൧—൪൬. ലേ. ൨ പേത്രു. ൩, ൩—൧൩.

### ൬൬. ത്രിത്വത്തിൽ പിന്നെ ഇരുപത്തേഴാമത്.

സു. മത്താ. ൨൫, ൧—൧൩. ലേ. ൧ തെസ്സ. ൫, ൧൪—൨൪.

---

## രണ്ടാം ആണ്ടു.

### ൧. ആഗമനനാൾ ഒന്നാമതു.

സു. ലൂ. ൧൭, ൨൦ — ൨൫. ലേ. റോമ. ൧൪, ൧൭ — ൧൯.

### ൨. ആഗമനനാൾ രണ്ടാമതു.

സു. ലൂ. ൧൨, ൩൫ — ൪൮. ലേ. റോമ. ൧൪, ൭ — ൧൨.

### ൩. ആഗമനനാൾ മൂന്നാമതു.

സു. ലൂ. ൩, ൨ — ൧൮. അപ്പോ. ൩, ൧൯ — ൨൬.

### ൪. ആഗമനനാൾ നാലാമതു.

സു. യൊ. ൩, ൨൨ — ൩൬. ലേ. ൧ യൊ. ൧, ൧ — ൪.

### ൫. ജനനനാൾ.

സു. ലൂ. ൨, ൧ — ൧൪. ലേ. എബ്രാ. ൧, ൩ — ൮.

### ൬. ജനനനാൾക്കു പിന്നത്തെ ഞായറാഴ്ച.

സു. ലൂ. ൧, ൪൬ — ൫൫. ലേ. ൧ തിമൊ. ൩, ൧൬.

### ൭. ആണ്ടു പിറപ്പു.

൨ കൊരി. ൧൩, ൧൩.

വെളി. ൧, ൪.

സങ്കീ. ൧൧൯, ൧൯.

### ൮. ആണ്ടുപിറപ്പിന്നു പിന്നത്തെ ഞായറാഴ്ച.

സു. യോഹ. ൧൨, ൪൪ — ൫൦. ലേ. ൧ തെസ്സ. ൫, ൫ — ൧൦.

### ൯. പ്രകാശനദിനം.

സു. മത്ത. ൨, ൧ — ൧൨. യശ. ൪൨, ൧ — ൮.

### ൧൦. പ്രകാശനദിനത്തിന്നു പിമ്പു ഒന്നാം ഞാ.

സു. മാൎക്ക. ൧൦, ൧൩ — ൧൬. ലേ. എബ്രാ. ൬, ൧ — ൪.

### ൧൧. പ്രകാശനദിനത്തിന്നു പിമ്പു രണ്ടാം ഞാ.

സു. ലൂ. ൪, ൧൪ — ൨൪. ലേ. റോമ. ൧, ൧൬ — ൨൫.

### ൧൨. പ്രകാശനദിനത്തിന്നു പിമ്പു മൂന്നാം ഞാ.

സു. യോഹ. ൪, ൫ — ൧൪. ലേ. റോമ. ൫, ൧ — ൫.

## ൧൩. പ്രകാശനദിനത്തിന്നു പിമ്പു നാലാം ഞായറാഴ്ച.

സു. യൊ. ൪, ൧൫ — ൨൬. ലേ. റോമ. ൨, ൪ — ൧൧.

## ൧൪. പ്രകാശനദിനത്തിന്നു പിമ്പു അഞ്ചാം ഞാ.

സു. മത്ത. ൯, ൩൫ — ൩൮. അപ്പോ. ൧൬, ൯ — ൧൫.

## ൧൫. പ്രകാശനദിനത്തിന്നു പിമ്പു ആറാം ഞാ.

സു. ലൂ. ൬, ൧ — ൧൦. അപ്പോ. ൧൩, ൪൨ — ൫൨.

## ൧൬. സപ്തതിദിനം.

സു. മത്ത. ൧൧, ൧൬ — ൨൪. അപ്പോ. ൯, ൩൬ — ൪൨.

## ൧൭. ഷഷ്ടിദിനം.

സു. യോഹ. ൮, ൨൧ — ൨൯. ലേ. എബ്ര. ൧൦, ൧൯ — ൨൯.

## ൧൮. നോമ്പിന്നു മുമ്പിലത്തെ ഞാ.

സു. മത്ത. ൧൬, ൨൧ — ൨൩. ലേ. ൨ കൊരി. ൧൧, ൨൩ — ൩൦.

## ൧൯. നോമ്പിൽ ഒന്നാം ഞാ.

സു. യോഹ. ൨, ൧൩ — ൨൨. ലേ. ൧ പേത്രു. ൧, ൧൭ — ൨൫.

## ൨൦. നോമ്പിൽ രണ്ടാം ഞാ.

സു. മത്ത. ൧൨, ൩൮ — ൪൨. ലേ. യാക്കോ. ൧, ൨ — ൧൨.

## ൨൧. നോമ്പിൽ മൂന്നാം ഞാ.

സു. യോഹ. ൬, ൪൭ — ൫൬. ലേ. ൨ കൊരി. ൧, ൩ — ൭.

## ൨൨. നോമ്പിൽ നാലാം ഞാ.

സു. യോഹ. ൬, ൫൭ — ൬൯. ലേ. എബ്ര. ൧൦, ൫ — ൧൮.

## ൨൩. നോമ്പിൽ അഞ്ചാം ഞാ.

സു. യോഹ. ൧൨, ൨൦ — ൩൨. ലേ. ൨ കൊരി. ൫, ൧൪ — ൨൧.

## ൨൪. നഗരപ്രവേശനനാൾ.

സു. ലൂ. ൧൭, ൨൦ — ൨൫. ലേ. റോമ. ൧൪, ൧൭ — ൧൯.

## ൨൫. പുനരുത്ഥാനനാൾ.

സു. മത്ത. ൨൮, ൧ — ൧൦. ലേ. ൧ കൊരി. ൧൫, ൫൧ — ൫൮.

## ൨൬. പുനരുത്ഥാന തിങ്കളാഴ്ച.

സു. യോഹ. ൨൦, ൧൧ — ൧൮. ലേ. വെളി. ൩, ൧൧.

### ൨൭. പെസഹയിൽ ഒന്നാം ഞായറാഴ്ച.

സു. ലൂ. ൨൪, ൩൬—൪൭. ലേ. ൧ തിമൊ. ൨, ൧—൧൩.

### ൨൮. പെസഹയിൽ രണ്ടാം ഞ.

സു. യോഹ. ൧൦, ൨൨—൩൦. ലേ. വെളി. ൭, ൧൩—൧൭.

### ൨൯. പെസഹയിൽ മൂന്നാം ഞ.

സു. മത്ത. ൧൦, ൧൬—൨൦. അപ്പോ. ൪, ൮—൨൦.

### ൩൦. പെസഹയിൽ നാലാം ഞ.

സു. മത്ത. ൧൦, ൨൪—൩൩. ലേ. ൧ തെസ്സ. ൨, ൯—൧൩.

### ൩൧. പെസഹയിൽ അഞ്ചാം ഞ.

സു. ലൂ. ൧൧, ൯—൧൩. ലേ. ൧ തിമൊ. ൬, ൧൧—൧൬.

### ൩൨. സ്വർഗ്ഗാരോഹണനാൾ.

സു. ലൂ. ൨൪, ൪൯—൫൩. ലേ. എബ്ര. ൪, ൧൪—൧൬.

### ൩൩. സ്വർഗ്ഗാരോഹണത്തിന്നു പിന്നെത്തെ ഞ.

സു. യോഹ. ൭, ൩൩—൩൯. ലേ. കൊലൊ. ൩, ൧—൧൦.

### ൩൪. പെന്തകൊസ്തനാൾ.

സു. യോഹ. ൧൪, ൧൫—൨൧. അപ്പോ. ൨, ൩൨—൪൧.

### ൩൫. പെന്തകൊസ്ത തിങ്കൾ.

ഹെസ. ൩൬, ൨൬—൨൭. ലേ. ൧ കൊരി. ൨, ൭—൧൬.

### ൩൬. ത്രിത്വനാൾ.

സു. മത്ത. ൨൮, ൧൮—൨൦. ലേ. തീത. ൩, ൪—൮.

### ൩൭. ത്രിത്വത്തിൽ പിന്നെ ഒന്നാം ഞ.

സു. മാൎക്ക. ൪, ൨൬—൩൨. അപ്പോ. ൨, ൪൨—൪൭.

### ൩൮. ത്രിത്വത്തിൽ പിന്നെ രണ്ടാം ഞ.

സു. ലൂക്ക. ൧൫, ൧൧—൩൨. ലേ. ൧ യോഹ. ൧, ൫—൨, ൨.

### ൩൯. ത്രിത്വത്തിൽ പിന്നെ മൂന്നാം ഞ.

സു. മത്ത. ൧൫, ൧—൧൪. അപ്പോ. ൫, ൩൪—൪൨.

### ൪൦. ത്രിത്വത്തിൽ പിന്നെ നാലാം ഞ.

സു. മത്ത. ൮, ൫—൧൩. അപ്പോ. ൯, ൧—൨൦.

൪൧. ത്രിത്വത്തിൽ പിന്നെ അഞ്ചാം ഞായറാഴ്ച.

സു. ലൂക്ക. ൧൦, ൩൮ — ൪൨. ലേ. ഫിലി. ൩, ൮ — ൧൪.

൪൨. ത്രിത്വത്തിൽ പിന്നെ ആറാം ഞാ.

സു. യോഹ. ൫, ൧൯ — ൨൯. ലേ. എഫെ. ൨, ൪ — ൧൦.

൪൩. ത്രിത്വത്തിൽ പിന്നെ ഏഴാം ഞാ.

സു. ലൂക്ക. ൧൩, ൧൦ — ൧൭. ലേ. എബ്രാ. ൧൨, ൫ — ൧൧.

൪൪. ത്രിത്വത്തിൽ പിന്നെ എട്ടാം ഞാ.

സു. മത്താ. ൧൯, ൧൬ — ൨൬. ലേ. ൧തിമൊ. ൬, ൬ — ൧൦.

൪൫. ത്രിത്വത്തിൽ പിന്നെ ഒമ്പതാം ഞാ.

സു. മത്താ. ൧൬, ൨൪ — ൨൮. അപ്പോ. ൧൭, ൨൪ — ൩൧.

൪൬. ത്രിത്വത്തിൽ പിന്നെ പത്താം ഞാ.

സു. ലൂക്ക. ൧൯, ൧ — ൧൦. ലേ. ൧തിമൊ. ൧, ൧൨ — ൧൭.

൪൭. ത്രിത്വത്തിൽ പിന്നെ പതിനൊന്നാം ഞാ.

സു. മാൎക്ക. ൧൨, ൪൧ — ൪൪. ലേ. യാക്കോ. ൨, ൧൩ — ൧൭.

൪൮. ത്രിത്വത്തിൽ പിന്നെ പന്ത്രണ്ടാം ഞാ.

സു. യോഹ. ൮, ൩൧ — ൪൫. ലേ. റോമ. ൭, ൧൮ — ൮, ൪.

൪൯. ത്രിത്വത്തിൽ പിന്നെ പതിമൂന്നാം ഞാ.

സു. ലൂക്ക. ൬. ൨൦ — ൩൧. ലേ. ഫിലി. ൨, ൧ — ൧൧.

൫൦. ത്രിത്വത്തിൽ പിന്നെ പതിനാലാം ഞാ.

സു. മത്താ. ൧൩, ൪൪ — ൫൦. ലേ. ൨പേത്രു. ൧, ൨ — ൧൧.

൫൧. ത്രിത്വത്തിൽ പിന്നെ പതിനഞ്ചാം ഞാ.

സു. ലൂ. ൧൨, ൧൩ — ൨൧. ലേ. ൧യോഹ. ൨, ൧൨ — ൧൭.

൫൨. ത്രിത്വത്തിൽ പിന്നെ പതിനാറാം ഞാ.

സു. യോഹ. ൧൫, ൧ — ൧൧. ലേ. ൧യോഹ. ൨, ൨൮ — ൩, ൮.

൫൩. ത്രിത്വത്തിൽ പിന്നെ പതിനേഴാം ഞാ.

സു. യോഹ. ൯, ൧ — ൭. ലേ. എബ്രാ. ൪, ൯ — ൧൩.

## ൫൪. ത്രിത്വത്തിൽ പിന്നെ പതിനെട്ടാം ഞായറാഴ്ച.

സു. യോഹ. ൯, ൨൪ — ൩൯. ലേ. ൧ യോഹ. ൪, ൭ — ൧൨.

## ൫൫. ത്രിത്വത്തിൽ പിന്നെ പത്തൊമ്പതാം ഞാ.

സു. ലൂ. ൭, ൩൬ — ൫൦. ലേ. യാക്കോ. ൩, ൧൩ — ൧൮.

## ൫൬. ത്രിത്വത്തിൽ പിന്നെ ഇരുപതാം ഞാ.

സു. ലൂ. ൧൮, ൧ — ൮. ലേ. ൧ തിമൊ. ൨, ൧ — ൬.

## ൫൭. ത്രിത്വത്തിൽ പിന്നെ ഇരുപത്തൊന്നാം ഞാ.

സു. യോഹ. ൧൧, ൩൨ — ൪൫. ലേ. ൧ കൊരി. ൧൫, ൩൫ — ൫൦.

## ൫൮. ത്രിത്വത്തിൽ പിന്നെ ഇരുപത്തരണ്ടാം ഞാ.

സു. മത്ത. ൨൨, ൨൩ — ൩൩. ലേ. ൨ കൊരി. ൪, ൧൧ — ൧൮.

## ൫൯. ത്രിത്വത്തിൽ പിന്നെ ഇരുപത്തമൂന്നാം ഞാ.

സു. ലൂ. ൧൪, ൧൬ — ൨൪. ലേ. വെളി. ൨൧, ൧ — ൮.

## ൬൦. ത്രിത്വത്തിൽ പിന്നെ ഇരുപത്തനാലാം ഞാ.

സു. മത്ത. ൧൬, ൫ — ൧൮. ലേ. എബ്ര. ൧൧, ൧ — ൧൦.

## ൬൧. ത്രിത്വത്തിൽ പിന്നെ ഇരുപത്തഞ്ചാം ഞാ.

സു. മത്ത. ൨൧, ൩൩ — ൪൫. ലേ. യാക്കോ. ൪, ൪ — ൧൦.

## ൬൨. ത്രിത്വത്തിൽ പിന്നെ ഇരുപത്താറാം ഞാ.

സു. മത്ത. ൨൫, ൧൪ — ൩൦. ലേ. എബ്ര. ൧൨, ൧൮ — ൨൪.

## ൬൩. ത്രിത്വത്തിൽ പിന്നെ ഇരുപത്തേഴാം ഞാ.

സു. മാൎക്ക. ൧൩, ൩൩ — ൩൭. ലേ. ൧ തെസ്സ. ൫, ൧൪ — ൨൪.

# II. അറുപതുപള്ളിനാൾക്കുള്ള വേദപാഠങ്ങൾ നാലുവൎഷങ്ങൾക്കുള്ളിൽ വായിപ്പാൻ വേൎത്തിരിച്ചതു.

## പഴയനിയമം.

| ഒന്നാം ആണ്ടു. | രണ്ടാം ആണ്ടു. |
|---|---|
| **ആഗമനനാൾ.** | |
| ൧. ൧ മോ. ൧—൨, ൩. | ൧ ശമു. ൧—൨, ൧൧. |
| ൨. ,, ൨. ൪—൩൫. | ,, ൩—൪, ൧൧. |
| ൩. ,, ൩. | ,, ൭—൮. |
| ൪. ,, ൪. | ,, ൯—൧൦, ൧൧. |
| ൫. ,, ൬—൭, ൫. | ,, ൧൨. |
| ൬. ,, ൭, ൧൧—൮, ൨൨. | ,, ൧൫. |
| ൭. ,, ൯. | ,, ൧൬. |
| ൮. ,, ൧൨, ൧—൮. ൧൩, ൫—൧൭. | ,, ൧൮, ൧—൧൪. ൧൯, ൧—൧൨. |
| ൯. ,, ൧൫—൧൭, ൧—൧൬. | ,, ൨൦. |
| ൧൦. ,, ൧൮. | ,, ൨൩, ൧൬—൧൮. ൨൪, |
| ൧൧. ,, ൧൯, ൧—൨൯. | ,, ൨൫, ൧—൪൨. |
| ൧൨. ,, ൨൧, ൧—൧൩. ൨൨, ൧—൧൮. | ,, ൨൬. (൧ നാളാ. ൧൨, ൧൬—൧൮.) |
| ൧൩. ,, ൨൮. | ,, ൨൮, ൩—൨൫. ൩൧, |
| ൧൪. ,, ൩൨. | ൨ ശമു. ൧—൨, ൯. |
| ൧൫. ,, ൪൪, ൧൪—൪൫. ൧൫. | ,, ൫. ൧—൧൦. ൬, |
| ൧൬. ,, ൪൮, ൮—൧൬. ൪൯. ൧—൨൮. | ,, ൭. |
| ൧൭. ൨ മോ. ൨—൩, ൨൦. | ,, ൧൧, ൨൬—൧൨, ൨൫. |
| ൧൮. ,, ൪. | ,, ൧൫. ൧൬, ൫—൧൪. |
| ൧൯. ,, ൫—൬, ൯. | ,, ൧൭. |
| ൨൦. ,, ൧൨, ൧—൩൪. ൪൦—൫൧. | ,, ൧൮. |
| ൨൧. ,, ൧൪, ൧൦—൧൫, ൨൧. | ,, ൨൨. |
| ൨൨. ,, ൧൬. | ,, ൨൪—൨൫. ൧—൭. |
| ൨൩. ,, ൧൭. | ൧ നാളാ. ൨൮, ൧—൧൪. ൨൦—൨൯, ൨൫. |
| ൨൪. ,, ൧൯—൨൦, ൨൧. | ൧ രാജ. ൩—൪, ൨൯—൩൪. |
| ൨൫. ,, ൨൩, ൨൦—൨൪, ൧൮. | ,, ൮. |
| ൨൬. ,, ൩൨—൩൩, ൧൧. | ,, ൯, ൧—൯. ൧൦, ൧—൨൫. |
| ൨൭. ,, ൩൩, ൧൨—൩൪, ൧൬. ൨൭—൩൫. | സങ്കീ. ൭൨. |

# പുതിയനിയമം.

| ഒന്നാം ആണ്ടു. | | | രണ്ടാം ആണ്ടു. | |
|---|---|---|---|---|

## ആഗമനനാൾ.

| | | | | |
|---|---|---|---|---|
| ൧. | മത്താ. | ൧. | ലൂക്ക. | ൧൬. |
| ൨. | ,, | ൨. | ,, | ൧൭. |
| ൩. | ,, | ൩. | ,, | ൧൮. |
| ൪. | ,, | ൪. | ,, | ൧൯. |
| ൫. | ,, | ൫. | ,, | ൨൦. |
| ൬. | ,, | ൬. | ,, | ൨൧. |
| ൭. | ,, | ൭. | ,, | ൨൨. |
| ൮. | ,, | ൮. | ,, | ൨൩. |
| ൯. | ,, | ൯. | ,, | ൨൪. |
| ൧൦. | ,, | ൧൦. | യോഹ. | ൧. |
| ൧൧. | ,, | ൧൧. | ,, | ൨. |
| ൧൨. | ,, | ൧൨. | ,, | ൩. |
| ൧൩. | ,, | ൧൩. | ,, | ൪. |
| ൧൪. | ,, | ൧൪. | ,, | ൫. |
| ൧൫. | ,, | ൧൫. | ,, | ൬. |
| ൧൬. | ,, | ൧൬. | ,, | ൭. |
| ൧൭. | ,, | ൧൭. | ,, | ൮. |
| ൧൮. | ,, | ൧൮. | ,, | ൯. |
| ൧൯. | ,, | ൧൯. | ,, | ൧൦. |
| ൨൦. | ,, | ൨൦. | ,, | ൧൧. |
| ൨൧. | ,, | ൨൧. | ,, | ൧൨. |
| ൨൨. | ,, | ൨൨. | ,, | ൧൩. |
| ൨൩. | ,, | ൨൩. | ,, | ൧൪. |
| ൨൪. | ,, | ൨൪. | ,, | ൧൫. |
| ൨൫. | ,, | ൨൫. | ,, | ൧൬. |
| ൨൬. | ,, | ൨൬. | ,, | ൧൭. |
| ൨൭. | ,, | ൨൭. | ,, | ൧൮. |
| ൨൮. | ,, | ൨൮. | ,, | ൧൯. |
| ൨൯. | മാൎക്ക. | ൧. | ,, | ൨൦. |
| ൩൦. | ,, | ൨. | ,, | ൨൧. |
| ൩൧. | ,, | ൩. | അപ്പോ. | ൧. |
| ൩൨. | ,, | ൪. | ,, | ൨. |
| ൩൩. | ,, | ൫. | ,, | ൩. |
| ൩൪. | ,, | ൬. | ,, | ൪. |

## പഴയനിയമം.

| | ഒന്നാം ആണ്ടു. | രണ്ടാം ആണ്ടു. |
|---|---|---|
| ൨൮. | ൩മോ. ൧൯, ൧—൧൮. ൩൨—൩൭. ൨൦, ൧—൮. | സുഭ. ൨—൩, ൧൮. |
| ൨൯. | ൪മോ. ൬, ൨൨—൨൭. ൯, ൧൫—൨൩. ൧൦, ൧൧—൧൩. ൩൩—൩൬. | " ൮—൯, ൧൨. |
| ൩൦. | " ൧൧. | " ൧൬. |
| ൩൧. | " ൧൨. | " ൨൧. |
| ൩൨. | " ൧൩, ൨൫—൩൪. | " ൨൮. |
| ൩൩. | " ൧൬, ൧—൪൦. | ൧രാജ. ൧൧. |
| ൩൪. | " ൧൬, ൪൧—൫൦. | " ൧൨. |
| ൩൫. | " ൨൦—൨൧, ൯. | " ൧൩. |
| ൩൬. | " ൨൨. ൨൩, ൫—൧൨. | ൨നാളാ. ൧൪—൧൫. |
| ൩൭. | " ൨൩, ൧൬—൨൪, ൨൫. | ൧രാജ. ൧൭—൧൮, ൨൨. |
| ൩൮. | ൫മോ. ൪, ൧—൪൦. | " ൧൮, ൨൦—൧൯, |
| ൩൯. | " ൬. | " ൨൧. |
| ൪൦. | " ൭; ൧—൧൫. ൮. | " ൨൨, ൧—൪൦. |
| ൪൧. | " ൯, ൧—൮. ൨൪. ൧൦, ൧൨—൧൧, ൯. | ൨നാളാ. ൨൦. |
| ൪൨. | " ൧൧, ൧൮—൨൮. ൧൨, ൨൯—൩൨. | ൨രാജ. ൧—൨, ൨൦. |
| ൪൩. | " ൧൩, ൧—൧൧. ൧൮, ൯—൨൨. | " ൪. |
| ൪൪. | " ൨൮. | " ൫. |
| ൪൫. | " ൨൯. | " ൬—൭, ൭. ൧൬ട. |
| ൪൬. | " ൩൦. | " ൯. ൧൦, ൧൮—൩൧. |
| ൪൭. | " ൩൨. | " ൧൧ (൨നാളാ. ൨൪, ൧ട ൧൫—൨൫. |
| ൪൮. | " ൩൩. ൩൪. | " ൧൭. |
| ൪൯. | യൊശു. ൧, ൧—൯. ൨, | " ൧൮—൧൯, ൭. |
| ൫൦. | " ൩, ൧൪—൫, ൧. | " ൧൯, ൮—൨൦, ൧൧ |
| ൫൧. | " ൬. | " ൨൦, ൧൨—൨൧. (൨നാളാ. ൩൩.) |
| ൫൨. | " ൨൪. | " ൨൨—൨൩, ൬. ൨൫—൩൦, |
| ൫൩. | ന്യായ. ൨. | യിറ. ൫൨. |
| ൫൪. | " ൬. | എജ്രു. ൧. ൨, ൬൪—൩, |
| ൫൫. | " ൭. | " ൫. ൬. |
| ൫൬. | " ൯. | " ൭. ൮, ൨൧—൩൨. |
| ൫൭. | " ൧൩. | നെഹ. ൧. ൨. |
| ൫൮. | " ൧൬. | " ൪—൫, ൧൩. |
| ൫൯. | രുഥ. ൧. ൨. | " ൬. ൮, ൧—൧൨. |
| ൬൦. | " ൪. | " ൯. |

## പുതിയനിയമം.

| ഒന്നാം ആണ്ടു. | | | രണ്ടാം ആണ്ടു. | |
|---|---|---|---|---|
| ൩൫. | മാൎക്ക. | ൭. | അപ്പോ. | ൫. |
| ൩൬. | „ | ൮. | „ | ൬. |
| ൩൭. | „ | ൯. | „ | ൭. |
| ൩൮. | „ | ൧൦. | „ | ൮. |
| ൩൯. | „ | ൧൧. | „ | ൯. ൧—൩൦. |
| ൪൦. | „ | ൧൨. | „ | ൯. ൩൧—൧൦. ൧൮. |
| ൪൧. | „ | ൧൩. | „ | ൧൦. ൧൯—൪൮. |
| ൪൨. | „ | ൧൪. | „ | ൧൧. |
| ൪൩. | „ | ൧൫. | „ | ൧൨. |
| ൪൪. | „ | ൧൬. | „ | ൧൩. |
| ൪൫. | ലൂക്ക. | ൧, ൧—൩൮. | „ | ൧൪. |
| ൪൬. | „ | ൧, ൩൯—൮൦. | „ | ൧൫. |
| ൪൭. | „ | ൨. | „ | ൧൬. |
| ൪൮. | „ | ൩. | „ | ൧൭. |
| ൪൯. | „ | ൪. | „ | ൧൮. |
| ൫൦. | „ | ൫. | „ | ൧൯. |
| ൫൧. | „ | ൬. | „ | ൨൦. |
| ൫൨. | „ | ൭. | „ | ൨൧. |
| ൫൩. | „ | ൮. | „ | ൨൨. |
| ൫൪. | „ | ൯. | „ | ൨൩. |
| ൫൫. | „ | ൧൦. | „ | ൨൪. |
| ൫൬. | „ | ൧൧. | „ | ൨൫. |
| ൫൭. | „ | ൧൨. | „ | ൨൬. |
| ൫൮. | „ | ൧൩. | „ | ൨൭. |
| ൫൯. | „ | ൧൪. | „ | ൨൮. |
| ൬൦. | „ | ൧൫. | റോ. | ൧. |

# പഴയനിയമം.

## മൂന്നാം ആണ്ടു.

൧. യോബ്. ൧. ൨.
൨. ” ൭. ൧൪, ൧—൧൫.
൩. ” ൧൯.
൪. ” ൩൩.
൫. സങ്കീ. ൧. ൨.
൬. ” ൩. ൪.
൭. ” ൮. ൯.
൮. ” ൧൪. ൧൬.
൯. ” ൧൫. ൧൭.
൧൦. ” ൧൯. ൨൩.
൧൧. ” ൨൨.
൧൨. ” ൨൪. ൨൫.
൧൩. ” ൨൭. ൨൮.
൧൪. ” ൨൯. ൩൦.
൧൫. ” ൩൧.
൧൬. ” ൩൨. ൩൬.
൧൭. ” ൩൪.
൧൮. ” ൩൭.
൧൯. ” ൩൯. ൪൧.
൨൦. ” ൪൦.
൨൧. ” ൪൨. ൪൩.
൨൨. ” ൪൫. ൪൭.
൨൩. ” ൪൬. ൪൮.
൨൪. ” ൪൯. ൫൨.
൨൫. ” ൫൦.
൨൬. ” ൫൧.
൨൭. ” ൫൭. ൫൯.
൨൮. ” ൬൦. ൬൨.
൨൯. ” ൬൫. ൬൬.
൩൦. ” ൬൮.
൩൧. ” ൬൯.
൩൨. ” ൭൧.
൩൩. ” ൭൩.
൩൪. ” ൭൪. ൭൫.
൩൫. ” ൭൬—൭൭.
൩൬. ” ൭൮.

## നാലാം ആണ്ടു.

യശ. ൧.
” ൨. ൪, ൨—൬.
” ൩, ൯—൧൫. ൫, ൧—൨൪.
” ൭, ൧—൧൯. ൯, ൧—൭.
” ൧൦, ൫—൨൫. ൧൧. ൧൨.
” ൧൩, ൧൯—൧൪, ൨൭.
” ൨൫. ൨൬.
” ൨൯. ൩൦, ൧൫—൨൬.
” ൩൧. ൩൨.
” ൩൩, ൧൩—൩൪, ൮. ൩൫,
” ൪൦.
” ൪൨.
” ൪൩. ൪൪, ൧—൮.
” ൪൫. ൪൬.
” ൪൯—൫൦, ൩.
” ൫൦, ൪—൫൧, ൧൬. ൫൨, ൧—൧൨.
” ൫൨, ൧൩—൫൪,
” ൫൫—൫൬, ൮.
” ൫൯. ൬൦.
” ൬൧—൬൩, ൬.
” ൬൩, ൭—൬൪, ൧൨.
” ൬൫. ൬൬.
യിറ. ൧. ൨, ൧൩—൩൭.
” ൩—൪, ൧൦.
” ൫, ൧൯—൩൧. ൬, ൧൬—൩൦.
” ൮, ൨൦—൯, ൨൬.
” ൧൦.
” ൧൧, ൧൮—൧൨,
” ൧൪, ൭—൧൫,
” ൧൬, ൧൪—൧൭,൧൮.
” ൧൮, ൧—൧൦. ൧൯, ൧൪—൨൦, ൧൩.
” ൨൩, ൧—൩൨.
” ൨൬.
” ൩൦—൩൧, ൧൪.
” ൩൧, ൧൫—൪൦. ൩൨,൩൬—൪൪.
” ൩൩.

# പുതിയനിയമം.

| മൂന്നാം ആണ്ടു. | നാലാം ആണ്ടു. |
|---|---|
| ൧. റോമ. ൨. | ൧ തെസ്സ. ൧. ൨. |
| ൨. ,, ൩. | ,, ൩. ൪. |
| ൩. ,, ൪. | ,, ൫. |
| ൪. ,, ൫. | ൨ തെസ്സ. ൧. ൨. |
| ൫. ,, ൬. | ,, ൩. |
| ൬. ,, ൭. | ൧ തിമൊ. ൧. |
| ൭. ,, ൮. | ,, ൨. ൩. |
| ൮. ,, ൯. | ,, ൪. |
| ൯. ,, ൧൦. | ,, ൫. |
| ൧൦. ,, ൧൧. | ,, ൬. |
| ൧൧. ,, ൧൨. | ൨ തിമൊ. ൧. |
| ൧൨. ,, ൧൩. | ,, ൨. |
| ൧൩. ,, ൧൪. | ,, ൩. ൪. |
| ൧൪. ,, ൧൫. | തീതൻ. ൧. ൨. |
| ൧൫. ,, ൧൬. | ,, ൩. |
| ൧൬. ൧ കൊ. ൧. | ഫിലമോന. |
| ൧൭. ,, ൨. ൩. | എബ്രാ. ൧. ൨. |
| ൧൮. ,, ൪. | ,, ൩. ൪. |
| ൧൯. ,, ൫. ൬. | ,, ൫. ൬. |
| ൨൦. ,, ൭. | ,, ൭. |
| ൨൧. ,, ൮. ൯. | ,, ൮. ൯. |
| ൨൨. ,, ൧൦. | ,, ൧൦. |
| ൨൩. ,, ൧൧. | ,, ൧൧. |
| ൨൪. ,, ൧൨. | ,, ൧൨. |
| ൨൫. ,, ൧൩. | ,, ൧൩. |
| ൨൬. ,, ൧൪. | യാക്കോ. ൧. |
| ൨൭. ,, ൧൫. | ,, ൨. |
| ൨൮. ,, ൧൬. | ,, ൩. ൪. |
| ൨൯. ൨ കൊ. ൧. | ,, ൫. |
| ൩൦. ,, ൨. | ൧ പേത്രു. ൧. |
| ൩൧. ,, ൩. | ,, ൨. |
| ൩൨. ,, ൪. | ,, ൩. |
| ൩൩. ,, ൫. | ,, ൪. ൫. |
| ൩൪. ,, ൬. | ൨ പേത്രു. ൧. |
| ൩൫. ,, ൭. | ,, ൨. ൩. |
| ൩൬. ,, ൮. ൯. | ൧ യൊഹ. ൧. ൨. |

## പഴയനിയമം.

| | മൂന്നാം ആണ്ടു. | നാലാം ആണ്ടു. |
|---|---|---|
| ൩൭. | സങ്കീ. ൭൯. ൮൦. | യിറ. ൩൬. ൪൫. |
| ൩൮. | ,, ൮൧. ൮൨. | ഹജ. ൧—൩, ൧൪. |
| ൩൯. | ,, ൮൪. ൮൬. | ,, ൮—൧൦, ൧൮—൨൦. ൧൧, ൨൩. |
| ൪൦. | ,, ൮൫. ൮൭. | ,, ൧൮. |
| ൪൧. | ,, ൯൦. | ,, ൩൪. |
| ൪൨. | ,, ൯൧. | ,, ൩൬, ൧൬—൩൭, ൧൪. ൨൧—൨൮. |
| ൪൩. | ,, ൯൨. ൯൫. | ,, ൪൩, ൧—൧൨. ൪൪, ൧—൯. ൪൭, ൧—൧൨. |
| ൪൪. | ,, ൯൩. ൯൪. | ദാനി. ൨, ൨൬—൪൯. ൩, |
| ൪൫. | ,, ൯൬. ൯൭. | ,, ൬. |
| ൪൬. | ,, ൯൮. ൧൦൦. ൧൦൧. | ,, ൭. ൧൨. ൧—൪. |
| ൪൭. | ,, ൧൦൩. | ,, ൯. |
| ൪൮. | ,, ൧൦൪. | ഹോശ. ൨, ൬—൨൩. ൪, ൧—൧൨. ൫, ൧൨—൬, ൭. |
| ൪൯. | ,, ൧൦൭. | ,, ൧൦, ൯—൧൧, ൧൧. |
| ൫൦. | ,, ൧൦൯. ൧൧൦. | ,, ൧൩, ൪—൧൪, |
| ൫൧. | ,, ൧൧൧—൧൧൩. | യോവേ. ൨, ൧. ൧൧—൩൨. ൩, ൧൰. ൧൪—൨൧. |
| ൫൨. | ,, ൧൧൪. ൧൧൫. ൧൧൭. | അമൊ. ൩, ൧—൮. ൫, ൧൮—൨൭. ൯, ൭—൧൫. |
| ൫൩. | ,, ൧൧൬. ൧൧൮. | യോന. ൨—൪. |
| ൫൪. | ,, ൧൧൯. | മീക. ൪—൫, ൮. ൬, ൧—൮. ൭, ൮—൨൦. |
| ൫൫. | ,, ൧൨൧—൧൨൪. | ഹബ. ൧, ൧൨—൨, ൧൪. ൨൦. ൩, ൨—൬. ൧൭. ൧൯. |
| ൫൬. | ,, ൧൨൫—൧൨൮. | ഹഗ്ഗ. ൧. ൨. |
| ൫൭. | ,, ൧൩൧. ൧൩൩. ൧൩൮. | ജക. ൩. ൪. |
| ൫൮. | ,, ൧൩൯. | ,, ൯. ൯—൧൦, ൬. ൧൧, ൪—൧൭. ൧൩, ൭—൯. |
| ൫൯. | ,, ൧൪൩. ൧൪൫. | ,, ൧൨, ൧. ൰. ൯—൧൪. ൧൩, ൧. ൧൪, ൧—൧൧. ൧൬. ൨൦. ൰. |
| ൬൦. | ,, ൧൪൭. ൧൪൮. | മല. ൧. ൬—൨, ൧൦. ൧൭. ൩, ൬. ൧൩—൪, ൬. |

# പുതിയനിയമം.

| മൂന്നാം ആണ്ടു. | നാലാം ആണ്ടു. |
|---|---|
| ൩൭. ൨ കൊ. ൧൦. | ൧ യൊഹ. ൩. |
| ൩൮. „ ൧൧. | „ ൪. |
| ൩൯. „ ൧൨. | „ ൫. |
| ൪൦. „ ൧൩. | ൨. ൩. യൊഹ. |
| ൪൧. ഗല. ൧. | യൂദ. |
| ൪൨. „ ൨. | വെളി. ൧. |
| ൪൩. „ ൩. | „ ൨. |
| ൪൪. „ ൪. | „ ൩. |
| ൪൫. „ ൫. | „ ൪. ൫. |
| ൪൬. „ ൬. | „ ൬. ൭. |
| ൪൭. എഫെ. ൧. | „ ൮. ൯. |
| ൪൮. „ ൨. | „ ൧൦. |
| ൪൯. „ ൩. | „ ൧൧. |
| ൫൦. „ ൪. | „ ൧൨. |
| ൫൧. „ ൫. | „ ൧൩. |
| ൫൨. „ ൬. | „ ൧൪. |
| ൫൩. ഫിലി. ൧. | „ ൧൫. |
| ൫൪. „ ൨. | „ ൧൬. |
| ൫൫. „ ൩. | „ ൧൭. |
| ൫൬. „ ൪. | „ ൧൮. |
| ൫൭. കൊലൊ. ൧. | „ ൧൯. |
| ൫൮. „ ൨. | „ ൨൦. |
| ൫൯. „ ൩. | „ ൨൧. |
| ൬൦. „ ൪. | „ ൨൨. |

# III. കഷ്ടാനുഭവചരിത്രം.

## ൧. ആരംഭം. *

യേശു മരിച്ചവരിൽനിന്നു ഉണൎത്തിയ ലാസർ ഉള്ള ബെത്ഥന്യയിൽ പെസഹെക്കു ആറു നാൾ മുമ്പെ വന്നാറെ, അവിടെ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ അവനു അത്താഴം ഉണ്ടാക്കി, മൎത്താ ശുശ്രൂഷ ചെയ്തു. അവനോടു കൂടെ ചാരികൊണ്ടവരിൽ ലാസരും ചേൎന്നിരുന്നു. അപ്പോൾ മറിയ വിലയേറിയ സ്വച്ഛ ജടാമാംസി തൈലം ഒരു റാത്തൽ ഉള്ള ഭരണി എടുത്തു വന്നു, ഭരണിയെ പൊളിച്ചു തൈലം അവന്റെ തലമേൽ ഒഴിച്ചു കാലുകളിൽ പൂശി, കാലുകളെ തന്റെ തലമുടി കൊണ്ടു തുവൎത്തി. തൈലത്തിന്റെ സൌരഭ്യം വീട്ടിൽ നിറകയും ചെയ്തു. അതിന്നു അവന്റെ ശിഷ്യരിൽ ഒരുത്തനായി, അവനെ കാണിച്ചു കൊടുപ്പാനുള്ള യൂദാ ഇഷ്കൎയ്യോത്ത എന്ന ശിമോന്റെ മകൻ പറയുന്നു: ഈ തൈലം മുന്നൂറു ദ്രഹ്മപ്പണത്തിന്നു വിറ്റു ദരിദ്രൎക്കു കൊടുക്കാഞ്ഞതു എന്തിന്നു? എന്നു ദരിദ്രരെ വിചാരം ഉണ്ടായിട്ടല്ല, കള്ളനായി പണപ്പെട്ടിയെ സൂക്ഷിച്ചും, അതിൽ ഇടുന്നതു ചുമന്നും കൊണ്ടിട്ടത്രെ പറഞ്ഞതു. മറ്റു ചില ശിഷ്യരും മുഷിച്ചൽ ഭാവിച്ചു: ഈ അഴിച്ചൽ എന്തിന്നു? ഈ തൈലം ഏറിയ വിലെക്കു വിറ്റു, ദരിദ്രൎക്കു കൊടുപ്പാൻ സംഗതിയായല്ലൊ എന്നു അവളോടു ചഴിച്ചു പറഞ്ഞു. ആയതു യേശു അറിഞ്ഞു അവരോടു പറഞ്ഞിതു: ഇവളെ വിടുവിൻ, സ്ത്രീക്കു അലമ്പൽ ഉണ്ടാക്കുവാൻ എന്തു? അവൾ എന്നിൽ നല്ല പ്രവൃത്തി ചെയ്തുവല്ലൊ. ദരിദ്രർ നിങ്ങൾക്കു എല്ലായ്പോഴും അടുക്കെ ഉണ്ടു, ഇച്ഛിക്കുന്തോറും അവൎക്കു നന്മ ചെയ്യാമല്ലൊ; ഞാൻ എല്ലായ്പോഴും അല്ലതാനും. ഇവൾ ആവതോളം ചെയ്തു. ഈ തൈലം എന്റെ ദേഹത്തിന്മേൽ ആക്കിയതിനാൽ ഇതു കുഴിച്ചിടുവാൻ മുമ്പിൽ കൂട്ടി തൈലം തേച്ചിട്ടുണ്ടു. ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: ഈ സുവിശേഷം സൎവ്വലോകത്തും എവിടെ എല്ലാം ഘോഷിക്കപ്പെട്ടാലും, അവിടെ ഇവൾ ചെയ്തതും അവളുടെ ഓൎമ്മെക്കായി പറയപ്പെടും (യൊ. ൧൨. മത്ത. ൨൬. മാൎക്ക. ൧൪.)

* ശനിയാഴ്ച ൧ എപ്രിൽ ക്രിസ്താബ്ദം ൩൦.

പെരുനാളക്കു വന്നൊരു വലിയ പുരുഷാരം യേശു യരുശലേമിൽ വരുന്നതു അറിഞ്ഞു, പിറെറ നാൾ ൟത്തപ്പനകളുടെ കുരുത്തോലകൾ എടുത്തുംകൊണ്ടു, അവനെ എതിരേല്പാൻ പുറപ്പെട്ടു പോയി: ഹൊശന്ന ഇസ്രയേലിൻ രാജാവായി, കൎത്താവിൻ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാക, എന്നു ആൎത്തുകൊണ്ടിരുന്നു. യേശു ഒരു ചെറിയ കഴുതയെ കണ്ടിട്ടു, അതിന്മേൽ കയറി ഇരുന്നു: സിയോൻപുത്രിയേ ഭയപ്പെടായ്ക, കണ്ടാലും നിന്റെ രാജാവു കഴുതക്കുട്ടിപ്പുറത്തു കയറിക്കൊണ്ടു വരുന്നു, എന്നു എഴുതിയിരിക്കുന്നപ്രകാരം തന്നെ. അവനോടു കൂടി വന്ന സമൂഹമൊ അവൻ ലാസരെ കല്ലറയിൽനിന്നു വിളിച്ചു, മരിച്ചവരിൽനിന്നു ഉണൎത്തി, എന്നു സാക്ഷ്യം ചൊല്ലിക്കൊണ്ടിരുന്നു. അതുകൊണ്ടു ൟ അടയാളം ചെയ്തപ്രകാരം പുരുഷാരം കേട്ടിട്ടു അവനെ എതിരേററു കൂടി. പറീശർ: നമുക്കു ഏതും ഫലിക്കുന്നില്ല, എന്നു കണ്ടുവോ? ഇതാ ലോകം അവന്റെ പിന്നാലെ ആയ്പോയി, എന്നു തങ്ങളിൽ പറകയും ചെയ്തു. (യൊ.)

പിന്നെ പെസഹ എന്ന പേരുള്ള പുളിപ്പില്ലാത്തതിന്റെ പെരുനാൾ അടുക്കുമ്പോൾ യേശു തന്റെ ശിഷ്യന്മാരോടു: രണ്ടു ദിവസങ്ങളിൽ പിന്നെ പെസഹ ആകുന്നു, എന്നറിയുന്നുവല്ലൊ. അന്നു മനുഷ്യപുത്രൻ കുരിശിക്കപ്പെട്ടുവാൻ ഏല്പിക്കപ്പെടുന്നു, എന്നു പറഞ്ഞു. അപ്പോൾ തന്നെ മഹാപുരോഹിതരും, ശാസ്ത്രികളും, ജനത്തിന്റെ മൂപ്പന്മാരും കയഫാ എന്നുള്ള മഹാപുരോഹിതന്റെ അരമനയിൽ വന്നു കൂടി നിരൂപിച്ചു, ജനത്തെ ഭയപ്പെടുന്നതുകൊണ്ടു, യേശുവെ ഉപായംകൊണ്ടു പിടിച്ചു കൊല്ലുവാൻ വഴി അന്വേഷിച്ചു കൊണ്ടിട്ടും, ജനത്തിൽ കലഹം ഉണ്ടാകായ്വാൻ പെരുനാളിൽ മാത്രം അരുതു എന്നു പറഞ്ഞു. (മ. മാ. ലൂ. ൨൨.)

അന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ഇഷ്കൎയ്യോത്താ മഹാപുരോഹിതരെ ചെന്നു കണ്ടു, അവനെ ഇന്നപ്രകാരം അവൎക്കു കാണിച്ചു തരാം, എന്നു സംഭാഷണം ചെയ്തു: എനിക്കു എന്തു തരുവാൻ മനസ്സായിരിക്കുന്നു? എന്നാൽ അവനെ ഏല്പിച്ചുതരാം, എന്നു പറഞ്ഞു. ആയതു അവർ കേട്ടു സന്തോഷിച്ചു, ദ്രവ്യം കൊടുപ്പാൻ വാഗത്തം ചെയ്തു, അവനു മുപ്പതു ശേക്കൽ തൂക്കിക്കൊടുത്തു. അവ

നം കൈകൊട്ടത്ത ശേഷം കൂട്ടം കൂടാതെ കണ്ടു അവനെ ഏല്പിച്ചു കൊടുപ്പാൻ തക്കം അന്വേഷിച്ചു വന്നു. (മ. മാ. ലൂ.)

---

## ൨. തിരുവത്താഴം. *

പെസഹയെ അറുക്കേണ്ടുന്ന കാലമായി, പുളിപ്പില്ലാത്തതിന്റെ നാൾ ആയപ്പോൾ, ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു: നിനക്കു ഞങ്ങൾ പെസഹ ഭക്ഷിപ്പാൻ എവിടെ ഒരുക്കേണ്ടതു? എന്നു പറഞ്ഞു. അവൻ പേത്രനെയും യോഹനാനെയും നിയോഗിച്ചു: നിങ്ങൾ പട്ടണത്തിൽ ചെല്ലുമ്പോൾ അതാ, ഒരു കുടം വെള്ളം ചുമക്കുന്ന മനുഷ്യൻ നിങ്ങളെ എതിരേല്ക്കും. ആയവൻ കടക്കുന്ന വീട്ടിലേക്കു പിഞ്ചെന്നു, ആ വീട്ടുടയവനോടു പറവിൻ: എന്റെ സമയം അടുത്തിരിക്കുന്നു, ഞാൻ ശിഷ്യരുമായി പെസഹ ഭക്ഷിപ്പാനുള്ള ശാല എവിടെ? എന്നു ഗുരു നിന്നോടു പറയുന്നു, എന്നു ചൊല്ലുവിൻ. എന്നാൽ അവൻ ചായ്ച്ചു വിരിച്ചൊരുക്കിയ വന്മാളിക നിങ്ങൾക്കു കാണിക്കും, അവിടെ നമുക്കായി ഒരുക്കുവിൻ, എന്നു പറഞ്ഞു. ശിഷ്യന്മാർ പുറപ്പെട്ടു പട്ടണത്തിൽ വന്നു, പറഞ്ഞപ്രകാരം കണ്ടു പെസഹ ഒരുക്കുകയും ചെയ്തു. (മ. മാ. ലൂ.)

യേശു ഈ ലോകം വിട്ടു, പിതാവിന്നരികിൽ പോകുവാനുള്ള നാഴിക വന്നു, എന്നറിഞ്ഞു ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ച ശേഷം, അവസാനത്തോളം അവരെ സ്നേഹിച്ചു. സന്ധ്യയായപ്പോൾ, അവൻ പന്തിരുവരോടും കൂട വന്നു ചാരിക്കൊണ്ട ശേഷം, അവരോടു പറഞ്ഞിതു: കഷ്ടപ്പെടും മുമ്പെ ഈ പെസഹ നിങ്ങളോടു കൂടെ ഭക്ഷിപ്പാൻ ഞാൻ വാഞ്ഛയോടെ ആഗ്രഹിച്ചു. എങ്ങിനെ എന്നാൽ അതു ദൈവരാജ്യത്തിൽ പൂൎണ്ണമാകുവോളം ഞാൻ ഇനി അതിൽനിന്നു ഭക്ഷിക്കയില്ല, എന്നു ഞാൻ നിങ്ങളോടു പറയുന്നു. അത്താഴം തുടങ്ങുംനേരം, പിതാവു തനിക്കു സകലവും കൈക്കൽ തന്നു എന്നും, താൻ ദൈവത്തിൽനിന്നു പുറപ്പെട്ടു വന്നു എന്നും, ദൈവത്തിന്നടുക്കെ ചെല്ലുന്നു എന്നും യേശു അറിഞ്ഞിട്ടു, അത്താഴത്തിൽനിന്നു എഴുനീറ്റു വസ്ത്രങ്ങളെ ഊരിവെച്ചു, ശീല എടുത്തു,

---

* വ്യാഴാഴ്ച്ച ൬ എപ്രിൽ.

തൻെറ അരെക്കു കെട്ടി, പാത്രത്തിൽ വെള്ളം ഒഴിച്ച്, ശിഷ്യരുടെ കാലുകളെ കഴുകുവാനും, അരെക്കു കെട്ടിയ ശീലകൊണ്ടു തുവൎത്തുവാനും തുടങ്ങി. പിന്നെ ശിമോൻ പേത്രുനടുക്കെ വരുമ്പോൾ: കൎത്താവേ, നീ എൻെറ കാലുകളെ കഴുകുമോ? എന്നു അവൻ പറഞ്ഞതിന്നു: ഞാൻ ചെയ്യുന്നതിനെ നീ ഇന്നു അറിയുന്നില്ല, ഇതിൽ പിന്നെ അറിയും താനും, എന്നു ഉത്തരം ചൊല്ലി. നീ എന്നും എൻെറ കാലുകളെ കഴുകയില്ല, എന്നു പേത്രൻ പറയുന്നു. യേശു ഉത്തരം ചൊല്ലിയതു: ഞാൻ നിന്നെ കഴുകാഞ്ഞാൽ, നിനക്കു എന്നിൽ പങ്കു ഇല്ല. എന്നാറെ ശിമോൻപേത്രൻ: കൎത്താവേ, എൻ കാലുകൾ മാത്രമല്ല, കൈകളും തലയും കൂടെ, എന്നു പറയുന്നു. യേശു അവനോടു: കുളിച്ചിരിക്കുന്നവനു കാലുകൾ അല്ലാതെ, കഴുകുവാൻ ആവശ്യം ഇല്ല, സൎവ്വാംഗം ശുദ്ധനാകുന്നു. നിങ്ങളും ശുദ്ധരാകുന്നു, എല്ലാവരും അല്ല താനും, എന്നു പറയുന്നു. തന്നെ കാണിച്ചു കൊടുക്കുന്നവനെ അറികകൊണ്ടത്രെ, എല്ലാവരും ശുദ്ധരല്ല, എന്നു പറഞ്ഞതു. (യൊ. ൧൩.)

അവരുടെ കാലുകളെ കഴുകീട്ടു, തൻെറ വസ്ത്രങ്ങളെ ഉടുത്ത ശേഷം, അവൻ പിന്നെയും ചാരിക്കൊണ്ടു അവരോടു പറഞ്ഞിതു: നിങ്ങളോടു ചെയ്തതു ബോധിക്കുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കൎത്താവെന്നും വിളിക്കുന്നു; ഞാൻ അപ്രകാരം ആകയാൽ നന്നായി ചൊല്ലുന്നു. കൎത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകി എങ്കിൽ, നിങ്ങളും തമ്മിൽ തമ്മിൽ കാലുകളെ കഴുകേണ്ടതു; ഞാൻ നിങ്ങളോടു ചെയ്ത പ്രകാരം നിങ്ങളും ചെയ്യേണ്ടതിന്നല്ലൊ ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നതു. ആമെൻ ആമെൻ ഞാൻ നിങ്ങളോടു ചൊല്ലുന്നിതു: തൻെറ കൎത്താവിനേക്കാൾ ദാസൻ വലിയതല്ല, തന്നെ അയച്ചവനേക്കാൾ ദൂതനും വലിയതല്ല. ഇവ നിങ്ങൾ അറിയുന്നു എങ്കിൽ, ചെയ്താൽ ധന്യർ ആകുന്നു. നിങ്ങളെ എല്ലാവരെയും ചൊല്ലുന്നില്ല, ഞാൻ തെരിഞ്ഞെടുത്തവരെ അറിയുന്നു; എന്നാൽ എന്നോടു കൂടെ അപ്പം തിന്നുന്നവൻ എൻെറ നേരെ മടമ്പു ഉയൎത്തി, എന്നുള്ള തിരുവെഴുത്തിന്നു പൂൎത്തി വരേണ്ടിയിരുന്നു, അതു സംഭവിക്കും മുമ്പെ ഞാൻ ഇന്നു നിങ്ങളോടു പറയുന്നതു. സംഭവിച്ചാൽ, ഞാൻ തന്നെ ആകുന്നു, എന്നു നിങ്ങൾ വിശ്വസിപ്പാനായി തന്നെ. ആമെൻ ആമെൻ ഞാൻ നിങ്ങളോടു ചൊല്ലുന്നിതു: ഞാൻ അയ

ക്കുന്ന ഏവനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. (യൊ.)

എന്നിട്ടു അവർ ഭക്ഷിക്കുമ്പോൾ യേശു പാനപാത്രം എടുത്തു വാഴ്ത്തി പറഞ്ഞു: ഇതു വാങ്ങി, നിങ്ങളിൽ തന്നെ പങ്കിട്ടുകൊൾ്വിൻ! എന്തെന്നാൽ ദൈവരാജ്യം വരുവോളം ഞാൻ മുന്തിരിവള്ളിയുടെ രസത്തിൽനിന്നു കുടിക്കയില്ല, എന്നു ഞാൻ നിങ്ങളോടു പറയുന്നു.

അവരിൽ ഏററം വലിയവനായി തോന്നുന്നവൻ ആർ, എന്നതിനെ ചൊല്ലി ഒരു തക്കവും അവരിൽ ഉണ്ടായി. അവരോടു അവൻ പറഞ്ഞിതു: ജാതികളുടെ രാജാക്കന്മാർ അവരിൽ കൎത്തൃത്വം നടത്തുന്നു. അവരിൽ അധികരിക്കുന്നവർ ഉപകാരികൾ എന്നു വിളിക്കപ്പെടുന്നു. നിങ്ങളോ അപ്രകാരം അല്ല; നിങ്ങളിൽ ഏറെ വലുതായവൻ ഇളയവനെ പോലെയും, നടത്തുന്നവൻ ശുശ്രൂഷിക്കുന്നവനെ പോലെയും ആവു. ഏറെ വലുതായതു ആർ? ചാരിക്കൊണ്ടവനോ ശുശ്രൂഷിക്കുന്നവനോ? ചാരിക്കൊണ്ടവനല്ലയോ; ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെ പോലെ ആകുന്നു. എങ്കിലും എന്റെ പരീക്ഷകളിൽ എന്നോടു കൂടെ പാൎത്തു നിന്നവർ നിങ്ങളത്രെ. ഞാനും എൻ പിതാവു എനിക്കു നിയമിച്ചതു പോലെ രാജ്യത്തെ നിങ്ങൾക്കു നിയമിച്ചു തരുന്നുണ്ടു. നിങ്ങൾ എന്റെ രാജ്യത്തിൽ എൻ മേശയിൽ ഭക്ഷിച്ചു കുടിക്കയും, ഇസ്രയേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്നും ന്യായം വിധിച്ചു, സിംഹാസനങ്ങളിൽ ഇരിക്കയും ചെയ്യാനുമവണ്ണമേ. (ലൂ.)

ഇവ പറഞ്ഞിട്ടു യേശു ആത്മാവിൽ കലങ്ങി; ആമെൻ ആമെൻ ഞാൻ നിങ്ങളോടു ചൊല്ലുന്നിതു: നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചു കൊടുക്കും, എന്നു സാക്ഷി പറഞ്ഞു. ആയവർ ദുഃഖിച്ചു, ആരെക്കൊണ്ടു പറഞ്ഞു, എന്നു വിചാരിച്ചു തമ്മിൽ തമ്മിൽ നോക്കി: പക്ഷേ ഞാനോ? ഞാനോ? എന്നു വെവ്വേറെ അവനോടു ചൊല്ലി തുടങ്ങി. അവരോടു അവൻ പറഞ്ഞിതു: പന്തിരുവരിൽ ഒരുവൻ എന്നോടു കൂടെ താലത്തിൽ കൈയിട്ടു മുക്കുന്നവൻ തന്നെ. ശിഷ്യരിൽ വെച്ചു യേശു സ്നേഹിക്കുന്ന ഒരുത്തൻ യേശുവിൻ മടിയോടു ചാരിക്കൊണ്ടിരിക്കേ, ശിമോൻ പേത്രൻ ആംഗികം കാട്ടി,

ഈ ചൊല്ലിയതു ആരെക്കൊണ്ടു പറക, എന്നു അവനോടു ചോദിക്കുന്നു. ആയവൻ യേശുവിൻ മാൎവ്വിടത്തിൽ (തല) ചരിച്ചു: കൎത്താവേ, ആർ ആകുന്നു? എന്നു ചോദിച്ചു. യേശു: ഞാൻ അപ്പഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നെ, എന്നു ഉത്തരം പറഞ്ഞു, ഖണ്ഡത്തെ മുക്കീട്ടു, ശിമോന്ന്യനായ യൂദാ ഇഷ്കൎയ്യോത്താവിന്നു കൊടുക്കുന്നു. ഖണ്ഡം വാങ്ങിയശേഷം, സാത്താൻ ഉടനെ അവനിൽ പ്രവേശിച്ചു. യേശു പറഞ്ഞു: തന്നെ കുറിച്ചു വിധിച്ചു എഴുതിയിരിക്കുന്ന പ്രകാരം മനുഷ്യപുത്രൻ പോകുന്നു സത്യം. മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്ന മനുഷ്യനോ ഹാ കഷ്ടം! ആ മനുഷ്യൻ ജനിച്ചില്ല എങ്കിൽ കൊള്ളായിരുന്നു. എന്നാറെ അവനെ കാണിച്ചു കൊടുക്കുന്ന യൂദാ: റബ്ബീ, ഞാനല്ലല്ലോ, എന്നുത്തരം ചൊല്ലിയതിന്നു: നീ പറഞ്ഞുവല്ലോ, എന്നുരെച്ചു. പിന്നെ നീ ചെയ്യുന്നതു വേഗത്തിൽ ചെയ്ക, എന്നു പറകയും ചെയ്തു. ആയതു ഇന്നതിന്നെ ചൊല്ലീട്ടുള്ള പ്രകാരം ചാരി ഇരുന്നവരിൽ ആരും അറിഞ്ഞില്ല; പണപ്പെട്ടി യൂദാവോടുള്ളതാകയാൽ: പെരുനാൾക്കു നമുക്കു വേണ്ടുന്നതു മേടിക്ക എന്നോ, ദരിദ്രൎക്കു ഏതാനും കൊടുക്ക എന്നോ, യേശു അവനോടു കല്പിക്കുന്ന പ്രകാരം ചിലൎക്കു തോന്നി. അവനോ ഖണ്ഡം വാങ്ങി ക്ഷണത്തിൽ പുറപ്പെട്ടു പോയി. അപ്പോൾ രാത്രി ആയിരുന്നു. (യൊ. മ. മാ. ലൂ.)

അവൻ പുറപ്പെട്ടു പോയപ്പോൾ യേശു പറയുന്നിതു: ഇപ്പോൾ മനുഷ്യപുത്രൻ തേജസ്കരിക്കപ്പെട്ടു അവനിൽ ദൈവവും തേജസ്കരിക്കപ്പെട്ടു ദൈവം അവനിൽ തേജസ്കരിക്കപ്പെട്ടു എങ്കിൽ, ദൈവം അവനെ തന്നിൽ തന്നെ തേജസ്കരിക്കുന്നു തേജസ്കരിക്കയും ചെയ്യും. (യൊ.)

പിന്നെ യേശു അപ്പത്തെ എടുത്തു, സ്തോത്രം ചൊല്ലി, നുറുക്കി (ശിഷ്യൎക്കു കൊടുത്തു) പറഞ്ഞിതു: വാങ്ങി ഭക്ഷിപ്പിൻ, ഇതു നിങ്ങൾക്കു വേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു, എന്റെ ഓൎമ്മെക്കായിട്ടു ഇതിനെ ചെയ്വിൻ. അപ്രകാരം തന്നെ അത്താഴം കഴിഞ്ഞ ശേഷം, പാനപാത്രത്തെയും എടുത്തു (വാഴ്ത്തി) പറഞ്ഞിതു: നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ, ഈ പാത്രം എന്റെ രക്തത്തിൽ പുതുനിയമം ആകുന്നു. ഇതു പാപമോചനത്തിന്നായി

നിങ്ങൾക്കും, അനേകൎക്കും വേണ്ടി ഒഴിച്ച എന്റെ രക്തം, ഇതിനെ കുടിക്കുന്തോറും എന്റെ ഓൎമ്മക്കായിട്ട ചെയ്വിൻ. ഞാനോ നിങ്ങളോട പറയുന്നിതു: മുന്തിരിവള്ളിയുടെ അനുഭവത്തെ എന്റെ പിതാവിൻ രാജ്യത്തിൽ നിങ്ങളോട കൂടെ പുതുതായി കുടിക്കുംനാൾവരെ, ഞാൻ ഇതിൽനിന്ന ഇനി കുടിക്കയില്ല. (മ. മാ. ലൂ.)

പൈതങ്ങളേ, ഇനി അസാരമേ നിങ്ങളോട ഇരിക്കുന്നുള്ളു, നിങ്ങൾ എന്നെ അന്വേഷിക്കും. പിന്നെ ഞാൻ പോകുന്ന എടത്തു നിങ്ങൾക്ക വന്നു കൂടാ, എന്ന യഹൂദരോട പറഞ്ഞ പ്രകാരം ഇന്ന നിങ്ങളോടും ചൊല്ലുന്നു. നിങ്ങൾ തമ്മിൽ സ്നേഹിക്കേണം എന്നു ഒരു പുതിയ കല്പന നിങ്ങൾക്ക തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ സ്നേഹിക്ക എന്നത്രെ. നിങ്ങൾക്ക അന്യോന്യം സ്നേഹം ഉണ്ടെങ്കിൽ, അതു കൊണ്ട നിങ്ങൾ എന്റെ ശിഷ്യർ, എന്നു എല്ലാവൎക്കും ബോധിക്കും. ശിമോൻ പേത്രൻ അവനോട: കൎത്താവേ, നീ എവിടെ പോകുന്നു? എന്ന പറയുന്നതിന്നു: ഞാൻ പോകുന്നതിലേക്ക നിനക്ക ഇപ്പോൾ അനുഗമിച്ചു കൂടാ. പിന്നേതിൽ നീ എന്നെ അനുഗമിക്കും താനും, എന്നു യേശു ഉത്തരം പറഞ്ഞു. പേത്രൻ അവനോട: കൎത്താവേ, ഇന്ന നിന്നെ അനുഗമിച്ചു കൂടാത്തതു എന്തു കൊണ്ട? നിനക്ക വേണ്ടി എൻ പ്രാണനെ വെച്ചു കളയും, എന്നു പറഞ്ഞാറെ, യേശു ഉത്തരം ചൊല്ലിയതു: നിൻ പ്രാണനെ എനിക്ക വേണ്ടി വെക്കുമോ? ശിമോനേ, ശിമോനേ, കണ്ടാലും, സാത്താൻ നിങ്ങളെ കോതമ്പു പോലെ ചേറുവാന്തക്കവണ്ണം ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം ഒടുങ്ങി പോകായ്വാൻ നിനക്ക വേണ്ടി യാചിച്ചു. പിന്നെ നീ തിരിഞ്ഞു വന്ന ശേഷം, നിന്റെ സഹോദരന്മാരെ ഉറപ്പിച്ചു കൊൾക. എന്നതിന്നു അവൻ: കൎത്താവേ, നിന്നോട കൂടെ തടവിലും ചാവിലും ചെല്ലുവാൻ ഞാൻ ഒരുങ്ങി നില്ക്കുന്നു, എന്നു പറഞ്ഞാറെ യേശു ചൊല്ലിയതു: പേത്രൂ, നീ എന്നെ അറിയുന്നില്ല, എന്നു മൂന്നു വട്ടം തള്ളിപ്പറയും മുമ്പെ, പൂവങ്കോഴി ഇന്ന കൂകയില്ല, എന്നു ഞാൻ നിന്നോട പറയുന്നു. (യൊ. ലൂ.)

പിന്നെ അവരോട പറഞ്ഞു: നിങ്ങളെ മടിശ്ശീല, പൊക്കണം, ചെരിപ്പുകൾ ഇവ കൂടാതെ അയച്ചപ്പോൾ, ഒട്ട കുറവുണ്ടായോ?

എന്നതിന്നു: ഒട്ടം ഇല്ല എന്നു ചൊല്ലിയാറെ, അവരോടു പറഞ്ഞിതു: എങ്കിലോ ഇപ്പോൾ മടിശ്ശീലയുള്ളവൻ അതു എടുക്കുക, പൊക്കണ വും അവ്വണ്ണം തന്നെ; ഇല്ലാത്തവൻ തന്റെ വസ്ത്രം വിററു, വാൾ കൊള്ളുകയും ചെയ്യു. ദ്രോഹികളോടും എണ്ണപ്പെട്ടു, എന്നു എഴുതി യിരിക്കുന്നതും കൂടെ എന്നിൽ തികഞ്ഞു വരേണം, എന്നു ഞാൻ നി ങ്ങളോടു പറയുന്നു സത്യം. കാരണം എന്നെ കുറിച്ചുള്ളവററിന്നു തി കവുണ്ടു. അവർ: കൎത്താവേ, ഇവിടെ രണ്ടു വാൾ ഇതാ, എന്നു ചൊല്ലിയാറെ: മതി, എന്നു അവരോടു പറഞ്ഞു. (മ. മാ. ലൂ.)

---

## ൩. ഗഥശെമനിലേ പോരാട്ടവും തോട്ടത്തിൽ പിടിപെട്ടതും.

പിന്നെ അവർ സ്തോത്രം പാടി, യേശു എറിയോനു * പറഞ്ഞ ശേഷം, അവൻ പുറപ്പെട്ടു മൎയ്യാദപ്രകാരം കിദ്രോൻ തോടിന്നു അക്ക രെ ഒലിവമലക്കൽ തോട്ടം ഉള്ളതിൽ താൻ ശിഷ്യരുമായി കടന്നു. അ പ്പോൾ യേശു അവരോടു പറഞ്ഞു: ഈ രാത്രിയിൽ നിങ്ങൾ എ ല്ലാവരും എങ്കൽ ഇടറിപ്പോകും, ഞാൻ ഇടയനെ വെട്ടും, കൂട്ടത്തി ലെ ആടുകൾ ചിതറിപ്പോകയുമാം, എന്നു എഴുതിയിരിക്കുന്നുവല്ലൊ. ഞാൻ ഉണൎന്നു വന്ന ശേഷമോ നിങ്ങൾക്കു മുമ്പെ ഗലീലെക്കു ചെല്ലും, എന്നതിന്നു പേത്രൻ ഉത്തരം പറഞ്ഞിതു: എല്ലാവരും നിങ്കൽ ഇടറിപ്പോയാൽ ഞാൻ ഒരുനാളും ഇടറുകയില്ല. അവനോ ടു യേശു: ആമെൻ ഞാൻ നിന്നോടു ചൊല്ലുന്നിതു, ഇന്നു രാത്രിയിൽ കോഴി രണ്ടു കുറി കൂകുമ്മുമ്പെ, നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു പറയുന്നു. അവനോ: നിന്നോടു ഒന്നിച്ചു മരിക്കേണ്ടി വ ന്നാലും, നിന്നെ തള്ളിപ്പറകയില്ല, എന്നു ഏററം അധികം പറഞ്ഞു. അപ്രകാരം തന്നെ എല്ലാവരും പറഞ്ഞു. (മ. മാ. ലൂ. യൊ.)

അവർ ഗഥശെമന എന്ന പേരുള്ള തോട്ടത്തിൽ വന്നു, അവി ടെ യേശു പലപ്പോഴും തന്റെ ശിഷ്യരോടു ചേൎന്നിരിക്കയാൽ, അ വനെ കാണിച്ചു കൊടുക്കുന്ന യൂദാവും ആ സ്ഥലത്തെ അറിഞ്ഞു, അതിൽ എത്തിയപ്പോൾ യേശു: ഞാൻ പോയി, അവിടെ പ്രാ

---

*യോഹ. ൧൪ — ൧൭.

ൎത്ഥിച്ചു തീരുവോളം ഇവിടെ ഇരിപ്പിൻ, നിങ്ങൾ പരീക്ഷയിൽ കടക്കാതിരിപ്പാൻ പ്രാൎത്ഥിപ്പിൻ, എന്നു അവരോടു പറഞ്ഞു. പേത്രുനെയും യാക്കോബു യോഹന്നാൻ എന്നവരെയും കൂട്ടിക്കൊണ്ടു, വിറെച്ചും ദുഃഖിച്ചും വലഞ്ഞും പോവാൻ തുടങ്ങി. എന്റെ ദേഹി മരണത്തോളം ദുഃഖപ്പെട്ടിരിക്കുന്നു. ഇവിടെ പാൎത്തുണൎന്നുകൊൾ്വിൻ, എന്നു അവരോടു പറഞ്ഞു. താൻ അവരെ വിട്ടു, ഒരു കല്ലേറു ദൂരത്തോളം വാങ്ങി, മുട്ടുകുത്തി നിലത്തു വീണു: കഴിയുന്നു എങ്കിൽ, ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാൎത്ഥിച്ചു. അബ്ബാ പിതാവേ, നിന്നാൽ എല്ലാം കഴിയും, ഈ പാനപാത്രം എന്നിൽനിന്നു നീക്കിക്കൊള്ളേണമേ, എങ്കിലും ഞാൻ ഇഛ്ശിക്കുന്നതല്ല, നീ ഇഛ്ശിക്കുന്നതു അത്രെ ആവു, എന്നു പറഞ്ഞു. പിന്നെ വന്നു, അവർ ഉറങ്ങുന്നതു കണ്ടു, പേത്രനോടു പറഞ്ഞു: ശിമോനേ ഉറങ്ങുന്നുവോ? ഒരു നാഴികയും ഉണൎന്നിരിപ്പാൻ കഴിഞ്ഞില്ലയൊ? പരീക്ഷയിൽ അകപ്പെടായ്വാൻ ഉണൎന്നും പ്രാൎത്ഥിച്ചും കൊൾ്വിൻ; ആത്മാവു മനഃപൂൎവ്വമുള്ളതു സത്യം, ജഡം ബലഹീനമത്രെ. പിന്നെയും രണ്ടാമതു പോയി: എൻ പിതാവേ, ഇതു ഞാൻ കുടിക്കാതെ, നീങ്ങി കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ഭവിക്കയാവു, എന്നു പ്രാൎത്ഥിച്ചു. സ്വൎഗ്ഗത്തിൽനിന്നു ഒരു ദൂതനും അവനെ ശക്തിപ്പെടുത്തുവാൻ കാണായ്വന്നു. പിന്നെ അവൻ അത്യാസന്നത്തിലായി അതിശ്രദ്ധയോടെ പ്രാൎത്ഥിച്ചു, അവന്റെ വിയൎപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളികൾ കണക്കെ ആയ്ചമഞ്ഞു. പ്രാൎത്ഥനയിൽനിന്നു എഴുനീറ്റു മടങ്ങി വന്നു, അവർ കണ്ണുകൾക്കു ഭാരം ഏറുകകൊണ്ടു, വിഷാദത്താൽ ഉറങ്ങുന്നു എന്നു കണ്ടു; അവർ എന്തുത്തരം ചൊല്ലേണ്ടു, എന്നറിഞ്ഞതും ഇല്ല. അവരെ വിട്ടു, മൂന്നാമതും ചെന്നു, ആ വചനത്താൽ തന്നെ പ്രാൎത്ഥിച്ചു; മൂന്നാമതും വന്നു അവരോടു പറയുന്നു: ശേഷത്തേക്കു ഇനി ഉറങ്ങി ആശ്വസിച്ചു കൊൾ്വിൻ. മതി! നാഴിക വന്നു ഇതാ, മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു. എഴുനീല്പിൻ നാം പോക, കണ്ടാലും എന്നെ കാണിച്ചുകൊടുക്കുന്നവൻ അണഞ്ഞു വന്നു. (യൊ. മ. മാ. ലൂ.)

എന്നു അവൻ പറയുമ്പോൾ തന്നെ, പെട്ടന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ റോമാപട്ടാളത്തെയും മഹാപുരോഹിതർ മൂപ്പ

ന്മാർ എന്നു ഇവർ നിയോഗിച്ച വലിയ ഭൃത്യക്കൂട്ടത്തെയും കൂട്ടിക്കൊണ്ടു, ദീപട്ടി പന്തങ്ങളോടും വാളുവടികളോടും കൂട വന്നു മുന്നടന്നു. തന്റെ മേൽ വരുന്നവ എല്ലാം യേശു അറിഞ്ഞിട്ടു, പുറത്തു വന്നു: ആരെ തിരയുന്നു? എന്നു അവരോടു പറഞ്ഞു. നസറയ്യനായ യേശുവെ, എന്നു അവർ ഉത്തരം ചൊല്ലിയാറെ, ഞാൻ ആകുന്നു! എന്നു യേശു പറയുന്നു. അപ്പോൾ അവനെ കാണിച്ചു കൊടുക്കുന്ന യൂദാവും അവരോടു നില്ക്കുന്നുണ്ടു. ഞാൻ ആകുന്നു, എന്നു അവരോടു പറഞ്ഞ ഉടനെ അവർ പിൻ വാങ്ങി, നിലത്തു വീണു. ആരെ തിരയുന്നു? എന്നു പിന്നെയും അവരോടു ചോദിച്ചതിന്നു, നസറയ്യനായ യേശുവെ, എന്നു പറഞ്ഞപ്പോൾ യേശു ഉത്തരം ചൊല്ലിയതു: ഞാൻ ആകുന്നു, എന്നു നിങ്ങളോടു പറഞ്ഞുവല്ലൊ; ആകയാൽ എന്നെ തിരയുന്നു എങ്കിൽ, ഇവരെ പോകുവാൻ വിടുവിൻ. എന്നതിനാൽ: നീ എനിക്കു തന്നവരിൽ ആരെയും ഞാൻ നഷ്ടമാക്കീട്ടില്ല, എന്നു ചൊല്ലിയ വചനത്തിന്നു നിവൃത്തിവരേണ്ടിയിരുന്നു. അവനെ കാണിച്ചുകൊടുക്കുന്നവൻ: ഞാൻ ഏവനെ ചുംബിച്ചാൽ അവൻ തന്നെ ആകുന്നു, ആയവനെ പിടിച്ചു കൊൾവിൻ, എന്നു അവൎക്കു ലക്ഷണം കൊടുത്തിരുന്നു. പിന്നെ ക്ഷണത്തിൽ യേശുവിന്നു നേരിട്ടു വന്നു: റബ്ബീ, വാഴ്ക എന്നു പറഞ്ഞു, അവനെ ചുംബിച്ചു അവനോടു യേശു: തോഴാ, എന്തിനായി വന്നു? യൂദാവേ, മനുഷ്യപുത്രനെ ചുംബനംകൊണ്ടോ കാണിച്ചു കൊടുക്കുന്നു? എന്നു പറഞ്ഞു.

ഉടനെ അവർ അടുത്തു യേശുവിന്മേൽ കൈകളെ വെച്ചു അവനെ പിടിച്ചു. അവനോടു കൂടയുള്ളവരോ വരുന്നതു കണ്ടു: കൎത്താവേ, ഞങ്ങൾ വാളാൽ വെട്ടുകയൊ? എന്നു ചൊല്ലി. അവരിൽ ഒരുത്തനായ ശിമോൻ പേത്രൻ തനിക്കുള്ള വാളെ ഊരി, മഹാപുരോഹിതന്റെ ദാസനെ വെട്ടി, അവന്റെ വലത്തു കാതെ അറുത്തു കളഞ്ഞു. ആ ദാസന്നു മല്ക്കൻ എന്നു പേർ ഉണ്ടു. അതിന്നു യേശു: ഇത്രോളം വിടുവിൻ, എന്നു ചൊല്ലി, ആയവന്റെ ചെവിയെ തൊട്ടു സൌഖ്യം വരുത്തി. പിന്നെ പേത്രനോടു പറഞ്ഞു: വാൾ ഉറയിൽ ഇടു, വാൾ എടുക്കുന്നവൻ ഒക്കയും വാളാൽ നശിച്ചു പോകും സത്യം. പിതാവു എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കാതിരിക്കയൊ?

അല്ല ഞാൻ തൽക്ഷണം എന്റെ പിതാവിനോടു പന്ത്രണ്ടു ലെഗ്യോൻ ദൂതരിലും അധികം എനിക്കു നിറുത്തേണ്ടതിന്നു അപേക്ഷിച്ചുകൂടാ, എന്നു തോന്നുന്നുവോ? എന്നാൽ തിരുവെഴുത്തുകൾക്കു എങ്ങിനെ നിവൃത്തി വരും. ഇപ്രകാരം സംഭവിക്കേണ്ടുന്നതുണ്ടല്ലോ. (യൊ. മ. മാ. ലൂ.)

ആ നാഴികയിൽ തന്നെ യേശു തന്റെ നേരെ വന്ന മഹാപുരോഹിതരോടും ദൈവാലയത്തിലെ പടനായകരോടും മൂപ്പന്മാരോടും പറഞ്ഞിതു: ഒരു കള്ളനെ കൊള്ളെ എന്ന പോലെ, നിങ്ങൾ വാളുവടികളുമായി എന്നെ പിടിപ്പാൻ പുറപ്പെട്ടു വന്നു. ഞാൻ ദിവസേന ദൈവാലയത്തിൽ നിങ്ങളോടു കൂട ഇരുന്നിട്ടും, എന്റെ നേരെ കൈകളെ നീട്ടീട്ടില്ല. എങ്കിലും ഇതു നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു. ഇതു ഒക്കയും പ്രവാചകരുടെ എഴുത്തുകൾ നിവൃത്തിയാകേണ്ടതിന്നത്രെ സംഭവിച്ചതു. അപ്പോൾ ശിഷ്യർ എല്ലാവരും അവനെ വിട്ടു മണ്ടിപ്പോയി. അവനെ ഒരു യുവാവു വെറും മെയ്യിൽ പുതപ്പു പുതെച്ചും കൊണ്ടു അനുഗമിച്ചു. ആയവനെ ബാല്യക്കാർ പിടിക്കുന്നേരം അവൻ പുതപ്പു വിട്ടു, നഗ്നനായി അവൎക്കു തെററി മണ്ടി പോയി. (മ. മാ. ലൂ.)

---

## ൭. മഹാപുരോഹിതരുടെ ന്യായവിസ്താരവും ശിമോന്റെ വീഴ്ചയും.

പട്ടാളവും സഹസ്രാധിപനും യഹൂദരുടെ ഭൃത്യന്മാരും യേശുവെ പിടിച്ചു കെട്ടി, അന്നാ ആ വൎഷത്തെ മഹാപുരോഹിതനായ കയഫാവിന്റെ അമ്മായപ്പൻ ആകകൊണ്ടു, മുമ്പെ അവനടുക്കെ കൊണ്ടു പോയി. കയഫാ എന്നവനോ ജനത്തിന്നു വേണ്ടി ഒരു മനുഷ്യൻ നശിച്ചു പോകുന്നതു ഉപകാരം, എന്നു യഹൂദരോടു ആലോചിച്ചു പറഞ്ഞവൻ തന്നെ. ശിമോൻ പേത്രനും മററെ ശിഷ്യനും യേശുവിൻ പിന്നാലെ ചെല്ലുമ്പോൾ, ആ ശിഷ്യൻ മഹാപുരോഹിതനോടു പരിചയമുള്ളവനാകയാൽ, യേശുവോടു കൂട മഹാപുരോഹിതന്റെ നടുമുററത്തു കടന്നു. പേത്രൻ വാതില്ക്കൽ

പുറത്തു നില്ക്കുമ്പോൾ, മഹാപുരോഹിതനോടു പരിചയമുള്ള മറെറ ശിഷ്യൻ പുറപ്പെട്ടു, വാതില്ക്കാരത്തിയോടു പറഞ്ഞു, പേത്രനെ അകത്തു വരുത്തി. എന്നാറെ വാതിൽ കാക്കുന്ന ബാല്യക്കാരത്തി പേത്രനോടു: പക്ഷെ നീയും ആയാളുടെ ശിഷ്യരിൽ കൂടിയവനോ? എന്നു പറയുന്നു. അല്ല എന്നു അവൻ പറയുന്നു. അന്നു കുളിർ ആകകൊണ്ടു, ദാസരും ഭൃത്യന്മാരും കനൽ കൂട്ടി തീ കാഞ്ഞുകൊണ്ടു നിന്നിരിക്കേ, പേത്രനും അവരോടു കൂട നിന്നു, തീ കാഞ്ഞുകൊണ്ടിരുന്നു. എന്നാറെ മഹാപുരോഹിതൻ യേശുവിനോടു അവന്റെ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ചു ചോദിച്ചപ്പോൾ, യേശു ഉത്തരം ചൊല്ലിയതു: ഞാൻ ലോകത്തോടു പരസ്യത്തിൽ പറഞ്ഞു, പള്ളിയിലും എല്ലാ യഹൂദന്മാരും കൂടുന്ന ദേവാലയത്തിലും ഞാൻ എപ്പോഴും ഉപദേശിച്ചു, രഹസ്യത്തിൽ ഒന്നും ഉരെച്ചതും ഇല്ല. നീ എന്നോടു ചോദിക്കുന്നതു എന്തു? കേട്ടവരോടു ഞാൻ അവരെ കേള്പ്പിച്ചതു എന്തു? എന്നു ചോദിക്ക. കണ്ടാലും ഞാൻ പറഞ്ഞവ അവർ അറിയുന്നു. എന്നു പറഞ്ഞാറെ ഭൃത്യന്മാരിൽ അരികെ നില്ക്കുന്ന ഒരുത്തൻ: മഹാപുരോഹിതനോടു ഇങ്ങിനെ ഉത്തരം ചൊല്ലുന്നുവോ? എന്നു പറഞ്ഞു യേശുവിന്നു കുമ കൊടുത്തു. അതിന്നു യേശു: ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ, ദോഷം എന്നതിന്നു തുമ്പുണ്ടാക്ക, നല്ലവണ്ണം എങ്കിൽ, എന്നെ തല്ലുന്നതു എന്തു? എന്നു പറഞ്ഞു. അന്നാ അവനെ കെട്ടപ്പെട്ടവനായി മഹാപുരോഹിതനായ കയഫാവിൻ അടുക്കെ അയച്ചു.

മഹാപുരോഹിതരും (മൂപ്പന്മാരുമായി) ന്യായാധിപസംഘം ഒക്കെയും യേശുവെ കൊല്ലിക്കേണ്ടതിന്നു, അവന്റെ നേരെ കള്ളസ്സാക്ഷ്യം അന്വേഷിച്ചു പോന്നു, കണ്ടിട്ടില്ല താനും. അനേകർ അവന്റെ നേരെ കള്ളസ്സാക്ഷ്യം ചൊല്ലീട്ടും, സാക്ഷ്യങ്ങൾ ഒത്തില്ല. ഒടുക്കം രണ്ടു കള്ളസ്സാക്ഷികൾ വന്നു പറഞ്ഞിതു: ൟ കൈപ്പണിയായ മന്ദിരത്തെ ഞാൻ അഴിച്ചു, മൂന്നു ദിവസം കൊണ്ടു കൈപ്പണിയല്ലാത്ത മറെറാന്നിനെ എടുപ്പിക്കും, എന്നു ഇവൻ പറയുന്നതു ഞങ്ങൾ കേട്ടു. എന്നിപ്രകാരവും അവരുടെ സാക്ഷ്യം ഒത്തതും ഇല്ല. എന്നിട്ടു മഹാപുരോഹിതൻ എഴുനീറ്റു അവനോടു: നീ ഒരുത്തരവും പറയുന്നില്ലയോ? ഇവർ നിന്റെ നേരെ സാക്ഷ്യം ചൊല്ലുന്നതു

എങ്ങിനെ? എന്നു പറഞ്ഞാറെ, യേശു മിണ്ടാതെ നിന്നു. മഹാപു രോഹിതർ ശാസ്ത്രികൾ മുതലായ ജനമൂപ്പന്മാർ: നീ ക്രിസ്തു എങ്കിൽ ഞങ്ങളോടു പറ! എന്നു ചൊല്ലിയാറെ യേശു: നിങ്ങളോടു പറഞ്ഞാലും, നിങ്ങൾ വിശ്വസിക്കയില്ല; ഞാൻ ചോദിച്ചാലും, എന്നോടു ഉത്തരം ചൊല്ലുകയില്ല വിട്ടയക്കയും ഇല്ല, എന്നു പറഞ്ഞു. മഹാ പുരോഹിതൻ അവനോടു ചൊല്ലിയതു: അനുഗ്രഹിക്കപ്പെട്ട ദൈ വത്തിന്റെ പുത്രനായ ക്രിസ്തു നീ തന്നെയോ? എന്നു ഞങ്ങളോടു പറയേണ്ടതിന്നു ഞാൻ ജീവനുള്ള ദൈവത്തെ ആണയിട്ടു നിന്നോ ടു ചോദിക്കുന്നു. അവനോടു യേശു: നീ പറഞ്ഞുവല്ലോ, ഞാൻ ആകുന്നു! ശേഷം ഞാൻ നിങ്ങളോടു ചൊല്ലുന്നിതു: ഇതു മുതൽ മനുഷ്യപുത്രൻ സർവ്വശക്തിയുടെ വലഭാഗത്തിരിക്കുന്നതും, വാന ത്തിൻ മേഘങ്ങളിന്മേൽ വരുന്നതും നിങ്ങൾ കാണും, എന്നു പറ ഞ്ഞു. ഉടനെ മഹാപുരോഹിതൻ തന്റെ വസ്ത്രങ്ങളെ കീറി: ഇവൻ ദൈവദൂഷണം പറഞ്ഞു, ഇനി സാക്ഷികളെ കൊണ്ടു നമുക്കു എ ന്തു ആവശ്യം? ഇതാ അവന്റെ ദൂഷണം ഇപ്പോൾ കേട്ടുവല്ലോ! നിങ്ങൾക്കു എങ്ങിനെ തോന്നുന്നു? എന്നു പറഞ്ഞപ്പോൾ എല്ലാ വരും അവനെ മരണയോഗ്യൻ എന്നു വിധിച്ചു. (മ. മാ. ലൂ.)

ശിമോൻ പേത്രനോ തീ കാഞ്ഞു നില്ക്കുമ്പോൾ, ഒരു ബാല്യക്കാ രത്തി വന്നു, സമീപത്തു നില്ക്കുന്നവരോടു: ഇവൻ ആ കൂട്ടരിൽ ഉള്ള വനത്രെ, എന്നു പറഞ്ഞു തുടങ്ങി. നീയും അവന്റെ ശിഷ്യരിൽ ഒരുത്തൻ അല്ലയോ? എന്നു ചിലർ അവനോടു പറഞ്ഞാറെ: അല്ല ഞാൻ അവനെ അറിയുന്നില്ല, എന്നു ആണയിട്ടും തള്ളിപ്പറഞ്ഞു. കുറയ പിന്നെതിൽ അരികെ നില്ക്കുന്നവർ അടുത്തു വന്നു പേത്ര നോടു: നീ അവരുടെ കൂട്ടത്തിൽ ആകുന്നു സത്യം; ഗലീലക്കാരൻ തന്നെ, നിന്റെ ഉച്ചാരണം കൂടെ നിന്നെ വെളിവാക്കുന്നുവല്ലോ, എന്നു പറഞ്ഞു. അപ്പോൾ ആ മനുഷ്യനെ അറിയുന്നില്ല, എന്നു പ്രാകുവാനും സത്യം ചെയ്വാനും തുടങ്ങി. ഉടനെ പൂവൻകോഴി രണ്ടാമതും കൂകി; കൎത്താവു തിരിഞ്ഞു പേത്രനെ ഒന്നു നോക്കുകയും ചെയ്തു. പേത്രനും: കോഴി രണ്ടു കുറി കൂകും മുമ്പെ, നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും, എന്നു യേശു തന്നോടു ചൊല്ലിയ മൊഴിയെ ഓൎത്തു, പുറപ്പെട്ടു കൈപ്പോടെ കരകയും ചെയ്തു. (യൊ. മ. മാ. ലൂ.)

യേശുവെ പിടിച്ചു കൊള്ളുന്ന പുരുഷന്മാരോ അവനെ പരിഹസിച്ചു, മുഖത്തു തുപ്പി കുത്തി അടിച്ചു. ചിലരും അവന്റെ മുഖം മൂടി കെട്ടി: ഹേ ക്രിസ്തുവേ, ഞങ്ങളോടു പ്രവചിക്ക നിന്നെ തല്ലിയതു ആർ? എന്നു ചൊല്ലി കുമെക്കയും മറെറ പല ദൂഷണം അവന്റെ നേരെ പറകയും ചെയ്തു.

ഉഷസ്സായപ്പോൾ മഹാപുരോഹിതരും ജനത്തിൻ മൂപ്പന്മാരും ശാസ്ത്രികളുമായി ന്യായാധിപസംഘം ഒക്കയും കൂടി, യേശുവെ കൊല്ലിപ്പാൻ നിരൂപിക്കയും ചെയ്തു. (മ. മാ. ലൂ.)

---

## ൫. പിലാതന്റെ ന്യായവിസ്താരവും വിധിയും. *

നേരം പുലരാനായപ്പോൾ അവർ എല്ലാവരും കൂട്ടമേ എഴനീററു യേശുവിനെ കെട്ടി, കയഫാവിൻ പോക്കൽനിന്നു ആസ്ഥാനത്തിലേക്ക കൊണ്ടു പോയി, നാടുവാഴിയായ പൊന്ത്യപിലാതനിൽ ഏല്പിച്ചു. (യൊ. മ. മാ. ലൂ.)

അപ്പോൾ മരണവിധി ഉണ്ടായതു അവനെ കാണിച്ചു കൊടുത്ത യൂദാ കണ്ടു, അനുതപിച്ചു ആ മുപ്പതു ശേഖലിനെ മഹാപുരോഹിതൎക്കും മൂപ്പന്മാൎക്കും മടക്കി, ഞാൻ കുററമില്ലാത്ത രക്തത്തെ ഏല്പിച്ചു കൊടുക്കയാൽ പിഴെച്ചു, എന്നു പറഞ്ഞു. അതു ഞങ്ങൾക്ക എന്തു? നീ തന്നെ നോക്കിക്കൊൾക, എന്നു അവർ പറഞ്ഞാറെ, അവൻ ആ പണങ്ങളെ മന്ദിരത്തിൽ എറിഞ്ഞു കളഞ്ഞു, വാങ്ങിപ്പോയി കെട്ടി ഞാന്നു മരിച്ചു. മഹാപുരോഹിതർ പണങ്ങളെ എടുത്തു, ഇതു രക്തവില ആകയാൽ കാഴ്ചഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല, എന്നു പറഞ്ഞു. പിന്നെ കൂടി നിരൂപിച്ചു അവകൊണ്ടു പരദേശികളുടെ ശ്മശാനത്തിന്നായി കുശവന്റെ നിലത്തെ കൊണ്ടു; ആകയാൽ ആ നിലത്തിന്നു ഇന്നേ വരേ രക്തനിലം എന്നു പേർ ഉണ്ടായതു. പ്രവാചകനായ യിറമിയാവെക്കൊണ്ടു മൊഴിഞ്ഞതിന്നു അന്നു നിവൃത്തി വന്നു. കൎത്താവു എന്നോടു അരുളിച്ചെയ്തപ്രകാരം: ഇസ്രയേൽപുത്രരിൽ ചിലർ മതിച്ചൊരു മാന

---

* വെള്ളിയാഴ്ച ൭ എപ്രിൽ.

യോഗ്യന്റെ വിലയായി മുപ്പതു ശേഖലിനെ അവർ എടുത്തു കു ശവനിലത്തിന്നായി കൊടുത്തു എന്നത്രെ. (മത്ത. ൨൭.)

യഹൂദരോ തീണ്ടിപ്പോകാതെ പെസഹ തിന്മാനാകുംവണ്ണം ആ സ്ഥാനത്തിൽ പ്രവേശിക്കാതെ നിന്നു. അതുകൊണ്ടു പിലാതൻ അവരുടെ അടുക്കെ പുറത്തു വന്നു: ഈ മനുഷ്യന്റെ നേരെ എന്തു കുററം ബോധിപ്പിക്കുന്നു? എന്നു ചോദിച്ചു. ഇവൻ ദുഷ്പ്രവൃത്തിക്കാ രൻ അല്ല എങ്കിൽ, അവനെ നിങ്കൽ ഏല്പിക്കുമാറില്ലല്ലൊ, എന്നു ഉത്തരം പറഞ്ഞു. പിലാതൻ അവരോടു: നിങ്ങൾ അവനെ കൂട്ടി ക്കൊണ്ടു, നിങ്ങളുടെ ധൎമ്മപ്രകാരം വിധിപ്പിൻ, എന്നു പറഞ്ഞാ റെ, യഹൂദർ അവനോടു: ആരെയും കൊല്ലുന്നതു ഞങ്ങൾക്കു വിഹി തമല്ലല്ലോ, എന്നു പറഞ്ഞു. ഇവ്വണ്ണം താൻ ഇന്ന മരണം മരി ക്കും, എന്നു യേശു സൂചിപ്പിച്ച വചനത്തിന്നു നിവൃത്തി വരികയും ചെയ്തു. (യൊ.)

പിന്നെ മഹാപുരോഹിതരും മൂപ്പന്മാരും: ഇവൻ താൻ ക്രിസ്തു വാകുന്ന ഒരു രാജാവു, എന്നു ചൊല്ലികൊണ്ടു ജാതിയെ മറിച്ചു കളകയും കൈസൎക്കു കരം കൊടുക്കുന്നതു വിരോധിക്കയും ചെയ്യുന്ന പ്രകാരം ഞങ്ങൾ കണ്ടു, എന്നു കുററം ചുമത്തി തുടങ്ങി. ആക യാൽ പിലാതൻ പിന്നെയും ആസ്ഥാനത്തിൽ പുക്കു യേശുവെ വിളിച്ചു: നീ യഹൂദരുടെ രാജാവോ? എന്നു ചോദിച്ചാറെ യേശു ഉ ത്തരം ചൊല്ലിയതു: ഇതു നീ സ്വയമായി പറയുന്നുവോ? മററുള്ള വർ എന്നെക്കൊണ്ടു നിന്നോടു ബോധിപ്പിച്ചിട്ടോ? പിലാതൻ: ഞാൻ യഹൂദനോ? നിന്റെ ജനവും മഹാപുരോഹിതരും നിന്നെ എങ്കൽ ഏല്പിച്ചു; നീ എന്തു ചെയ്തു? എന്നു എതിരെ പറഞ്ഞ പ്പോൾ, യേശു ഉത്തരം ചൊല്ലിയതു: എന്റെ രാജ്യം ഈ ലോക ത്തിൽനിന്നുള്ളതല്ല, എന്റെ രാജ്യം ഇഹലോകത്തിൽനിന്നു, എ ന്നു വരികിൽ, എന്റെ ഭൃത്യന്മാർ, ഞാൻ യഹൂദരിൽ ഏല്പിക്കപ്പെ ടാതവണ്ണം പോരാടുകയായിരുന്നുവല്ലോ; എന്നിട്ടു എന്റെ രാജ്യം ഇ വിടെനിന്നല്ല സ്പഷ്ടം. പിലാതൻ അവനോടു: പിന്നെ നീ രാജാവ ല്ലോ? എന്നു പറഞ്ഞാറെ, യേശു ഉത്തരം ചൊല്ലിയതു: നീ പറയു ന്നു, ഞാൻ രാജാവാകുന്നു സത്യം. സത്യത്തിന്നു സാക്ഷി നില്ക്കേ ണ്ടതിന്നു ഞാൻ ജനിച്ചിരിക്കുന്നു, ഇതിന്നായി ലോകത്തിൽ വന്നും

ഇരിക്കുന്നു. സത്യത്തിൽനിന്നു ഉള്ളവൻ എല്ലാം എന്റെ ശബ്ദം കേൾക്കുന്നു. പിലാതൻ അവനോടു: സത്യം എന്തു? എന്നു പറഞ്ഞു. പിന്നെയും യഹൂദരുടെ അടുക്കെ പുറത്തു പോയി, അവരോടു പറഞ്ഞിതു: ഈ മനുഷ്യനിൽ ഞാൻ കുററം ഒന്നും കാണുന്നില്ല. (യൊ. ലൂ. ൨൩. ൪. ൫.)

മഹാപുരോഹിതർ അവനിൽ ഏറിയോന്നു ചുമത്തുമ്പോൾ, പിലാതൻ പിന്നെയും അവനോടു ചോദിച്ചിതു: നീ ഒരുത്തരവും പറയുന്നില്ലയൊ? നിന്റെ നേരെ എത്ര സാക്ഷ്യം ചൊല്ലുന്നു, എന്നു കേൾക്കുന്നില്ലയോ? അവനോ ഒരു മൊഴിക്കും ഉത്തരം ചൊല്ലായ്കയാൽ, നാടുവാഴി അത്യന്തം ആശ്ചൎയ്യപ്പെട്ടു. (മാ. ൧൫. ൪.)

അവൻ ഗലീലയിൽ തുടങ്ങി യഹൂദയിൽ എങ്ങും ഇവിടത്തോളവും പഠിപ്പിച്ചും കൊണ്ടു ജനത്തെ ഇളക്കുന്നു, എന്നു അവർ നിഷ്കൎഷിച്ചു ചൊല്ലിയപ്പോൾ, പിലാതൻ ഗലീല എന്നതു കേട്ടിട്ടു: ഠരം മനുഷ്യൻ ഗലീലക്കാരനോ? എന്നു ചോദിച്ചു. ഹെരോദാവിന്റെ അധികാരത്തിൽ ഉൾപ്പെട്ടവൻ, എന്നറിഞ്ഞ ഉടനെ, ആ നാളുകളിൽ യരുശലേമിൽ വന്നു പാൎക്കുന്ന ഹെരോദാവിന്റെ അടുക്കൽ അവനെ അയച്ചു. ഹെരോദാ യേശുവെ കൊണ്ടു വളരെ കേൾക്കയാൽ, അവനെ കാണ്മാൻ ഇച്ശിച്ചതല്ലാതെ, അവനാൽ വല്ല അടയാളവും ഉണ്ടാകുന്നതു കാണും, എന്നു ആശിച്ചും കൊണ്ടു യേശുവെ കണ്ടിട്ടു വളരെ സന്തോഷിച്ചു. ഏറിയ വാക്കുകളാൽ ചോദിച്ചാറെയും, അവൻ അവനോടു ഉത്തരം പറഞ്ഞതും ഇല്ല. അവനിൽ മഹാപുരോഹിതരും ശാസ്ത്രികളും കടുമയോടെ കുററം ചുമത്തി നില്ക്കുമ്പോൾ, ഹെരോദാ തന്റെ പടയാളികളുമായി അവനെ പരിഹസിച്ചു നിസ്സാരനാക്കി, വെളുത്തവസ്ത്രം ഉടുപ്പിച്ചു പിലാതനു മടങ്ങി അയച്ചു. പിലാതനും ഹെരോദാവും മുമ്പെ അന്യോന്യം പക ഭാവിച്ച ശേഷം, അന്നു ഇണങ്ങി സ്നേഹിതരായ്തീൎന്നു. (ലൂ.)

പിലാതൻ മഹാപുരോഹിതരെയും ശാസ്ത്രികളെയും ജനത്തെയും കൂടെ വരുത്തി: നിങ്ങൾ ഈ മനുഷ്യനെ ജാതിയെ മത്സരിപ്പിക്കുന്നവൻ എന്നു വെച്ചു ഇങ്ങു കൊണ്ടു വന്നു. ഞാനോ ഇതാ, നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും, നിങ്ങൾ ചുമത്തിയ കുററങ്ങൾ

ഒന്നും ഇവനിൽ കണ്ടിട്ടില്ല, ഹെരോദാവും കണ്ടില്ല. അവനെറ അടുക്കെ നിങ്ങളെ അയച്ചു, എന്നിട്ടും മരണയോഗ്യമായതു ഒന്നും ഇവൻ പ്രവൃത്തിച്ചു, എന്നു വന്നില്ലല്ലോ. അതുകൊണ്ടു അവനെ ശിക്ഷിച്ചു വിട്ടു തരാം, എന്നു പറഞ്ഞു. (ലൂ.)

ഉത്സവന്തോറും പുരുഷാരത്തിന്നു തെളിഞ്ഞ ഒരു ചങ്ങലക്കാരനെ വിട്ടുകൊടുക്കുന്നതു നാടുവാഴിക്കു മൎയ്യാദ ആയിരുന്നു. അന്നു ബറബ്ബാ എന്നു ചൊല്ലപ്പെട്ടൊരു ഒരു ചങ്ങലക്കാരൻ അവൎക്കു ഉണ്ടായിരുന്നു. അവൻ മററവരുമായി കലഹിച്ചു, നഗരത്തിൽ തന്നെ കുല ചെയ്കതിനാൽ തടവിൽ ആക്കപ്പെട്ടവൻ. പിന്നെ പുരുഷാരം കരേറിവന്നു, അവൻ തങ്ങളോടു നിത്യം ചെയ്യുമ്പോലെ ചെയ്യേണം, എന്നു യാചിച്ചു തുടങ്ങി. അതുകൊണ്ടു ജനങ്ങൾ കൂടി വന്നപ്പോൾ പിലാതൻ അവരോടു: പെസഹയിൽ നിങ്ങൾക്കു ഒരുത്തനെ വിട്ടു കൊടുക്കുന്നതു മൎയ്യാദ ആകുന്നുവല്ലൊ, ബറബ്ബാ എന്നവനൊ ക്രിസ്തു എന്നുള്ള യേശുവോ, ആരെ നിങ്ങൾക്കു വിട്ടു തരേണ്ടതു? എന്നു പറഞ്ഞു. മഹാപുരോഹിതർ അസൂയകൊണ്ടു അവനെ ഏല്പിച്ചതു തനിക്കു ബോധിക്കയാൽ അത്രെ. പിന്നെ ന്യായാസനത്തിൽ ഇരുന്നപ്പോൾ, അവനെറ ഭാൎയ്യ ആളയച്ചു: നീയും ആ നീതിമാനുമായി ഇടപെടരുതേ, അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ പാടുപെട്ടു, എന്നു പറയിച്ചു. (മ. മാ. ലൂ.)

എന്നാറെ ബറബ്ബാവെ ചോദിപ്പാനും യേശുവെ സംഹരിപ്പാനും മഹാപുരോഹിതരും മൂപ്പന്മാരും പുരുഷാരങ്ങളെ ഇളക്കി സമ്മതിപ്പിച്ചു. പിന്നെ നാടുവാഴി അവരോടു: ഈ ഇരുവരിൽ ഏവനെ നിങ്ങൾക്കു വിടുവിപ്പാൻ ഇച്ഛിക്കുന്നു? എന്നു പറഞ്ഞു തുടങ്ങിയാറെ: ഇവനെ നീക്കിക്കളക, ഞങ്ങൾക്കു ബറബ്ബാവെ വിട്ടുതരേണം, എന്നു ഒക്ക ആൎത്തു വിളിച്ചു. പിലാതൻ യേശുവെ വിടുവിപ്പാൻ മനസ്സാകകൊണ്ടു, പിന്നെയും അവരോടു വിളിച്ചു പറഞ്ഞു: എന്നാൽ ക്രിസ്തു എന്നുള്ള യേശുവെ എന്തു ചെയ്യേണ്ടു? എന്നാറെ അവനെ കുരിശിക്ക കുരിശിക്ക, എന്നു അവർ എതിരെ വിളിച്ചു. മൂന്നാമതും അവരോടു: അവൻ ചെയ്ത ദോഷം എന്തു? മരണയോഗ്യമായതു ഒന്നും അവനിൽ കണ്ടിട്ടില്ല, അതുകൊണ്ടു അവനെ ശിക്ഷിച്ചു വിട്ടുതരട്ടെ, എന്നു പറഞ്ഞാറെ, അവൻ കുരിശിക്കപ്പെടേണ്ടതിന്നു

അവർ ചോദിച്ചു ഉറക്കെ ശബ്ദിച്ചു പോന്നു. അവരുടെയും മഹാപുരോഹിതരുടെയും ശബ്ദങ്ങൾ പ്രബലപ്പെട്ടു. (മ. മാ. ലൂ.)

അപ്പോൾ പിലാതൻ യേശുവിനെ കൂട്ടിക്കൊണ്ടു വാറുകൊണ്ടു അടിപ്പിക്കയും ചെയ്തു. നാടുവാഴിയുടെ സേവകർ യേശുവെ ആസ്ഥാനത്തിലേക്കു കൊണ്ടുപോയി, പട്ടാളം എല്ലാം അവനെക്കൊള്ളെ വരുത്തി, അവന്റെ വസ്ത്രം നീക്കി, ചുവന്ന പുതപ്പു ഇട്ടു, മുള്ളുകൾകൊണ്ടു കിരീടം മെടഞ്ഞു അവന്റെ തലയിലും, വലത്തെ കൈയിൽ ഒരു ചൂരല്ക്കോലും ആക്കി, അവന്മുമ്പിൽ മുട്ടുകുത്തി: യഹൂദരുടെ രാജാവേ വാഴ്ക, എന്നു പരിഹസിച്ചു വന്ദിച്ചു, കുമകൊടുത്തു തുപ്പി, ചൂരൽ എടുത്തു അവന്റെ തലയിൽ അടിക്കയും ചെയ്തു. (യൊ. മ. മാ.)

പിലാതൻ പിന്നെയും പുറത്തു വന്നു: ഞാൻ അവനിൽ കുററം കാണുന്നില്ല, എന്നു നിങ്ങൾ അറിയേണ്ടതിന്നു അവനെ നിങ്ങൾക്കു ഇതാ പുറത്തു കൊണ്ടു വരുന്നു, എന്നു അവരോടു പറഞ്ഞു. ഉടനെ യേശു മുള്ളിൻ കിരീടവും ചുവന്ന പുതെപ്പും കൊണ്ടു പുറത്തു വന്നപ്പൊൾ: ആ മനുഷ്യൻ ഇതാ, എന്നു അവരോടു പറയുന്നു. എന്നാറെ മഹാപുരോഹിതരും ഭൃത്യന്മാരും അവനെ കണ്ടപ്പോൾ: കുരിശിക്ക അവനെ കുരിശിക്ക, എന്നു ആൎത്തു പോയി. പിലാതൻ അവരോടു: നിങ്ങൾ അവനെ കൊണ്ടു പോയി കുരിശിപ്പിൻ; ഞാനോ കുററം അവനിൽ കാണുന്നില്ല, എന്നു പറയുന്നു. യഹൂദർ അവനോടു ഉത്തരം ചൊല്ലിയതു: ഞങ്ങൾക്കു ഒരു ധൎമ്മം ഉണ്ടു. അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതു കൊണ്ടു, ഞങ്ങളുടെ ധൎമ്മപ്രകാരം അവൻ മരിക്കേണ്ടതു. എന്നുള്ള വാക്കു പിലാതൻ കേട്ടു, ഏററം ഭയപ്പെട്ടു, പിന്നെയും ആസ്ഥാനത്തിൽ ചെന്നു: നീ എവിടെ നിന്നു ആകുന്നു? എന്നു യേശുവിനോടു പറയുന്നു. യേശു അവനു ഉത്തരം കൊടുത്തില്ല. പിലാതൻ അവനോടു പറയുന്നു: നീ എന്നോടു സംസാരിക്കുന്നില്ലയോ? നിന്നെ കുരിശിപ്പാൻ അധികാരവും, നിന്നെ അഴിച്ചു വിടുവാൻ അധികാരവും എനിക്കു ഉണ്ടു, എന്നു അറിയുന്നില്ലയോ? യേശു ഉത്തരം ചൊല്ലിയതു: മേലിൽനിന്നു നിനക്കു തരപ്പെട്ടിട്ടില്ല എങ്കിൽ, എന്റെ നേരെ നിനക്കു ഒർ അധികാരവും ഇല്ല. ആയതുകൊണ്ടു നിന്നിൽ എന്നെ ഏല്പിച്ചവനു അധികം പാ

ഷം ഉണ്ടു. അന്നു മുതൽ പിലാതൻ അവനെ വിട്ടുവിപ്പാൻ അ ന്വേഷിച്ചു. യഹൂദരോ: നീ ഇവനെ വിട്ടുവിച്ചാൽ കൈസരുടെ സ്നേ ഹിതനല്ല, തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മറുക്കുന്നുവല്ലോ, എന്നു ആൎത്തു പറഞ്ഞു. ആ വചനം പിലാതൻ കേട്ടു, യേശുവെ പുറത്തു വരുത്തി, എബ്രായഭാഷയിൽ ഗബ്ബഥ എ ന്നു ചൊല്ലുന്ന കല്ത്തളമാകുന്ന സ്ഥലത്തു ന്യായാസനത്തിൽ ഇരുന്നു കൊണ്ടു, പെസഹയുടെ വെള്ളിയാഴ്ച ഏകദേശം ആറു മണിക്കു യ ഹൂദരോടു: ഇതാ നിങ്ങളുടെ രാജാവെന്നു പറയുന്നു. നീക്കിക്കള അവ നെ നീക്കിക്കള ക്രൂശിക്ക, എന്നു അവർ ആൎത്തു കൂക്കിയപ്പോൾ, നി ങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കയൊ? എന്നു പിലാതൻ അവ രോടു പറയുന്നു. മഹാപുരോഹിതന്മാർ: ഞങ്ങൾക്കു കൈസർ ഒഴി കെ രാജാവില്ല, എന്നു ഉത്തരം പറഞ്ഞപ്പോൾ, അവനെ ക്രൂശിക്കേ ണ്ടതിന്നു അവൎക്കു ഏല്പിച്ചു. (യൊ.)

പിലാതൻ താൻ ഏതും സാധിക്കുന്നില്ല എന്നും, ആരവാരം അ ധികം ആകുന്നു എന്നും കണ്ടു, വെള്ളം വരുത്തി പുരുഷാരത്തിന്നു മുമ്പാകെ കൈകളെ കഴുകി. ഈ നീതിമാന്റെ രക്തത്തിൽ എനി ക്കു കുററം ഇല്ല, നിങ്ങൾ തന്നെ നോക്കുവിൻ, എന്നു പറഞ്ഞു. ജനം ഒക്കയും ഉത്തരം പറഞ്ഞിതു: അവന്റെ രക്തം ഞങ്ങളുടെ മേലും, ഞങ്ങളുടെ മക്കളുടെ മേലും വരിക. എന്നാറെ പിലാതൻ പുരുഷാര ത്തിന്നു അലമ്മതി വരുത്തുവാൻ നിശ്ചയിച്ചു, അവരുടെ ചോദ്യം പോലെ ആക, എന്നു വിധിച്ചു; കലഹവും കുലയും ഹേതുവായി തടവിലായവനെ അവർ അപേക്ഷിക്കയാൽ വിട്ടു കൊടുത്തു, യേ ശുവെ ക്രൂശിപ്പാൻ അവരുടെ ഇഷ്ടത്തിൽ ഏല്പിച്ചു വിടുകയും ചെ യ്തു. (മ. മാ. ലൂ.)

---

## ൯. ക്രൂശാരോഹണവും മരണവും.

അവനെ പരിഹസിച്ച ശേഷം, ചുവന്ന അങ്കിയെ നീക്കി, സ്വ ന്ത വസ്ത്രങ്ങളെ ഉടുപ്പിച്ചു, അവനെ ക്രൂശിപ്പാൻ കൊണ്ടു പോകു മ്പോൾ, അവൻ തന്റെ ക്രൂശിനെ ചുമന്നു കൊണ്ടു, എബ്രായർ ഗൊല്ഗഥാ എന്നു ചൊല്ലുന്ന തലയോടിടത്തേക്കു പുറത്തു പോയി. പിന്നെ നാട്ടിൽനിന്നു വന്നു കടന്നു പോരുന്ന കുറെനയിലെ ശിമോൻ,

എന്ന അലക്സന്തർ രൂഫൻ എന്നവരുടെ അപ്പനെ അവന്റെ കുരിശിനെ ചുമപ്പാൻ നിൎബ്ബന്ധിച്ചു, കുരിശിനെ ചുമപ്പിച്ചു വെച്ചു, അവനെ യേശുവിന്റെ വഴിയെ നടക്കുമാറാക്കി. (മ. മാ. ലൂ. യൊ.)

അതു കൂടാതെ വലിയ ജനസമൂഹവും അവനെ ചൊല്ലി തൊഴിച്ചു മുറയിടുന്ന സ്ത്രീകളും അവന്റെ പിന്നാലെ നടന്നു. ആയവരുടെ നേരെ യേശു തിരിഞ്ഞു: യരുശലേംപുത്രിമാരേ, എന്നെ അല്ല, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ. എന്തിന്നു എന്നാൽ മച്ചിമാരും പെറാത്ത ഉദരങ്ങളും കുടിപ്പിക്കാത്ത മുലകളും ധന്യമാർ തന്നെ, എന്നു ചൊല്ലുന്ന നാളുകൾ ഇതാ വരുന്നു, അന്നു മലകളോടു: ഞങ്ങളുടെ മേൽ വീഴുവിൻ എന്നും, കുന്നുകളോടു: ഞങ്ങളെ മറെപ്പിൻ എന്നും പറഞ്ഞുതുടങ്ങും! എന്തെന്നാൽ പച്ചമരത്തിൽ ഈ വക ചെയ്താൽ ഉണങ്ങിയതിൽ എന്തുണ്ടാകും? എന്നു പറഞ്ഞു. മറ്റു രണ്ടു ദുഷ്പ്രവൃത്തിക്കാരും അവനോടു കൂടെ കൊല്ലുവാൻ കൊണ്ടു പോകപ്പെട്ടു. (ലൂ.)

ഗൊല്ഗഥയിൽ എത്തിയപ്പോൾ പിത്തം കലക്കിയ വീഞ്ഞു അവന്നു കുടിപ്പാൻ കൊടുത്തു. ആയതു രുചി നോക്കിയാറെ കുടിപ്പാൻ മനസ്സില്ലാഞ്ഞു വാങ്ങീട്ടില്ല. അവനെ കുരിശിക്കുമ്പോൾ മൂന്നാം മണിനേരമായി. അവനോടു കൂട രണ്ടു കള്ളന്മാരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തും കുരിശിച്ചു. ദ്രോഹികളോടും എണ്ണപ്പെട്ടു, എന്നുള്ള വേദവാക്യം നിവൃത്തിയാകയും ചെയ്തു. (മ. മാ.)

യേശു പറഞ്ഞു: പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നറിയായ്കകൊണ്ടു, അവൎക്ക ക്ഷമിച്ചു വിടേണമേ. (ലൂ.)

അവന്റെ തലെക്കു മീതെ അവന്റെ കുറ്റത്തിന്റെ സംഗതിയെ എഴുതിവെച്ചിരുന്നു. പിലാതൻ ആകട്ടെ ഒരു സൂചകം എഴുതി കുരിശിന്മേൽ പതിപ്പിച്ചു; അതിൽ നസറയ്യനായ യേശു യഹൂദരുടെ രാജാവു, എന്നു വരെച്ചിട്ടുണ്ടു. യേശുവെ കുരിശിച്ച സ്ഥലം നഗരത്തിന്നു സമീപമാകയാൽ, എബ്രായ, യവന, രോമ ഈ മൂന്നു വക അക്ഷരങ്ങൾ കൊണ്ടും എഴുതീട്ടുള്ള സൂചകത്തെ അനേക യഹൂദന്മാർ വായിച്ചു. പിന്നെ യഹൂദന്മാരുടെ മഹാപുരോഹിതന്മാർ പിലാതനോടു പറഞ്ഞു: യഹൂദരാജാവു എന്നല്ല, ഞാൻ യഹൂദരാജാവു, എന്നു അവൻ പറഞ്ഞതു, എന്നത്രേ എഴുതേണ്ടതു.

എന്നാറെ പിലാതൻ ഞാൻ എഴുതിയതു എഴുതീട്ടുണ്ടു, എന്നു ഉത്തരം പറഞ്ഞു. (യൊ. മ. മാ. ലൂ.)

സേവകർ യേശുവെ കുരിശിച്ച ശേഷം അവന്റെ വസ്ത്രങ്ങളെ എടുത്തു, ഓരോ സേവകനു ഓരോ പങ്കായിട്ടു നാലംശമാക്കി; ഉള്ളങ്കിയെ എടുത്തു, മീത്തലോട്ടു അടിയോളം തുന്നൽ അല്ലാതെ മുറ്റും നെയ്ത്തുപണിയായതു കണ്ടു: ഇതു നാം കീറല്ല, ആൎക്കു വരും എന്നു ചീട്ടു ഇടുക, എന്നു തമ്മിൽ പറഞ്ഞു. തങ്ങളിൽ എന്റെ വസ്ത്രങ്ങളെ പകുത്തു, എന്റെ തുണിമേൽ ചീട്ടും ഇട്ടു, എന്നുള്ള തിരുവെഴുത്തിന്നു നിവൃത്തി വരുവാൻ സേവകർ ഇവ ചെയ്തതു. പിന്നെ അവിടെ ഇരുന്നുകൊണ്ടു അവനെ കാത്തു. (യൊ. മ. മാ. ലൂ.)

ജനം നോക്കി നില്ക്കയല്ലാതെ കടന്നു പോകുന്നവർ തലകളെ കുലുക്കി, അവനെ ദുഷിച്ചു പറഞ്ഞിതു: ഹോ മന്ദിരത്തെ മൂന്നു നാളുകൊണ്ടു പണിയുന്നവനേ, നിന്നെ തന്നെ രക്ഷിക്ക, നീ ദൈവപുത്രൻ എങ്കിൽ കുരിശിൽനിന്നു ഇറങ്ങി വാ. എന്നതിന്നു ഒത്തവണ്ണം മഹാപുരോഹിതരും ശാസ്ത്രികൾ മൂപ്പന്മാരുമായി പരിഹസിച്ചു പറഞ്ഞിതു: ഇവൻ മറ്റവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല. അവൻ ദൈവം തെരിഞ്ഞെടുത്ത ഇസ്രയേൽ രാജാവെങ്കിൽ, ഇപ്പോൾ കുരിശിൽനിന്നു ഇറങ്ങി വരട്ടെ. എന്നാൽ നാം അവനിൽ വിശ്വസിക്കും. ഞാൻ ദൈവപുത്രൻ, എന്നു ചൊല്ലിക്കൊണ്ടു അവൻ ദൈവത്തിൽ ആശ്രയിച്ചുവല്ലൊ. ആയവൻ അവനെ ഇച്ഛിക്കുന്നു എങ്കിൽ ഇപ്പോൾ ഉദ്ധരിക്കട്ടെ, എന്നു പഴിച്ചു പറഞ്ഞു. പടജ്ജനങ്ങളും അടുത്തു വന്നു കാടികൊണ്ടു കാണിച്ചു: നീ യഹൂദരുടെ രാജാവായാൽ നിന്നെത്തന്നെ രക്ഷിക്ക, എന്നു അവനെ പരിഹസിച്ചു. (മ. മാ. ലൂ.)

ഒരുമിച്ചു തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ: നീ ക്രിസ്തു എങ്കിൽ, നിന്നെയും ഞങ്ങളെയും രക്ഷിക്ക, എന്നു അവനെ ദുഷിച്ചപ്പോൾ, മറ്റവൻ അവനെ ശാസിച്ചു: നീ ഈ ശിക്ഷാവിധിയിൽ തന്നേ ആയിട്ടും, ദൈവത്തെ ഭയപ്പെടാതിരിക്കുന്നുവൊ? നാമോ ന്യായപ്രകാരം സത്യം. നാം ചെയ്തതിന്നു യോഗ്യമായതു കിട്ടിപ്പോയല്ലൊ: ഇവനൊ പറ്റാത്തതു ഒന്നും ചെയ്തില്ല, എന്നു ഉത്തരം ചൊല്ലി; കൎത്താവേ, നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ എന്നെ

ഓൎക്കേണമേ, എന്നു യേശുവോടു പറഞ്ഞു. യേശു അവനോടു: ആമെൻ ഞാൻ നിന്നോടു ചൊല്ലുന്നിതു, ഇന്നു നീ എന്നോടു കൂടെ പരദീസയിൽ ഇരിക്കും, എന്നു പറകയും ചെയ്തു. (ലൂ.)

യേശുവിൻ കുരിശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും അല്ഫായുടെ മറിയയും മഗദലക്കാരത്തി മറിയയും നിന്നുകൊണ്ടിരിക്കേ, യേശു അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും നില്ക്കുന്നതു കണ്ടു: "സ്ത്രീയേ, കണ്ടാലും നിന്റെ മകൻ" എന്നു തന്റെ അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോടു: "കണ്ടാലും നിന്റെ അമ്മ" എന്നു പറഞ്ഞു. ആ നാഴിക മുതൽ ശിഷ്യൻ അവളെ തന്നിടത്തിലേക്കു കൈക്കൊണ്ടു.

ഏകദേശം ആറാം മണി നേരമായപ്പോൾ ഒമ്പതാം മണിവരെയും ആ ദേശത്തിൽ ഒക്കെയും അന്ധകാരം ഉണ്ടായി, സൂൎയ്യൻ ഇരുണ്ടു. ഏകദേശം ഒമ്പതാം മണിക്കു യേശു: "ഏലി, ഏലി, ലമാ ശബക്താനി?" എന്നു മഹാശബ്ദത്തോടെ വിളിച്ചു, അതു "എൻ ദൈവമേ, എൻ ദൈവമേ, നീ എന്നെ കൈ വിട്ടതു എന്തു?" എന്നാകുന്നു. അവിടെ നില്ക്കുന്നവരിൽ ചിലർ കേട്ടിട്ടു: ഇവൻ ഏലിയാവെ വിളിക്കുന്നു, എന്നു പറഞ്ഞു. (മ. മാ. ലൂ.)

അതിൽ പിന്നെ സകലവും തികെഞ്ഞു വന്നു, എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്തിന്നു നിവൃത്തിയാവാൻ: "എനിക്കു ദാഹിക്കുന്നു!" എന്നു പറയുന്നു. അവിടെ കാടിനിറഞ്ഞ പാത്രം ഉണ്ടു. ഉടനെ അവരിൽ ഒരുത്തൻ ഒരു സ്പോങ്ങു എടുത്തു, കാടികൊണ്ടു നിറെച്ചു, ഓടമേലാക്കി അവനെ കുടിപ്പിച്ചു. ശേഷിച്ചവർ: വിടു ഏലിയാ അവനെ രക്ഷിപ്പാൻ വരുന്നുവോ നോക്കട്ടേ എന്നു പറഞ്ഞു. യേശു കാടി സേവിച്ചിട്ടു: "നിവൃത്തിയായി!" എന്നു ചൊല്ലി. "പിതാവേ, നിന്റെ കൈകളിൽ എൻ ആത്മാവെ ഏല്പിക്കുന്നു!" എന്നു ഉരത്ത ശബ്ദത്തോടെ വിളിച്ചു. ഉടനെ തല ചാച്ചു പ്രാണനെ വിട്ടു. (യൊ. ലൂ. മ. മാ.)

അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേലോട്ടു അടിയോളവും ചീന്തിപ്പോയി, ഭൂമി കുലുങ്ങി, പാറകൾ പിളൎന്നു, തറകളും തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധരുടെ ഉടലുകൾ പലതും ഉണൎന്നുവരികയും അവന്റെ ഉയിൎപ്പിൽ പിന്നെ കല്ലറകളെ വിട്ടു,

വിശുദ്ധനഗരത്തിൽ പ്രവേശിച്ചു പലൎക്കും കാണാകയും ചെയ്തു. (മ. മാ. ലൂ.)

ശതാധിപനും അവനോടു കൂടെ യേശുവെ കാത്തുനില്ക്കുന്ന വരും ഭൂകമ്പവും, അവൻ ഇങ്ങിനെ നിലവിളിച്ചുംകൊണ്ടു കഴിഞ്ഞതും കണ്ടിട്ടു: ഇവൻ ഉള്ളവണ്ണം നീതിമാനും ദൈവപുത്രനമായതു സത്യം, എന്നു ചൊല്ലി ഏററം ഭയപ്പെട്ടു ദൈവത്തെ മഹത്വപ്പെടുത്തി. ആ കാഴ്ചെക്ക കൂടിയ പുരുഷാരങ്ങളും എല്ലാം സംഭവിച്ചവ നോക്കിക്കൊണ്ടു മാറത്തടിച്ചു മടങ്ങി പോയി. (മ. മാ. ലൂ.)

അവന്റെ പരിചയക്കാരും എല്ലാം ഗലീലയിൽനിന്നു യേശുവെ ശുശ്രൂഷിച്ചും കൊണ്ടു പിഞ്ചെന്ന പല സ്ത്രീകളും ഇവ കണ്ടു കൊണ്ടു ദൂരത്തുനിന്നു. അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാക്കോബു യോസെ എന്നവരുടെ അമ്മയായ മറിയയും സബെദി പുത്രന്മാരുടെ അമ്മയും ഉണ്ടു. (മ. മാ. ലൂ.)

എന്നാറെ അന്നു ഒരുമ്പാടാഴ്ചയും വരുന്ന ശാബ്ബതനാൾ വലിയതും ആകകൊണ്ടു ആ ഉടലുകൾ ശാബ്ബതിൽ കുരിശിന്മേൽ ഇരിക്കരുതു എന്നു വെച്ചു, അവരുടെ തുടകളെ ഒടിച്ചു, ഉടലുകൾ എടുപ്പിക്കേണം, എന്നു യഹൂദർ പിലാതനോടു ചോദിച്ചു. അതുകൊണ്ടു ചേകവർ വന്നു, ഒന്നാമനും അവനോടു കൂടെ കുരിശിക്കപ്പെട്ട മറേറവനും തുടകളെ ഒടിച്ചു. പിന്നെ യേശുവിന്നടുക്കെ വന്നു, അവൻ മരിച്ച പ്രകാരം കണ്ടു തുടകളെ ഒടിച്ചില്ല. ചേകവരിൽ ഒരുത്തൻ കുന്തംകൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി, ഉടനെ രക്തവും വെള്ളവും പുറപ്പെട്ടുകയും ചെയ്തു. ഇതിന്നു കണ്ടിട്ടുള്ളവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യമുള്ളതു തന്നെ. നിങ്ങളും വിശ്വസിക്കേണ്ടതിന്നു താൻ ഉള്ളവ തന്നേ പറയുന്നു, എന്നു അവൻ അറിഞ്ഞും ഇരിക്കുന്നു. എന്തെന്നാൽ "അവന്റെ അസ്ഥി ഒടികയും ഇല്ല". എന്നുള്ള തിരുവെഴുത്തു പൂരിക്കേണ്ടതിന്നു ഇവ സംഭവിച്ചു. പിന്നെ "അവർ കുത്തിയവങ്കലേക്ക നോക്കും" എന്നു മറെറാർ എഴുത്തു പറയുന്നു. (യൊ.)

## ൯. ശവസംസ്കാരം.

സന്ധ്യയായപ്പോൾ തന്നെ ശാബ്ബതിൻ തലനാൾ ആകുന്ന വെള്ളിയാഴ്ച ആകകൊണ്ടു, യഹൂദരുടെ ഊരായ അറിമത്ഥ്യയിൽനിന്നു യോസേഫ, എന്ന ധനവാനും കുലീനനുമായ മന്ത്രി വന്നു. ആയവൻ നീതിയുള്ള നല്ലൊരു പുരുഷനായതു കൊണ്ടു, താനും ദൈവരാജ്യത്തെ കാത്തു കൊള്ളുന്നവനും അവർ മന്ത്രിച്ചതും പ്രവൃത്തിച്ചതും സമ്മതിക്കാതെ നിന്നവനും ആയതല്ലാതെ, യേശുവിൻ ശിഷ്യനും ആയി യഹൂദരെ ഭയം ഹേതുവായി മറഞ്ഞിരുന്നവൻ തന്നെ. ആയവൻ പിലാതൻ ഉള്ളതിൽ ധൈര്യത്തോടെ കടന്നു, യേശുവിന്റെ ഉടൽ ചോദിച്ചു. അവൻ അപ്പോഴെ മരിച്ചുവോ, എന്നു പിലാതൻ ആശ്ചൎയ്യപ്പെട്ടു, ശതാധിപനെ വരുത്തി: അവൻ മരിച്ചിട്ടു അധികം നേരമായൊ? എന്നു ചോദിച്ചു. ശതാധിപനോടു വസ്തുത അറിഞ്ഞു, ഉടൽ യോസേഫിന്നു സമ്മാനിച്ചു. ആയവൻ ശുദ്ധശീല വാങ്ങി ഉടൽ ഇറക്കി. ആദ്യം രാത്രിയിൽ യേശുവിന്നടുക്കെ വന്ന നിക്കോദേമനും കൂടെ കണ്ടിവെണ്ണയും അകിലും വിരകിയ കൂട്ടു നൂറു റാത്തലോളം കൊണ്ടുവന്നു എത്തി. ആയവർ യേശുവിൻ ഉടൽ കൈക്കൊണ്ടു, യഹൂദർ കുഴിച്ചിടുന്ന മൎയ്യാദപ്രകാരം അതിനെ സുഗന്ധവൎഗ്ഗങ്ങൾ ചേൎത്തു, തുണികൾ ചുററി കെട്ടി. (മ. മാ. ലൂ. യൊ.)

അവനെ കുരിശിച്ച സ്ഥലത്തു തന്നെ ഒരു തോട്ടവും തോട്ടത്തിൽ മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത കല്ലറയും ഉണ്ടു. അതു യോസേഫ താൻ മുമ്പേ തനിക്കു പാറയിൽ വെട്ടിച്ചൊരു പുതു കല്ലറ തന്നെ; ആ കല്ലറ സമീപം ആകകൊണ്ടു അവർ യഹൂദരുടെ ഒരുമ്പാടാഴ്ച വിചാരിച്ചു, യേശുവിനെ അവിടെ വെച്ചു. ഗലീലയിൽനിന്നു അവനോടു കൂടെ പോന്ന സ്ത്രീകളും പിഞ്ചെന്നു, കല്ലറയും അവന്റെ ഉടൽ വെച്ച പ്രകാരവും നോക്കിയ ശേഷം, മടങ്ങി പോയി സുഗന്ധവൎഗ്ഗങ്ങളും തൈലങ്ങളും ഒരുക്കി, ശാബ്ബതിൽ കല്പനപ്രകാരം സ്വസ്ഥമായി പാൎത്തു. അപ്പോൾ ശാബ്ബതുദിക്കും നേരമായി. യോസേഫ അറയുടെ വാതില്ക്കു വലിയ കല്ലു ഉരുട്ടി വെച്ചിട്ടു പോകയും ചെയ്തു. (യൊ. മ. മാ. ലൂ.)

വെള്ളിയാഴ്ചെക്കു പിറേറ ദിവസം മഹാപുരോഹിതരും പറീശരും പിലാതന്റെ അടുക്കേ വന്നു കൂടി പറഞ്ഞിതു: കൎത്താവേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ തന്നെ: മൂന്നു നാളിലകം ഞാൻ ഉണൎന്നു വരുന്നു, എന്നു പറഞ്ഞ പ്രകാരം ഞങ്ങൾ ഓൎത്തിട്ടുണ്ടു. അതുകൊണ്ടു അവന്റെ ശിഷ്യന്മാർ വന്നു അവനെ കട്ടു: അവൻ മരിച്ചവരിൽനിന്നു ഉണൎന്നു വന്നു, എന്നു ജനത്തോടു പറഞ്ഞാൽ, ഒടുക്കത്തെ ചതി മുമ്പിലേത്തതിനേക്കാൾ വിഷമമായി തീരും. എന്നു വരാതിരിക്കേണ്ടതിന്നു മൂന്നാനാൾവരേ കുഴിയെ ഉറപ്പാക്കി വെപ്പാൻ കല്പിക്ക. അവരോടു പിലാതൻ: നിങ്ങൾക്കു കാവൽക്കൂട്ടം ഉണ്ടാക; പോവിൻ അറിയുന്നേടത്തോളം ഉറപ്പു വരുത്തുവിൻ, എന്നു പറഞ്ഞു. അവരും ചെന്നു കല്ലിന്നു മുദ്രയിട്ടു കുഴിയെ കാവൽക്കൂട്ടം കൊണ്ടു ഉറപ്പാക്കുകയും ചെയ്തു. (മ.)

## രണ്ടാം അംശം

# സഭാക്രിയകൾ.

## I. സ്നാനം.

### ക. സഭയിലുള്ള ശിശുസ്നാനം.

നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ കരുണയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും, നിങ്ങൾ എല്ലാവരോടും കൂടെ ഇരിപ്പൂതാക. ആമെൻ. (൨ കൊ. ൧൩.)

കൎത്താവിൽ സ്നേഹിക്കപ്പെട്ടുന്നവരേ, നാം ഒക്കെത്തക്ക പ്രാൎത്ഥിച്ചുകൊണ്ടു ഈ ശിശുവിനെ (ക്കളെ) ദൈവത്തിൽ ഭരമേല്പിപ്പാനും, അതിന്നു കൎത്താവായ യേശു ക്രിസ്തുവിന്റെ കല്പനപ്രകാരം സ്നാനം കൊടുപ്പാനും ഇവിടെ ഒരുങ്ങിയിരിക്കുന്നു.

അതുകൊണ്ടു നമ്മുടെ കൎത്താവായ യേശു ക്രിസ്തു സ്നാനത്തെ
ച്ചൊല്ലി, തന്റെ അപ്പോസ്തലരോടു കല്പിച്ചതും വാഗ്ദത്തം ചെയ്ത
തും വായിച്ചു കൊൾ്ക.

മത്തായി ൨൮ ആമതിൽ അവൻ പറയുന്നിതു: സ്വൎഗ്ഗത്തിലും
ഭൂമിയിലും സകല അധികാരവും എനിക്ക നല്കപ്പെട്ടിരിക്കുന്നു. (ആ
കയാൽ) നിങ്ങൾ പുറപ്പെട്ടു, പിതാ പുത്രൻ പരിശുദ്ധാത്മാവു, എ
ന്നീനാമത്തിലേക്ക സ്നാനപ്പെടുത്തിയും, ഞാൻ നിങ്ങളോടു കല്പി
ച്ചവ ഒക്കയും സൂക്ഷിപ്പാന്തക്കവണ്ണം ഉപദേശിച്ചും, ഇങ്ങിനെ സ
കല ജാതികളെയും ശിഷ്യരാക്കി കൊൾ്വിൻ. ഞാനോ ഇതാ, ലോ
കാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു.

പിന്നെ മാൎക്ക ൧൬ ആമതിൽ നാം വായിക്കുന്നിതു: ഭൂലോക
ത്തിൽ ഒക്കയും പോയി, സകല സൃഷ്ടിക്കും സുവിശേഷത്തെ ഘോ
ഷിപ്പിൻ. വിശ്വസിച്ചും സ്നാനപ്പെട്ടും ഉള്ളവൻ രക്ഷിക്കപ്പെടും,
വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.

വിശേഷിച്ചു കുട്ടികളെയും ദൈവത്തിൻ തിരുമുമ്പിൽ കൊണ്ടു
വന്നു, അവൎക്കായി സ്നാനത്തിൻ കൃപാദാനം അപേക്ഷിക്കുന്നതി
ന്റെ കാരണം വിശുദ്ധവചനത്താൽ തെളിയേണ്ടതിന്നു, ക്രിസ്തു കു
ട്ടികളെ സ്നേഹിച്ചു, ദൈവരാജ്യത്തിൽ അവൎക്കും അവകാശം ഉണ്ടെ
ന്നു പറഞ്ഞുകൊടുത്ത സദ്വൎത്തമാനത്തെ നാം വായിക്കുക. മാൎക്ക
൧൦ ആമതിൽ: അപ്പോൾ അവൻ തൊടുവാനായി അവന്നു ശിശുക്ക
ളെ കൊണ്ടുവന്നു; വഹിക്കുന്നവരെ ശിഷ്യർ വിലക്കി. യേശു അതു
കണ്ടാറെ മുഷിഞ്ഞു അവരോടു പറഞ്ഞിതു: ശിശുക്കളെ എന്റെ
അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുതു; ദൈവരാജ്യം ഇ
പ്രകാരമുള്ളവൎക്കാകുന്നു സത്യം. ആമെൻ ഞാൻ നിങ്ങളോടു പറ
യുന്നു: ദൈവരാജ്യത്തെ ശിശുവെന്ന പോലെ കൈക്കൊള്ളാത്തവൻ
ആരും അതിൽ ഒരുനാളും കടക്കയില്ല, എന്നിട്ടു അവരെ അണെച്ചു,
അവരുടെ മേൽ കൈകളെ വെച്ചു അനുഗ്രഹിക്കയും ചെയ്തു.

ഈ വചനം അനുസരിച്ചു നാം ഇവിടെ കൂടി, ഈ ശിശുവിനെ
(ക്കളെ) കൎത്താവിന്റെ സന്നിധാനത്തിൽ കൊണ്ടുവന്നു, അതിനെ
തന്റെ കൃപാനിയമത്തിൽ യേശു ക്രിസ്തുവിനാൽ ചേൎത്തുകൊൾ
വാൻ പ്രാൎത്ഥിക്കുന്നു. ആദാമിന്റെ എല്ലാ മക്കളും ആകട്ടെ സ്വഭാവ

ത്താൽ പാപത്തിന്നും, അതിൽനിന്നു വരുന്ന സകല അരിഷ്ടതെക്കും കീഴ്പെട്ടിരിക്കുന്നു. പൌൽ അപ്പോസ്തലൻ ചൊല്ലിയപ്രകാരം: ഏക മനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ പുക്കു. ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ, മരണം സകല മനുഷ്യരോളവും പരന്നിരിക്കുന്നു. എങ്കിലും എല്ലാ മനുഷ്യൎക്കും രക്ഷാകരമായ ദൈവകൃപ യേശു ക്രിസ്തുവിൽ ഉദിച്ചു, അവന്മൂലം ജീവനും നിത്യഭാഗ്യവും വീണ്ടും വന്നിരിക്കുന്നു. അവന്റെ വീണ്ടെടുപ്പിൽ പങ്കുള്ളതിന്റെ അടയാളവും പണയവുമായിട്ടു അവൻ വിശുദ്ധസ്നാനം ആകുന്ന ചൊല്ക്കുറിയെ സ്ഥാപിച്ചു. ആയതു കൈക്കൊള്ളുന്നവർ ഒക്കെയും തൻ നാമത്തിലും, നമ്മുടെ ദൈവത്തിൻ ആത്മാവിനാലും കഴുകിക്കൊണ്ടു, വിശുദ്ധീകരിക്കപ്പെട്ടു നീതീകരിക്കപ്പെട്ടു രക്ഷ പ്രാപിക്കേണം, എന്നുവെച്ചത്രേ.

അതുകൊണ്ടു നമ്മുടെ ദേഹി കൎത്താവെ മഹിമപ്പെടുത്തുക. നമ്മുടെ ആത്മാവു ഈ രക്ഷിതാവായ ദൈവത്തിൽ സന്തോഷിക്ക. അവൻ നമ്മിൽ വലിയവ ചെയ്തു, ചെറുപ്പത്തിൽ തന്നെ നമ്മെ കനിഞ്ഞു ചേൎത്തു കൈക്കൊണ്ടിരിക്കുന്നു. നമ്മുടെ മക്കളെയും സന്തോഷത്തോടേ അവന്റെ സന്നിധാനത്തിൽ കൊണ്ടുവരാം; അവരും മേലിൽനിന്നു വെള്ളത്തിലും ആത്മാവിലും തന്നേ ജനിച്ചു, നിത്യജീവങ്കലേക്കു കരുണയുടെ പൂൎണ്ണത പ്രാപിക്കേണ്ടുന്നവർ ആകുന്നുവല്ലോ. അതുകൊണ്ടു നാം ഈ കുട്ടിയെയും (കളെയും) നമ്മുടെ വീണ്ടെടുപ്പുകാരന്റെ കരുണയിൽ ഭരമേല്പിക്ക. ഇവനും (ഇവൾക്കും ഇവൎക്കും) കൂടെ അവൻ വീണ്ടെടുപ്പുകാരനായല്ലോ. ഇവൻ (ൾ ർ) ഇഹത്തിലും പരത്തിലും സ്നാനത്തിന്റെ അനുഗ്രഹങ്ങളെ ഒക്കെയും അനുഭവിച്ചു, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ഊന്നി, പാപത്തോടും ലോകത്തോടും നല്ല പോർ പൊരുതു, തൻ ഓട്ടം വിശ്വാസത്തിൽ തികെച്ചു, മേലിൽ നീതിയുടെ കിരീടം പ്രാപിക്കേണ്ടതിന്നു ഇപ്പോൾ നാം പ്രാൎത്ഥിച്ചുകൊൾക.

## പ്രാൎത്ഥന.

സൎവ്വശക്തിയുള്ള ദൈവമേ, ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവേ, സ്വൎഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുഡുംബ

ത്തിന്നു ഒക്കയും പേർ വരുവാൻ ഹേതുവായുള്ളോവേ, വിശുദ്ധസ്നാനത്തിന്നായികൊണ്ടു വരുന്ന ഈ കുട്ടിക്കു (കൾക്കു) വേണ്ടി നിന്നോടു വിളിച്ചു യാചിക്കുന്നിതു: പിതാവായി ഇതിനെ (ഇവകളെ) കൈക്കൊൾ്കയാവു. പിന്നെ നിന്റെ പ്രിയപുത്രന്റെ വാക്കിൻ പ്രകാരം: യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു തരപ്പെടും, അന്വേഷിപ്പിൻ, എന്നാൽ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും, എന്നു കല്പിച്ചിരിക്കയാൽ നിത്യദൈവമേ, ഈ കുട്ടിക്കു (കൾക്കു) വേണ്ടി ഞങ്ങൾ യാചിക്കുന്നതു കേട്ടു, ഞങ്ങൾ അന്വേഷിക്കുന്ന നിന്റെ ദയയും കരുണയും കണ്ടെത്തിച്ചു, ഞങ്ങൾ മുട്ടുന്ന വാതിൽ തുറന്നുകൊണ്ടു, ഈ ദിവ്യക്കുറിയുടെ നിത്യ അനുഗ്രഹം സമ്മാനിച്ചു, ഒടുവിൽ നിന്റെ ഭാഗ്യ രാജ്യത്തിൽ വാഗ്ദത്തപ്രകാരം പൂകിക്കേണമേ. ഞങ്ങളുടെ കൎത്താവും രക്ഷിതാവുമായ യേശുവിന്മൂലം തന്നെ. ആമെൻ.

അല്ലെങ്കിൽ.

സൎവ്വശക്തിയുള്ള ദൈവമേ, വാത്സല്യം ഏറയുള്ള സ്വൎഗ്ഗീയപിതാവേ, നീ ഞങ്ങൾക്കും ഞങ്ങളുടെ മക്കൾക്കും ദൈവവും പിതാവും ആയിരിക്കും, എന്നു വാഗ്ദത്തം ചെയ്തുവല്ലോ, ദയയോടെ ഇപ്രകാരം പറഞ്ഞു തന്നതിന്നു ഒക്കയും ഈ കുട്ടിയിലും (കളിലും) നിവൃത്തിക്കേണമേ. നിൻ പുത്രന്റെ മരണത്തിലുള്ള സ്നാനത്താൽ ഇതിനെ അവന്റെ സഭയിൽ ചേൎത്തുകൊൾക. അവന്റെ വീണ്ടെടുപ്പിന്റെ ഫലങ്ങളിൽ ഇതിന്നു പങ്കു കൊടുത്തു, ജീവപൎയ്യന്തം നിൻ ആത്മാവിനാൽ വിശുദ്ധീകരിച്ചു, ഒടുക്കം നിന്റെ പുത്രത്വത്താൽ നിൻ സ്വൎഗ്ഗരാജ്യത്തിന്റെ അവകാശിയാക്കി തീൎക്കേണമേ. ദൈവമേ, നിന്റെ കൃപ ഇതിനോടു (ഇവകളോടു) കൂട ഇരിക്കയും എന്നും വസിക്കയും ആകേണമേ. ആമെൻ.

അല്ലെങ്കിൽ.

സ്വൎഗ്ഗസ്ഥ പിതാവേ, ഈ കുട്ടിക്കു (കൾക്കു) നീ ജീവനും കരുണയും നല്കി, നിന്റെ വിചാരണ അതിന്റെ (അവകളുടെ) പ്രാണനെ പരിപാലിച്ചു വരുന്നു.* ഇപ്പോൾ ഇതിനെ (ഇവകളെ)

* യോബ്. ൧൦.

ക്രിസ്തു യേശുവിൽ നിന്റെ കുട്ടിയാകുവാൻ (കളാകുവാൻ) വിളിച്ചിരിക്കുന്നു. അതുകൊണ്ടു ഞങ്ങൾ ഇതിനെ (ഇവകളെ) നിന്റെ വിശുദ്ധരക്ഷയിൽ ഭരമേല്പിക്കുന്നു. നീ താൻ അതിന്നു (വകൾക്കു) നിഴലും മൂടിയുമാക, ദേഹത്തിന്നും ദേഹിക്കും നേരിടുന്ന എല്ലാ ഭയവും അകററുക, എല്ലാ വഴികളിലും തിരുമുഖത്തെ അതിന്മേൽ പ്രകാശിപ്പിക്ക. യേശു ക്രിസ്തുവേ, പ്രിയരക്ഷിതാവേ, ഇതിനെ (ഇവകളെ) നീ സ്നേഹിച്ചു, നിന്റെ ഉടമ (ഉടമകൾ) ആവാൻ വില കൊടുത്തു വാങ്ങിയല്ലോ. ഇപ്പോഴും ഇതിനെ (ഇവകളെ) നിന്റെ കൂട്ടായ്മയിൽ ചേൎത്തുകൊണ്ടു, ഞങ്ങൾ യാചിക്കുന്നതു ഇറക്കി കൊടുക്കേണമേ. സ്നാനത്തിന്റെ പൂൎണ്ണ അനുഗ്രഹവും എത്തിച്ചു, ഒടുക്കം സ്വൎഗ്ഗത്തിൽ വാടാത്ത അവകാശം പ്രാപിപ്പിക്കയാവു. പിതാവിന്നും പുത്രന്നും ഏകാത്മാവായുള്ളോവേ, ഈ ശിശുവിന്റെ (ക്കളുടെ) ദേഹിയിൽ (കളിൽ) ഇറങ്ങി വന്നു, നിത്യം വസിപ്പാൻ കോപ്പിടേണമേ. നിന്റെ വരങ്ങളെ ഇതിൽ നിറെക്ക, സത്യവിശ്വാസത്തിൽ വിശുദ്ധീകരിച്ചു നടത്തുക. വാഴ്വിലും കഷ്ടത്തിലും ചാവിലും അതിനെ (വകളെ) ഉറപ്പിക്കയും സ്ഥിരീകരിക്കയും തികെച്ചും കൊൾക. ത്രിയെക ദൈവമായ യഹോവേ, ഇതിന്നു (വകൾക്കു) തുണയാക. ഞങ്ങൾക്കു എല്ലാവൎക്കും തുണയായി മരണപൎയ്യന്തം വിശ്വസ്തത തന്നു ദേഹികളുടെ രക്ഷയാകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിപ്പിച്ചു, ഞങ്ങളുടെ സന്തോഷം പൂൎണ്ണമാക്കേണമേ. ആമെൻ.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ, ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടു തരേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിനക്കല്ലോ ആകുന്നു. ആമെൻ.

യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇതു മുതൽ എന്നേക്കും പരിപാലിക്ക. ആമെൻ. (സങ്കീ. ൧൨൧.)

(അപ്പനമ്മമാരോടും സ്നാനസാക്ഷികളോടും.)

കൎത്താവിൽ പ്രിയരായുള്ളോരേ, യേശു ക്രിസ്തു എത്രയും സ്നേഹിച്ചു, സ്വന്ത രക്തത്താൽ വീണ്ടെടുത്ത ശിശുക്കളുടെ നേരെ അവന്റെ നാമത്തിൽ സ്നാനപ്പെട്ടിട്ടുള്ള നാം എല്ലാവരും എത്ര കടംപെട്ടിരിക്കുന്നു, എന്നു വിചാരിച്ചു കൊൾക. ഈ ചെറിയവരിൽ ഒരുത്തനു ഇടൎച്ച വരുത്തുന്ന ഏവന്നും ഹാ കഷ്ടം! കൎത്താവു ഭരമേല്പിച്ച യാതൊരു ശിശുവിന്നു വളൎത്തുന്നവരുടെ ദോഷത്താൽ രക്ഷ ഇല്ലാതെ പോയാൽ, ആയതു അവരുടെ ദേഹികളോടു താൻ ചോദിക്കും. ശിഷ്യൎക്കു യോഗ്യമായ സ്നേഹത്താലും വിശ്വസ്തതയാലും ഈ ചെറിയവരിൽ യാതൊന്നിനെ കൈക്കൊണ്ടു രക്ഷിക്കിലോ, ആയതു തനിക്കു ചെയ്തപ്രകാരം എണ്ണിക്കൊള്ളും. അതുകൊണ്ടു അപ്പനമ്മമാരേ, ദൈവത്തിന്റെ സൎവ്വശക്തിയുള്ള ദയ ഈ ശിശുവെ (ക്കളെ) നിങ്ങൾക്കു ജനിപ്പിച്ചു സമ്മാനിക്കയാൽ, നിങ്ങൾ അവന്റെ നന്ദി അറിഞ്ഞു, കൎത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും ഇതിനെ (വകളെ) പോററി വളൎത്തി, ദേഹിക്കു ഹാനിവരുത്തുന്നതു ഒക്കയും ഒഴിച്ചു, പരിശുദ്ധാത്മാവിന്റെ വേലെക്കു മുടക്കം വരാതവണ്ണം സൂക്ഷിച്ചു നോക്കേണ്ടതു.

അപ്രകാരം പ്രിയ മൂപ്പന്മാരേ: നിങ്ങൾ സഭയുടെ പേൎക്കു ഈ സ്നാനത്തിന്നു സാക്ഷികളും ഇപ്രകാരമുള്ള ശിശുവിനെ (ക്കളെ) യേശു നാമത്തിൽ കൈക്കൊൾവാൻ പ്രത്യേകം മുതിരേണ്ടുന്നവരും ആകയാൽ, ഇതിനെ (വകളെ) ദൈവത്തിൻ മുമ്പാകെ പ്രാൎത്ഥനയിൽ കൂടക്കൂടെ ഓൎത്തും, ഇഹത്തിലും പരത്തിലും ഉള്ള സൌഖ്യത്തിന്നു മുട്ടുള്ളതു എല്ലാം തീൎത്തും കൊണ്ടു നിങ്ങളാൽ ആകുന്നേടത്തോളം ശ്രമിക്കയും വേണ്ടതു.

എന്നാൽ ഈ ശിശു സ്നാനം ഏല്ക്കുന്ന വിശ്വാസം ഇന്നതു, എന്നു പരസ്യമാകേണ്ടതിന്നു ഈ ചോദ്യങ്ങൾക്കു ഉത്തരം ചൊല്ലുവിൻ.

ച. സ്വൎഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി, സൎവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിങ്കൽ നിങ്ങൾ വിശ്വസിക്കുന്നുവോ?

അവന്റെ ഏകപുത്രനായി, നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിങ്കലും, ആയവൻ പരിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യക

യിൽ ഉല്പാദിതനായി ജനിച്ചു, എന്നും, പൊന്തിപിലാതന്റെ താഴെ കഷ്ടമനുഭവിച്ചു കുരിശിക്കപ്പെട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി, എന്നും, മൂന്നാം ദിവസം ഉയിൎത്തെഴനീറ്റു സ്വൎഗ്ഗാരോഹണമായി, സൎവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കുന്നു, എന്നും, അവിടെനിന്നു ജീവികളോടും മരിച്ചവരോടും ന്യായം വിസ്തരിപ്പാൻ വരും, എന്നും വിശ്വസിക്കുന്നുവോ?

പരിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മ ആകുന്ന ശുദ്ധസാധാരണ സഭയിലും, പാപമോചനത്തിലും, ശരീരത്തോടെ ഉയിൎത്തെഴനീല്ക്കുന്നതിലും, നിത്യജീവങ്കലും വിശ്വസിക്കുന്നുവോ?

എന്നാൽ: ഉവ്വ ഞങ്ങൾ വിശ്വസിക്കുന്നു, എന്നു ചൊല്ലുവിൻ.

൨. നിങ്ങൾ പിശാചിനോടും അവന്റെ സകല ക്രിയകളോടും ലോകത്തിന്റെ ആഡംബരമായകളോടും, ജഡത്തിന്റെ സകല മോഹങ്ങളോടും മറുത്തു പറയുന്നുവോ?

എന്നാൽ: ഉവ്വ ഞങ്ങൾ മറുത്തു പറയുന്നു, എന്നു ചൊല്ലുവിൻ.

൩. വിശേഷാൽ പിതാ പുത്രൻ സദാത്മാവായ പരിശുദ്ധദൈവത്തിന്നു എന്നും വിശ്വസ്തരാവാനും, അവന്റെ വചനപ്രകാരം നടന്നു കൊൾവാനും നിൎണ്ണയിക്കുന്നുവോ?

എന്നാൽ: ഉവ്വ ഞങ്ങൾ നിൎണ്ണയിക്കുന്നു, എന്നു ചൊല്ലുവിൻ.

൪. (അപ്പനമ്മമാരോടു) നിങ്ങളുടെ ശിശുവിന്നു (ക്കൾക്കു) ഈ വിശ്വാസത്തിൽ സ്നാനവും ക്രിസ്ത്യാനൎക്കു യോഗ്യമായ ബാലശിക്ഷയും വരേണം, എന്നു മനസ്സുണ്ടോ?

എന്നാൽ: മനസ്സുണ്ടു, എന്നു ചൊല്ലുവിൻ.

൫. (മൂപ്പന്മാരോടു) ഈ സ്നാനത്തിന്നു സാക്ഷികളായുള്ളോരേ, ഈ ശിശുവിനെ (ക്കളെ) കൎത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോററി വളൎത്തുവാൻ നിങ്ങൾ സഭയുടെ നാമത്തിൽ സഹായം ചെയ്തു കരുതിനോക്കും, എന്നു മനസ്സുണ്ടോ?

എന്നാൽ: മനസ്സുണ്ടു എന്നു ചൊല്ലുവിൻ.

പിന്നെ ശിശുവിന്റെ തലമേൽ മൂന്നു കുറി വെള്ളം ഒഴിച്ചു ചൊല്ലേണ്ടിയതു:

(ഇന്നവനേ) ഞാൻ പിതാ പുത്രൻ പരിശുദ്ധാത്മാവാകുന്ന ദൈവത്തിൻ നാമത്തിൽ നിന്നെ സ്നാനപ്പെടുത്തുന്നു.

(ശിശുവിന്മേൽ വലങ്കൈ വെച്ചിട്ടു)

(ഇന്നവനേ) നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ സൎവ്വ ശക്തനായ പിതാവു നിനക്ക പുനൎജ്ജന്മക്കളിയാൽ യേശു ക്രിസ്തുമൂലം തന്റെ സകല കരുണകളും സമ്മാനിക്കയല്ലാതെ, പരിശുദ്ധാത്മമൂലം നിത്യജീവങ്കലേക്ക നിന്നെ ശക്തനാക്കുകയാവു (ശക്തയാക്കുകയാവു). ആമെൻ.

അല്ലെങ്കിൽ.

(ഇന്നവനേ) തന്റെ പുത്രനായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിൽ വിശുദ്ധസ്നാനത്താൽ നിന്നെ ചേൎത്തുകൊണ്ട കൃപാലുവായ ദൈവവും പിതാവുമായവൻ നിന്നെ അവസാനം വരെ തന്റെ കരുണയിൽ പരിപാലിച്ച, തൻ ആത്മാവിൻ മൂലം നിത്യജീവങ്കലേക്ക നിന്നെ വിശുദ്ധീകരിപ്പുതാക. ആമെൻ.

അല്ലെങ്കിൽ.

(ഇന്നവനേ) നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവും ദൈവവും ആയവൻ നിനക്ക പരിശുദ്ധാത്മാവിൻ കൃപയെ സമ്മാനിക്കയും, നീ വിശ്വാസത്തെ കാത്തു ലോകത്തെ ജയിച്ച അവന്റെ ശക്തിയിൽ നിത്യജീവനോളം ഉറെച്ച നില്ക്കയും ചെയ്ക. ആമെൻ.

## നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയും മഹാകനിവും ഉള്ള ദൈവമായ പിതാവേ, തിരുസഭയെ നീ കരുണയാലെ പരിപാലിച്ച വൎദ്ധിപ്പിക്കുന്നവനും, ഈ ശിശുവിനെ (ക്കളെ) സ്നാനം മൂലം നിന്റെ പ്രിയ പുത്രനും, ഞങ്ങളുടെ ഏകരക്ഷിതാവും ആയ യേശു ക്രിസ്തുവിലും, അവന്റെ സഭയിലും ചേൎത്തുകൊണ്ടു, നിന്റെ മകനും (മകളും കളും) സ്വൎഗ്ഗീയ വസ്തുവകകൾക്ക അവകാശിയും ആക്കിയവൻ ആകയാൽ നിനക്ക സ്തോത്രവും വന്ദനവും ഉണ്ടാക. നിന്റേതായ ഈ കുട്ടിയെ (കളെ) നീ കനിഞ്ഞു, ഇന്നു കാട്ടിയ ഉപകാരത്തിൽ നില്പാറാക്കി, നിന്റെ പ്രസാദത്തിന്നു തക്കവണ്ണം ദൈവഭക്തിയിലും വിശ്വാസത്തിലും വളൎന്നുപ്പെട്ടുവാനും, ഈ ലോകത്തിൻ പരീക്ഷകളിൽ നിനക്ക അനുസരണമുള്ളവനായി (ഉള്ളവളായി രായി) നില്പാനും,

നിന്റെ നാമത്തിൻ സ്തുതിക്കായി എല്ലാ വിശുദ്ധന്മാരോടും ഒന്നിച്ചു വാഗ്ദത്തം ചെയ്ത പരമാവകാശത്തെ കൈക്കൊൾവാനും, യേശു ക്രിസ്തുമൂലം താങ്ങി രക്ഷിക്കേണമേ. ആമെൻ. W.

അല്ലെങ്കിൽ.

കനിവേറിയ പിതാവേ, ഈ ശിശുവിനെ (ക്കളെ) നീ കടാക്ഷിച്ചു, സ്വന്ത മകനായി (മകളായി, ക്കളായി) കൈക്കൊണ്ടു, വിശുദ്ധ സഭയുടെ അവയവമാക്കി (ങ്ങളാക്കി) ചേൎത്തു കൊണ്ടു, ഞങ്ങൾ സ്തോത്രം ചൊല്ലുന്നു. ഇനി അവൻ (അവൾ, ർ) പാപത്തിന്നു മരിച്ചു നീതിക്കായി ജീവിക്കാക. ക്രിസ്തുവിന്റെ മരണത്തിലേ സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു, പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു പഴയ മനുഷ്യനെ നിത്യം കുരിശിപ്പാറാക. നിന്റെ മരണത്തിൻ സാദൃശ്യത്തോടു ഏകീഭവിച്ചതുകൊണ്ടു ഉയിൎപ്പിനോടും ആക. ഇപ്രകാരം എല്ലാം നീ വരുത്തി, നിന്റെ സകല വിശുദ്ധ സഭയോടും കൂടെ നിന്റെ നിത്യരാജ്യത്തിന്നു കൎത്താവായ യേശു ക്രിസ്തുമൂലം അവകാശിയാക്കി തീൎക്കേണമേ. ആമെൻ. C. P.

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക; യഹോവ തിരുമുഖത്തെ നിങ്ങളിലേക്കു പ്രകാശിപ്പിച്ചു കരുണ ചെയ്ക. യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി, നിങ്ങൾക്കു സമാധാനം ഇട്ടുമാറാക. ആമെൻ.

---

## ൨. പ്രായമുള്ളവന്റെ സ്നാനം.

കൎത്താവിൽ പ്രിയമുള്ള സഹോദരന്മാരേ, സകല മനുഷ്യരും പാപത്തിൽ ഗൎഭധാരണമായി പാപത്തിൽ പിറന്നു, എന്നും, ജഡത്തിൽനിന്നു ജനിച്ചതു ജഡമാകുന്നു, എന്നും, ജഡത്തിൽ ഉള്ളവരോ ദൈവപ്രസാദം വരുത്തിക്കൂടാതവണ്ണം പിഴകളിലും പാപങ്ങളിലും മരിച്ചവർ ആകുന്നു, എന്നും നാം അറിയുന്നു. എന്നാൽ മേലിൽനിന്നു ജനിച്ചില്ല എങ്കിൽ, വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിച്ചില്ല എങ്കിൽ, ഒരുത്തനും ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല, എന്നു നമ്മുടെ രക്ഷിതാവായ യേശു ക്രിസ്തു ചൊല്ലി

യിരിക്കുന്നു. അതുകൊണ്ടു പിതാവായ ദൈവം തന്റെ കനിവുക ളിൻ പെരുമപ്രകാരം സ്വഭാവത്താൽ വരാത്തതിനെ ഈ നില്ക്കു ന്നവനു (വർ്ക്കു, വക്ക) കൊടുക്കേണ്ടതിന്നും, ഇവൻ (ൾ, ർ) വെള്ള ത്തിലും പരിശുദ്ധാത്മാവിലും സ്നാനപ്പെട്ടു ക്രിസ്തുവിന്റെ വിശുദ്ധ സഭയിൽ ചേൎന്നു, അതിൽ ജീവനുള്ള അവയവമായി (ങ്ങളായി) പാൎക്കേണ്ടതിന്നും നാം ഒക്കെത്തക്ക പ്രാൎത്ഥിപ്പു താക.

## പ്രാൎത്ഥന.

കൃപയും കനിവും ഉള്ള ദൈവമായ പിതാവേ, മഹാ ദയയും ആ രാഞ്ഞു കൂടാത്ത ജ്ഞാനവും അളവില്ലാത്ത ശക്തിയുമായവനേ, നീ ഞങ്ങളിൽ ചെയ്തു വന്ന സകല കരുണെക്കും ഇന്നും ചെയ്തു കൊണ്ടിരിക്കുന്ന അതിശയങ്ങൾക്കും സ്തോത്രവും വന്ദനവും ചൊല്ലു ന്നു. നിന്റെ സാദൃശ്യത്തിൽ നീ മനുഷ്യനെ തേജസ്സോടെ സൃഷ്ടി ച്ചു. അവൻ പാപത്തിൽ വീണു തേജസ്സില്ലാതെ പാൎത്തശേഷവും, നിന്റെ പ്രിയപുത്രനായ യേശുവിനെ ദിവ്യ കരുണയുടെ അത്യന്ത ധനത്തിൻപ്രകാരം മനുഷ്യൎക്ക സമ്മാനിച്ചിരിക്കുന്നു. അവനൂലം എല്ലാവരും രക്ഷ പ്രാപിപ്പാനും, സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും, നിന്റെ വായിലെ ആത്മാവു സകല ജാതികളെയും സുവിശേഷം കൊണ്ടു ക്ഷണിച്ചു വരുന്നു. അനുതാപത്തിന്നു യോ ഗ്യമുള്ള ഫലങ്ങളെ കായ്ക്കുന്ന ആരെയും നീ ഉപേക്ഷിക്കുന്നതും, നി ന്റെ അടുക്കെ വരുന്ന ആരെയും തള്ളുന്നതും ഇല്ല.

തിരുവചനത്തോടും കൂടെ നീ വിശുദ്ധ ചൊല്ക്കുറികളെയും ഞ ങ്ങളുടെ രക്ഷെക്കായി കൃപാസാധനങ്ങളാക്കി നിയമിച്ചിരിക്കുന്നു. ഇളിയ അടിയങ്ങളിൽ നീ ചെയ്യുന്ന കൃപ ഞങ്ങളുടെ സ്തോത്രത്തെ കടന്നുയൎന്നിരിക്കുന്നു. ഇവിടെ നില്ക്കുന്ന നിന്റെ ദാസൻ (സി മാർ) വിഗ്രഹാരാധനക്കാരിൽ (യഹൂദരിൽ മുഹമ്മദീയരിൽ) ജനി ച്ചു വളൎന്ന ശേഷം, അന്ധകാരത്തിൽനിന്നു തെററുവാൻ സംഗതി വന്നതു നിന്റെ അളവില്ലാത്ത കാരുണ്യത്താലും ചൊല്ലി തീരാത്ത കനിവിനാലും അത്രേ സംഭവിച്ചു. മുന്നമേ ഇവൻ (ൾ, ർ) ക്രിസ്തു വിനെ കൂടാതെ, ഇസ്രയേൽ രാജ്യവകാശത്തോടു വേൎപ്പെട്ടവനും (ളും, രും) വാഗ്ദത്തനിയമങ്ങളിൽനിന്നു അന്യനും (യും, രും) ആ

യിരുന്നു. ഇപ്പോഴോ പണ്ടു ദൂരത്തായവൻ (ൾ, ർ) ക്രിസ്തു യേശു
വിങ്കലെ വിശ്വാസത്താൽ അടുക്കെ ആയ്മഞ്ഞു. നിന്റെ സദാ
ത്മാവു സുവിശേഷത്താൽ അവനെ (ളെ, രെ) പ്രകാശിപ്പിച്ചു, പാ
പമോചനത്തിൽ രക്ഷയുടെ അറിവു കൊടുത്തു, സ്വശക്തിയിൽ കാ
ണ്ടു കൂടാത്തതിനെ കാണിച്ചിരിക്കുന്നു. അവൻ (ൾ, ർ) സ്വരക്ഷി
താവായ ദൈവത്തിലും അവന്റെ തേജസ്സിൻ ആശയിലും നീ ന
ല്കിയ വിശ്വാസംമൂലം ആനന്ദിച്ചു, നിന്റെ ദയയെ സ്തുതിക്കുന്നു.

പിന്നെ വിശ്വസിച്ചു സ്നാനപ്പെട്ടുമുള്ളവൻ രക്ഷിക്കപ്പെടും, എ
ന്നു നീ പറകയാൽ ഈ നിന്റെ ദാസനും (സി, ർ) ഞങ്ങൾ ഒക്ക
യും ഒന്നിച്ചു പ്രാർത്ഥിക്കുന്നിതു: പിതാവേ, ഇവനിൽ (ളിൽ, രിൽ)
നല്ല പ്രവൃത്തിയെ ആരംഭിച്ചതു സ്നാനമാകുന്ന നിന്റെ മുദ്രയിട്ടു
സദാത്മാവിനാൽ തികെച്ചുതരേണമേ. പ്രിയ ദൈവമേ, അവ
നിൽ (ളിൽ, രിൽ) വിശ്വാസത്തെ ഉറപ്പിച്ചു, പ്രത്യാശയെ വർദ്ധിപ്പി
ച്ചു, സ്നേഹത്തെ പൂർണ്ണമാക്കി, ആത്മാവിൻ ദാനങ്ങളെ ധാരാളമായി
അവൻ (ൾ, ർ) മേൽ പകർന്നുകൊണ്ടു, ക്രിസ്തുവിൽ ആയ നാൾ
മുതൽ മുളെച്ചു വരുന്ന പുതിയ സ്വഭാവത്തെ വേരൂന്നിച്ചു, ജഡ
രക്തങ്ങളോടും സാത്താനോടും ലോകത്തോടും പൊരുതേണ്ടുന്ന
പോരിൽ തുണ നിന്നു, അവനെ (ളെ, രെ) അവസാനം വരെ നിന്റെ
നല്ല പടയാളി (കൾ) ആക്കി തീർക്കേണമേ. നിന്റെ നിയമത്തിൽ
അവൻ (ൾ, ർ) ഉറെച്ചു നില്ക്കയും, എല്ലാ ബുദ്ധിയെയും കടക്കുന്ന
ദൈവസമാധാനം അവന്റെ (ളുടെ, രുടെ) ഹൃദയത്തെയും നിന
വുകളെയും ക്രിസ്തു യേശുവിങ്കൽ കാക്കുകയും ചെയ്ക. ചിലർ ചെ
യ്യുന്നതു പോലെ, ഇവൻ (ൾ, ർ) വിശ്വാസവും നല്ല മനോബോ
ധവും തള്ളിക്കളകയും, വിശ്വാസക്കപ്പൽ തകർന്നു പോകയും അരു
തേ. നിന്റെ ശക്തിയാൽ അവനെ (ളെ, രെ) വിശ്വാസംമൂലം
രക്ഷെക്കായി കാക്കേണമേ.

എന്നതു ഒക്കയും ഞങ്ങൾ അപേക്ഷിക്കുന്നതു നിന്റെ പ്രിയ
പുത്രൻ നിമിത്തം തന്നെ. യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു തര
പ്പെടും, അന്വേഷിപ്പിൻ എന്നാൽ കണ്ടെത്തും, മുട്ടുവിൻ എന്നാൽ
നിങ്ങൾക്കു തുറക്കപ്പെടും, എന്നു അവനല്ലൊ ചൊല്ലിയിരിക്കുന്നു.
അതുകൊണ്ടു ഈ അടിയാൻ (ൾ, ർ) കൂടെ യാചിക്കുന്നപ്രകാരം

പ്രാപിച്ചു അന്വേഷിക്കുന്നതു കണ്ടെത്തുമാറാക. യോഗ്യതെക്കു തക്കവണ്ണമല്ല, കനിഞ്ഞിട്ടത്രെ കൃപാരാജ്യത്തിൻ വാതിൽ അവന്നു (ൾക്കു, ക്കു) തുറന്നതിന്റെ ശേഷം, അവനും (ൾക്കും, ക്കും) ഞങ്ങൾക്കു എല്ലാവൎക്കും നിത്യതേജസ്സിന്നുള്ള വാതിൽ തുറന്നരുളേണമേ. ആമെൻ.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും നടക്കേണമേ, ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടു തരേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിനക്കല്ലോ ആകുന്നു. ആമെൻ.

കൎത്താവിൽ പ്രിയമുള്ളവനേ, (ളേ, രേ) ഉയിൎത്തെഴുനീറ്റ നമ്മുടെ കൎത്താവു തന്റെ ശിഷ്യരോടു വിശുദ്ധസ്നാനത്തെ കല്പിച്ചു വെച്ച വചനങ്ങളെ കേൾക്ക.

സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. (ആകയാൽ) നിങ്ങൾ പുറപ്പെട്ടു, പിതാ പുത്രൻ പരിശുദ്ധാത്മാവു, എന്നീ നാമത്തിലേക്കു സ്നാനപ്പെടുത്തി, ഞാൻ നിങ്ങളോടു കല്പിച്ചവ ഒക്കയും സൂക്ഷിപ്പാന്തക്കവണ്ണം ഉപദേശിച്ചും, ഇങ്ങിനെ സകല ജാതികളെയും ശിഷ്യരാക്കി കൊൾ്വിൻ. ഞാനോ ഇതാ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു. (മ. ൨൮.) ഈ ത്രിയെകദൈവത്തിന്റെ വഴിയിൽ നീ (നിങ്ങൾ) ഉപദേശിക്കപ്പെട്ടു, ശിഷ്യനാവാൻ (യാവാൻ, രാവാൻ) മനസ്സുകാട്ടിയതു കൊണ്ടു ഈ സഭയുടെ മുമ്പിൽ നീ (നിങ്ങൾ) ഹൃദയം കൊണ്ടു വിശ്വസിച്ചതിനെ വായ്കൊണ്ടു സ്വീകരിപ്പാനും അവന്റെ കൃപാനിയമത്തിൽ കടപ്പാനും നിന്നെ (നിങ്ങളെ) അപേക്ഷിക്കുന്നു.

൧. സ്വൎഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി, സൎവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിങ്കൽ നിങ്ങൾ വിശ്വസിക്കുന്നുവോ?

അവൻെറ ഏകപുത്രനായി, നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിങ്കലും, ആയവൻ പരിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉല്പാദിതനായി ജനിച്ചു, എന്നും, പൊന്ത്യപിലാതൻെറ താഴെ കഷ്ടമനുഭവിച്ചു കുരിശിക്കപ്പെട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി, എന്നും, മൂന്നാം ദിവസം ഉയിൎത്തെഴുനീററു സ്വൎഗ്ഗാരോഹണമായി സൎവ്വശക്തിയുള്ള പിതാവായ ദൈവത്തിൻെറ വലത്തു ഭാഗത്തിരിക്കുന്നു, എന്നും, അവിടെനിന്നു ജീവികളോടും മരിച്ചവരോടും ന്യായം വിസ്തരിപ്പാൻ വരും, എന്നും വിശ്വസിക്കുന്നുവോ?

പരിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മ ആകുന്ന ശുദ്ധസാധാരണ സഭയിലും, പാപമോചനത്തിലും, ശരീരത്തോടെ ഉയിൎത്തെഴുനില്ക്കുന്നതിലും, നിത്യജീവങ്കലും വിശ്വസിക്കുന്നുവോ?

എന്നാൽ: ഉവ്വ ഞങ്ങൾ വിശ്വസിക്കുന്നു, എന്നു ചൊല്ലുവിൻ.

൨. നിങ്ങൾ പിശാചിനോടും അവൻെറ സകല ക്രിയകളോടും ലോകത്തിൻെറ ആഡംബരമായവകളോടും ജഡത്തിൻെറ സകല മോഹങ്ങളോടും മറുത്തു പറയുന്നുവോ?

എന്നാൽ: ഉവ്വ ഞങ്ങൾ മറുത്തു പറയുന്നു, എന്നു ചൊല്ലുവിൻ.

൩. വിശേഷാൽ പിതാ പുത്രൻ സദാത്മാവായ പരിശുദ്ധദൈവത്തിന്നു എന്നും വിശ്വസ്തരാവാനും, അവൻെറ വചനപ്രകാരം നടന്നു കൊൾവാനും നിൎണ്ണയിക്കുന്നുവോ?

എന്നാൽ: ഉവ്വ ഞങ്ങൾ നിൎണ്ണയിക്കുന്നു, എന്നു ചൊല്ലുവിൻ.

സ്നാനം ഏല്ക്കുന്നവൻെറ തലമേൽ മൂന്നു കുറി വെള്ളം ഒഴിച്ചു ചൊല്ലേണ്ടിയതു:

(ഇന്നവനേ) ഞാൻ പിതാ പുത്രൻ പരിശുദ്ധാത്മാവാകുന്ന ദൈവത്തിൻ നാമത്തിൽ നിന്നെ സ്നാനപ്പെടുത്തുന്നു.

(സ്നാനം ഏല്ക്കുന്നവൻെറ മേൽ വലങ്കൈ വെച്ചിട്ടു)

(ഇന്നവനേ) നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിൻെറ സൎവ്വശക്തനായ പിതാവു നിനക്കു പുനൎജ്ജന്മക്കുളിയാൽ യേശു ക്രിസ്തുമൂലം തൻെറ സകല കരുണകളും സമ്മാനിക്കയല്ലാതെ, പരിശുദ്ധാത്മമൂലം നിത്യജീവങ്കലേക്കു നിന്നെ ശക്തനാക്കുകയാവു (ശക്തയാക്കുകയാവു). ആമെൻ.

### അല്ലെങ്കിൽ.

(ഇന്നവനേ) തന്റെ പുത്രനായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിൽ വിശുദ്ധസ്നാനത്താൽ നിന്നെ ചേൎത്തുകൊണ്ടു, കൃപാലുവായ ദൈവവും പിതാവുമായവൻ നിന്നെ അവസാനം വരെ തന്റെ കരുണയിൽ പരിപാലിച്ചു, തൻ ആത്മാവിൻമൂലം നിത്യജീവങ്കലേക്ക നിന്നെ വിശുദ്ധീകരിപ്പൂതാക. ആമെൻ.

### അല്ലെങ്കിൽ.

(ഇന്നവനേ) നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവും ദൈവവും ആയവൻ നിനക്ക പരിശുദ്ധാത്മാവിൻ കൃപയെ സമ്മാനിക്കയും, നീ വിശ്വാസത്തെ കാത്തു ലോകത്തെ ജയിച്ചു അവന്റെ ശക്തിയിൽ നിത്യജീവനോളം ഉറെച്ചു നില്ക്കയും ചെയ്യൂ. ആമെൻ.

### നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയുള്ള ദൈവമേ, സ്വൎഗ്ഗസ്ഥനായ പ്രിയ പിതാവേ, തിരുസഭയെ നീ കരുണയാലേ താങ്ങി വൎദ്ധിപ്പിക്കുന്നതിനാലും, ഈ നിന്റെ ദാസനെയും (സിയെ, രെ) അതിനോടു ചേൎത്തിരിക്കയാലും നിനക്ക സ്തോത്രവും വന്ദനവും ഉണ്ടാക. ഇപ്പോൾ വിശുദ്ധസ്നാനത്താൽ അവൻ (ൾ, ർ) നിന്റെ പ്രിയപുത്രനും, ഞങ്ങളുടെ രക്ഷിതാവുമായ കൎത്താവിന്റെ അവയവവും (ങ്ങളും) നിന്റെ മകനും (ളും, ക്കളും) സകല സ്വൎഗ്ഗീയ മുതലിന്നു അവകാശിയും (നിയും, കളും) ആയ്ച്ചമഞ്ഞു, ഈ ലഭിച്ച രക്ഷയിൽ അവനെ (ളെ, രെ) അപ്പനായി പരിപാലിച്ചു പോററി, സത്യവിശ്വാസത്തിലും ദൈവഭക്തിയുള്ള നടപ്പിലും വൎദ്ധിപ്പിച്ചു, തലയാകുന്ന ക്രിസ്തുവിങ്കലേക്ക എല്ലാം കൊണ്ടും വളരുമാറാക്കി, സകല ജ്ഞാനത്തിലും വിശുദ്ധനീതികളിലും തികഞ്ഞ പുരുഷപ്രായം എത്തിച്ചരുളേണമേ. യാതൊരു ദുരുപദേശം, പ്രപഞ്ചവിചാരം, ജഡമോഹം മുതലായവയും ഇന്നു സ്വീകരിച്ച നിന്റെ സത്യത്തിൽനിന്നു അവനെ (ളെ, രെ) തെററിച്ചു കളയരുതേ. വാഗ്ദത്തം ചെയ്ത അവകാശത്തെ എല്ലാ വിശുദ്ധരോടും ഒന്നിച്ചു ഇവനും (ളും, രും) പ്രാപിക്കേണ്ടതിന്നു നിന്റെ പ്രിയ പുത്രനും, ഞങ്ങളുടെ കൎത്താവുമായ യേശു ക്രിസ്തുമൂലം അപേക്ഷിക്കുന്നു. ആമെൻ. Std.

അല്ലെങ്കിൽ.

ഞങ്ങളുടെ പ്രിയ കൎത്താവും ദൈവത്തിൻ പുത്രനും ആയ യേശു ക്രിസ്തുവേ, നീ പണ്ടു പറഞ്ഞിതു: ദുഷ്ടരാകുന്ന നിങ്ങൾ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ, സ്വ ൎഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവൎക്കു പരിശുദ്ധാത്മാവി നെ എത്ര അധികം കൊടുക്കും* എന്നുള്ളതല്ലാതെ, ഭൂമിമേൽ നി ങ്ങളിൽ ഇരുവർ യാചിക്കുന്ന ഏതു കാൎയ്യം കൊണ്ടും ഐകമത്യ പ്പെട്ടു എങ്കിൽ, അതു സ്വൎഗ്ഗസ്ഥനായ എൻ പിതാവിൽനിന്നു അ വൎക്കു ഭവിക്കും† എന്നും ഉണ്ടല്ലോ. എന്നാൽ ഇന്നു സ്നാനപ്പെട്ട ഈ സഹോദരനെ (രിയെ, രെ) പരിശുദ്ധാത്മാവിനെ കൊണ്ടു ബല പ്പെടുത്തി, വിശുദ്ധ സുവിശേഷത്തിന്റെ അനുസരണത്തിൽ ഉറ പ്പിച്ചു താങ്ങി, പിശാചിനോടും സ്വന്തബലഹീനതയോടും പൊ രുതു ജയിക്കുമാറാക്കുക. അവൻ (ൾ, ർ) പരിശുദ്ധാത്മാവിനെ ദുഃ ഖിപ്പിക്കയോ, തിരുസഭെക്കു യാതൊരു ഇടൎച്ചയാലും നഷ്ടം വരുത്തു കയോ ചെയ്യാതെ, നീ കല്പിച്ചു വാഗ്ദത്തം ചെയ്തപ്രകാരം നിന്റെ സ്തുതിക്കും തന്റെ ഭാഗ്യത്തിന്നും മററവരുടെ അനുഗ്രഹത്തിന്നും ആയിട്ടു ജീവിച്ചു നടപ്പാൻ നീയേ തുണ നില്ക്കേണമേ. ആമെൻ.

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക; യഹോവ തിരുമു ഖത്തെ നിങ്ങളിലേക്കു പ്രകാശിപ്പിച്ചു കരുണ ചെയ്ക; യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി, നിങ്ങൾക്കു സമാധാനം ഇ ടുമാറാക. ആമെൻ. (൪ മോ. ൬.)

---

## ൩. അതിവേഗതയിലേ സ്നാനം.

കൎത്താവായ യേശു ക്രിസ്തുവേ, ഈ ശിശുവിനെ (ക്കളെ) നിനക്കു ഞങ്ങൾ കൊണ്ടുവന്നു സമൎപ്പിക്കുന്നുണ്ടു. ശിശുക്കളെ എന്റെ അ ടുക്കൽ വരുവാൻ വിടുവിൻ, ദൈവരാജ്യം ഇപ്രകാരമുള്ളവൎക്കാകുന്നു സത്യം, എന്നു നീ അരുളിച്ചെയ്തപ്രകാരം നിന്റെ മുതലായിട്ടു ഇതി നെ (വകളെ) കൈക്കൊള്ളേണമേ. Br.

* ലൂ. ൧൧. † മത്താ. ൧൮.

(ശിശുവിന്മേൽ വലങ്കൈ വെച്ചിട്ടു)

(ഇന്നവനേ) ഞാൻ പിതാ പുത്രൻ പരിശുദ്ധാത്മാവാകുന്ന ദൈവത്തിൻെറ നാമത്തിൽ നിന്നെ സ്നാനപ്പെടുത്തുന്നു.

നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിൻെറ കരുണയും, ദൈവത്തിൻെറ സ്നേഹവും, പരിശുദ്ധാത്മാവിൻെറ കൂട്ടായ്മയും, നിങ്ങൾ എല്ലാവരോടും കൂടെ ഇരിപ്പൂതാക. ആമെൻ. (൨ കൊ. ൧൩.)

---

## പെററ സ്ത്രീ ഒന്നാം പ്രാവശ്യം പള്ളിയിൽ

### പോകുമ്പോൾ ചൊല്ലേണ്ടുന്ന വന്ദനം.

സൎവ്വശക്തിയും കനിവുമുള്ള ദൈവമായ പിതാവേ, ഇന്നു വീണ്ടും തിരുമുമ്പിൽ എത്തിവന്ന നമ്മുടെ സഭക്കാരത്തിയായ ഈ സ്ത്രീയോടു നീ ഈ സമയത്ത ശിശുപ്രസവത്താൽ ഉണ്ടായ വേദനയിലും അനൎത്ഥത്തിലും കാണിച്ച വാത്സല്യസഹായങ്ങളെ വിചാരിച്ചു നിന്നെ വാഴ്ത്തി സ്തുതിക്കുന്നു. നിൻെറ ഈ കൃപാകടാക്ഷത്തെ അവൾ ഓൎത്തു, നിന്നെ ആശ്രയിക്കുന്നവർ ധന്യർ തന്നെ, എന്നു അറിയുമാറാകേണമേ. ഇനി മേലാലും നിൻെറ ഭയത്തിൽ ജീവിച്ചു നടപ്പാനും, തിരുസ്നാനത്താലെ നിൻെറ കയ്യിൽ ഏല്പിച്ചതും നിൻെറ ദാനവും ആകുന്ന തൻെറ ശിശുവിനെയും നിൻ സ്നേഹത്തിൽ പോററി വളൎത്തുവാനും കൃപ കാണിക്കേണമേ. അതെ പ്രിയ പിതാവേ, ഈ കുട്ടി തൻ പിതാക്കൾക്കു സകല നന്മയിലുള്ള വളൎച്ചയാൽ സന്തോഷിപ്പാൻ തക്കവാറു തീരുമാറാകേണമേ. ഒടുവിൽ പെറേറാരും മക്കളും കൂടെ കൎത്താവും രക്ഷിതാവും ആകുന്ന യേശു ക്രിസ്തുമൂലം നിൻെറ നിത്യമഹത്വത്തിൻെറ ഓഹരിക്കാരായി കാണാകേണമേ. ആമെൻ.

അല്ലെങ്കിൽ.

സൎവ്വശക്തിയുള്ള ദൈവമേ, ഇന്നു വീണ്ടും തിരുസഭയിൽ വന്ന നിൻെറ ദാസിയായ ഈ സ്ത്രീയെ പ്രസവവേദനയെ സംബന്ധിച്ച അനൎത്ഥങ്ങളിൽനിന്നു നീ രക്ഷിച്ചതുകൊണ്ടു താഴ്മയോടെ നിന്നെ

സ്തുതിക്കുന്നു. പ്രിയം ഏറിയ പിതാവേ, ഇനിയും നിൻ സഹായത്താലെ അവൾ വിശ്വാസമുള്ളവളായി നിൻ ഇഷ്ടത്തെ ചെയ്തുകൊണ്ടു, ജീവിച്ചു നടക്കേണമെന്നും സഞ്ചാരദിവസങ്ങളുടെ അവസാനത്തിൽ വരുന്ന ജീവന്റെ നിത്യ തേജസ്സിൽ പ്രാപിക്കേണം, എന്നും കർത്താവായ യേശു ക്രിസ്തുമൂലം നിന്നോടു കരുണ യാചിക്കുന്നു. ആമെൻ.

---

## II. സ്ഥിരീകരണം.

**a.** സുവിശേഷ സഭയിൽനിന്നുള്ള ബാല്യക്കാരെയും ബാല്യക്കാരത്തികളെയും തിരുവത്താഴത്തിൽ ചേർക്കേണ്ടുന്നതു.

നമ്മുടെ ആരംഭം സ്വർഗ്ഗങ്ങളെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയുടെ നാമത്തിൽ ഉണ്ടാകേണമേ.

യേശു ക്രിസ്തുവിൽ പ്രിയമുള്ളവരേ, ഈ ബാലന്മാർ സ്നാനംമൂലം ഞങ്ങളോടു ഒന്നിച്ചു ദൈവകരുണയിൽ കൂട്ടാളികളായതുകൊണ്ടു, തങ്ങളുടെ കർത്താവും വീണ്ടെടുപ്പുകാരനുമായവന്റെ മുമ്പിൽ നിന്നുകൊണ്ടു ഈ ക്രിസ്തീയസഭ കാണ്കെ സ്നാനനിയമത്തെ പുതുക്കുവാൻ ഒരുങ്ങിയിരിക്കുന്നു. സുവിശേഷസത്യം താല്പൎയ്യത്തോടെ പഠിപ്പിച്ചു കൊടുക്കയാൽ, രക്ഷയുടെ അറിവിലേക്കു വേണ്ടുന്ന പഠിപ്പു സാധിച്ചു. കർത്താവു തന്റെ സഭെക്കു സമ്മാനിക്കുന്ന സകല അനുഗ്രഹത്തിലും കൂട്ടവകാശം ലഭിക്കയും, അവന്റെ കൃപാകരമായ അത്താഴത്തിൽ ചേൎന്നുകൊണ്ടു രക്ഷിതാവിനോടുള്ള യോഗത്തെ മുറുക്കയും വേണം, എന്നതു അവരുടെ ആഗ്രഹവും അപേക്ഷയും തന്നെ. എങ്കിലൊ അവർ വെറുതെ ഭാവിച്ചതല്ല, എന്നു തെളിയേണ്ടതിന്നു ദൈവത്തിന്നും ഈ ക്രിസ്തീയസഭെക്കും മുമ്പാകെ നമ്മുടെ വിശ്വാസത്തെ സ്വീകരിച്ചു ചൊല്വാനും, സ്നാനത്തിലെ നേൎച്ചയെ ഉറക്കെ നേൎന്നു കൊൾവാനും മനസ്സുണ്ടു. അതുകൊണ്ടു ഞാൻ ദൈവനാമത്തിൽ നിങ്ങളെ പ്രബോധിപ്പിക്കുന്നതാവിതു: ഈ പ്രിയ ബാലന്മാരുടെ സ്വീകാരവും വാഗ്ദത്തവും ശിഷ്യൎക്കു യോഗ്യമായ അനുരാഗത്തോടെ കേട്ടും, പ്രാൎത്ഥനയിൽ അവരെ താല്പൎയ്യത്തോടെ ഓൎത്തും കൊൾ്വിൻ. ദൈവം സദാത്മമൂലം ഇവരിൽ ആരംഭിച്ച നല്ല പ്രവൃത്തിയെ ഉറപ്പിച്ചു തികെക്കേണ്ടതിന്നു നാം ഐകമത്യപ്പെട്ടു പ്രാൎത്ഥിപ്പൂതാക.

## പ്രാൎത്ഥന.

സ്വൎഗ്ഗസ്ഥനായ പ്രിയ പിതാവേ, ഈ ബാലന്മാരെ നീ വിശുദ്ധ സ്നാനംമൂലം നിന്റെ ധന്യമായ സംസൎഗ്ഗത്തിൽ ചേൎത്തു, ഇതുവരെയും കനിഞ്ഞു പരിപാലിച്ചിരിക്കയാൽ ഞങ്ങൾ സ്തുതിക്കുന്നു. നിന്നെയും നിന്റെ പ്രിയപുത്രനെയും അറിവാൻ അവരെ പഠിപ്പിച്ചതു, നിന്റെ വലിയ ഉപകാരം തന്നെ. പ്രിയ പിതാവേ, ഇന്നും ഈ ബാലന്മാരെ യേശുവിന്നിമിത്തം കടാക്ഷിച്ചു നോക്കുക, ജീവനുള്ള അറിവുകൊടുത്തു പ്രകാശമാക്കുക, പരിശുദ്ധാത്മാവിൻ ദാനങ്ങളെ അവരിൽ വൎദ്ധിപ്പിക്ക. ഗ്രഹിച്ച സത്യത്തിൽ അവരെ ഉറപ്പിച്ചു, ഭക്തിയെ മുഴപ്പിച്ചു, ധന്യമായ മരണത്തോളം വിശ്വസ്തരാക്കിതീൎക്കേണമേ. ആമെൻ.

എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കുക. ആമെൻ.

എന്നാൽ നിങ്ങളുടെ സ്വീകാരത്തെ ചൊല്ലുവിൻ.

(സ്ഥിരീകരണത്തിന്നുള്ള ഉപദേശം എന്ന പുസ്തകത്തിലെ ചോദ്യങ്ങളെ ചോദിക്ക) പക്ഷെ ൯, ൨൦, ൨൮, ൩൬, ൩൯, ൪൧, ൪൩, ൫൪, ൫൫, ൫൮, ൯൦. ഈ അക്കമുള്ള ചോദ്യങ്ങളെ കൂടാതെ ചൊല്ലിക്കാം അവരവർ ഓരോന്നിന്നു ഉത്തരം പറഞ്ഞതിൽ പിന്നെ എല്ലാവരോടും ചോദിക്കേണ്ടുന്നിതു.

൧. പ്രിയ ബാലന്മാരേ, സുവിശേഷസാരമാകുന്ന ഈ വിശ്വാസത്തെ നിങ്ങൾ വായാലും ഹൃദയത്താലും സ്വീകരിക്കയും, പിടിച്ചുകൊൾകയും, നടപ്പിന്നു മാതിരിയാക്കുകയും ചെയ്വാൻ മനസ്സുണ്ടോ?

ഉ൧ മനസ്സുണ്ടു.

൨. പിശാചിനോടും അവന്റെ സകല ക്രിയകളോടും, ലോകത്തിന്റെ ആഡംബരമായകളോടും, ജഡത്തിന്റെ സകല മോഹങ്ങളോടും മറുത്തു പറയുന്നുവോ?

ഉ൧ ഞങ്ങൾ മറുത്തു പറയുന്നു.

൩. എങ്കിലോ പിതാ പുത്രൻ സദാത്മാവായവനു എന്നും വിശ്വസ്തരായി, അവന്റെ ഇഷ്ടത്തിന്നും വചനത്തിന്നും ഒത്തവണ്ണം

വിശ്വസിച്ചു നടപ്പാനും, കഷ്ടപ്പെട്ടു മരിപ്പാനും നിശ്ചയിച്ചു കൈയേല്ക്കുന്നുവോ?

ഉവ്വു ഞങ്ങൾ അപ്രകാരം പൂൎണ്ണമനസ്സോടെ കൈയേല്ക്കുന്നു. ദൈവം തന്റെ ആത്മാവിൻ കൃപയും ശക്തിയും ഞങ്ങൾക്കു നല്കി തുണെക്കേണമേ. ആമെൻ.

(പിന്നെ ഓരോ ബാലനും ബാലയും മുട്ടുകുത്തുക, തലമേൽ വലങ്കൈ വെച്ചു ചൊല്ലുന്നിതു:)

സ്വൎഗ്ഗസ്ഥനായ പിതാവു യേശു ക്രിസ്തുവിൻ നിമിത്തം പരിശുദ്ധാത്മാവിൻ ദാനത്തെ നിന്നിൽ പുതുക്കി വൎദ്ധിപ്പിക്ക. നീ വിശ്വാസത്തിൽ ഉറെപ്പാനും, ഭക്തിമുഴപ്പാനും കഷ്ടത്തിൽ പൊറുപ്പാനും, നിത്യജീവന്റെ പ്രത്യാശയിൽ ആനന്ദിപ്പാനും തന്നെ. ആമെൻ.

അല്ലെങ്കിൽ.

നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവായവൻ തന്റെ തേജസ്സിൻ ധനപ്രകാരം നിനക്കു അകത്തേ മനുഷ്യനിൽ സ്വദാത്മാവിനാൽ ശക്തിയോടെ ബലപ്പെടുമാറും, ക്രിസ്തു വിശ്വാസത്താൽ നിന്റെ ഹൃദയത്തിൽ വസിച്ചുകൊള്ളുമാറും, ദൈവത്തിന്റെ സകല നിറവിനോളം നിറഞ്ഞു വരുമാറും നല്കുകേ ആവു. ആമെൻ. (എഫെ. ൩.)

അല്ലെങ്കിൽ.

യേശു ക്രിസ്തുവിൽ തന്റെ നിത്യ തേജസ്സിലേക്കു നിന്നെ വിളിച്ചവനായി, സൎവ്വ കൃപാവരമുടയ ദൈവം താൻ നിന്നെ യഥാസ്ഥാനത്തിലാക്കി ഉറപ്പിച്ചു, ശക്തീകരിച്ചു അടിസ്ഥാനപ്പെടുത്തുകയും, നിത്യാനന്ദത്തിന്നായി സ്വശക്തിയിൽ കാക്കുകയും ചെയ്വൂതാക. ആമെൻ. (൧ പേത്രു. ൫.)

അല്ലെങ്കിൽ.

സമാധാനത്തിൻ ദൈവമായവൻ നിന്നെ അശേഷം ശുദ്ധീകരിക്ക, നിന്റെ ആത്മാവും ദേഹിയും ദേഹവും നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടാക. ആമെൻ. (൧ തെസ്സ. ൫.)

അല്ലെങ്കിൽ.

സമാധാനത്തിന്റെ ദൈവം നിന്നെ തന്റെ ഇഷ്ടം ചെയ്യാനതക്കവണ്ണം സകല സൽക്രിയയിലും യഥാസ്ഥാനപ്പെടുത്തി, നിന്നിൽ തനിക്കു പ്രസാദം ഉള്ളതിനെ യേശു ക്രിസ്തുമൂലം നടത്തിക്കേണമേ. ആമെൻ. (എബ്രാ. ൧൩.)

## നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയുള്ള ദൈവവും കനിവേറിയ പിതാവുമായുള്ളോവേ, എല്ലാ നന്മയും ഞങ്ങളിൽ വിതെച്ചു നട്ടു വളൎത്തി തികെച്ചു തരുന്നവനേ, ഈ ബാലന്മാരെ ക്രിസ്തുവിന്റെ ജീവനുള്ള അവയവങ്ങളായി സത്യവിശ്വാസത്തിലും തിരുസ്നേഹത്തിൻ അനുസരണത്തിലും നീ തന്നേ നിത്യം കാക്കേണമേ. ഇന്നു സ്വീകരിച്ച സത്യത്തിൽനിന്നു തെറ്റിപ്പാൻ യാതൊരു ദുരുപദേശത്തിന്നും ജഡമോഹങ്ങൾക്കും കഴിവുണ്ടാകരുതേ. അവർ തലയാകുന്ന ക്രിസ്തുവിങ്കലേക്കു എല്ലാംകൊണ്ടും വളൎന്നു പോരിക. സകല ജ്ഞാനത്തിലും നീതിവിശുദ്ധികളിലും യേശുവിന്റെ തികഞ്ഞ പുരുഷപ്രായത്തിന്റെ അളവോടു അവർ എത്തുമാറാക. നിന്നെയും നിന്റെ പ്രിയ മകനെയും പരിശുദ്ധാത്മാവെയും ഏക സത്യദൈവം, എന്നു അവർ മേല്ക്കുമേൽ അറിഞ്ഞു പരിചയിച്ചു ധൈൎയ്യം ഏറി, തിരുസഭയിൽ വാക്കിനാലും നടപ്പിനാലും സ്വീകരിച്ചു കൊണ്ടു, അധികം ഫലങ്ങളെ കാച്ചു നിന്റെ കൃപയെ മഹിമപ്പെടുത്തേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുമൂലം തുണെച്ചരുളേണമേ. ആമെൻ.

സമാധാനത്തിൽ പോയിക്കൊൾ്വിൻ. സ്വൎഗ്ഗങ്ങളെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ. ആമെൻ.

അല്ലെങ്കിൽ.

സ്വൎഗ്ഗസ്ഥ പിതാവായ ദൈവമേ, നിന്റെ ചൊല്ലി മുടിയാത്ത ജ്ഞാനത്താലും നീതിയാലും രാജ്യത്തിന്റെ രഹസ്യങ്ങളെ ജ്ഞാനികൾക്കും വിവേകികൾക്കും തോന്നാതെ മറെച്ചു, ശിശുക്കൾക്കു വെളിപ്പെടുത്തിയതു കൊണ്ടു ഞങ്ങൾ വാഴ്ത്തുന്നു. നിന്റെ പുത്രനായ

യേശു ക്രിസ്തുവിനെയും അവന്റെ സുവിശേഷത്തിന്റെ പരമാൎത്ഥത്തെയും മനസ്സോടെ വിശ്വസിച്ചും, വായികൊണ്ടു സ്വീകരിച്ചും കൊള്ളുന്ന അറിവിനെ ഈ ഞങ്ങളുടെ മക്കൾക്കും കൂടെ കൊടുക്കുന്ന മഹാ കരുണെക്കായിട്ടു ഞങ്ങൾ എല്ലാവരാലും നിനക്കു സ്തോത്രം ഉണ്ടാക. ഈ നിന്റെ പരിശുദ്ധാത്മാവിനെ കൊണ്ടു അവരുടെ ഹൃദയങ്ങളെയും ഭാവങ്ങളെയും പ്രകാശിപ്പിച്ചു, ബലം കൂട്ടി കൊടുത്തു, ജീവനുള്ള വിശ്വാസത്തിലും ഭക്തിയിലും സ്ഥിരതയിലും ദിവ്യ വസ്തുതകളുടെ രുചിയിലും വൎദ്ധിപ്പിച്ചു, ദേഹികളുടെ രക്ഷയെ സംശയം കൂടാതെ സാധിപ്പിക്കേണമേ. തിരുനാമത്തിന്റെ ബഹുമാനത്തിന്നായി അവർ വിശ്വാസത്തിന്നും സ്നേഹത്തിന്നും നിജഫലങ്ങളെ കായ്ക്കുകയും, കൎത്തൃകൎമ്മ എന്നിയേ സൽക്രിയകളിൽ ഉത്സാഹിച്ചു നടക്കയും, ന്യായമായി പോരാടിയവരുടെ കൂട്ടത്തിൽ നീതികിരീടം പ്രാപിക്കയും ചെയ്യുമാറാക. ഇതെല്ലാം ഞങ്ങൾ വിനയത്തോടെ അപേക്ഷിക്കുന്നതു നിന്റെ പുത്രനായ യേശുമൂലം തന്നെ. ആയവൻ നിന്നോടു കൂടെ സദാത്മാവിന്റെ ഒരുമയിൽ തന്നെ സത്യ ദൈവമായി എന്നും ജീവിച്ചും വാണും കൊണ്ടിരിക്കുന്നു. ആമെൻ.

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക; യഹോവ തിരുമുഖത്തെ നിങ്ങളിലേക്കു പ്രകാശിപ്പിച്ചു കരുണ ചെയ്ക; യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി, നിങ്ങൾക്കു സമാധാനം ഇടുമാറാക. ആമെൻ. (൪ മോ. ൬.) W.

---

b. റോമസഭക്കാരെ സഭയോടു ചേൎക്കുമ്പോൾ സ്നാനം കഴിക്കാതേ. ഫ. കുട്ടികളെ സ്നാനത്തിലുള്ള അനുഗ്രഹത്തോടു കൈക്കൊണ്ടാൽ മതി. വ. പരുവത്തിൽ എത്തിയവരെ സ്ഥിരീകരണത്തിന്റെ ചട്ടപ്രകാരം തലമേൽ വലങ്കൈ വെച്ചു അനുഗ്രഹിപ്പതു.

നീ ക്രിസ്തുവിനെ നേടീട്ടു ധൎമ്മത്തിൽനിന്നു നിന്റെ നീതിയെ അല്ല ക്രിസ്തുവിശ്വാസത്തിൽനിന്നുള്ളതായി. വിശ്വാസത്തിന്നു ദൈവത്തിൽനിന്നു വരുന്ന നീതിയെ കൈക്കൊണ്ടു, അവനിൽ കാണപ്പെടുവാനും അവൻ നിമിത്തം എല്ലാം ചണ്ടിയായി എണ്ണുവാനും സ്വൎഗ്ഗസ്ഥനായ പിതാവു തന്റെ പരിശുദ്ധാത്മാവിന്റെ ദാനത്തെ നിന്മേൽ പകരേണമേ.

---

# III. തിരുവത്താഴം.

## ൧. തിരുവത്താഴത്തെ കൊണ്ടാടുന്നതു.

മുമ്പിലെ ഞായറാഴ്ചയിൽ അറിയിക്കേണ്ടുംപ്രകാരമാവിതു:

പ്രിയ സഹോദരന്മാരേ, കൎത്താവിൻ ഇഷ്ടമുണ്ടെങ്കിൽ, വരുന്ന കൎത്താവിൻ വാരത്തിൽ ഈ സഭയിൽ തിരുവത്താഴം കൊണ്ടാടും, അതിന്നായി യേശുക്രിസ്തുവിന്റെ നാമത്തിൽ എല്ലാ സഭക്കാരെയും ക്ഷണിക്കുന്നു. അതിൽ ചേരുവാൻ മനസ്സുള്ളവർ ദൈവസഹായത്താലേ ഹൃദയങ്ങളെ നന്നെ ആരാഞ്ഞു ഒരുക്കിക്കൊള്ളാവു, ആ വിലയേറിയ കൃപാസാധനം ആൎക്കും ശിക്ഷാവിധിയായിട്ടല്ല, എല്ലാവൎക്കും നിത്യാനുഗ്രഹമായി തീരേണം, എന്നു നോക്കേണ്ടതല്ലോ ആകുന്നു. അതുകൊണ്ടു ദൈവവചനം മാതിരിയാക്കി, നിങ്ങളുടെ നടപ്പിനെ ശോധന ചെയ്തു, വിചാരത്തിലും വാക്കിലും കൎമ്മത്തിലും പിഴച്ചപ്രകാരം തോന്നുംതോറും സത്യമായി അനുതാപപ്പെടുകയും പരിശുദ്ധദൈവത്തോടു ഏറ്റുപറകയും, ഇനി അവന്റെ കരുണയാലെ ഗുണപ്പെടുവാൻ നിശ്ചയിക്കയും ചെയ്യേണ്ടതു. പിന്നെ ദൈവത്തോടു മാത്രമല്ല, കൂട്ടുകാരനോടും പിഴെച്ചപ്രകാരം കണ്ടാൽ, അവനോടു ഇണക്കം വരുത്തി, അന്യായം ചെയ്തതിന്നു തക്കവണ്ണം പ്രതിശാന്തി കൊടുപ്പാനും ഒരുമ്പെടേണ്ടതു. നിങ്ങളെ പകെച്ചവരെയും ദുഃഖിപ്പിച്ചവരെയും ഓൎക്കുന്തോറും, ദൈവം നിങ്ങളുടെ സകല കുററങ്ങളെയും ക്ഷമിച്ചുവിടേണം, എന്നു ആഗ്രഹിക്കുന്നതുപോലെ തന്നെ അവൎക്കും ക്ഷമിച്ചു വിടുവാൻ മനസ്സുണ്ടാകേണം. അല്ലാഞ്ഞാൽ തിരുവത്താഴത്തിൻ അനുഭവം ന്യായവിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്നപ്രകാരമത്രേ. അതുകൊണ്ടു തടങ്ങലാകുന്നതു എല്ലാം നീക്കി, അനുതാപവും വിശ്വാസവും ഉള്ള ഹൃദയത്തോടെ കൎത്താവിൻ പന്തിയിൽ ചേരത്തക്കവണ്ണം കൎത്താവു താൻ നിങ്ങളെ ഉണൎത്തുക. അവനവന്റെ ഹൃദയാവസ്ഥെക്കു തക്കവണ്ണം പ്രിയരക്ഷിതാവു ഓരോരുത്തനെ കനിഞ്ഞു കരുണയാലെ പിടിച്ചു വലിച്ചുകൊണ്ടു, ക്രമത്താലെ നാം എല്ലാവരുടെ രക്ഷയും തികെച്ചു, ഇഹത്തിലും പരത്തിലും തന്നോടുള്ള കൂട്ടായ്മയെ പൂൎണ്ണമാക്കി തരികെ ആവു. ആമെൻ. W. O. P.

## ൨. സ്വീകരണത്തിൻ ആചാരം.

തിരുവത്താഴത്തിന്റെ നടേ ദിവസത്തിൽ ഹൃദയങ്ങളെ ഒരുക്കി പാ പത്തെ സ്വീകരിക്കേണ്ടതിന്നു കൂട്ടമ്പോൾ ചൊല്ലേണ്ടതു.

യേശു ക്രിസ്തുവിൽ പ്രിയമുള്ളവരേ, കർത്താവിന്റെ രാത്രിഭോജനത്തിൽ ചേരുവാൻ ഭാവിക്കുന്നവർ എല്ലാം പൌൽ അപ്പോസ്തലന്റെ വചനങ്ങളെ ഓർക്കേണ്ടതു. ഏവ എന്നാൽ: മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്രത്തിൽ കുടിച്ചും കൊൾവാൻ. അപാത്രമായി ഭക്ഷിച്ചു കുടിക്കുന്നവൻ കർത്താവിൻ ശരീരത്തെ വിസ്തരിക്കായ്കയാൽ തനിക്കു താൻ ന്യായവിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്നു[1]. അതുകൊണ്ടു നാം വിധിക്കപ്പെടായ്വാൻ വേണ്ടി നമ്മെ നാം തന്നെ വിസ്തരിച്ചുകൊൾ്കതാക. ഞങ്ങൾക്കു പാപം ഇല്ല എന്നു പറഞ്ഞാൽ, നമ്മെ നാം തെറ്റിക്കുന്നു, നമ്മിൽ സത്യവും ഇല്ലായ്വന്നു[2]. മനുഷ്യന്റെ ഹൃദയത്തിലേ വിചാരം ബാല്യംമുതൽ എല്ലായ്പോഴും ദോഷമുള്ളതാകുന്നു[3]. ജഡത്തിൽനിന്നു ജനിച്ചതു ജഡമത്രേ[4]. വ്യത്യാസം ഒട്ടും ഇല്ലല്ലോ, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാതെ ചമഞ്ഞു[5]. കർത്താവോ ഹൃദയങ്ങളെയും കരളുകളെയും ശോധന ചെയ്യുന്നു; സകലവും അവന്റെ കണ്ണുകൾക്കു നഗ്നവും മലർന്നുമായി കിടക്കുന്നു[6]. ദോഷം രുചിക്കുന്ന ദൈവമല്ല നീ, ദുഷ്ടനു നിങ്കൽ പാർപ്പില്ല[7]. പാപത്തിൽ വസിച്ചു നിന്നാൽ കാഠിന്യത്താലും അനുതപിക്കാത്ത ഹൃദയത്താലും നാം ദൈവത്തിൻ ന്യായവിധി വെളിപ്പെടുന്ന കോപദിവസത്തിൽ നമുക്കു തന്നെ കോപത്തെ ചരതിക്കുന്നു[8]. ആയവൻ ഓരോരുത്തനു അവനവന്റെ ക്രിയകൾക്കു തക്ക പകരം ചെയ്യും, മുഖപക്ഷം അവൻ പക്കൽ ഇല്ല. അതുകൊണ്ടു നിങ്ങളുടെ പാപങ്ങൾ മാച്ചു പോകേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞു കൊൾ്വിൻ[9]. ദുഷ്ടൻ തന്റെ വഴിയെയും, അകൃത്യക്കാരൻ തന്റെ വിചാരങ്ങളെയും വിട്ടു, യഹോവയുടെ നേരെ മടങ്ങി വരിക[10]. നിങ്ങളുടെ കുറ്റങ്ങളെ അറിഞ്ഞു കൊണ്ടു, അക്രമങ്ങളെ വിചാരിച്ചു ഖേദിച്ചു

---

1) ൧ കൊ. ൧൧. 2) ൧ യോഹ. ൧. 3) ൧ മോശ. ൮. 4) യോഹ. ൩. 5) രോ. ൩. 6) എബ്രാ. ൪. 7) സങ്കീ. ൫. 8) രോ. ൨. 9) അപ്പോ. ൩. 10) യശ. ൫, ൫.

ദൈവത്തിന്മുമ്പാകെ താണു ചമവിൻ. നിങ്ങളിൽ വല്ലവനും അവിശ്വാസത്താലേ ദുഷിച്ച ഹൃദയം ഉണ്ടായിട്ടു, ജീവനുള്ള ദൈവത്തോടു ദ്രോഹിക്കാതെ പോവാൻ നോക്കുവിൻ1). ഇന്നു അവന്റെ ശബ്ദം കേട്ടാൽ ഹൃദയം കഠിനമാക്കരുതേ.

ഇപ്രകാരം എല്ലാം ദൈവവചനം ഞങ്ങളുടെ അയോഗ്യതയെ വൎണ്ണിച്ചു, മാനസാന്തരത്തിന്നു വിളിക്കുന്നതു കൂടാതെ, ദിവ്യ കാരുണ്യത്തിന്റെ അത്യന്ത ധനത്തെയും അറിയിച്ചു കൊടുക്കുന്നു. എങ്ങിനെ എന്നാൽ: എൻ ജീവനാണ, ദുഷ്ടന്റെ മരണത്തിൽ എനിക്കു ഇഷ്ടമില്ല, ദുഷ്ടൻ തന്റെ വഴിയെ വിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അത്രെ2). അപ്പൻ മക്കളിൽ കനിവുള്ള പ്രകാരം തന്നെ യഹോവെക്കു തന്നെ ഭയപ്പെടുന്നവരിൽ കനിവുണ്ടു3). മനന്തിരിയുന്ന ഏക പാപിയെ ചൊല്ലി സ്വൎഗ്ഗത്തിൽ സന്തോഷം ഉണ്ടു4). ദൈവം ലോകത്തെ സ്നേഹിച്ച വിധമാവിതു: തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവൻ എല്ലാം നശിക്കാതെ, നിത്യജീവനുള്ളവൻ ആകേണ്ടതിന്നു അവനെ തരുവോളം തന്നെ5). പാപത്തെ അറിയാത്തവനെ നാം അവനിൽ ദൈവനീതി ആകേണ്ടതിന്നു അവൻ നമുക്കു വേണ്ടി പാപം ആക്കിയതുകൊണ്ടു ദൈവത്തോടു നിരന്നുവരുവിൻ6). നിങ്ങളുടെ സമാധാനത്തിന്നുള്ളവ വിചാരിച്ചു കൊണ്ടു, നിങ്ങളുടെ ദേഹികളെ രക്ഷിപ്പാൻ ബദ്ധപ്പെടുവിൻ. സത്യവചനത്തിൽനിന്നു ഈ പ്രബോധനവും വാഗ്ദത്തവും കേട്ടിട്ടു, നാം ദൈവത്തിന്മുമ്പാകെ നമ്മെ താഴ്ത്തി, പാപങ്ങളെ ഏററു പറഞ്ഞു കരുണ അന്വേഷിച്ചു കൊണ്ടു ചൊല്ലുതാക.

## പ്രാൎത്ഥന.

നിസ്സാര പാപിയായ ഞാൻ, സ്വൎഗ്ഗസ്ഥ പിതാവിൻ മുമ്പിൽ ഏററു പറയുന്നിതു: ഞാൻ പലവിധത്തിലും കൊടിയ പാപം ചെയ്തു കഷ്ടം. തിരുകല്പനകളെ പുറമേ ലംഘിച്ചു നടക്കുന്നതിനാൽ മാത്രമല്ല, ഉള്ളിൽ ആത്മാവിനെ കെടുത്തു കറയാക്കുകയാലും തന്നെ. പലമടിവും, നന്മചെയ്കയിൽ ഉപേക്ഷയും, അഹങ്കാരഗൎവ്വവും,

1) എബ്ര. ൩. 2) ഹസ. ൩൩. 3) സങ്കീ. ൧൦൩. 4) ലൂക്ക. ൧൫. 5) യൊഹ. ൩.
6) ൨ കൊ. ൫.

അസൂയ പക സിദ്ധാന്തങ്ങളും, കോപകെപ്പുകളും, മായാസക്തി പ്രപഞ്ചാനുരാഗവും, ജഡകാമമോഹങ്ങളും, ലോഭലൌകികഭാവങ്ങളും, മററും ഹൃദയത്തിൽ അരുതാത്ത ദുർന്നയങ്ങൾ പലതും ഏറുകയാൽ, ഞാൻ ദൈവക്രോധത്തിന്നും ന്യായവിധിക്കും ഇഹത്തിലും പരത്തിലും നാനാ ശിക്ഷകൾക്കും, നരകത്തിലേ നിത്യശാപത്തിന്നും പാത്രമായ്ചമഞ്ഞു സത്യം. ഈ എന്റെ പാപങ്ങളെ എന്റെ കർത്താവായ ദൈവം അറിയുമ്പോലെ, മുററും അറിഞ്ഞുകൊൾവാൻ കഴിയാത്തവൻ എങ്കിലും, ഞാൻ വിചാരിച്ചു ദുഃഖിച്ചു സങ്കടപ്പെടുന്നു. പ്രിയപുത്രനായ യേശു ക്രിസ്തുനിമിത്തം ഇതെല്ലാം ക്ഷമിച്ചു വിട്ടു, എന്നെ കരുണയോടെ കടാക്ഷിക്കേണം, എന്നു ഞാൻ കെഞ്ചി യാചിക്കുന്നു. ആമെൻ. W.

## കെട്ടഴിപ്പിൻ അറിയിപ്പു.

നിങ്ങളുടെ പാപങ്ങളെ ഉള്ളവണ്ണം അറിഞ്ഞും ഏററു പറഞ്ഞും വിശ്വാസത്തോടെ കർത്താവിൻ കരുണയും ക്ഷമയും യാചിച്ചും കൊണ്ടുള്ളോരേ, ഒക്കയും കേൾപ്പിൻ. നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പിതാവും ദൈവവുമായവൻ നിങ്ങളെ കനിഞ്ഞു, കരുണയോടെ ചേർത്തുകൊൾവാൻ മനസ്സുള്ളവൻ തന്നെ. അവന്റെ പ്രിയപുത്രനായ യേശു ക്രിസ്തു കഷ്ടപ്പെട്ടു മരിച്ചുണ്ടാക്കിയ പ്രായശ്ചിത്തം നിമിത്തം, അവൻ നിങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ചിരിക്കുന്നു. അതുകൊണ്ടു നമ്മുടെ കർത്താവായ യേശു: ആർക്കെങ്കിലും നിങ്ങൾ പാപങ്ങളെ മോചിച്ചാൽ, അവെക്കു മോചിക്കപ്പെടുന്നു; ആർക്കെങ്കിലും പിടിപ്പിച്ചാൽ അവക്കു പിടിപ്പിക്കപ്പെട്ടിരിക്കുന്നു, എന്നു അരുളിച്ചെയ്ത വചനത്തിൻ ശക്തിയെ ആശ്രയിച്ചു, ക്രിസ്തുസഭയുടെ വേലക്കാരനായി വിളിക്കപ്പെട്ട ഞാൻ ചൊല്ലുന്നിതു: മനന്തിരിഞ്ഞു വിശ്വസിച്ചുള്ള നിങ്ങൾ സകല പാപത്തിൽനിന്നും ഒഴിവുള്ളവരും വിടപ്പെട്ടവരുമാകുന്നു. യേശു ക്രിസ്തു തന്റെ കഷ്ടമരണങ്ങളാൽ അദ്ധ്വാനിച്ചുണ്ടാക്കി, സർവ്വലോകത്തിലും അറിയിപ്പാൻ കല്പിച്ചിട്ടുള്ള മോചനം പോലെ തന്നെ നിങ്ങളുടെ സകല പാപങ്ങൾക്കും നിറഞ്ഞു വഴിഞ്ഞിരിക്കുന്ന മോചനം ഉണ്ടാക. യേശുവിൻ നാമത്തിൽ ഉരെച്ച ഈ ആശ്വാസ

വചനത്തെ നിങ്ങൾ കൈക്കൊണ്ടു ആശ്വസിച്ചു, മനസ്സാക്ഷിയെ ശമിപ്പിക്കുന്ന ആധാരം ആക്കി, എന്റെ എന്റെ പാപത്തിന്നു മോചനം ഉണ്ടു, എന്നു ഉള്ളുകൊണ്ടു ഉറെച്ചു വിശ്വസിക്കേണ്ടുന്നതു. പിതാ പുത്രൻ പരിശുദ്ധാത്മാവു, എന്ന ദൈവനാമത്തിൽ തന്നെ.

എന്നാൽ മനന്തിരിയാതെയും, വിശ്വസിയാതെയും ഇരിക്കുന്നവൎക്ക ഒക്കെയും പാപങ്ങൾ പിടിപ്പിക്കപ്പെട്ടു, എന്നും, അവൎക്ക മാനസാന്തരം ഇല്ലാഞ്ഞാൽ ദൈവം നിശ്ചയമായി ശിക്ഷിക്കേ ഉള്ളു, എന്നും, കൎത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നാമത്തിൽ കൂടെ ഞാൻ അറിയിച്ചു, അവർ മനന്തിരിഞ്ഞു സുവിശേഷം വിശ്വസിച്ചു ദൈവത്തോടു നിരന്നുവരേണ്ടതിന്നു പ്രബോധിപ്പിക്കുന്നു.

### അല്ലെങ്കിൽ.

വിശേഷാൽ സ്വകാൎയ്യം സ്വീകരിക്കുമ്പോൾ ഹസ്താൎപ്പണത്തോടെ.

ലോകത്തിന്നു ന്യായം വിധിപ്പാനല്ല, ലോകത്തിന്നു രക്ഷ ഉണ്ടാകേണ്ടതിന്നത്രേ, ഈ ലോകത്തിൽ വന്നവനായി, അദ്ധ്വാനിച്ചും ഭാരം ചുമന്നും നടക്കുന്നവരെ ഒക്കെയും തണുപ്പിപ്പാൻ തന്റെ അടുക്കലേക്കു വിളിച്ച സത്യവാനും വിശ്വസ്തനുമായവൻ എന്നിൽ ഭരമേല്പിച്ച ശുശ്രൂഷയാൽ നിന്നോടു (നിങ്ങളോടു) ചൊല്ലുന്നിതു: ധൈൎയ്യവാൻ (ന്മാർ) ആക, നിന്റെ (ങ്ങളുടെ) പാപങ്ങൾ നിനക്കു (ങ്ങൾക്കു) മോചിക്കപ്പെട്ടിരിക്കുന്നു. 81.

### നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയുള്ള സ്വൎഗ്ഗസ്ഥപിതാവേ, നിന്റെ കനിവിന്റെ പെരിമയാൽ ഏകജാതനായ യേശു ക്രിസ്തുവിനെ അയച്ചു തന്നു, കുരിശിന്റെ ദണ്ഡത്താൽ ഞങ്ങളുടെ വീണ്ടെടുപ്പിന്നായി മരിപ്പാൻ ഏല്പിച്ചതിനാൽ നിനക്കു സ്തോത്രം ഉണ്ടാക. തന്നെത്താൻ ബലി അൎപ്പിക്കയാൽ അവൻ സൎവ്വലോകത്തിൻ പാപങ്ങൾക്കും എന്നേക്കും മതിയായുള്ള പൂൎണ്ണ പ്രായശ്ചിത്തം അനുഷ്ഠിച്ചു, നിരപ്പിനെ ഘോഷിക്കുന്ന ശുശ്രൂഷക്കാരെക്കൊണ്ടു ഞങ്ങൾക്കും പാപങ്ങളുടെ മോചനത്തെ അറിയിച്ചതാകയാൽ ഞങ്ങൾ വാഴ്ത്തുന്നു. കനിവേറിയ പി

താവേ, ഞങ്ങൾ അവന്റെ നിയമപ്രകാരം അവൻ വരുവോളം ആ മരണം പ്രസ്താവിപ്പാൻ തക്കവണ്ണം കൃപ നല്കേണമേ. ഞങ്ങളുടെ സ്വന്ത നീതിയെ ആശ്രയിച്ചിട്ടല്ല, ഞങ്ങൾ നിന്റെ പന്തിയിൽ ചേരുവാൻ തുനിയുന്നതു, നിന്റെ മഹാകരുണയെ ആശ്രയിച്ചിട്ടത്രെ. നിന്റെ മേശയിൽനിന്നു വീഴുന്ന നുറുക്കുകളെ പോലും ചേൎത്തുകൊൾവാൻ ഞങ്ങൾ പാത്രമല്ല. എങ്കിലും നീ യഹോവേ, എല്ലായ്പോഴും അവന്തന്നെ ആകുന്നു, ഇന്നും നിന്റെ കനിവു മുടിയാതെ, രാവിലേ രാവിലേ പുതുതായും വിശ്വാസ്യത വലുതായും ഇരിക്കുന്നു. അതുകൊണ്ടു ഞങ്ങൾ നിന്റെ പുത്രനായ യേശു ക്രിസ്തുവിന്റെ മാംസം ഭക്ഷിച്ചു, രക്തം കുടിക്കുന്നതിനാൽ ദേഹവും ദേഹിയും സ്വസ്ഥത പ്രാപിച്ചു, നിത്യജീവനായി പുഷ്ടി ഏറി, ഞങ്ങൾ എന്നും അവനിലും, അവൻ ഞങ്ങളിലും വസിപ്പാൻ കരുണ ചെയ്യേണമേ. ആമെൻ. C. P.

അല്ലെങ്കിൽ.

കനിവുള്ള ദൈവവും പിതാവും ആയവനേ, നീ ഞങ്ങളെ ഇത്ര കൃപയോടെ അംഗീകരിച്ചു, പുത്രനായ യേശു ക്രിസ്തുവിനെ നോക്കി, സകല പാപവും ക്ഷമിക്കയാൽ ഞങ്ങൾ സ്തുതിച്ചു വാഴ്ത്തുന്നു. വിശ്വസ്തനായ ദൈവമേ, നിന്റെ കൃപയിൽ ഞങ്ങളെ കാത്തു വേരൂന്നിക്കയും, ഇനി പാപത്തെ പകെച്ചു ഒഴിപ്പാനും, സാത്താന്റെ സകല പരീക്ഷകളോടും വിശ്വാസത്തിൽ എതിൎത്തു നില്പാനും, സത്യത്തിന്റെ നീതിയിലും പവിത്രതയിലും നിന്നെ സേവിപ്പാനും ബലം നല്കയും ചെയ്ക. നിനക്കു പ്രസാദമുള്ളതു ചെയ്വാൻ ഉപദേശിക്ക. നിന്റെ നല്ല ആത്മാവു നികന്ന നിലത്തിൽ ഞങ്ങളെ നടത്താകേണമേ. ആമെൻ. W.

എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ നിത്യജീവനോളം കാപ്പൂതാക. ആമെൻ.

## ൩. തിരുവത്താഴത്തിൻ ആചാരം.

*വീഞ്ഞും അപ്പവും മതിയാവോളം ശുദ്ധപാത്രങ്ങളിൽ കൊണ്ടുവന്നു, അപ്പം നീളമുള്ള ഖണ്ഡങ്ങളാക്കി, എല്ലാം കൎത്താവിൻ മേശമേൽ ക്രമത്തിൽ വെച്ചശേഷം കാത്തിരിക്കുന്ന സഭക്കാരോടു ചൊല്ലുന്നിതു.*

ക്രിസ്തുയേശുവിൽ പ്രിയ സഹോദരരായുള്ളോരേ, നമ്മുടെ രക്ഷിതാവു തന്റെ ശരീരം മെയ്യായി ഭക്ഷ്യവും തിരുരക്തം മെയ്യായി പാനീയവും ആക്കി നമുക്ക തന്നു, വിശ്വാസത്തെ തിരുവത്താഴത്തിൽ ബലപ്പെടുത്തുവാൻ ഭാവിക്കുന്നതിനാൽ, നാം കൎത്താവിൻ ശരീരത്തിനും രക്തത്തിന്നും കുററമുള്ളവർ ആകാതവണ്ണം, കൎത്താവിൻ അത്താഴത്തിലെ മൎമ്മം നാം ഗ്രഹിച്ചുവോ, എന്നു നമ്മെ തന്നെ ശോധന ചെയ്യേണ്ടു. ഈ മൎമ്മമായതോ ദൈവപുത്രനായ യേശുക്രിസ്തു നമുക്ക വേണ്ടി ജഡത്തിൽ വന്നു, തിരുമരണത്താൽ നമ്മുടെ പാപങ്ങളെ എല്ലാം പരിഹരിച്ചു, സ്വൎഗ്ഗസ്ഥനായ പിതാവെ നമ്മോടു ഇണക്കി; ഇപ്രകാരം താന്തന്നെ നമ്മുടെ ആഹാരവും നിത്യജീവങ്കലേക്കുള്ള പാനീയവും ആയ്ചമഞ്ഞു, എന്നുള്ളതു തന്നെ നാം ഈ അത്താഴത്തിൽ ഓൎക്കയും, കൎത്താവിൻ വീഞ്ഞും അപ്പവും വാങ്ങി കൈക്കൊണ്ടു പ്രസ്താവിക്കയും ചെയ്യുന്നു.

ഈ ഭോജനത്തിൽ ചേരുന്നവൻ എവനും, വിശേഷാൽ തന്റെ പാപങ്ങൾക്ക മോചനം വന്നതു കൎത്താവായ ക്രിസ്തുയേശു തന്റെ ശരീരം ഏല്പിച്ചു, രക്തം ചിന്നിയതിനാൽ അത്രേ സാധിച്ചതു, എന്നും, ഏതു വിശ്വാസിക്കും അവൻ നിത്യജീവനെ സമ്പാദിച്ചു, എന്നും കേവലം അറിവൂതാക. ആയതിനെ നാം വിശ്വസിച്ചു, എത്രയും ദിവ്യം എന്നു ധ്യാനിച്ചു കൈക്കൊള്ളേണ്ടതല്ലാതെ, ദൈവം തന്റെ ഏകജാതനെ നമുക്ക സ്വന്തമാക്കി തന്നു, നിത്യവീണ്ടെടുപ്പിനെ സാധിപ്പിച്ചു, പാപം പിശാചു മരണം നരകം എന്നിവററിൽ നിന്നു നമ്മെ വിടുവിച്ച ദൈവസ്നേഹത്തിൻ ആധിക്യവും അഗാധവും കണ്ടു, എന്നും നന്നിയുള്ളവരായി ചമയേണ്ടു. അതുകൊണ്ടു മരിച്ചിട്ടുള്ളതു ആടുകൾക്ക വേണ്ടി നല്ല ഇടയൻ, പാപികൾക്ക വേണ്ടി നിൎദ്ദോഷൻ, അവയവങ്ങൾക്ക വേണ്ടി തല, സഭയാകുന്ന കന്യെക്ക വേണ്ടി മണവാളൻ, എന്നുള്ളതു നണ്ണി മഹാപുരോഹിതനായ ക്രിസ്തു പിതാവിനെ അനുസരിച്ചും അരിഷ്ടരായ നമ്മെ അ

ത്യന്തം സ്നേഹിച്ചുംകൊണ്ടു, തന്നെത്താൻ ദഹനബലിയാക്കി ഹോമിച്ചു ദൈവകരുണയുടെ നിയമത്തെ സ്ഥിരമാക്കി മുദ്രയിട്ടിരിക്കുന്നു, എന്നു ചിന്തിച്ചുംകൊൾ്കവിൻ.

പിന്നെ കൎത്താവായ യേശു ക്രിസ്തു: എന്റെ നാമത്തിൽ പിതാവിനോടു എന്തെല്ലാം യാചിച്ചാലും അവൻ തരും, എന്നു വാഗ്ദത്തം ചെയ്കയാൽ, അവന്റെ സ്നേഹത്തെ നല്ലവണ്ണം വിചാരിച്ചു സന്തോഷിപ്പാനും, ദൈവത്തെ തേറുന്ന വിശ്വാസത്തിന്നു ശക്തികൂട്ടുവാനും, ഏകബലിയാൽ നമ്മുടെ പാപങ്ങൾ്ക്കു നിത്യ വീണ്ടെടുപ്പു സാധിപ്പിച്ചു, വിശുദ്ധീകരിച്ചവരെ ഒക്കയും ഒരു ബലി കൊണ്ടു എന്നേക്കും തികെച്ചിരിക്കുന്നു, എന്നു സംശയം കൂടാതെ ഉറപ്പിപ്പാനും നാം പ്രാൎത്ഥിക്കേണ്ടതാകുന്നു. നാം നമ്മിലും, എല്ലാ മനുഷ്യരോടും, വിശേഷാൽ നമ്മുടെ ശത്രുക്കളോടും വ്യാജമില്ലാത്ത മമതയിൽ നില്പാനും, ചതിമോഹങ്ങളാൽ കെട്ടു പോകുന്ന പഴയ മനുഷ്യനെ നാം താല്പൎയ്യമായി വെച്ചു കളഞ്ഞു കൊല്ലുവാനും, ദൈവത്തിന്നു ഒത്തവണ്ണം സൃഷ്ടനായ പുതു മനുഷ്യനെ ധരിച്ചു കൊൾ്വാനും, സകല കഷ്ടസങ്കടപരീക്ഷകളെയും ക്ഷമയോടെ സഹിപ്പാനും, നാം തേജസ്സിൽ കൂടേണ്ടതിന്നു കഷ്ടതയിലും നമ്മുടെ തലയോടൊന്നിച്ചു നിന്നു കൊണ്ടു പൊറുപ്പാനും, ഏറിയൊന്നു യാചിക്കേണ്ടതാകുന്നു. നാം പട്ടാങ്ങായി ദൈവത്തിൻ മക്കളും, ആത്മാവിലും സത്യത്തിലും ദൈവത്തെ കുമ്പിട്ടു ബഹുമാനിക്കുന്നവരായി കാണേണ്ടതിന്നു ദൈവം ഇങ്ങിനേ ഉള്ള വിശ്വാസം, പ്രത്യാശ സ്നേഹം, ക്ഷാന്തി, സുബോധം, ചാരിത്രശുദ്ധി ഒക്കയും നമ്മിൽ ഉണ്ടാക്കി വളൎപ്പൂതാക.

ഒടുവിൽ ആരാനും അപാത്രമായി ഈ അപ്പം ഭക്ഷിക്കതാൻ, കൎത്താവിൻ പാനപാത്രം കുടിക്കതാൻ ചെയ്താൽ, കൎത്താവിൻ ശരീരത്തിന്നും രക്തത്തിന്നും കുററമുള്ളവനാകും, എന്നു പൌൽ അപ്പോസ്തലൻ വളരെ ബുദ്ധി പറകകൊണ്ടു, നാം എല്ലാവരും ഉള്ളിൽ തന്നെ കടന്നു നോക്കേണ്ടുന്നിതു: ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്താൽ എനിക്കു അനുഭവമായതു എന്തു? അതിനാൽ എന്റെ പാപങ്ങൾ്ക്കും ഒക്കയും മോചനം വന്ന പ്രകാരം ഞാൻ പ്രമാണിച്ചിരിക്കുന്നുവോ? എല്ലാവരും എന്നെ സ്നേഹിക്കേണം എന്നു ആഗ്രഹിക്കും പോലെ കൎത്താവിനെ വിചാരിച്ചു ഞാൻ എല്ലാ മനുഷ്യരെയും

സ്നേഹിക്കുന്നുവോ? ദൈവാത്മാവും ദൈവകൃപയും തുണയായിട്ട പാപത്തിന്നു ഒക്കെക്കും മരിപ്പാൻ ഒരുമ്പെട്ടിരിക്കുന്നുവോ? നമ്മുടെ കൎത്താവായ യേശു ഉപദേശത്തിലും നടപ്പിലും മരണത്തിലും കാട്ടിയ മാതിരിയെ നോക്കി, ജീവന്റെ പുതുക്കത്തിൽ നടപ്പാൻ മനോനിൎണ്ണയം ഉണ്ടോ? എന്നിങ്ങിനെ ഉള്ളതു തങ്ങളുടെ ഉള്ളിൽ കാണാതെയും, പ്രബോധനം കേട്ടിട്ടും, ഇനി അന്വേഷിപ്പാൻ തങ്ങളെ എല്പിക്കാതെയും, ഭയവും ശിക്ഷയും എന്നിയേ പാപത്തിൽ ജീവിപ്പാൻ മനസ്സുള്ളവർ എപ്പേരും കൎത്താവിൻ മേശയിൽ ചേരരുതു. ആയതു കൎത്താവിൻ ശരീരമാകുന്ന ദൈവത്തിന്റെ സഭെക്കു മാത്രം ഒരുക്കിയിരിക്കുന്നു സ്പഷ്ടം.

## നാം പ്രാൎത്ഥിക്ക.

സ്വൎഗ്ഗസ്ഥനായ പിതാവേ, ഞങ്ങൾ പലവിധത്തിലും പിഴച്ചു, ദുൎവ്വിചാരങ്ങളാലും ദുൎവ്വാക്കു ദുഷ്ക്രിയകളാലും സ്നേഹമില്ലാത്ത നടപ്പിനാലും തിരുകല്പനകളെ ഇടവിടാതെ ലംഘിച്ചു, എന്നു തിരു മുമ്പിൽ ഏറ്റു പറയുന്നു. ഞങ്ങൾക്കു കാണ്മാൻ കഴിയുന്നതിൽ അധികം ഹൃദയങ്ങളെ ആരായുന്ന നീ തന്നെ ഞങ്ങളുടെ കേടു ഒക്കയും കാണുന്നു. നിന്റെ പ്രിയ പുത്രനായ യേശു നിമിത്തം ഞങ്ങളെ ക്ഷമിച്ചു കടാക്ഷിക്കേണമേ. സൎവ്വലോകത്തിൻ പാപങ്ങൾക്കായിട്ടും അവൻ പ്രായശ്ചിത്തമായി, ഞങ്ങളുടെ ദ്രോഹങ്ങളെ തിരുരക്തത്താൽ മാച്ചു കളകയാൽ നിനക്കു സ്തോത്രം. ഇന്നു കൃപാകരമായ ഭോജനത്തിന്നായി ഞങ്ങളെ ക്ഷണിക്കുന്നതിന്നു ഞങ്ങൾ സ്തുതി ചൊല്ലുന്നു. ഞങ്ങൾക്കു വേണ്ടി മരണത്തിൽ എല്പിച്ച ക്രിസ്തുശരീരവും, ഞങ്ങളുടെ പാപങ്ങൾക്കായി ഒഴിച്ച തിരുരക്തവും ഞങ്ങൾ നല്ലവണ്ണം അനുഭവിച്ചു, ജീവാഹാരവും ജീവനീരുമാകുന്ന യേശു ക്രിസ്തുവിനെ സത്യവിശ്വാസത്തിൽ നിത്യ ജീവനായി കൈക്കൊൾവാനും, ഞങ്ങളുടെ തലയായ ക്രിസ്തുവോടു ഏകീഭവിച്ചു, നിന്നോടു നന്നിയും അനുസരണവും ഏറിവരുവാനും, കൂട്ടുകാരനെ ഉററു സ്നേഹിച്ചും കൊണ്ടു സകല ദൈവഭക്തിയിലും നിത്യ ജീവനായി വളരുവാനും, നിന്റെ പരിശുദ്ധാത്മാവിനെ തന്നു ബലപ്പെടുത്തി പോറേണമേ. ആമെൻ. Sfh.

## അല്ലെങ്കിൽ.

കൎത്താവിൽ പ്രിയമുള്ളവരേ, നമ്മുടെ കൎത്താവായ യേശു ക്രിസ്തു
വിന്റെ നാമത്തിൽ അവന്റെ ബലിമരണത്തിൻ ഓൎമ്മ കൊണ്ടാ
ടുവാനും, തിരുവത്താഴത്തിൽ അവന്റെ മാംസരക്തങ്ങൾക്കു ഓഹ
രിയുള്ളവരാവാനും മനസ്സുള്ളവരേ, അപ്രകാരം ഭാവിക്കുന്നവരോടു
ക്കെയും: മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അ
പ്പത്തിൽ ഭക്ഷിച്ചും, പാനപാത്രത്തിൽ കുടിച്ചും കൊൾവാൻ, എ
ന്നു അപ്പോസ്തലൻ പ്രബോധിപ്പിച്ചതു നന്നായി വിചാരിപ്പിൻ!
എന്തെന്നാൽ ഈ ചൊല്ക്കുറി പ്രത്യേകമുള്ള ആശ്വാസത്തിന്നായി
നല്കിയിരിക്കുന്നതു, തങ്ങളുടെ പാപങ്ങളെ ഉണൎന്നു ബോധിച്ചും ഏ
റ്റു പറഞ്ഞും, ദൈവകോപവും മരണവും ഭയപ്പെട്ടും, നീതിയെ ദാ
ഹിച്ചു വിശന്നും വലഞ്ഞും ഉള്ള അരിഷ്ടമനസ്സാക്ഷികൾക്കത്രെ.
നാം നമ്മെ തന്നെ ശോധന ചെയ്തു, മനോബോധത്തെ ആരാ
ഞ്ഞു പുക്കു എങ്കിലൊ, പാപത്തിന്റെ അറെപ്പും ഘോരതയും, അ
തിനാൽ പിണയുന്ന നിത്യമരണവും നമ്മിലും കാണുമല്ലൊ. പാ
പത്തിൻ കൂലി മരണമത്രെ, അതിൽനിന്നു വല്ലപ്രകാരത്തിലും ന
മുക്കു ത്രാണനം വരുത്തിക്കൂടാ.

അതുകൊണ്ടു നമ്മുടെ കൎത്താവായ യേശു ക്രിസ്തു നമ്മെ കനി
ഞ്ഞു, നമ്മുടെ പാപങ്ങൾക്കു പരിശാന്തിയാവാൻ മനുഷ്യനായി
ദൈവത്തിന്റെ ഹിതവും ധൎമ്മവും എല്ലാം നമുക്കു വേണ്ടി നി
വൃത്തിച്ചു, നമ്മുടെ പാപങ്ങളാൽ പിണയുന്ന മരണം മുതലായ
അനുഭവങ്ങളെ ഒക്കെയും താൻ എടുത്തു ചുമന്നു, നമ്മെ വീണ്ടെടുത്തി
രിക്കുന്നു. ആയതിനെ നാം ഉറെച്ചു പ്രമാണിപ്പാനും, അവന്റെ
ഹിതത്തിൽ സന്തോഷിച്ചു ജീവിപ്പാനും വേണ്ടി, അവൻ തിരുവ
ത്താഴത്തിൽ അപ്പത്തെ എടുത്തു സ്തോത്രം ചൊല്ലി നുറുക്കി പറ
ഞ്ഞിതു: വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കു വേണ്ടി നുറുക്കപ്പെടു
ന്ന എന്റെ ശരീരം ആകുന്നു.

അതിന്റെ അൎത്ഥമോ ഞാൻ മനുഷ്യനായി അവതരിച്ചതും,
ഞാൻ ചെയ്തതും കഷ്ടപ്പെടുന്നതും എല്ലാം നിങ്ങൾക്കു വേണ്ടി നട
ക്കയാൽ അശേഷം നിങ്ങൾക്കുള്ളതാകുന്നു. എന്നതിന്നു കുറിയായും
മുദ്രയായും ഞാൻ എന്റെ ശരീരത്തെ നിങ്ങൾക്കു ഭക്ഷ്യമായി

തരുന്നു, നിങ്ങൾ എന്നും എന്നിലും ഞാൻ നിങ്ങളിലും വസിപ്പാനാ യി തന്നെ. അപ്രകാരം തന്നെ അവൻ പാനപാത്രത്തെയും എടു ത്തു പറഞ്ഞിതു: നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ, ഈ പാത്രം എന്റെ രക്തത്തിൽ പുതിയ നിയമമാകുന്നു; ഇതു പാപമോ ചനത്തിന്നായി നിങ്ങൾക്കും അനേകൎക്കും വേണ്ടി ഒഴിച്ച എന്റെ രക്തം. അതിന്റെ അൎത്ഥമോ: നിങ്ങളെ ഞാൻ കൈക്കൊണ്ടു, നി ങ്ങളുടെ സകല പാപങ്ങളെയും എന്റെ മേൽ ആക്കി ചുമക്കുന്ന തുകൊണ്ടു, ഞാൻ പാപത്തിന്നു വേണ്ടി എന്നെ തന്നെ അൎപ്പിച്ച പ്രായശ്ചിത്തമാക്കുകയും, എന്റെ രക്തം ഒഴിച്ചുകൊണ്ടു പാപമോ ചനവും കരുണയും നിങ്ങൾക്കായി സമ്പാദിക്കയും, പാപം ക്ഷമി ച്ചിട്ടു, അതിൻ പേർ പോലും എന്നേക്കും ഓൎക്കാതെ ഉള്ള പുതിയ നിയമത്തെ സ്ഥാപിക്കയും ചെയ്യും. എന്നതിന്നു നിശ്ചയമേറും കു റിയും സാക്ഷ്യവും ആയിട്ടു, എന്റെ രക്തം നിങ്ങൾക്കു കുടിപ്പാൻ തരുന്നതു, നിങ്ങളിൽ എന്റെ ജീവൻ വളരേണ്ടതിന്നു തന്നെ. അ തുകൊണ്ടു മേൽ പറഞ്ഞപ്രകാരം ഈ അപ്പത്തിൽ ഭക്ഷിച്ചും ഈ പാത്രത്തിൽ കുടിച്ചും, ഈ ക്രിസ്തുവചനങ്ങളെ ഉറപ്പായി പ്രമാണി ച്ചും കൊള്ളുന്നവൻ യേശുവിലും യേശു അവനിലും നിത്യജീവനോ ളും വസിക്കുന്നു.

എന്നതുകൊണ്ടു നാം ഇന്നും അവന്റെ മരണം പ്രസ്താവിച്ചു, നമ്മുടെ പിഴകൾ നിമിത്തം അവൻ ഏല്പിക്കപ്പെട്ടും, നമ്മുടെ നീ തീകരണത്തിന്നായി ഉണൎത്തപ്പെട്ടും ഇരിക്കുന്നതു ഓൎത്തു, എപ്പോഴും സ്തോത്രവും വന്ദനവും കഴിപ്പൂതാക. പിന്നെ അവനവൻ തന്റെ കുരിശിനെ എടുത്തും കൊണ്ടു, അവന്റെ പിന്നിൽ ചെല്ലൂതാക. അവന്റെ കല്പന പ്രകാരം, അവൻ നമ്മെ സ്നേഹിച്ചതു പോലെ, നാം അന്യോന്യം സ്നേഹിക്കയും, അവൻ നമുക്കു സമ്മാനിച്ചു ക്ഷ മിച്ച പ്രകാരം നമ്മിലും സമ്മാനിച്ചു വിടുകയും ചെയ്ക. നാം എ ല്ലാവരും ആ ഓർ അപ്പത്തിൽ ഓഹരിക്കാർ ആക കൊണ്ടു, ഓർ അ പ്പം ഉള്ളതു പോലെ, പലരായ നാം ഒരു ശരീരമാകുന്നു. പല കുരുക്ക ളാൽ ഒരു വീഞ്ഞും, പല മണികളാൽ ഓർ അപ്പവും ഉണ്ടാകുന്നതു പോലെ, നാം എല്ലാവരും വിശ്വാസത്താൽ ക്രിസ്തുവിനോടു ഒന്നാ യി ചമഞ്ഞ അവന്റെ സ്നേഹം ആവേശിച്ചിട്ടു സഹോദരസ്നേഹ

ത്താൽ ഒരു ശരീരവും ഒരു പാനീയവും ഓർ അപ്പവും ആയ്തീരേ ണ്ടതു. അതു വെറുതെ ഉള്ള വാക്കായിട്ടല്ല, ക്രിയയിലും സത്യത്തിലും തന്നെ അന്യോന്യം നിൎവ്വ്യാജസ്നേഹം കാട്ടി നടക്കേയാവു. നമ്മുടെ കൎത്താവും രക്ഷിതാവും ആയ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ തന്റെ കനിവിന്നും സൎവ്വശക്തിക്കും തക്കവണ്ണം അപ്രകാരം തന്റെ ആത്മാവെകൊണ്ടു നമ്മെ ചെയ്യിക്കാകേണമേ. ആമെൻ.

## നാം പ്രാൎത്ഥിക്ക.

ഞങ്ങളുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പിതാവും സൎവ്വശക്തിയുള്ള ദൈവവുമായി സകലത്തിന്നു സ്രഷ്ടാവും എല്ലാ മനുഷ്യൎക്കും ന്യായാധിപതിയുമായുള്ളോവേ, ഞങ്ങൾ നിനവിലും വാക്കിലും ക്രിയയിലും നിന്റെ മഹത്വത്തിന്നു വിരോധമായി പല പ്രകാരം പിഴെച്ചു ദ്രോഹം ചെയ്തു, നിന്റെ ന്യായമായ കോപത്തിന്നും മുഷിച്ചലിന്നും സംഗതി വരുത്തി പോന്നതു, ഞങ്ങൾ ദുഃഖിച്ചുംകൊണ്ടു ഏററുപറയുന്നു. ഈ അക്രമങ്ങൾ നിമിത്തം ഞങ്ങൾ വിഷാദിക്കുന്നു. ആയതിനാൽ അനുതാപവും ഓൎമ്മയാൽ വേദനയും ഉണ്ടു, അതിൻ ഭാരം ചുമന്നു കൂടാത്തതു. കനിവുള്ള പിതാവേ, യേശുവിനെ വിചാരിച്ചു കനിഞ്ഞു കൊണ്ടാലും, കനിഞ്ഞു കൊണ്ടു സകല പാപങ്ങളെയും ക്ഷമിച്ചു, ഞങ്ങളെ നിന്റെ പ്രസാദത്തിന്നായും, തിരുനാമത്തിൻ സ്തുതിമാനത്തിന്നായും പുതിയ ജീവനിൽ നടത്തി, ഇടവിടാതെ നിന്നെ സേവിപ്പാറാകേണമേ. ദേഹിദേഹങ്ങളെ ശുദ്ധീകരിക്ക. നിന്റെ പുത്രനോടുള്ള കൂട്ടായ്മ ഈ അത്താഴത്താൽ ഞങ്ങളിൽ പുതുക്കി, വിശ്വാസവും പ്രൈാഹവും വൎദ്ധിപ്പിച്ചു, നിൎവ്വ്യാജഭക്തിയും സൽക്രിയകൾക്കുള്ള ഉത്സാഹവും മുഴപ്പിച്ചു, യേശു ക്രിസ്തുവാകുന്ന കൎത്താവിൻ മൂലം നിന്റെ സേവെക്കു ഒരുമിപ്പിക്കേണമേ. ആമെൻ. W.

പ്രിയമുള്ളവരേ, തിരുവത്താഴത്തെ സ്ഥാപിച്ച വചനങ്ങളെ വിശ്വാസത്തോടെ കേൾപ്പിൻ.*

ഞാനാകട്ടേ കൎത്താവിൽനിന്നു പരിഗ്രഹിച്ചു നിങ്ങൾക്കും ഏല്പിച്ചതു എന്തെന്നാൽ: കൎത്താവായ യേശു തന്നെ കാണിച്ചു കൊ

* ൧ കൊരി. ൧൧, ൨൩ — ൨൬.

ടുക്കുന്നാൾ രാത്രിയിൽ അപ്പത്തെ എടുത്തു, സ്തോത്രം ചൊല്ലി നുറുക്കി പറഞ്ഞു: വാങ്ങി ഭക്ഷിപ്പിൻ, ഇതു നിങ്ങൾക്കു വേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരമാകുന്നു, എന്റെ ഓർമ്മെക്കായിട്ടു ഇതിനെ ചെയ്വിൻ. അപ്രകാരം തന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും എടുത്തു പറഞ്ഞു: ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു, ഇതിനെ കുടിക്കുന്തോറും എന്റെ ഓർമ്മെക്കായിട്ടു ചെയ്വിൻ. എങ്ങിനെ എന്നാൽ നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും, ഈ പാനപാത്രം കുടിക്കയും ചെയ്യുന്തോറും, കർത്താവു വരുവോളത്തിന്നു അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.

അപ്പത്തെ എടുത്തു പാനപാത്രത്തെ എടുത്തു എന്നു ചൊല്ലുമ്പോൾ ആ പാത്രങ്ങളെ അല്പം പൊന്തിക്കാം.

പിന്നെ തിരുവത്താഴം കൊടുക്ക. മുമ്പെ ബോധകനോ ബോധകന്മാരോ കൈക്കൊൾക. പിന്നെ ചില സഭക്കാർ അടുത്തു മുട്ടുകുത്തി വാങ്ങുക. അല്പം ചിലർ മാത്രം ഉണ്ടെങ്കിൽ ഓരോരുത്തരോടും അധികം ഉണ്ടെങ്കിൽ രണ്ടു മൂന്നു പേരോടു ചൊല്ലേണ്ടിയതു.

വാങ്ങി ഭക്ഷിപ്പിൻ, ഇതു നിങ്ങൾക്കു വേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു; എന്റെ ഓർമ്മെക്കായി ഇതിനെ ചെയ്വിൻ. വാങ്ങി കുടിപ്പിൻ, ഈ പാത്രം എന്റെ രക്തത്തിൽ പുതിയ നിയമമാകുന്നു, എന്റെ ഓർമ്മെക്കായി ഇതിനെ ചെയ്വിൻ.

അല്ലെങ്കിൽ.

വാങ്ങി ഭക്ഷിപ്പിൻ, ഇതു നിങ്ങൾക്കു (നിങ്ങളുടെ പാപങ്ങൾക്കു) വേണ്ടി മരണത്തിൽ ഏല്പിച്ച യേശു ക്രിസ്തുവിന്റെ ശരീരം, അവന്റെ ഓർമ്മെക്കായി ഇതിനെ ചെയ്വിൻ.

വാങ്ങി കുടിപ്പിൻ, ഇതു നിങ്ങൾക്കു (നിങ്ങളുടെ പാപങ്ങൾക്കു) വേണ്ടി ഒഴിച്ചു തന്ന യേശു ക്രിസ്തുവിന്റെ രക്തം, അവന്റെ ഓർമ്മെക്കായി ഇതിനെ ചെയ്വിൻ.

അല്ലെങ്കിൽ.

നാം നുറുക്കുന്ന അപ്പം ക്രിസ്തുശരീരത്തിന്റെ കൂട്ടായ്മയല്ലയോ? നാം ആശീർവ്വദിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തു രക്തത്തിന്റെ കൂട്ടായ്മയല്ലയോ?

കൊടുത്തു തീർന്ന ശേഷം.

കരുണയാലെ നമ്മെ പോഷിപ്പിച്ച പ്രിയ രക്ഷിതാവിന്നു നാം നന്നിയുള്ളവരായി സ്തോത്രം ചൊല്ലി പ്രാർത്ഥിക്ക.

എൻ ദേഹിയേ, യഹോവയെ അനുഗ്രഹിക്ക, എന്റെ ഉള്ളി ലേവ എല്ലാം അവന്റെ വിശുദ്ധനാമത്തെ തന്നെ. എൻ ദേഹിയേ യഹോവയെ അനുഗ്രഹിക്ക, അവന്റെ സകല ഉപകാരങ്ങളെ മറ ക്കയുമരുതേ. നിന്റെ അകൃത്യങ്ങളെ ഒക്കയും ക്ഷമിച്ചു, നിന്റെ എ ല്ലാ ഊനങ്ങൾക്കും ചികിത്സിച്ചും, നിന്റെ ജീവനെ കുഴിയിൽനിന്നു വീണ്ടെടുത്തും, ദയയും കനിവും ചൂടിച്ചും തരുന്നവനേ, കൎത്താവാ യ യേശുവേ, നീ ഞങ്ങളെ കടാക്ഷിച്ചു, പാപമരണങ്ങളിൽനിന്നു വീണ്ടെടുത്തു, നിനക്കും ഞങ്ങൾക്കും പിതാവായവന്റെ പുത്രത്വ ത്തിലേക്ക വിളിച്ചിരിക്കകൊണ്ടു ഞങ്ങൾ വാഴ്ത്തുന്നു. വിശുദ്ധരാത്രി ഭോജനത്തിൽ നിന്റെ സ്നേഹത്തിന്റെ ഓൎമ്മയെ നീ സ്ഥാപിച്ചു, ഈ ദിവ്യ കൃപാസാധനം കൊണ്ടു ഞങ്ങൾക്കു വിശ്വാസവും പ്രത്യാശ യും പുതുതായി ഉറപ്പിച്ചു തരികയാൽ, ഞങ്ങൾ സ്തോത്രം ചൊല്ലുന്നു. ഇനി ഞങ്ങൾ നിന്നിലും നിൻ കൃപയിലും നിലനില്പുതാക. തിരുനാ മത്തെ ഞങ്ങൾ തളരാതെ സ്വീകരിച്ചു, വിശുദ്ധിക്കായി ഉത്സാഹിച്ചു നടന്നുകൊണ്ടു, ഒടുവിൽ തികഞ്ഞ നീതിമാന്മാരുടെ സംഘത്തിൽ ചേൎന്നു, സ്വൎഗ്ഗീയ തേജസ്സിൽ നിന്നെ കാണാകേണമേ. ആമെൻ. W.

## അല്ലെങ്കിൽ.

കൎത്താവായ യേശു ക്രിസ്തുവിന്റെ ശരീരവും രക്തവും ഞങ്ങളുടെ സൌഖ്യത്തിന്നായി തന്നു, ഞങ്ങളെ തണുപ്പിച്ചതു കൊണ്ടു ഞങ്ങൾ സ്തുതിക്കുന്നു. ഇനി നിന്റെ ദാനങ്ങൾ ഞങ്ങളിൽ ഏശീട്ടു, നിങ്കലേ വിശ്വാസം ഉറെക്കയും, നിന്നോടും എല്ലാ മനുഷ്യരോടും സ്നേഹം വ ളരുകയും, ഭയം നീങ്ങി പ്രത്യാശ തികഞ്ഞുവരികയും ആവു. ഇപ്ര കാരം പിതാവായ ദൈവത്തോടു പരിശുദ്ധാത്മാവിന്റെ ഒരുമയിൽ എന്നെന്നേക്കും വാണിരിക്കുന്ന കൎത്താവേ, ഞങ്ങളെ നടത്തി രക്ഷി ക്കേണമേ. ആമെൻ. Bs.

### ഒടുക്കം കൎത്താവിന്റെ ആശീൎവ്വാദം കൈക്കൊൾവിൻ.

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക; യഹോവ തിരുമു ഖത്തെ നിങ്ങളിലേക്ക പ്രകാശിപ്പിച്ചു കരുണ ചെയ്ക. യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി, നിങ്ങൾക്കു സമാധാനം ഇ ടുമാറാക. ആമെൻ.

---

# IV. വിവാഹം.

## ൧. പരസ്യം.

### മൂന്നു ഞായറാഴ്ചകളിൽ.

വിവാഹത്തിന്റെ അവസ്ഥയിൽ പ്രവേശിപ്പാൻ മനസ്സുള്ളവർ ഉണ്ടാകകൊണ്ടു, അവർ ഭാവിക്കുന്നതു നന്നായി ആരംഭിപ്പാനും, ശിഷ്യൎക്കു യോഗ്യമാകുംവണ്ണം നടപ്പാനും, ഭാഗ്യമുള്ള സമാപ്തി എത്തുവാനും സഭക്കാർ എല്ലാവരും അവൎക്കു വേണ്ടി പ്രാൎത്ഥിക്കേണ്ടതാകുന്നു.

ആം പ്രാവശ്യം പ്രസിദ്ധമാക്കുന്നവരുടെ പേരുകളാവിതു:

ഇപ്രകാരം നിശ്ചയിച്ചവർ വിവാഹം കഴിപ്പതിന്നു യാതൊരു മുടക്കം ഉള്ളപ്രകാരം ആൎക്കാനും തോന്നിയാൽ, ആയതു താമസിയാതെ ബോധിപ്പിക്ക എങ്കിലും, പിന്നേതിൽ മിണ്ടാതിരിക്ക എങ്കിലും വേണ്ടതു. വിവാഹകാരണനായ ദൈവം താൻ, മേൽ പ്രകാരം നിശ്ചയിച്ചവൎക്കു ക്രിസ്തുവിൽ കരുണയും അനുഗ്രഹവും നല്കി, അവരുടെ ആഗ്രഹത്തെ സാധിപ്പിക്കേ ആവു. W.

---

## ൨. വിവാഹാചാരം.

പ്രിയമുള്ളവരേ, തമ്മിൽ വിവാഹം നിശ്ചയിച്ചിട്ടുള്ള ഇവർ ഇവിടെ സഭ മുമ്പാകേ വന്നു നില്ക്കുന്നതു ദൈവനാമത്തിൽ വിശുദ്ധ വിവാഹത്താൽ അന്യോന്യം ചേരുവാനും ദൈവവചനത്തിൻ അനുഗ്രഹം ലഭിപ്പാനും തന്നെ. എന്നാൽ തിരുവെഴുത്തുകളിൽനിന്നു പറയുന്ന സൌഖ്യോപദേശം കേൾപ്പിക്കേണ്ടതാകയാൽ,

ഒന്നാമതു. ദൈവം ആദിയിൽ വിവാഹത്തെ നിയമിച്ചപ്രകാരം വായിക്കുക.

* യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, ഞാൻ അവന്നു തക്ക തുണ ഉണ്ടാക്കും എന്നു പറഞ്ഞു. പിന്നെ യഹോവയായ ദൈവം ആദാമിന്നു സുഷുപ്തി വരുത്തീട്ടു, അവൻ ഉറങ്ങി. അപ്പോൾ അവന്റെ വാരിയെല്ലുകളിൽനിന്നു ഒന്നിനെ

---

* ൧ മോശ. ൨, ൧൮. ൨൧—൨൪.

അവൻ എടുത്തു, അതിൻസ്ഥലത്തു മാംസം അടെച്ചു വെച്ചു. യഹോവയായ ദൈവം മനുഷ്യനിൽനിന്ന എടുത്ത വാരിയെല്ലു കൊണ്ടു സ്ത്രീയെ തീൎത്തു, അവളെ മനുഷ്യന്ന വരുത്തി. അപ്പോൾ മനുഷ്യൻ പറഞ്ഞു: ഈ സമയമാകട്ടെ, ഇതു എന്റെ അസ്ഥിയിൽനിന്ന അസ്ഥിയും, എന്റെ മാംസത്തിൽനിന്ന മാംസവും തന്നെ. ഇവൾ നരനിൽനിന്ന എടുക്കപ്പെട്ടുകകൊണ്ടു, നാരി എന്ന വിളിക്കപ്പെടും. അതു നിമിത്തം പുരുഷൻ തന്റെ പിതാവെയും മാതാവെയും വിട്ടു തന്റെ ഭാൎയ്യയോടു പററിയിരിക്കും, അവരും ഒരു ജഡമായ്തീരും.

രണ്ടാമതു. സ്ത്രീപുരുഷന്മാൎക്കുള്ള കെട്ടും ചേൎച്ചയും സുവിശേഷത്തിൽ വൎണ്ണിച്ചപ്രകാരം നാം കേൾക്കുക.

*പരിശന്മാർ അവനെ അടുത്തു ചെന്നു: ഒരു മനുഷ്യൻ ഏതു കാരണം ചൊല്ലിയും, തന്റെ ഭാൎയ്യയെ ഉപേക്ഷിക്കുന്നതു വിഹിതമോ? എന്ന പറഞ്ഞു അവനെ പരീക്ഷിച്ചു. അവൻ ഉത്തരം പറഞ്ഞിതു: ആദിയിൽ പടെച്ചവൻ അവരെ ആണും പെണ്ണുമാക്കി തീൎത്തു, എന്നുള്ളതും; അതു നിമിത്തം മനുഷ്യൻ പിതാവെയും മാതാവെയും വിട്ടു തന്റെ ഭാൎയ്യയോടു പററിയിരിക്കും, ഇരുവരും ഒരു ജഡമായ്തീരും, എന്ന അവൻ പറഞ്ഞ പ്രകാരവും നിങ്ങൾ വായിച്ചിട്ടില്ലയോ? എന്നതുകൊണ്ടു അവർ ഇനി രണ്ടല്ല, ഒരു ജഡമത്രെ ആകുന്നു. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കരുതു.

മൂന്നാമതു. വിവാഹക്കെട്ടിനാൽ ചേൎന്നവർ ദൈവകല്പനപ്രകാരം തങ്ങളിൽ ആചരിക്കേണ്ടുന്ന പ്രകാരം കേൾപിൻ.

†പുരുഷരായുള്ളോരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചപ്രകാരം ഭാൎയ്യമാരെ സ്നേഹിപ്പിൻ. അവനല്ലോ അവളെ ചൊൽ കൂടിയ നീർക്കുളിയാൽ വെടിപ്പാക്കി വിശുദ്ധീകരിക്കയും, കറ ഒട്ടൽ മുതലായതു ഒന്നും ഇല്ലാതെ, പവിത്രയും നിഷ്കളങ്കയും ആയൊരു സഭയെ തേജസ്സോടെ തനിക്കു താൻ മുന്നിറുത്തുകയും ചെയ്യേണ്ടതിന്നു തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു. അവ്വണ്ണം പുരുഷന്മാർ തങ്ങളുടെ ഭാൎയ്യമാരെ തങ്ങളുടെ ശരീരങ്ങളെ പോലെ സ്നേഹി

---

* മത്ത. ൧൯, ൩—൬. † എഫെ. ൫, ൨൫—൨൮.

ക്കേ വേണ്ടു. തന്റെ ഭാൎയ്യയെ സ്നേഹിക്കുന്നവൻ തന്നെ അത്രെ സ്നേഹിക്കുന്നു. തന്റെ ജഡത്തോടല്ലൊ ഒരുവനും ഒരു നാളും പകെച്ചില്ല, ക്രിസ്തു സഭയെ ചെയ്യും പോലെ, അതിനെ പോററി ലാളിക്ക അത്രേ ചെയ്യുന്നു.

* സ്ത്രീകളേ, കൎത്താവിന്നു എന്ന പോലെ നിങ്ങളുടെ ഭൎത്താക്കന്മാൎക്ക കീഴടങ്ങുവിൻ. എന്തെന്നാൽ ശരീരത്തിന്റെ രക്ഷിതാവാകുന്ന ക്രിസ്തു സഭെക്കു തല ആയുള്ളപ്രകാരം, ഭൎത്താവു സ്ത്രീയുടെ തല ആകുന്നു. എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങും പോലെ ഭാൎയ്യമാരും തങ്ങളുടെ ഭൎത്താക്കന്മാൎക്ക സകലത്തിലും കീഴടങ്ങുക.

† അവൎക്ക അലങ്കാരമോ പുരികുന്തൽ, സ്വൎണ്ണാഭരണം, വസ്ത്രധാരണം ഇത്യാദി പുറമേ ഉള്ളതല്ല. ദൈവത്തിന്നു വിലയേറിയതായി, സൌമ്യതയും സാവധാനവും ഉള്ള ഒർ ആത്മാവിന്റെ കേടായ്മയിൽ ഹൃദയത്തിന്റെ ഗുഢമനുഷ്യനത്രേ. ഇപ്രകാരം അല്ലോ പണ്ടു ദൈവത്തിൽ ആശ വെച്ചു, തങ്ങളുടെ ഭൎത്താക്കന്മാൎക്ക അടങ്ങിയ വിശുദ്ധ സ്ത്രീകൾ തങ്ങളെ തന്നെ അലങ്കരിച്ചു.

നാലാമതു. നമ്മുടെ കൎത്താവായ ദൈവം വിവാഹാവസ്ഥയെ അനുഗ്രഹിച്ച ആശീൎവ്വാദത്തെ കേൾക്കുക.

‡ ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവസാദൃശ്യത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായിട്ടു അവരെ സൃഷ്ടിച്ചു. പിന്നെ ദൈവം അവരെ അനുഗ്രഹിച്ചു, നിങ്ങൾ വൎദ്ധിച്ചു പെരുകി ഭൂമിയെ നിറഞ്ഞു അടക്കി കൊൾ്വിൻ.

അനന്തരം ശലൊമോ ചൊല്ലിയതു: § ഭാൎയ്യ കിട്ടി നന്മ കിട്ടി, യഹോവയോടു അവൻ പ്രസാദം വേണ്ടിച്ചു.

അഞ്ചാമതു. ദൈവം വിവാഹാവസ്ഥയിൽ ചുമത്തിയ കഷ്ടതയെയും കേൾക്കുക.

¶ സ്ത്രീയോടു അവൻ പറഞ്ഞു: ഞാൻ നിനക്കു കഷ്ടവും ഗൎഭധാരണവും ഏററവും വൎദ്ധിപ്പിക്കും, കഷ്ടത്തോടെ നീ മക്കളെ പ്രസവിക്കയും, നിന്റെ ഇഷ്ടം ഭൎത്താവിന്നു കീഴടങ്ങുകയും, അവൻ നിന്റെ മേൽ വാഴുകയും ചെയ്യും. ആദാമിനോടു പറഞ്ഞതോ: നീ

* എഫെ. ൫, ൨൨ — ൨൪. † ൧ പേത്രു. ൩, ൩ — ൫. ‡ ൧ മോശ. ൧, ൨൭. § സുഭ. ൧൮, ൨൨. ¶ ൧ മോശ. ൩, ൧൬.

ഭാൎയ്യയുടെ ശബ്ദം കേട്ടുകൊണ്ടു ഭക്ഷിക്കരുതു, എന്നു ഞാൻ നിന്നോടു കല്പിച്ച മരത്തിൽനിന്നു ഭക്ഷിച്ചതുകൊണ്ടു, നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടതു, നിന്റെ ആയുസ്സുള്ളനാൾ എല്ലാം നീ കഷ്ടത്തോടെ അതിന്റെ (അനുഭവം) ഭക്ഷിക്കും. അതു നിനക്കു മുള്ളും ഈഞ്ഞയും മുളെപ്പിക്കും, വയലിലേ സസ്യത്തെ നീ ഭക്ഷിക്കും. നീ നിലത്തുനിന്നു എടുക്കപ്പെട്ടുകയാൽ, അതിൽ തിരികെ ചേരുവോളം നിന്റെ മുഖത്തെ വിയൎപ്പോടു കൂടെ നീ ആഹാരം ഭക്ഷിക്കും. എന്തെന്നാൽ നീ പൊടിയാകുന്നു, പൊടിയിൽ പിന്നെയും ചേരുകയും ചെയ്യും.

ആറാമതു. കഷ്ടതയോടും കൂടെ കല്പിച്ചിട്ടുള്ള ആശ്വാസത്തെയും കുറിക്കൊള്ളേണ്ടതു. നമ്മുടെ കൎത്താവായ യേശു ക്രിസ്തുവാകട്ടെ കഷ്ടകാരണമായ പാപത്തെ താൻ എടുത്തു വഹിച്ചു നീക്കിയതുമല്ലാതെ, തന്നിൽ വിശ്വസിക്കുന്നവൎക്കു ഏവൎക്കും കഷ്ടത്തെ ഒക്കെയും അനുഗ്രഹിച്ചു വിശുദ്ധീകരിച്ചിരിക്കുന്നു. അതുകൊണ്ടു പുരുഷനെ ചൊല്ലി സങ്കീൎത്തനത്തിൽ കേൾക്കുന്നിതു: യഹോവയെ ഭയപ്പെട്ടു, അവന്റെ വഴികളിൽ നടക്കുന്നവൻ എല്ലാം ധന്യൻ. നിന്റെ കൈകളുടെ അദ്ധ്വാനത്തെ നീ ഭക്ഷിക്കും, ആകയാൽ നീ ധന്യൻ, നിനക്കു നന്മ ഉണ്ടു*. ഭാൎയ്യയെ ചൊല്ലി പൌൽ എഴുതുന്നിതു: വിശ്വാസസ്നേഹങ്ങളിലും സുബോധം കൂടിയ വിശുദ്ധീകരണത്തിലും പാൎക്കുന്നാകിൽ, അവൾ ശിശുപ്രസവത്താൽ രക്ഷിക്കപ്പെടും†.

ഇങ്ങിനെ വായിച്ച ദൈവവചനങ്ങളെ മുന്നിട്ടു വിവാഹനിയമത്തിൽ പ്രവേശിപ്പാൻ മനസ്സുണ്ടെങ്കിൽ അടുത്തു വരുവിൻ.

പിന്നെ പുരുഷനോടു ചോദിപ്പതു.

(ഇന്നവനേ) ഈ നില്ക്കുന്ന (ഇന്നവളേ) വിവാഹഭാൎയ്യയായി കൈക്കൊൾ്വാനും വാഴുന്നാൾ ഒക്കയും സുഖത്തിലും ദുഃഖത്തിലും ഉപേക്ഷിയാതെ സ്നേഹിപ്പാനും മനസ്സുണ്ടോ?

ഉത്തരം — മനസ്സുണ്ടു.

---

* സങ്കീ. ൧൨൮. † ൧ തിമൊ. ൨, ൧൫.

അപ്രകാരം സ്ത്രീയോടു ചോദിപ്പതു.

(ഇന്നവളേ) ഈ നില്ക്കുന്ന (ഇന്നവനേ) വിവാഹഭൎത്താവായി കൈക്കൊള്വാനും വാഴുന്നാൾ ഒക്കയും സുഖത്തിലും ദുഃഖത്തിലും ഉപേക്ഷിയാതെ സ്നേഹിപ്പാനും മനസ്സുണ്ടോ?

ഉത്തരം— മനസ്സുണ്ടു.

അല്ലെങ്കിൽ.

(ഇന്നവനേ) ഈ നില്ക്കുന്ന (ഇന്നവളേ) ഭാൎയ്യയായി എടുത്തു സത്യത്തിൽ സ്നേഹിച്ചു, സുഖത്തിലും ദുഃഖത്തിലും കൈവിടാതെ മരണം നിങ്ങളെ വേർപിരിപ്പോളം വിവാഹനിൎണ്ണയം കുറവെന്നി പാലിച്ചു, ഒന്നിച്ചു വാഴുവാൻ മനസ്സുണ്ടോ? എന്നാൽ ദൈവത്തിന്നും ഈ ക്രിസ്തീയസഭെക്കും മുമ്പാകെ മനസ്സുണ്ടെന്നു ചൊല്ലുക.

ഉത്തരം— മനസ്സുണ്ടു.

(ഇന്നവളേ) ഈ നില്ക്കുന്ന (ഇന്നവനേ) ഭൎത്താവായി എടുത്തു സത്യത്തിൽ സ്നേഹിച്ചു, സുഖത്തിലും ദുഃഖത്തിലും കൈവിടാതെ മരണം നിങ്ങളെ വേർപിരിപ്പോളം വിവാഹനിൎണ്ണയം കുറവെന്നി പാലിച്ചു, ഒന്നിച്ചു വാഴുവാൻ മനസ്സുണ്ടോ? എന്നാൽ ദൈവത്തിന്നും ഈ ക്രിസ്തീയസഭെക്കും മുമ്പാകെ മനസ്സുണ്ടെന്നു ചൊല്ലുക. Wae.

ഉത്തരം— മനസ്സുണ്ടു.

അങ്ങിനെ സമ്മതം എങ്കിൽ അന്യോന്യം വലങ്കൈ പിടിച്ചു കൊൾവിൻ.

ഇരുവരുടെ കൈകളിന്മേലും കൈ വെച്ചു പറയേണ്ടതു.

നിങ്ങളിൽ വിവാഹസ്നേഹവും വിശ്വാസവും നേൎന്നുകൊണ്ടതാൽ, ക്രിസ്തീയസഭയുടെ ശുശ്രൂഷക്കാരനാകുന്ന ഞാൻ നിങ്ങളുടെ ബാന്ധവം ദൈവക്രമപ്രകാരം ഒരുനാളും ഇളകാത്തതു, എന്നു പിതാ പുത്രൻ പരിശുദ്ധാത്മാവു, എന്ന ദൈവനാമത്തിൽ ഉറപ്പിച്ചു ചൊല്ലുന്നു. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർതിരിക്കരുതു. A. W.

ഇരുവരും മുട്ടുകുത്തിയിരിക്കേ പ്രാൎത്ഥിക്കുന്നിതു.

യഹോവയായ ദൈവമേ, സ്വൎഗ്ഗസ്ഥ പിതാവേ, നീ ആണും പെണ്ണും സൃഷ്ടിച്ചും, പുലയാട്ടുകളെ ഒഴിപ്പാൻ വിവാഹത്തെ സ്ഥാപിച്ചും ഗൎഭഫലം കൂടെ കല്പിച്ചനുഗ്രഹിച്ചും, നിന്റെ പ്രിയപുത്രനായ യേശു ക്രിസ്തുവും അവന്റെ കാന്തയായ വിശുദ്ധ സഭെക്കുമുള്ള രഹസ്യത്തെ ഇതിനാൽ മുങ്കുറിച്ചും തന്നവനേ, ഈ നിന്റെ ക്രിയയും ക്രമവും അനുഗ്രഹവും ഇവർ ഇരുവരിലും കെടാതെയും ഇളകാതെയും കനിഞ്ഞുകൊണ്ടു പാലിക്കേണ്ടു. നിന്റെ കരുണയുടെ ധനം എല്ലാം അവരുടെ മേൽ പൊഴിഞ്ഞിട്ടു, ഈ അവസ്ഥയിൽ അവർ ദൈവഭക്തിയെ തിരഞ്ഞു കണ്ടെത്തി, മരണത്തോളം ചേൎന്നു നടപ്പാനും, നിന്റെ സ്തുതി ബഹുമാനത്തെയും കൂട്ടുകാരുടെ നന്മയെയും വളൎത്തുവാനും ഉത്സാഹിപ്പിച്ചു, നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കൎത്താവും ആയ യേശു ക്രിസ്തുമൂലം രക്ഷിച്ചരുളേണമേ. ആമെൻ. Lu.

അല്ലെങ്കിൽ.

ഞങ്ങളുടെ ദൈവമായ യഹോവേ, എന്നേക്കും ഞങ്ങളുടെ സഹായവും ആദരവും ആയുള്ളോവേ, നിന്റെ പരിശുദ്ധനിയോഗപ്രകാരം വിവാഹനിയമത്തിൽ പ്രവേശിച്ചു, അന്യോന്യം സ്നേഹവും വിശ്വാസവും നേൎന്നു കൊണ്ടു, ഇന്നു ഇണെച്ചു കെട്ടിയവരെ കടാക്ഷിക്കേണമേ. അവരുടെ വരവും പോക്കും അനുഗ്രഹിച്ചു പരിശുദ്ധാത്മാവെ കൊണ്ടു നടത്തി, നല്ലതും സുഗ്രാഹ്യവും തികവുള്ളതും ആയ നിന്റെ ഇഷ്ടത്തെ അവരിൽ എല്ലാം കൊണ്ടും പൂരിക്കേണമേ. അവരുടെ ദേഹികൾ യേശു ക്രിസ്തുവിൽ ഒന്നിച്ചു ചേൎന്നു, സ്നേഹം ആകുന്ന തികവിൻ മാലയെ അണിഞ്ഞു കൊണ്ടു ഒരുമനപ്പെട്ടുമാറാകേണമേ. ക്രിസ്തുവിന്റെ വചനം ഐശ്വൎയ്യമായി അവരിൽ വസിക്കയും, അവർ പ്രാൎത്ഥനയിൽ ഉററിരുന്നു സ്തോത്രത്തോടെ അതിങ്കൽ ജാഗരിച്ചു കൊൾകയും, സകലത്തിലും നിന്റെ നല്ല ആത്മാവിന്നു വശമായി ചമകയും ആവു. ഛിദ്രവും ഐക്യക്കുറവും വരുത്തുന്ന ദുരാത്മാവിനെ തടുക്കുക, അന്യോന്യം പൊറുത്തു ക്ഷമി

ക്കുന്ന ജ്ഞാനവും ശാന്തതയും ഉയരത്തിൽനിന്നു നല്കുക. അവരുടെ കൈകളുടെ പ്രവൃത്തിയെ സാധിപ്പിക്ക, വിളിക്കു തക്ക വിശ്വസ്തതയും ഉത്സാഹവും വൎദ്ധിപ്പിക്ക. അഹോവൃത്തിയെ അനുഗ്രഹിക്ക. അവൎക്കു കഷ്ടതയും ദുഃഖവും പിണെക്കുന്തോറും അനുതാപവും വിശ്വാസവും ക്ഷാന്തിയും നല്കി, സങ്കടങ്ങളെയും നിത്യാനുഗ്രഹമാക്കി തീൎക്കേണമേ. അവരുടെ നെഞ്ചും വീടും നിന്റെ ആലയമാക്കി, അവർ സ്വൎഗ്ഗരാജ്യത്തിന്നായി ജീവിക്കേണ്ടതിന്നു ജാഗ്രത ഉണ്ടാക്കേണമേ. ആയുസ്സിന്റെ അവസാനത്തോളം അവർ വിശ്വാസത്തെ കാത്തു നില്ക്കയും ആവു. പിന്നെ ഈ പരദേശയാത്രയെ തികെച്ചു, നിത്യസന്തോഷത്തിന്നായി പിതാവിന്റെ ഭവനത്തിൽ പ്രവേശിപ്പിച്ചു, യേശു ക്രിസ്തുനിമിത്തം എന്നും കൈക്കൊണ്ടരുളേണമേ. ആമെൻ.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ, ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടു തരേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിനക്കല്ലോ ആകുന്നു. ആമെൻ.

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക; യഹോവ തിരുമുഖത്തെ നിങ്ങളിലേക്കു പ്രകാശിപ്പിച്ചു കരുണ ചെയ്ക; യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി, നിങ്ങൾക്കു സമാധാനം ഇടുമാറാക. ആമെൻ. (൪ മോ. ൬.) W.

# V. ശ വ സം സ്കാ ര ം.

ശവക്കുഴിയരികെ നില്ക്കുമ്പോൾ.

രാജാധിരാജാവും കൎത്താധികൎത്താവും ചാകായ്മതാനെ ഉള്ള വനും ആയ നമ്മുടെ ദൈവത്തിന്നു ബഹുമാനവും തേജസ്സും എ ന്നെന്നേക്കും ഉണ്ടാവൂതാക. ആമെൻ.

അല്ലെങ്കിൽ.

മരിച്ചവനായി ഇനി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായ യേശുക്രിസ്തു എന്നും വാഴ്ത്തപ്പെട്ടവനാക. ആമെൻ.

പിന്നെ സങ്കീൎത്തനം ൻ൦ ആമതും, ൧ കൊരി. ൧൫, ൨൦—൫൮. ഉള്ള ലേഖനവും വായിക്കുക. — അല്ലെങ്കിൽ.

കൎത്താവിൽ പ്രിയമുള്ളവരേ, സൎവ്വശക്തിയും ഏകജ്ഞാനവും ഉള്ളവനായ ദൈവത്തിന്നു ഈ നമ്മുടെ സഹോദരനെ (സഹോദ രിയെ) ഈ ലോകത്തിൽനിന്നു വിളിപ്പാൻ തോന്നുകകൊണ്ടു നാം അവന്റെ (അവളുടെ) ശരീരം ഭൂമിയിൽ ഇട്ടുംകൊണ്ടു മണ്ണായതിനെ മണ്ണിൽ ഏല്പിച്ചുവിടുന്നു. യഹോവയാകട്ടെ സകല മനുഷ്യപുത്ര നോടും അരുളിച്ചെയ്യുന്നിതു: നീ പൊടിയാകുന്നു, പൊടിയിൽ പി ന്നെയും ചേരുകയും ചെയ്യും.* എന്തെന്നാൽ ഏക മനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ പുക്കു; ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരോളവും പരന്നിരിക്കുന്നു.† അതുകൊണ്ടു സകല ജഡവും ക്ഷയിച്ചു പോ കുന്നു, മുഖപക്ഷം ഇതിൽ ഒട്ടും ഇല്ലല്ലോ. ആയതു ധ്യാനിച്ചു വിന യത്തോടെ നിന്നുകൊണ്ടു, നമ്മുടെ പാപകുടങ്ങളെ ഏററു പറ ഞ്ഞു, ഞങ്ങൾ പൊടി, എന്നും, ഞങ്ങളുടെ വാഴുന്നാൾ പുക പോ ലെ മണ്ടി പോകുന്നു, എന്നും ചിന്തിച്ചുകൊണ്ടു, ദൈവത്തിന്റെ ശക്തിയുള്ള കൈക്കീഴ നമ്മെ നാം തന്നെ താഴ്ത്തി വെപ്പൂതാക. സ്ത്രീ

* ൧ മോശ. ൩. † രോമ. ൫.

പെറുള്ള മനുഷ്യൻ അല്പായുസ്സുള്ളവനും ആലശീലയാൽ തൃപ്തനു
മാകുന്നു. പൂപ്പോലെ മുളെച്ചു വാടുന്നു. നിഴൽ കണക്കെ നില്ക്കാതെ
മണ്ടി പോകുന്നു.* യഹോവേ ഇതാ, ചാൺ നീളമായി ഞങ്ങൾക്കു
നാളുകൾ തന്നതേ ഉള്ളു. ഞങ്ങളുടെ ആയുസ്സ നിന്റെ മുമ്പാകെ
ഏതും ഇല്ല. വെറുമ്മായയായി എല്ലാ മനുഷ്യനും സ്ഥാപിക്കപ്പെട്ട
തേ ഉള്ളു. അവനവൻ ബിംബമായത്രെ നടക്കുന്നു, മായയായി അല
മ്പലാക്കുന്നതേ ഉള്ളു.†

എങ്കിലും നമ്മെ സ്നേഹിച്ചു നിത്യാശ്വാസവും കരുണയാലേ
നല്ല പ്രത്യാശയും തന്ന കൎത്താവായ യേശു ക്രിസ്തുവിന്നും പിതാ
വായ ദൈവത്തിന്നും സ്തോത്രം ഉണ്ടാകേയാവു. അവൻ തന്റെ
കനിവിന്റെ ആധിക്യപ്രകാരം യേശു ക്രിസ്തു മരിച്ചവരിൽനിന്നു
എഴനീററതിനാൽ നമ്മെ വീണ്ടും ജനിപ്പിച്ചതു, ജീവനുള്ള പ്രത്യാ
ശക്കു തന്നെ.‡ ആദാമിൽ ആകട്ടെ എല്ലാവരും ചാകുന്ന പ്രകാരം
തന്നെ ക്രിസ്തുവിൽ എല്ലാവരും ഉയിൎപ്പിക്കപ്പെടും. തന്റെ മരണത്താ
ലും പുനരുത്ഥാനത്താലും അവൻ നമ്മുടെ പാപങ്ങളെ പരിഹരി
ച്ചു, മരണത്തെ നീക്കി സുവിശേഷംകൊണ്ടു ജീവനെയും കേടായ്മയെ
യും വിളങ്ങിച്ചു. അവൻ മരിച്ചവരിൽനിന്നു ആദ്യജാതനായി ചൊ
ല്ലുന്നിതു: ഞാനേ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിൽ വി
ശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു, എങ്കൽ വി
ശ്വസിക്കുന്നവൻ എല്ലാം എന്നേക്കും മരിക്കയും ഇല്ല. അതുകൊണ്ടു
ജീവിച്ചാലും മരിച്ചാലും നാം അവങ്കൽ തേറി ആശ്വസിക്കുന്നു. അ
വനാൽ മരണം ജയത്തിൽ വിഴുങ്ങപ്പെട്ടു. അവനെ വിശ്വസിക്ക
യാൽ ദൈവജനത്തിന്നു ഈ വാഗ്ദത്തം ഉണ്ടു. ഈ ക്ഷയമുള്ളതു
അക്ഷയത്തെയും, ഈ ചാകുന്നതു ചാകായ്മയെയും ധരിക്കും. ബല
ഹീനതയിൽ വിതെക്കപ്പെടുന്നു, ശക്തിയിൽ ഉണരുന്നു, അപമാന
ത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉണരുന്നു. നാം മണ്മയന്റെ
പ്രതിമ പൂണ്ടു നടന്ന പോലെ, സ്വൎഗ്ഗീയന്റെ പ്രതിമയും പൂണ്ടു
നടക്കും.§ എന്നതോ നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ
പ്രതിമ തന്നെ. ആയവൻ സകലവും കൂടെ തനിക്കു കീഴ്പെടുത്തു
വാൻ കഴിയുന്ന സാദ്ധ്യശക്തിയെ കൊണ്ടു നമ്മുടെ താഴ്ചയുടെ

* യോബ്. ൧൪. † സങ്കീ. ൩൯. ‡ ൧ പേത്രു. ൧. § ൧ കൊ. ൧൫.

ശരീരത്തെ തന്റെ തേജസ്സിൻ ശരീരത്തോടു അനുരൂപമാക്കുവാൻ മറുവേഷമാക്കി തീൎക്കും. (ഫിലി. ൩.)

മേല്പറഞ്ഞ പാഠങ്ങൾക്കു പിന്നിലോ ഈ പ്രബോധനത്തിന്റെ ശേഷമോ ചൊല്ലേണ്ടതു.

എന്നതുകൊണ്ടു നാം ഈ കല്ലറെക്കൽ നില്ക്കുമ്പോൾ, പ്രത്യാശ ഇല്ലാത്തവരെ പോലെ ദുഃഖിക്കാതെ, തലകളെ ഉയൎത്തി കൊള്ളുന്നു. നമ്മുടെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നുവല്ലോ. കൎത്താവിൽ നിദ്രകൊണ്ടവർ ക്ലേശം ഒന്നും നേരിടാതെ ദൈവകയ്യിൽ സ്വസ്ഥത പ്രാപിച്ചു, എന്നും അറിയാമല്ലോ. കൎത്താവിൽ ചാകുന്ന മൃതന്മാർ ഇന്നു മുതൽ ധന്യർ. അതെ അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു ഒഴിഞ്ഞു തണുക്കേണ്ടതു, അവരുടെ ക്രിയകൾ അവൎക്കു പിഞ്ചെല്ലുകയും ചെയ്യുന്നു, എന്നു ആത്മാവു പറയുന്നു. (വെളി. ൧൪.)

എന്നാൽ ഈ പ്രത്യാശ ഉള്ളവൻ എല്ലാം, ആയവൻ നിൎമ്മലനാകുമ്പോലെ, തന്നെയും നിൎമ്മലീകരിച്ചു, നീതിമാന്മാരുടെ എഴുനീല്പിനോടു എത്തുവാൻ ശ്രമിക്കുന്നു. എന്തെന്നാൽ അവനവൻ ശരീരം കൊണ്ടു നല്ലതാകിലും തീയതാകിലും ചെയ്തതിന്നു അടുത്തതെ പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രത്യക്ഷമാകേണ്ടതു.* അതുകൊണ്ടു പ്രിയമുള്ളവരേ, ലോകത്തിൻ മോഹത്താലുള്ള കേടിന്നു നാം തെറ്റി, ആവശ്യമായുള്ളതു ഒന്നു ഇനി അപഹരിക്കപ്പെടാതെ, കൂടെ പോരുന്നതിനെ തന്നെ അന്വേഷിപ്പാറാക. വിശ്വാസത്തിന്റെ നല്ലപോർ പൊരുക, നിത്യജീവനെ പിടിച്ചു കൊൾക, അതിന്നായി നാം വിളിക്കപ്പെട്ടുവല്ലോ. തങ്ങളുടെ യജമാനൻ എപ്പോൾ വരും, എന്നു കാത്തു നില്ക്കുന്ന വിശ്വസ്ത പണിക്കാരെ പോലെ നാം എപ്പോഴും ഒരുമ്പെട്ടു നിന്നു, സത്യത്തെ അനുസരിക്കയിൽ ദേഹികളെ നിൎമ്മലീകരിച്ചു, വെളിച്ചത്തിൽ നടന്നു കൊൾവതാക. ഇപ്രകാരം ബുദ്ധിമാനായവനോടു ഒക്കെയും കൎത്താവു വിളിച്ചു പറയുന്നിതു: മരണപൎയ്യന്തം വിശ്വസ്തനാക, എന്നാൽ ഞാൻ ജീവകിരീടത്തെ നിനക്കു തരും. (വെളി. ൨.)

W.

* ൨ കൊ. ൫.

അല്ലായ്കിൽ മേല്പറഞ്ഞ വേദവചനങ്ങളാൽ ഒന്നിനെ സംബന്ധിച്ച പ്രസംഗിക്ക.

## പ്രാൎത്ഥന.

൧.

പ്രിയ കൎത്താവായ യേശു ക്രിസ്തുവേ, നീ മരണത്തെ നീക്കി സുവിശേഷം കൊണ്ടു ജീവനെയും കേടായ്മയെയും വിളങ്ങിച്ചതു കൊണ്ടു ഞങ്ങൾ വാഴ്ത്തുന്നു. മരണത്തെ ജയിച്ച വീരനേ, നിന്നെ ഞങ്ങൾ ആശ്രയിക്കുന്നു. നിന്നെ പുനരുത്ഥാനമെന്നും ജീവൻ എന്നും നിശ്ചയിച്ചു, ഞങ്ങൾ ആരാധിക്കുന്നു. നിന്റെ കൂട്ടായ്മയിൽ അത്രെ ജീവനെയും ഭാഗ്യത്തെയും ഞങ്ങൾ അന്വേഷിക്കുന്നു. നമ്മെ ചേൎത്തു കൊള്ളുന്ന സ്നേഹക്കെട്ടിനെ ദയ ചെയ്തു മുറുക്കി, യാതൊരു മരണവും നമ്മെ വേൎപ്പിരിയാതാക്കി വെക്കേണമേ. നിന്നിൽ മാത്രം ഞങ്ങൾ ജീവിക്കേ വേണ്ടു, എന്നിട്ടു സമയം ആയാൽ നിന്നിൽ മാത്രം മരിപ്പാനും സംഗതി ഉണ്ടല്ലോ. ഞങ്ങളുടെ മരണനേരത്തിൽ നിന്റെ മരണത്തിന്റെ ശുഭഫലങ്ങൾ എല്ലാം ഞങ്ങൾ അനുഭവിച്ചു, അനവധി ആശ്വസിക്കുമാറാക. മഹാജയം കൊണ്ട വീരനേ, ഒടുക്കത്തെ പോരാട്ടത്തിൽ ഞങ്ങൾക്കു തുണനില്ക്ക; നിന്റെ ശൌൎയ്യം നല്കി സകല ശത്രുക്കളെയും ജയിപ്പാനും, നിത്യ സന്തോഷത്തിന്നു ആളാവാനും തുണക്കേ വേണ്ടു. ഇനി പ്രാൎത്ഥിപ്പാനും കഴിയാത നേരത്തിൽ നിന്റെ പരിശുദ്ധാത്മാവു തന്നെ ഉച്ചരിയാത്ത ഞരക്കങ്ങളെക്കൊണ്ടു ഞങ്ങളുടെ പക്ഷം എടുക്കുമാറാക. മരണനിഴലിന്റെ താഴ്വരയിൽ സ്വൎഗ്ഗീയപ്രകാശവും ദിവ്യശക്തിയും അയച്ചു, ഞങ്ങളെ നടത്തി, ആനന്ദതൃപ്തിയോടു എത്തിക്കേണമേ. ഞങ്ങൾക്കു വെളിച്ചം മങ്ങി, ചുറ്റിലും അന്ധകാരവും ഉള്ളിൽ പീഡയും അതിക്രമിച്ചു വൎദ്ധിക്കുന്തോറും നിന്റെ മരണത്താലെ സമാധാനവും, നിന്റെ ജീവന്റെ വെളിച്ചവും ആത്മശക്തിയും തിരുരാജ്യത്തിന്റെ വാടാത്ത അവകാശവും ഞങ്ങളിൽ നിറഞ്ഞു വഴിയുമാറാക്കി രക്ഷിക്കേണമേ. ആമെൻ. W. Bn.

൨.

ചാകായ്മയും സൎവ്വശക്തിയുമുള്ള ദൈവമേ, സ്വൎഗ്ഗീയ പിതാവേ, എല്ലായ്പോഴും നീ അവൻ തന്നെ; നിന്റെ ആണ്ടുകൾ തീൎന്നു പോ

കാതെ തലമുറ തലമുറയോളവും ഉണ്ടു. ഞങ്ങളോ ക്ഷണികരത്രെ. സകല ജഡവും പുല്ലുപോലെയും, അതിൻ തേജസ്സു എല്ലാം പുല്ലിൻ പൂപ്പോലെയും ആകുന്നു. പുല്ലു വാടി, പൂവുതിരുകയും ചെയ്യുന്നു. ജ്ഞാനഹൃദയം കൊണ്ടു വരത്തക്കവണ്ണം ഞങ്ങളുടെ ദിവസങ്ങളെ എണ്ണുവാൻ ഗ്രഹിപ്പിക്കേണമേ. സത്യമാനസാന്തരത്താലെ ഞങ്ങൾ മരണനേരത്തിന്നു ഒരുമ്പെട്ടിട്ടു, ചാവു അണയുന്ന കാലത്തിൽ ഞെട്ടിപ്പോകാതെ, ഭാഗ്യമുള്ള പുറപ്പാടിനെ വിശ്വാസത്തോടെ കാത്തു നില്ക്കുമാറാക. കൎത്താവായ യേശുവേ, ഞങ്ങളുടെ അന്ത്യനാഴിക അടുക്കുമ്പോൾ ദയ ചെയ്തു, ഞങ്ങളെ ഇഹലോകത്തിൽനിന്നു എടുത്തു, നിന്റെ സ്വസ്ഥതയിൽ പ്രവേശിപ്പിക്കേണമേ. ഈ അരിഷ്ടതയിൽനിന്നു യാത്രയാകുംവരേ സത്യവിശ്വാസത്തിലും ഭക്തിക്കു തക്ക നടപ്പിലും ഞങ്ങളെ പരിപാലിച്ചു കൊൾക. നീ പുനരുത്ഥാനവും ജീവനും ആകുന്നു. നിന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു നിങ്കൽ വിശ്വസിക്കുന്നവൻ എല്ലാം എന്നേക്കും മരിക്കയും ഇല്ല. നിന്റെ നാളിൽ ഞങ്ങൾ ഉറക്കുണൎന്നു ഉന്മേഷത്തോടെ ജീവങ്കലേക്കു എഴുനീററു, സ്വൎഗ്ഗീയ ആനന്ദത്തിൽ കടക്കുമാറാകേണമേ, എന്നു നിന്റെ സ്നേഹം നിമിത്തം യാചിക്കുന്നു. ആമെൻ. W.

൩.

സൎവ്വശക്തിയും നിത്യജീവനുമുള്ള ദൈവമേ, നിന്റെ പ്രിയ മകന്റെ മരണത്താലെ പാപത്തെയും മരണത്തെയും നീ ഇല്ലാതാക്കിയല്ലാതെ, അവന്റെ പുനരുത്ഥാനത്താലെ, നിൎദ്ദോഷത്തെയും നിത്യജീവനെയും ഞങ്ങൾക്കു പിന്നെയും വരുത്തി, പിശാചിന്റെ അധികാരത്തിൽനിന്നു ഞങ്ങൾ വീണ്ടെടുക്കപ്പെട്ടു, നിന്റെ ഉയിൎപ്പിൻ ശക്തിയാൽ ഈ മൎത്യശരീരങ്ങളും കൂടെ മരിച്ചവരിൽനിന്നു എഴുനീല്പാൻ ഞങ്ങളെ കടാക്ഷിച്ചിരിക്കുന്നു സത്യം. എന്നതിനെ ഞങ്ങൾ വിശ്വസിച്ചുറെച്ചു, സൎവ്വാത്മനാൽ തേറിക്കൊണ്ടു, ശരീരത്തിന്റെ സന്തോഷമുള്ള പുനരുത്ഥാനത്തിൽ നിന്റെ എല്ലാ ഭക്തന്മാരോടും കൂടെ എത്തേണ്ടതിന്നു കരുണ ചെയ്തു, നിന്റെ ഏകജാതനും ഞങ്ങളുടെ രക്ഷിതാവും ആയ യേശു ക്രിസ്തുവിനെ കൊണ്ടു പ്രസാദിച്ചരുളേണമേ. ആമെൻ. Stb.

൯.

ഞങ്ങളുടെ ദൈവമായ യഹോവേ, നീ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു. മനുഷ്യപുത്രന്മാരെ ഈ ഭൂമിയിൽ അല്പം പാൎപ്പിച്ച ഉടനെ പൊടിയും ഭസ്മവും ആവാൻ തിരിപ്പിക്കുന്നു. ജഡം എല്ലാം പുല്ലും ജഡതേജസ്സു എല്ലാം പുല്ലിൻ പൂവും അത്രെ. മായയായി അദ്ധ്വാനിച്ചു പോന്ന ശേഷം, അവൻ ബിംബവും നിഴലും ആയി മറഞ്ഞു പോകുന്നു. എന്നിട്ടു ജീവന്റെ ഉറവായ നീ പ്രിയപുത്രനായ യേശുവിൽ തന്നെ അവതരിച്ചതിലും, പരിശുദ്ധാത്മാവിന്റെ പ്രകാശനത്താലും പുനൎജ്ജനനത്താലും ഞങ്ങളെ സന്ദൎശിച്ചു വരുന്നതിലും നിത്യജീവൻ ഉണ്ടു സത്യം. വിശ്വാസികളുടെ ഹൃദയങ്ങളിൽ നീ വസിച്ചു പ്രവൃത്തിക്കുന്നതിനാൽ നിനക്കു സ്തോത്രം. ജീവവൃക്ഷമായ യേശുവിൽ ശാഖയായി ചേൎന്നുകൊണ്ടു അവനോടു ഏകീഭവിച്ചു, നിന്റെ സ്വരൂപമായി ചമഞ്ഞു വളൎന്നു, ആത്മാവിന്റെ ഫലങ്ങളെ ഉണ്ടാക്കുവാനും, നിത്യ സന്തോഷത്തിൽ തികവോടു എത്തുവാനും നിന്നാൽ കഴിവുണ്ടായതിനാൽ നിനക്കു സ്തോത്രം.

വിശ്വസ്ത ദൈവവും പിതാവുമായുള്ളോവേ, ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ. വിശേഷിച്ചു ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യൎക്കു വെച്ചിരിക്കുന്നു, എന്നു വിചാരിപ്പാൻ ഞങ്ങളെ ഉത്സാഹിപ്പിക്കേണമേ. ആകയാൽ ഞങ്ങളുടെ വാഴ്നാൾ കൊണ്ടു ഞങ്ങൾ മരണത്തിന്നു ഒരുമ്പെട്ടു വന്നു, തല്ക്കാലമായെക്കു ചെവി കൊടുക്കാതെ, നിദ്രാമയക്കത്തെ തീരേ ഇളെച്ചു, സ്വൎഗ്ഗത്തിൽനിന്നു മണവാളനെ കാത്തു നില്ക്കുന്ന ബുദ്ധിയുള്ള കന്യമാരോടു ഒന്നിച്ചു പുതുക്കിയ ഹൃദയപാത്രങ്ങളിൽ പരിശുദ്ധാത്മാവിൻ എണ്ണ നിറെക്കുമാറാകേണമേ. ഞങ്ങളുടെ അകത്തു പരമവെളിച്ചവും ആത്മജീവനും സ്വൎഗ്ഗരാജ്യത്തിലെ നന്മകളും എല്ലാം പൂരിച്ചിട്ടു, സഫലമായ വിശ്വാസവും നിൎവ്വ്യാജസ്നേഹവും ആകുന്ന ശുഭപ്രകാശം നിത്യം വിളങ്ങി, പാപമരണനരകങ്ങളാലുള്ള ഇരുളും ഭയവും എല്ലാം അകററി കളയുമാറാക. ആ പ്രകാശം ഇടവിടാതെ ഞങ്ങളിൽ തെളങ്ങി, ജീവനിലും ചാവിലും ഉത്തമ നിധിയാകുന്ന യേശു ക്രിസ്തു എന്ന പ്രിയ മണ

വാളനെ ഞങ്ങളുടെ വീണ്ടെടുപ്പും പുനരുത്ഥാനവും ജീവനും, എന്നു കാണിച്ച മധുരമുള്ള ആശ്വാസത്തെ ഞങ്ങളിൽ നിറെക്കാകേണമേ. ആമെൻ. Sfh.

പിന്നെ ശവം കുഴിയിൽ ഇറക്കിയ ശേഷം.

പൊടിയിൽനിന്നു നീ എടുക്കപ്പെട്ടു, പൊടിയിൽ തിരികെ ചേരും. ശരീരത്തെ കൎത്താവായ യേശു ക്രിസ്തു തന്റെ നാളിൽ എഴുനീല്പിക്കും, ആത്മാവിനെ ഞങ്ങൾ ദൈവത്തിൻ കരുണയിൽ ഭരമേല്പിക്കുന്നതു, അവന്റെ പുത്രനും ഞങ്ങളുടെ ഏകരക്ഷിതാവും പക്ഷവാദിയും ആയവനെ ആശ്രയിച്ചിട്ടു തന്നെ. ആമെൻ. Ae.

അല്ലെങ്കിൽ.

ജീവന്റെ മദ്ധ്യേ നാം മരണത്തിൽ ഇരിക്കുന്നു. തുണ എവിടെനിന്നു തിരയേണ്ടു? യഹോവേ, ഇങ്ങേ പാപങ്ങൾ ഹേതുവായി ന്യായപ്രകാരം വ്യസനിച്ചിരിക്കുന്നതു നിന്നോടല്ലയോ; എന്നാലും പരിശുദ്ധ ദൈവമേ, സൎവ്വശക്തനായ കൎത്താവേ, വിശുദ്ധിയും കരുണയും നിറഞ്ഞ രക്ഷിതാവേ, നിത്യമരണത്തിന്റെ യാതനകളിൽ ഞങ്ങളെ ഏല്പിക്കൊല്ലാ. യഹോവേ, ഇങ്ങേ ഹൃദയങ്ങളുടെ രഹസ്യങ്ങളെ നീ അറിയുന്നു, ഞങ്ങളുടെ പ്രാൎത്ഥനെക്കു നിന്റെ കനിവുള്ള ചെവി അടെക്കരുതേ. പരിശുദ്ധ കൎത്താവേ, സൎവ്വശക്തനായ ദൈവമേ, കരുണാപൂൎണ്ണ രക്ഷിതാവേ, എന്നേക്കും പരമന്യായാധിപതിയായുള്ളോവേ, ഇന്നും ഒടുക്കത്തെ നേരത്തിലും നിന്നെ വിട്ടു പിഴകി പോകാതവണ്ണം ഞങ്ങളെ ആദരിച്ചു രക്ഷിച്ചരുളേണമേ. ആമെൻ. C. P.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ. ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ. ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടു തരേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിനക്കല്ലോ ആകുന്നു. ആമെൻ.

സമാധാനത്തിന്റെ ദൈവമായവൻ നിങ്ങളെ അശേഷം വിശുദ്ധീകരിക്ക, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുക. ആമെൻ. W.

---

## ൨. ശിശുമരണത്തിങ്കൽ.

മേല്പറഞ്ഞതു ചുരുക്കി ചൊല്ലേയാവു—അന്നു പ്രത്യേകം പ്രയോഗിപ്പാനുള്ള പ്രാൎത്ഥനയാവിതു:

സ്വൎഗ്ഗസ്ഥനായ പ്രിയപിതാവേ, ഈ ശിശുവിനെ നീ സ്നേഹിച്ചു, ഈ ലോകത്തിന്റെ നാനാസങ്കടങ്ങളിൽ അകപ്പെടുത്താതെ, വേഗത്തിൽ എല്ലാ ഇടൎച്ചകളിൽനിന്നും എടുത്തു, പ്രിയ പുത്രനായ യേശുമൂലം അപ്പന്റെ ഭവനത്തിൽ ചേൎത്തുകൊൾകയാൽ ഞങ്ങൾ സ്തുതിക്കുന്നു. ഇപ്രകാരം അമ്മയപ്പന്മാൎക്കു നീ കൊടുത്തതിനെ വേഗം എടുത്തതിനാൽ അവരുടെ ഹൃദയത്തോടു സമീപിച്ചു വന്നു, നിന്റെ രക്ഷയാൽ ഉള്ള ആശ്വാസത്തെ ഏകി വൎദ്ധിപ്പിച്ചു, അവരെ മേലേവ തന്നെ വിചാരിച്ചു തിരയുമാറാക്കുക. നീ സമ്മാനിച്ചിരിക്കുന്ന മക്കൾ എത്ര വലുതായ കൃപാവരം, എന്നു സകല പിതാക്കളെയും ധ്യാനം ചെയ്യിച്ചു, ഇങ്ങിനത്തെ സമ്മാനങ്ങളെച്ചൊല്ലി ഇനി കണക്കു ചോദിക്കും, എന്നു തോന്നിച്ചു അവരെ പ്രബോധിപ്പിക്കേണമേ. നിന്റെ പ്രിയപുത്രനായ യേശു ക്രിസ്തുവിൽ ഞങ്ങളുടെ ശിശുക്കളെയും നീ സ്വൎഗ്ഗരാജ്യത്തിലേക്കു വിളിച്ചതല്ലാതെ, വിശുദ്ധസ്നാനം കൊണ്ടു നിന്റെ കൃപാനിയമത്തിൽ ചേൎത്തു, നിന്റെ മക്കൾ എന്നും, സകല സ്വൎഗ്ഗീയവസ്തുക്കൾക്കു അവകാശികൾ എന്നും കൈക്കൊൾകയും ചെയ്യുന്നു. അതുകൊണ്ടു ഞങ്ങൾ അവരെ ഉപേക്ഷയോടെ വിചാരിച്ചു പോകാതവണ്ണം ഞങ്ങൾക്കു കൃപ നല്കേണമേ. ഞങ്ങൾ തളരാതെ അവരെ കരുതി ദേഹിദേഹങ്ങളെയും പരിപാലിച്ചു, നാൾതോറും പ്രാൎത്ഥനയാൽ നിന്നെ ഭരമേല്പിച്ചു, ചെറുപ്പം മുതൽ നിന്റെ ഭയത്തിലും സ്നേഹത്തിലും വളൎത്തികൊൾവാൻ ഞങ്ങളെ ഉത്സാഹിപ്പിച്ചു പോരുക. എന്നിയെ എപ്പോൾ എങ്കിലും ഞങ്ങളുടെ കൈകളിൽനിന്നു അവരെ ചോദിച്ചെ

ട്ടത്താൽ ഞങ്ങളുടെ ഹൃദയം ഞങ്ങൾക്കു തന്നെ ശിക്ഷ വിധിക്കാത വണ്ണം വരുത്തേണമേ. ഞങ്ങൾക്കും മക്കൾക്കും സമാധാനത്തിന്നുള്ളവ ഈ ഞങ്ങളുടെ സമയത്തിൽ തന്നെ അറിഞ്ഞും ചിന്തിച്ചും കൊൾവാൻ, പ്രിയകൎത്താവേ, എല്ലാ അപ്പനെയും അമ്മയെയും പഠിപ്പിച്ചു നടത്തുകേ ആവു. ഞങ്ങൾ എല്ലാവരും ശിശുപ്രായരായി ചമഞ്ഞു, സ്വൎഗ്ഗീയമായ ജന്മഭൂമിയെ അന്വേഷിച്ചു നടന്നു, ദൈവമേ, നീ താൻ നിൎമ്മാതാവും ശില്പിയുമായിട്ടു അടിസ്ഥാനങ്ങൾ ഉള്ളൊരു പട്ടണത്തിൽ സന്തതികളോടും കൂടെ എത്തി, എന്നും നിന്നെ സ്തുതിപ്പാറാകേണമേ. ഇതു എല്ലാം ഞങ്ങൾ യാചിക്കുന്നതു നിന്റെ പ്രിയപുത്രനും ഞങ്ങളുടെ രക്ഷിതാവും ആയ യേശു ക്രിസ്തുവിന്റെ നാമത്തിൽ തന്നെ. ആമെൻ. W.

---

## VI. സഭാശുശ്രൂഷെക്കു ആക്കുക.

### ൧. ഉപബോധകന്മാരെ അനുഗ്രഹിക്ക.

ഉപദേശി വേലെക്കു യോഗ്യത ഉണ്ടെന്നു കാണിച്ചിട്ടു വിളിക്കപ്പെട്ടവർ സഭക്കൂട്ടത്തിൽ മുന്നില്ക്കെ, ചൊല്ലേണ്ടതു:

കൎത്താവു നിങ്ങളോടു കൂടെ ഇരിപ്പൂതാക.

നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയും അനന്തകൃപയും ഉള്ള ദൈവവും യേശു ക്രിസ്തു എന്ന രക്ഷിതാവിന്നു പിതാവുമായുള്ളോവേ, നിന്റെ കൊയ്ത്തിന്നായി വേലക്കാരെ അയപ്പാൻ ഞങ്ങൾ പ്രാൎത്ഥിക്കേണ്ടുന്നതല്ലോ. തിരുകല്പനപ്രകാരം ഞങ്ങൾ നിന്നോടു യാചിക്കുന്നു: നീ നല്ല ഉപദേഷ്ടാക്കളും വചനത്തിൻ ശുശ്രൂഷക്കാരും ആയവരെ അയച്ചു, നിന്റെ സ്വസ്ഥവചനത്തെ അവരുടെ ഹൃദയത്തിലും വായിലും ആക്കി, നിന്റെ നിയോഗപ്രകാരം അവർ വിശ്വസ്തരായി പ്രവൃത്തിപ്പാറാകേണമേ. അവർ തിരുമൊഴിക്കു വിരോധമായതു ഒന്നും ചെയ്യാതെയും പറയാതെയും, സഭയിൽ സ്വൎഗ്ഗീയവചനത്താൽ

പ്രബോധനം, ഉപദേശം, ആശ്വാസം മുതലായ ഇഷ്ടഫലങ്ങളെ തന്നു, നിനക്കു പ്രസാദമായതു നടത്തുവാന്തക്കവണ്ണം കടാക്ഷിക്കേണ്ടതു, നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കൎത്താവും ആയ യേശു ക്രിസ്തുമൂലം തന്നെ. ആയവൻ നിന്നോടും പരിശുദ്ധാത്മാവോടും ഒന്നിച്ചു സത്യദൈവമായി എന്നും അനുഗ്രഹിക്കപ്പെട്ടവനായി ജീവിച്ചും വാണുംകൊണ്ടിരിക്കുന്നു. ആമെൻ.

സഭയിലുള്ള വരങ്ങളെയും വേലകളെയും ചൊല്ലി പരിശുദ്ധാത്മാവു ബോധിപ്പിക്കുന്നതു കേൾപ്പിൻ: കൃപാവരങ്ങൾക്കു പകുപ്പുകൾ ഉണ്ടു, ഏകാത്മാവു താനും. ശുശ്രൂഷകൾക്കും പകുപ്പുകൾ ഉണ്ടു, കൎത്താവു ഒരുവൻ. വ്യാപാരങ്ങൾക്കും പകുപ്പുകൾ ഉണ്ടു, എല്ലാവരിലും എല്ലാം വ്യാപരിക്കുന്ന ദൈവം ഒരുവൻ തന്നെ. എന്നാൽ ആത്മാവു ഓരോരുത്തനിൽ വിളങ്ങുന്ന വിധം സഭയുടെ ഉപകാരത്തിന്നത്രെ നല്കപ്പെടുന്നു. (൧ കൊ. ൧൨.)

പിന്നെ എഫെസ്യൎക്കു എഴുതിയതു: അവൻ ചിലരെ അപ്പോസ്തലരായും, ചിലരെ പ്രവാചകരായും, ചിലരെ സുവിശേഷകരായും, ചിലരെ ഇടയർ ഉപദേഷ്ടാക്കളായും തന്നതു; വിശുദ്ധരുടെ യഥാസ്ഥാനത്വത്തിന്നും, ഇവ്വണ്ണം ശുശ്രൂഷയുടെ വേലയും ക്രിസ്തു ശരീരത്തിന്റെ വീട്ടുവൎദ്ധനയും വരുവാനും ആയിട്ടത്രെ. (എഫെ. ൪.)

അതു കൂടാതെ കൎത്താവായ യേശു മുമ്പെ പന്തിരുവരെയും, പിന്നെ എഴുപതു ശിഷ്യന്മാരെയും തെരിഞ്ഞെടുത്തു, സ്വൎഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു, എന്നു ഘോഷിപ്പാൻ അയച്ചപ്രകാരം തിരുവെഴുത്തിൽ ഉണ്ടല്ലോ.

അന്നു കൎത്താവു ബലഹീനരും എളിയവരും ലോകത്തിങ്കൽ നീചരുമായവരെ തന്റെ വലിയ കൊയ്ത്തിൽ അയച്ചു. അപ്രകാരം ഇന്നും അവൻ ചെയ്തുകൊണ്ടു സുവിശേഷത്തിന്റെ ശുശ്രൂഷെക്കായി വേലക്കാരെ വേൎത്തിരിപ്പാൻ ഞങ്ങൾക്കു കരുണ തന്നു കടാക്ഷിച്ചിരിക്കുന്നു.

എന്നാൽ ക്രിസ്തുസഭയുടെ ശുശ്രൂഷക്കാൎക്കു കല്പിച്ചിരിക്കുന്നതിനെ കേൾപ്പിൻ: ശുശ്രൂഷക്കാർ ഗൌരവമുള്ളവർ ആകേണം, ഇരുവാക്കുകാരും മദ്യസക്തരും ദുൎല്ലോഭികളും അരുതു, വിശ്വാസത്തിന്റെ

മൎമ്മം ശുദ്ധമനസ്സാക്ഷിയിൽ പാൎപ്പിക്കുന്നവരെ വേണ്ടു. ഇവർ മുമ്പെ പരീക്ഷിക്കപ്പെടാവു, പിന്നെ അനിന്ദ്യരായി കണ്ടാൽ ശുശ്രൂഷിക്കട്ടെ.

സ്ത്രീകളും ഗൌരവമുള്ളവരായി ഏഷണി പറയാതെ, നിൎമ്മദമാരും എല്ലാററിലും വിശ്വസ്തമാരും ആക. ശുശ്രൂഷക്കാർ ഏകകളത്രവാന്മാരും കുട്ടികളെയും സ്വന്തഭവനങ്ങളെയും നന്നായി ഭരിക്കുന്നവരും ആകേണം. നന്നായി ശുശ്രൂഷിച്ചിട്ടുള്ളവർ തങ്ങൾക്കു നല്ല നിലയും ക്രിസ്തു യേശുവിങ്കലെ വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു. (൧ തിമോ. ൩.)

പിന്നെ ഉപബോധകന്മാരോടു ചൊല്ലുന്നതു.

കൎത്താവിൽ പ്രിയമുള്ളവരേ, സഭയെ മേച്ചു നടത്തുന്നവൎക്ക നിങ്ങൾ സഹായികളും, പുറജാതികളിൽ സുവിശേഷകരും ആയിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. കൎത്താവു തന്റെ സ്വന്ത രക്തത്താൽ സമ്പാദിച്ച സഭയെ നിങ്ങൾ സേവിക്കയും, സകല സൃഷ്ടിയോടും സുവിശേഷത്തെ ഘോഷിക്കയും ചെയ്യേണ്ടതു. നിങ്ങൾക്കുള്ള നിയോഗം എത്ര വലിയതും വിശുദ്ധവും, എന്നു നന്നായി വിചാരിച്ചു കൊൾ്വിൻ. അപ്പോസ്തലൻ ചൊല്ലുന്ന പ്രകാരം: കറ പററായ്വാൻ ഞങ്ങൾ ഒന്നിലും ഒരു തടങ്ങലും കൊടുക്കാതെ, സകലത്തിലും ഞങ്ങളെ തന്നെ ദൈവശുശ്രൂഷക്കാർ, എന്നു രഞ്ജിപ്പിക്കുന്നു. ബഹുക്ഷാന്തിയിലും ഉപദ്രവങ്ങളിലും കെട്ടുപാടു ഇടുക്കുകളിലും തല്ലുകൾ കാവലുകൾ കലഹങ്ങളിലും, അദ്ധ്വാനങ്ങൾ ഉറക്കിളപ്പുകൾ പട്ടിണികളിലും, നിൎമ്മലത ബുദ്ധി ദീൎഘക്ഷമാവാത്സല്യത്തിലും, പരിശുദ്ധാത്മാവിലും, നിൎവ്വ്യാജസ്നേഹം സത്യവചനം ദൈവശക്തിയിലും, ഇടവലത്തും ഉള്ള നീതിയുടെ ആയുധങ്ങളാലും, മാനാപമാനങ്ങളാലും, സല്കീൎത്തി ദുഷ്കീൎത്തികളാലും, ചതിയർ എന്നിട്ടും സത്യവാന്മാർ, അറിയപ്പെടാത്തവർ എന്നിട്ടും അറിയായ്വരുന്നവർ, ചാകുന്നവർ എന്നിട്ടും ഇതാ ഞങ്ങൾ ജീവിക്കുന്നു. ശിക്ഷിക്കപ്പെട്ടവർ എന്നിട്ടും മരിപ്പിക്കപ്പെടാത്തവർ, ദുഃഖിതർ എന്നിട്ടും എപ്പോഴും സന്തോഷിപ്പവർ, ദരിദ്രർ എന്നിട്ടും പലരെയും സമ്പന്നർ ആക്കുന്നവർ, ഒന്നും ഇല്ലാത്തവർ എന്നിട്ടും എല്ലാം അടക്കുന്നവർ ആയി തന്നെ,* എന്നതു നിങ്ങ

* ൨ കൊരി. ൬.

ൾക്കും പററുന്നു. ഈ വേലയുടെ വലുതായ കൂലിയെയും കൂട വിചാരിപ്പിൻ: നിങ്ങൾ ആട്ടിങ്കൂട്ടത്തിന്നു മാതൃകകളായ്തീൎന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്തൊരു കിരീടം പ്രാപിക്കും സത്യം. അതുകൊണ്ടു ഞാൻ ചോദിക്കുന്നതിന്നു ഉത്തരം ചൊല്ലുവിൻ:

൧. നിങ്ങളോടു കല്പിക്കുന്ന ശുശ്രൂഷയിൽ യേശു ക്രിസ്തുവിന്റെ നല്ല ഭടരായി കൂടെ കഷ്ടപ്പെട്ടുവാൻ ഒരുമ്പെട്ടിരിക്കുന്നുവോ?

എന്നാൽ: ഉവ്വ, എന്നു പറവിൻ.

൨. നിങ്ങൾ കേട്ട സൌഖ്യവചനങ്ങളുടെ മാതിരിയെ ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസസ്നേഹങ്ങളിലും ധരിച്ചു, സത്യത്തെ തിരുവെഴുത്തുകളിൽനിന്നും, നമ്മുടെ സുവിശേഷസഭയുടെ ഉപദേശത്താലും അറിഞ്ഞ പ്രകാരം തന്നെ പഠിപ്പിപ്പാൻ മനസ്സുണ്ടോ?

എന്നാൽ: ഉവ്വ, എന്നു പറവിൻ.

൩. നിങ്ങളെ നടത്തുന്നവരെ കൎത്താവിൽ അനുസരിക്കയും, അവർ ശാസിച്ചു ശിക്ഷിക്കേണ്ടിവന്നാൽ കീഴ്പെട്ടുകയും, സത്യവേദത്തിൽ ആരാഞ്ഞു കൊണ്ടു പഠിച്ചു പോരുകയും ചെയ്തു, ദൈവസഭെക്കു മേല്ക്കുമേൽ ഉപയോഗമുള്ളവരായി വളരുവാൻ ഉത്സാഹിക്കുമോ?

എന്നാൽ: ദൈവകൃപയാൽ ഉവ്വ, എന്നു പറവിൻ.

ഇപ്രകാരം നിങ്ങൾ നിൎണ്ണയിച്ചതിന്നു ഉറപ്പു കൂട്ടുവാൻ സഭ കാണ്കെ എനിക്കു വലങ്കൈ തരുവിൻ.

അവനവൻ അടുത്തു വന്നു വലങ്കൈ കൊടുത്തിട്ടു മുട്ടുകുത്തിയാൽ ഹസ്താൎപ്പണത്തോടെ അനുഗ്രഹിക്കുന്ന പ്രകാരമാവിതു:

സുവിശേഷസഭയുടെ ശുശ്രൂഷക്കാരനാവാൻ നമ്മുടെ തലയായ യേശു തന്റെ തേജസ്സിൻ ധനപ്രകാരം നിനക്കു കരുണ നല്കി, ആൎക്കും നീ ഇടച്ചു ഒന്നും കൊടുക്കാതെ, ഉത്സാഹത്തോടും വിശ്വാസമനസ്സോടും ഈ വേല ചെയ്തു കൊണ്ടു നമ്മുടെ കൎത്താവിൻ ന്യായാസനത്തിന്നു മുമ്പിൽ ഭയമില്ലാതെ കണക്കു ബോധിപ്പിപ്പാൻ ശക്തനായ്തീരുക. പിതാ പുത്രൻ പരിശുദ്ധാത്മാവു, എന്ന ദൈവനാമത്തിൽ തന്നെ. വളരെ ഫലം തരുവാൻ കൎത്താവു നിന്നെ അനുഗ്രഹിപ്പതാക. ആമെൻ.

## നാം പ്രാൎത്ഥിക്ക.

കരുണ്ണനിവുള്ള ദൈവവും സ്വൎഗ്ഗസ്ഥ പിതാവുമായുള്ളോവേ, നിന്റെ പ്രിയപുത്രനും, ഞങ്ങളുടെ കൎത്താവുമായ യേശു ക്രിസ്തുവിന്റെ വായിമൂലം നീ പറഞ്ഞിതു: കൊയ്ത്തു വളരെ ഉണ്ടു സത്യം, പ്രവൃത്തിക്കാരൊ ചുരുക്കം; കൊയ്ത്തിന്റെ യജമാനനോടു തന്റെ കൊയ്ത്തിന്നായി പ്രവൃത്തിക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ. എന്നതു കൊണ്ടു ഈ നിന്റെ ശുശ്രൂഷക്കാരെയും നിന്റെ വിശുദ്ധ വേലെക്കു നീ വിളിച്ചു, എല്ലാവരെയും കനിഞ്ഞു കൊണ്ടു പരിശുദ്ധാത്മാവിന്റെ വരങ്ങളെ ധാരാളമായി നല്കി, നിന്റെ സുവിശേഷകർ കൂട്ടമെ നിന്നെ സേവിച്ചു പോന്നു, പിശാചു ലോകം ജഡം, എന്നീ ശത്രുക്കളോടു പൊരുതു, വിശ്വസ്തരായി നിന്നു കൊണ്ടിരിപ്പാൻ അനുഗ്രഹിക്കയും, ഇപ്രകാരം നിന്റെ നാമം വിശുദ്ധീകരിക്കപ്പെട്ടും, നിന്റെ രാജ്യം വൎദ്ധിച്ചും, നിന്റെ ഇഷ്ടം നടന്നും വരുവാൻ സംഗതി വരുത്തുകയും ചെയ്ക. ഇന്നും പലേടത്തും നടക്കുന്ന വിഗ്രഹാരാധനയും മറ്റും സകല ദുൎമ്മാൎഗ്ഗവും, തിരുനാമത്തെ ദൂഷിച്ചും നിന്റെ രാജ്യത്തെ തടുത്തും നിന്റെ ഇഷ്ടത്തോടു മറുത്തും കൊള്ളുന്ന എല്ലാ ദുൎമ്മതവും നീ ബലത്തോടെ താഴ്ത്തി അറുതി വരുത്തി, തിരുസഭയെ പൂരിപ്പിക്കേണമേ. എന്നിങ്ങിനെ ഞങ്ങൾ നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കൎത്താവുമായ യേശു ക്രിസ്തുവിന്റെ നാമത്തിൽ തന്നെ പ്രാൎത്ഥിക്കുന്നു. ആമെൻ. Stb.

പിന്നെ കൎത്തൃപ്രാൎത്ഥനയും ആശീൎവ്വചനവും ചൊല്ക.

---

## ൨. ബോധകന്മാൎക്കു ഹസ്താൎപ്പണം.

തിരുവത്താഴ പീഠത്തിന്നു മുന്നില്വെച്ചു ചൊല്ലുന്നിതു.

നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ കരുണയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും, നിങ്ങൾ എല്ലാവരോടും കൂടെ ഇരിപ്പൂതാക. ആമെൻ. (൨ കൊ. ൧൩.)

കൎത്താവു തന്റെ കരുണപ്രകാരം ഇവിടെ നില്ക്കുന്ന നമ്മുടെ സഹോദരനാ (രാ) യ. . . . തിരുസഭയുടെ വേലക്കാരൻ(ർ), എന്നു വിളിച്ചിരിക്ക കൊണ്ടു, നാം ക്രിസ്തീയ മൎയ്യാദെക്കു തക്കവണ്ണം ഹസ്താൎപ്പ

ണത്താലും പ്രാൎത്ഥനയാലും അവനെ (രെ) വേൎത്തിരിച്ചു, ആ വേലെക്കു ആക്കുവാൻ ഇവിടെ കൂടിവന്നിരിക്കുന്നു. ഇപ്രകാരം നാം ഭാവിക്കുന്നതിന്നു ദൈവം അനുഗ്രഹിക്കേണ്ടതിന്നു, നാം അവനോടു വിളിച്ചു ഒരുമനപ്പെട്ടു പ്രാൎത്ഥിച്ചുകൊൾക.

കനിവുള്ള ദൈവവും സ്വൎഗ്ഗസ്ഥനായ പ്രിയപിതാവുമായുള്ളോവേ, നിന്റെ ഏകജാതനും ഞങ്ങളുടെ രക്ഷിതാവുമായ യേശു ക്രിസ്തു അടിസ്ഥാനം ഇട്ടു പണിചെയ്ത തിരുസഭയെ നീ ഇന്നേവരെയും ശക്തിയോടെ പരിപാലിച്ചു, കരുണയാലെ താങ്ങിയതാകയാൽ ഞങ്ങൾ പൂൎണ്ണമനസ്സാലെ സ്തുതിക്കുന്നു. നിന്റെ ആത്മാവു അതിനെ വിട്ടു പോയിട്ടില്ല, സത്യത്തിന്റെ നിശ്ചയവചനത്തെ പിടിച്ചുകൊണ്ടു സമാധാനസുവിശേഷത്തിന്റെ മുതിൎച്ചയെ കാലുകൾക്കു ചെരിപ്പാക്കി നടക്കുന്ന ഇടയന്മാരെയും ഉപദേഷ്ടാക്കളെയും നീ സഭെക്കു ഇന്നും ഉണൎത്തി ഉദിപ്പിക്കുന്നു. തിരുരക്തത്താൽ സമ്പാദിച്ച സഭയെ ഇനി മേലാൽ കരുണയാലെ പോററി, നിന്റെ സത്യത്തിൽ പരിപാലിച്ചു, ശത്രുക്കൾ എത്ര ആക്രമിച്ചാലും തടുത്തു താങ്ങി, ദേഹികളെ രക്ഷിപ്പാൻ ശക്തമായ വചനത്തെ വിശ്വസ്തരായ ഉപദേഷ്ടാക്കളുടെ ശുശ്രൂഷയാൽ സമൃദ്ധിയായി നല്കേണമേ. വിശേഷിച്ചു ഇവിടെ തിരുമുമ്പിൽ നില്ക്കുന്ന ഈ നിന്റെ ശുശ്രൂഷക്കാരനു (ൎക്കു) വേണ്ടി ഞങ്ങൾ പ്രാൎത്ഥിക്കുന്നു. അവൻ (ർ) നിന്നെ സേവിപ്പാൻ മനസ്സായി വിശുദ്ധ ശുശ്രൂഷയിൽ പ്രവേശിപ്പാൻ ഒരുങ്ങിയിരിക്കുന്നു. നിന്റെ പരിശുദ്ധാത്മാവിന്റെ വരങ്ങളെ അവനു (ൎക്കു) മേല്ക്കുമേൽ സമ്മാനിക്ക. ഉയരത്തിൽനിന്നു ശക്തി ധരിപ്പിക്ക. കൎത്താവായ യേശു ക്രിസ്തുവിന്റെ സൌഖ്യവചനങ്ങളിലും ഭക്തിക്കൊത്ത ഉപദേശത്തിലും നിലനില്പാറാക്കി, അവൻ (ർ) ഘോഷിക്കുന്ന സുവിശേഷത്തിന്നു യോഗ്യമായി ജീവപൎയ്യന്തം പെരുമാറുവാൻ കൃപ നല്കേണമേ. പ്രിയകൎത്താവേ, നിന്റെ നിത്യസ്നേഹത്താലെ ഞങ്ങളിൽ വ്യാപരിച്ചുകൊണ്ടു, ഇവന്റെ (രുടെ) സാക്ഷ്യത്താലെ അനേകർ ജീവന്റെ വഴിയെ കണ്ടെത്തി, യേശു ക്രിസ്തുവിന്റെ കൃപയിലും അറിവിലും വളൎന്നു, വിശുദ്ധൎക്കു വെളിച്ചത്തിലുള്ള അവകാശപങ്കിന്നായി പ്രാപ്തരായ്ത്തീരേണ്ടതിന്നു സംഗതി വരുത്തി രക്ഷിക്കേണമേ. ആമെൻ.

കൎത്താവിൽ സ്നേഹിക്കപ്പെട്ട സഹോദരനേ, (ന്മാരേ) ഒരുവൻ അദ്ധ്യക്ഷൻ, എന്നുള്ള മൂപ്പന്റെ ശുശ്രൂഷയെ വാഞ്ഛിക്കുന്നു എങ്കിൽ, നല്ല വേലയെ ആഗ്രഹിക്കുന്നു, എന്നു നീ (നിങ്ങൾ) ദൈവവചനത്തിൽനിന്നു അറിയുന്നു. ഇപ്രകാരമുള്ളവൻ ദൈവമൎമ്മങ്ങളെ പകുക്കുന്ന വീട്ടുവിചാരകനും, ദൈവത്തോടു നിരന്നു വരുവിൻ, എന്നു കൎത്താവു താൻ പ്രബോധിപ്പിക്കും പോലെ ലോകരോടു യാചിക്കുന്ന ക്രിസ്തുമന്ത്രിയുമായിരിക്കേണ്ടതല്ലോ. ദൈവപുത്രൻ തന്റെ രക്തത്താലെ സമ്പാദിച്ച സഭയെ മേച്ചു നടത്തുവാനും, നിത്യജീവനുണ്ടാകുന്ന പിതാവിൻ അറിവിനെ പരിശുദ്ധാത്മാവിന്റെ പ്രകാശനത്താൽ ഉണ്ടാക്കുവാനും അവൻ ഭരമേല്ക്കുന്നവൻ. അതുകൊണ്ടു നിനക്കു തെളിഞ്ഞ വിളിയുടെ ഫലനത്തെയും അതിനോടു ചേൎന്നുള്ള വിശേഷമുറകളെയും നന്നെ നിദാനിച്ചു കരുതേണ്ടിയിരിക്കുന്നു.

വിശേഷാൽ ദൈവത്തിന്റെ ശുദ്ധവചനത്തിൽ പ്രസിദ്ധമാക്കിയതും, നമ്മുടെ സുവിശേഷസഭയുടെ സ്വീകാരത്തോടു ചേരുന്നതും ആയുള്ളതു ഒഴികെ, വേറൊരു ഉപദേശവും നീ (നിങ്ങൾ) കേൾപ്പിക്കരുതു. നീ (നിങ്ങൾ) സേവിക്കുന്ന സഭയാകട്ടെ ക്രിസ്തു താൻ മൂലക്കല്ലായിരിക്കെ, അപ്പോസ്തലരും പ്രവാചകരും ആകുന്ന അടിസ്ഥാനത്തിന്മേൽ പണിചെയ്യപ്പെട്ടതാകുന്നു. ആ അടിസ്ഥാനം ഇട്ടിരിക്കുന്നതു എന്നിയെ, മറ്റൊന്നു വെപ്പാൻ ആൎക്കും കഴികയില്ല സത്യം. ഈ പരമാൎത്ഥത്തെ നീ (നിങ്ങൾ) ചെറിയവൎക്കും വലിയവൎക്കും സകല ഉത്സാഹത്തോടും പഠിപ്പിച്ചു കൊടുത്തു, താന്തോന്നിത്വവും പ്രതികൂലതയും ഉള്ള ഉപദേശങ്ങളെ ഒക്കെയും ഒഴിക്കേണ്ടു. പ്രത്യേകം സുവിശേഷസത്യത്തിന്റെ തൂണിനെ പിടിച്ചു നില്ക്കേണ്ടതു. അതാവിതു: പാപമോചനവും ദൈവനീതിയും നമ്മുടെ ക്രിയയാലും പുണ്യത്താലും അല്ല, ക്രിസ്തുമൂലം വെറും കൃപയാലെ വിശ്വാസം കൊണ്ടത്രെ ലഭിക്കുന്നതു, എന്നതിനാലെ വ്യാകുലപ്പെടുന്ന മനസ്സാക്ഷിക്കു സമാധാനവും ആശ്വാസവും നിറഞ്ഞുവരും. മാനസാന്തരത്തിന്നു യോഗ്യവും ദൈവത്തിന്നു ഹിതവുമായ ഫലങ്ങളെ ഉണ്ടാക്കുവാൻ പ്രാപ്തി ജനിക്കുന്നതും ഈ ഉപദേശത്താലത്രെ. ഇങ്ങിനെ ഉപദേശിക്കെ ഒഴികെ, നമ്മുടെ കൎത്താവായ യേശു ക്രിസ്തു നിൎണ്ണയിച്ചതിനോടു ഒത്തവണ്ണം വിലയേറിയ ചൊല്ക്കുറികളെയും നീ (നിങ്ങൾ) ഉപയോ

ഗിച്ചു നടത്തേണ്ടതു, അവന്റെ സഭെക്കു വീട്ടുവൎദ്ധന ഉണ്ടാവാനും വിശ്വാസികൾ അവന്റെ നിറവിൽനിന്നു കൃപെക്കു വേണ്ടി കൃപയും ലഭിപ്പാനും തന്നെ.

പിന്നെ നീ (നിങ്ങൾ) ക്രിസ്തീയപാഠശാലകളെ ഉത്സാഹത്തോടെ വിചാരിക്കയും ദരിദ്രന്മാരെ നോക്കിക്കൊള്ളുകയും, സുവിശേഷവാൎത്തയെ രോഗികളെയും ദുഃഖിതരെയും കേൾപ്പിക്കയും, മരണമട്ടത്തവരെ വിശ്വസ്തതയോടെ പ്രബോധിപ്പിക്കയും ആശ്വാസം ചൊല്ലുകയും വേണം.

നീ സേവിക്കുന്ന സഭയിൽ യോഗ്യമായ ശിക്ഷാരക്ഷയെ വേദത്തിൽ കല്പിച്ചപ്രകാരം ക്രമത്തിന്നു ഉചിതമാകുംവണ്ണം നടത്തുകയും ആവു. സഭയോടും വീടുതോറും സത്യദൈവഭക്തിയെയും സ്നേഹസമാധാനങ്ങളിലും സുബോധസ്വച്ഛതകളിലും കുററമില്ലാത്ത വിശുദ്ധനടപ്പിനെയും വൎണ്ണിച്ചു പ്രബോധിപ്പിക്കയും, രാജ്ഞിയെയും സകല അധികാരസ്ഥരെയും അനുസരിപ്പാനും, അവൎക്കു വേണ്ടി പ്രാൎത്ഥിപ്പാനും സഭയുടെ അവയവങ്ങൾ ഒക്കയും ഉണൎത്തുകയും വേണ്ടതു. പ്രത്യേകം വാക്കിലും നടപ്പിലും സ്നേഹവിശ്വാസങ്ങളിലും നിൎമ്മലതയിലും വിശ്വാസികൾക്കു മാതൃകയായ്ചമക. അദ്ധ്യയനത്തിലും ദൈവവചനത്തെ ആരായുന്നതിലും ഉത്സാഹിച്ചു, നിന്റെ മുഴുപ്പു എല്ലാവൎക്കും പ്രസിദ്ധമായ്തീരേണ്ടതിന്നു ആ വക എല്ലാം കരുതുക. വചനത്താൽ തന്നെയല്ല, അപ്രകാരമേ നടപ്പിനാലും സുവിശേഷത്തെ അറിയിക്ക. ഞാൻ ക്രിസ്തുവിന്നു എന്ന പോലെ നിങ്ങൾ എനിക്കു അനുകാരികൾ ആകുവിൻ, എന്നു പറവാന്തക്ക പ്രാപ്തിയെ സമ്പാദിച്ചു കൊൾക. വചനത്തിൽ ശുശ്രൂഷിക്കുന്നവൻ കേവലം നിരപവാദ്യനും, ഒന്നിലും ഒരു തടങ്ങലും കൊടുക്കാത്തവനും, നിന്ദയിലും പിശാചിന്റെ കണിയിലും വീഴായ്വാൻ പുറത്തുള്ളവരിലും നല്ല ശ്രുതിയുള്ളവനും ആകേണ്ടു.

കൎത്താവിൽ പ്രിയ സഹോദരനാ(രാ)യുള്ളോവേ, ഈ വകെക്കു നിന്നിൽ തന്നെ പ്രാപ്തിയില്ല, എന്നതു നിനക്കു അറിയാം. കൊമ്പു വള്ളിയിൽ വസിച്ചിട്ടല്ലാതെ തന്നാൽ തന്നെ കായ്പാൻ കഴിയാത്ത പ്രകാരം, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങളും തന്നെ. ഞാൻ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല, എന്നു ക്രിസ്തു പറഞ്ഞി

രിക്കുന്നുവല്ലോ. അതുകൊണ്ടു അവന്റെ സൎവ്വശക്തിയുള്ള കൃപ യിൽ ആശ്രയിച്ചു, സൎവ്വത്തിന്നും മതിയായുള്ള അവന്റെ സഹാ യത്തിൽ സന്തോഷിപ്പാൻ ഞങ്ങൾ നിന്നെ പ്രബോധിപ്പിച്ചു അ പേക്ഷിക്കുന്നു. തനിക്കുള്ളവരോടു കൂടെ ലോകാവസാനത്തോളം എ ല്ലാ നാളും ഇരിപ്പാൻ വാഗ്ദത്തം ചെയ്തവൻ നിന്റെ ഭാഗത്തു നി ല്ക്കയും, നിന്നെ അയച്ച കാൎയ്യത്തെ സാധിപ്പിക്കയും ചെയ്യും. ആക യാൽ ഉറപ്പുള്ളവനും കുലുങ്ങാത്തവനും, നിന്റെ പ്രയത്നം കൎത്താ വിൽ വ്യൎത്ഥമല്ല, എന്നറികയാൽ കൎത്താവിൻ വേലയിൽ എപ്പൊഴും വഴിയുന്നവനും ആകുക. എന്നാൽ നിന്റെ വിളിയുടെ എല്ലാ പോ രാട്ടങ്ങളിലും വേദനാചിന്തകളിലും അവന്റെ വിലയേറിയ സമാ ധാനം നിന്റെ ശക്തിയും ആശ്വാസവും, എന്നു കാണ്കയും, അവ ന്റെ വായിൽനിന്നു ഒരുനാൾ ഈ വചനത്തെ കേൾക്കയും ചെയ്യും: നന്നു, നല്ലവനും (രും) വിശ്വസ്തനു (രു) മായ ദാസനേ, (രേ) നീ (നി ങ്ങൾ) അല്പത്തിങ്കൽ വിശ്വസ്തനാ (രാ) യിരുന്നു, നിന്നെ (ങ്ങളെ) പ ലതിന്മേലും ആക്കി വെക്കും, നിന്റെ (ങ്ങളുടെ) കൎത്താവിൻ സന്തോ ഷത്തിൽ പ്രവേശിക്ക.

എന്നതിന്നു തക്കവണ്ണം ഞാൻ ദൈവത്തിന്നും നമ്മുടെ കൎത്താ വായ യേശു ക്രിസ്തുവിന്നും മുമ്പാകെ, ഈ ക്രിസ്തുസഭ കേൾക്കെ, നി ന്നോടു (ങ്ങളോടു) ചോദിക്കുന്നിതു:

ഈ വചനങ്ങളെ പ്രമാണിച്ചു, വിശുദ്ധദൈവശുശ്രൂഷയെ ഭരമേല്പാൻ മനസ്സുണ്ടോ?

ഈ വേലയിൽ നിന്റെ കാലവും ബലവും ഉദാരതയോടെ ചെ ലവഴിപ്പാനും, ദൈവവചനപ്രകാരം യേശു ക്രിസ്തുവിനെ കുരിശി ക്കപ്പെട്ടു, മരിച്ചെഴുനീറ്റവനെ തന്നെ ഘോഷിപ്പാനും, ആയവൻ നമുക്കു ദൈവത്തിൽനിന്നു ജ്ഞാനവും നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും ആയ്തീൎന്നപ്രകാരം പ്രസംഗിപ്പാനും മനസ്സുണ്ടോ?

ശേഷമുള്ളവൎക്കു ഭാവത്തിലും നടപ്പിലും ദൈവകരുണയാലെ മാതിരിയാവാൻ കൎത്താവിൽ തന്നെ നിൎണ്ണയിച്ചിരിക്കുന്നുവോ?

എന്നാൽ സൎവ്വസാക്ഷിയായ ദൈവവും ജീവികൾക്കും മരിച്ചവ ൎക്കും ന്യായാധിപതിയായ യേശു ക്രിസ്തുവും അറികെ, സത്യം ചെയ്തു ഉത്തരം ചൊല്ക.

ഉത്തരം: കൎത്താവു തന്റെ ആത്മാവിൻ ശക്തിയാലും കരുണ യാലും എനിക്ക തുണ നിന്നിരിക്കെ, ഞാൻ അപ്രകാരം ചെയ്യും.

പിന്നെ മുട്ടുകുത്തിയ ശേഷം, ബോധകൻ തന്നെയൊ കൂടെ ഉള്ള രണ്ടു മൂന്നു ബോധകന്മാരോടു ഒന്നിച്ചൊ തലമേൽ കൈവെ ച്ചു ചൊല്ലുന്നിതു:

ഞാൻ നിന്നെ സുവിശേഷസഭയുടെ ന്യായപ്രകാരം ബോധ കൻ, എന്നു വരിച്ചു കല്പിച്ചു, നമ്മുടെ കൎത്താവായ യേശു ക്രിസ്തു സ്ഥാപിച്ച ശുശ്രൂഷയെ നിന്നിൽ ഭരമേല്പിക്കുന്നതു, പിതാ പുത്രൻ പരിശുദ്ധാത്മാവു, എന്ന ദൈവനാമത്തിൽ തന്നെ.

കൎത്താവു നിന്നെ ഉയരത്തിൽനിന്നു ശക്തി ധരിപ്പിച്ചു, അനേ കൎക്ക അനുഗ്രഹമാക്കി തീൎക്കുക. നീ പോയി ഫലം തരേണ്ടതിന്നും, നിന്റെ ഫലം നിത്യജീവനോളം വസിക്കേണ്ടതിന്നും അവൻ താൻ നിന്നെ ആക്കിവെക്കുക. ആമെൻ.

പിന്നെ സാക്ഷികളുടെ അനുഗ്രഹങ്ങൾ ഒന്നൊ രണ്ടൊ.

യഹോവ നിന്റെ വെളിച്ചവും നിന്റെ രക്ഷയും ആക. യ ഹോവ നിന്റെ ജീവന്റെ ബലമാക. ധൈൎയ്യം കൊണ്ടു യഹോ വയിൽ ആശ്രയിച്ചു, ക്ഷമയോടെ അവനെ ആശിച്ചു പാൎക്ക. ആമെൻ.

കൎത്താവായ യേശു ക്രിസ്തു നിന്റെ ആത്മാവോടു കൂട ഇരിക്കേ ണമേ. ആമെൻ.

മരണപൎയ്യന്തം വിശ്വസ്തനാക, എന്നാൽ ഞാൻ ജീവകിരീട ത്തെ നിനക്ക തരും. ആമെൻ.

## നാം പ്രാൎത്ഥിക്ക.

കരുണയുള്ള ദൈവവും സ്വൎഗ്ഗസ്ഥ പിതാവുമായുള്ളോവേ, കൊ യ്ത്തിന്റെ യജമാനനായ നിന്നോടു കൊയ്ത്തിന്നായി പ്രവൃത്തിക്കാരെ അയക്കേണ്ടതിന്നു യാചിപ്പാനായി നീ പ്രിയ പുത്രനുമേന ഞങ്ങ ളോടു കല്പിച്ചുവല്ലോ. അതുകൊണ്ടു ഞങ്ങൾ മക്കൾക്കുള്ള ആശ്രയ ത്തോടെ അപേക്ഷിക്കുന്നിതു: ഈ നിന്റെ ദാസനു (ൎക്ക) നിന്റെ പ രിശുദ്ധാത്മാവിന്റെ നിറവുള്ള അളവു നല്കേണമേ. അവനെ ഭര മേല്പിച്ച വേലയിൽ വിശ്വസ്തനാക്കുക. കാണാതെ പോയതിനെ

അന്വേഷിപ്പാനും, ബലക്ഷയമുള്ളതിനെ ഉറപ്പിപ്പാനും, ചഞ്ചലഭാവമുള്ളവൎക്ക നിശ്ചയം കൊടുപ്പാനും, ദുഃഖിതന്മാരെ തണുപ്പിപ്പാനും, യേശു ക്രിസ്തുവിന്റെ അറിവിലും കൃപയിലും വിശ്വാസികളെ സ്ഥിരീകരിപ്പാനും അവന്നു ജ്ഞാനവും പ്രാപ്തിയും നല്കേണമേ. അവന്റെ സാക്ഷ്യത്തിന്മേൽ നിത്യാനുഗ്രഹത്തെ അയച്ചിട്ടു, അവന്റെ ശുശ്രൂഷയാൽ തിരുനാമം വിശുദ്ധീകരിക്കപ്പെടുവാനും, നിന്റെ രാജ്യം വരുവാനും നല്ലതും സുഗ്രാഹ്യവും തികവുള്ളതും ആയ നിന്റെ ഇഷ്ടം എല്ലാററിലും നടപ്പാനും വരം തന്നരുളേണമേ. സത്യാത്മാവിൻ ശക്തിയാൽ നിന്റെ മാനത്തിന്നും പല ആത്മാക്കളുടെ രക്ഷെക്കും ആയിട്ടു അവന്റെ വേലയെ സാധിപ്പിച്ചു സ്ഥിരമാക്കേണമേ. ആമെൻ.

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ. ഞങ്ങൾക്ക വേണ്ടുന്ന അപ്പം ഇന്നു തരേണമേ. ഞങ്ങളുടെ കടക്കാൎക്ക ഞങ്ങളും വിടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടുതരേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിനക്കല്ലൊ ആകുന്നു. ആമെൻ.

നീ (നിങ്ങൾ) പോയി ദൈവത്തിൻ കൂട്ടത്തെ മേച്ചുകൊണ്ടു അദ്ധ്യക്ഷ ചെയ്വിൻ, നിൎബ്ബന്ധത്താലല്ല സ്വയകൃതമായത്രെ, ദുൎല്ലോഭത്താലല്ല മനഃപൂൎവ്വമായി തന്നെ. സമ്പാദിതരിൽ കൎത്തൃത്വം നടത്തുന്നവരായുമല്ല, കൂട്ടത്തിന്നു മാതൃകയായി തീൎന്നത്രെ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ, തേജസ്സിന്റെ വാടാത്തൊരു കിരീടം പ്രാപിക്കും. ആമെൻ.

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക; യഹോവ തിരുമുഖത്തെ നിങ്ങളിലേക്ക പ്രകാശിപ്പിച്ചു കരുണ ചെയ്ക. യഹോവ തിരുമുഖത്തെ നിങ്ങളുടെ മേൽ ആക്കി, നിങ്ങൾക്ക സമാധാനം ഇട്ടുമാറാക. ആമെൻ. (൪ മോ. ൬.)

---

# സ്ഥിരീകരണത്തിന്നുള്ള ഉപദേശം.

൧. ചോദ്യം: മനുഷ്യന്നു ഇഹത്തിൽ മുഖ്യവിചാരം ആകേണ്ടതു എന്തു?

ഉത്തരം. നിത്യജീവന്റെ പ്രത്യാശ തനിക്കു ഉറെച്ചുവരേണം എന്നത്രേ. (മത്ത. ൬, ൩൩.) മുമ്പെ ദൈവത്തിന്റെ രാജ്യത്തെയും അവന്റെ നീതിയെയും അന്വേഷിപ്പിൻ, എന്നാൽ ഇവ എല്ലാം നിങ്ങൾക്കു കൂടെ കിട്ടും, എന്നു ക്രിസ്തു പറഞ്ഞുവല്ലോ.

൨. ചോ. ഈ പ്രത്യാശ എല്ലാ മനുഷ്യന്നും വരികയില്ലയോ?

ഉ. സത്യക്രിസ്തുഭക്തന്നല്ലാതെ ആൎക്കും വരാതു. (മത്ത. ൭, ൨൧.) എന്നോടു: കൎത്താവേ, കൎത്താവേ, എന്നു പറയുന്നവൻ എല്ലാം സ്വൎഗ്ഗരാജ്യത്തിൽ കടക്കയില്ല, സ്വൎഗ്ഗസ്ഥനായ എൻ പിതാവിൻ ഇഷ്ടത്തെ ചെയ്യുന്നവനത്രെ, എന്നുണ്ടല്ലോ.

൩. ചോ. നീ ആർ ആകുന്നു?

ഉ. ഞാൻ ക്രിസ്ത്യാനൻ തന്നെ.

൪. ചോ. ക്രിസ്ത്യാനൻ ആകുന്നതു എങ്ങിനെ?

ഉ. ക്രിസ്ത്യാനരിൽ ജനിക്കുന്നതിനാലല്ല, ക്രിസ്ത്യാനരോടു സംസൎഗ്ഗം ഉള്ളതിനാലും അല്ല, ക്രിസ്തുവിങ്കലെ വിശ്വാസം, ക്രിസ്തുവിലെ സ്നാനം, ഇവററിനാലത്രെ.

൫. ചോ. നിനക്കു ചെറുപ്പത്തിൽ സ്നാനം ഉണ്ടായ്വന്നുവോ?

ഉ. അതെ, പിതാപുത്രൻ പരിശുദ്ധാത്മാവു, എന്നീ ദൈവനാമത്തിൽ എനിക്കു സ്നാനം ഉണ്ടായ്വന്നിരിക്കുന്നു. ഈ പറഞ്ഞുകൂടാത്ത ഉപകാരത്തിന്നായി ത്രിയേകദൈവത്തിന്നു എന്നും സ്തോത്രവും വന്ദനവും ഉണ്ടാകെ ആവു.

൬. ചോ. സ്നാനം എന്നതു എന്തു?

ഉ. സ്നാനം എന്നതു വിശുദ്ധമൎമ്മവും ദിവ്യമായ ചൊല്ക്കുറിയും ആകുന്നു. അതിനാൽ ദൈവമായ പിതാവു പുത്രനോടും പരി

ശുദ്ധാത്മാവോടും ഒന്നിച്ചു: ഈ സ്നാനം ഏല്ക്കുന്നവന്നു ഞാൻ കരുണയുള്ള ദൈവമാകും, എന്നും, അവന്നു സകല പാപങ്ങളെയും യേശു ക്രിസ്തുനിമിത്തം സൌജന്യമായി ക്ഷമിച്ചു കൊടുക്കുന്നു, എന്നും, അവനെ മകന്റെ സ്ഥാനത്തിൽ ആക്കി സകല സ്വൎഗ്ഗവസ്തുവിന്നും അവകാശിയായി അംഗീകരിച്ചു കൊള്ളുന്നതും ഉണ്ടു, എന്നും സാക്ഷി പറയുന്നു.

൭. ചോ. സ്നാനം ഏതിനാൽ ഉണ്ടാകുന്നു?

ഉ. വെള്ളത്താലും ആത്മാവിനാലും അത്രെ (യോഹ. ൩, ൫.) വെള്ളത്തിലും ആത്മാവിലുംനിന്നു ജനിച്ചല്ലാതെ, ഒരുത്തന്നും ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല, എന്നു ചൊല്ലിയ പ്രകാരം തന്നെ.

൮. ചോ. സ്നാനത്താലുള്ള പ്രയോജനം എന്തു?

ഉ. അതു ദൈവകരുണയെയും പാപമോചനത്തെയും ദൈവപുത്രത്വത്തെയും നിത്യ ജീവന്റെ അവകാശത്തെയും നമുക്കു ഉറപ്പിച്ചു കൊടുക്കുന്നു. (തീത. ൩, ൫—൭.) നാം അവന്റെ കരുണയാൽ നീതീകരിക്കപ്പെട്ടിട്ടു, പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന്നു ദൈവം തന്റെ കനിവാലത്രെ നമ്മെ രക്ഷിച്ചിരിക്കുന്നതു. നമ്മുടെ രക്ഷിതാവായ യേശു ക്രിസ്തുമൂലം നമ്മുടെ മേൽ ധാരാളമായി പകൎന്ന പരിശുദ്ധാത്മാവിലെ പുനൎജ്ജന്മവും നവീകരണവും ആകുന്ന കുളി കൊണ്ടു തന്നെ. ഈ വചനം പ്രമാണം.

൯. ചോ. ദൈവവചനം സ്നാനത്തെ എങ്ങിനെ വൎണ്ണിക്കുന്നു?

ഉ. അതു നല്ല മനോബോധത്തിന്നായി ദൈവത്തോടു ചോദിച്ചിണങ്ങുന്നതു, എന്നത്രെ. (൧ പേത്രു. ൩, ൨൧.)

൧൦. ചോ. ആകയാൽ വിശുദ്ധ സ്നാനത്താൽ ദൈവം നിന്നോടിണങ്ങീട്ടു ഒരു നിയമം ഉണ്ടാക്കിയോ?

ഉ. അതെ, മഹാദൈവമായവൻ എനിക്കു കരുണയുള്ള ദൈവവും പിതാവും ആവാൻ വാഗ്ദത്തം ചെയ്തിരിക്കുന്നു. ഞാനോ പിശാചിനോടും അവന്റെ സകല ക്രിയാഭാവങ്ങളോടും ദുഷ്ടലോക

ത്തിൻ ആഡംബരമായയോട്ടും ജഡത്തിൻെറ സകല പാപമോഹ ങ്ങളോട്ടും വെറുത്തും, ദൈവത്തെയും എൻെറ കൎത്താവായ യേശു വെയും ജീവപൎയ്യന്തം സേവിച്ചും കൊൾ്വാൻ കൈയേററിരിക്കുന്നു.

൧൫. ചോ. ആകയാൽ സ്നാനനിയമത്താൽ നിനക്കു കടമാകുന്നതു എന്തു?

ഉ. ദൈവം കൈയേററു കൊണ്ടപ്രകാരം എനിക്കു എന്നും വിശ്വസ്തനായിരിപ്പാനും, സകല വാഗ്ദത്തങ്ങളെയും ഭേദം വരാതെ നിവൃത്തിപ്പാനും മനസ്സായിരിക്കുന്നതു പോലെ പുത്രഭാവത്തോട്ടും നിത്യവിശ്വസ്തത തന്നെ എൻെറ കടം ആകുന്നു. അതുകൊണ്ടു ആ നിയമത്തെ നാൾതോറും, വിശേഷാൽ തിരുവത്താഴത്തിന്നു ചെല്ലുമ്പൊഴും സകല ഭക്തിയോടെ പുതുക്കി, എൻെറ നടപ്പിനെ അതിന്നൊത്തവണ്ണം ശോധന ചെയ്തും, യഥാക്രമത്തിൽ ആക്കി കൊണ്ടും, എനിക്കു ഏററം അടുത്തുള്ള പാപങ്ങളോടു കേവലം പൊരുതും പോരേണ്ടതു.

൧൬. ചോ. എന്നതുകൊണ്ടു സ്നാനത്തോട്ടും കൂട വിശ്വാസത്തെ മുറുക പിടിക്കുന്ന വർ മാത്രം സത്യക്രിസ്ത്യാനർ ആകയാൽ, ദൈവത്തിൽ വിശ്വസിക്ക എന്നതു എന്തു?

ഉ. ദൈവത്തെ അറികയും അവൻെറ വചനത്തെ കൈക്കൊൾ്കയും അവനിൽ മുററും ആശ്രയിക്കയും ചെയ്യുന്നതത്രെ.

൧൭. ചോ. നാം വിശ്വസിക്കേണ്ടുന്ന ദൈവം ആരുപോൽ?

ഉ. ദൈവം സൃഷ്ടിക്കപ്പെടാതെ ഉള്ള ആത്മാവു, നിത്യൻ, സൎവ്വശക്തൻ, ഏകജ്ഞാനി, സൎവ്വസമീപൻ, സൎവ്വജ്ഞൻ, നീതിമാൻ, പരിശുദ്ധൻ, സത്യവാൻ, ദയയും കനിവും നിറഞ്ഞവനത്രെ.

൧൮. ചോ. ഏകദൈവം ഒഴികെ വേറെ ഉണ്ടോ?

ഉ. ഒരുത്തനെ ഉള്ളു. (൫മോ. ൬, ൪.) അല്ലയോ ഇസ്രയേലേ കേൾ്ക്ക, നമ്മുടെ ദൈവമാകുന്നതു യഹോവ തന്നെ ഏകയഹോവയത്രെ.

൧൯. ചോ. ഈ ഏകദൈവത്വത്തിൽ വിശേഷങ്ങൾ ഉണ്ടോ?

ഉ. അതെ പിതാ പുത്രൻ പരിശുദ്ധാത്മാവു, ഈ മൂവർ ഉണ്ടു. സ്വൎഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ടല്ലോ,

പിതാവു വചനം പരിശുദ്ധാത്മാവു, എന്നിവർ മൂവരും ഒന്നു തന്നെ. (൧ യൊ. ൫, ൭.)

൧൬. ചോ. ദൈവത്വത്തിൽ ഒന്നാം പുരുഷനാകുന്ന പിതാവായ ദൈവത്തെ കൊണ്ടു വിശ്വാസപ്രമാണത്തിൽ എന്തു ചൊല്ലിയിരിക്കുന്നു?

ഉ. സ്വൎഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി, സൎവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിങ്കൽ ഞാൻ വിശ്വസിക്കുന്നു.

൧൭. ചോ. മനുഷ്യരെയും ദൈവം പടെച്ചിരിക്കുന്നുവോ?

ഉ. അതെ ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. (൧ മോ. ൧, ൨൭.)

൧൮. ചോ. ആ ദൈവസാദൃശ്യം ഇന്നും ഉണ്ടോ?

ഉ. ഇല്ല കഷ്ടം! ഒന്നാമത്തെ പാപം ഹേതുവായി അതു വിട്ടുപോയിരിക്കുന്നു. (൧ മോ. ൩.)

൧൯. ചോ. ആദ്യ പിതാക്കന്മാരുടെ പാപത്താൽ നാം ഏതിൽ അകപ്പെട്ടു പോയി?

ഉ. പാപത്തിലും അതിനാൽ ദൈവകോപത്തിലും പിശാചു മരണം നരകം മുതലായ ശത്രുക്കളുടെ വശത്തിലും അകപ്പെട്ടു (രോമ. ൫, ൧൨.) ഏക മനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ പുക്കു, ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരോളവും പരന്നു.

൨൦. ചോ. പാപം എന്നതു എന്തു?

ഉ. പാപം അധൎമ്മം തന്നെ. (൧ യൊ. ൩, ൪.) ധൎമ്മത്തിന്റെ ലംഘനം, എന്നത്രെ.

൨൧. ചോ. പാപം എത്ര വിധമായിരിക്കുന്നു?

ഉ. ജന്മപാപം, ക്രിയാപാപം, ഇങ്ങിനെ രണ്ടു വിധമായിരിക്കുന്നു.

൨൨. ചോ. ജന്മപാപം എന്നതു എന്തു?

ഉ. മാനുഷസ്വഭാവത്തിന്നു ജനനം മുതലുള്ള കേടും, ദോഷത്തിലേക്കു ചായുന്ന ഇച്ഛയും തന്നെ. (യൊഹ. ൩, ൬.) ജഡത്തിൽ നിന്നു ജനിച്ചതു ജഡം ആകുന്നു.

൨൩. ചോ. ക്രിയാപാപം എന്നതു എന്തു?

ഉ. ജന്മപാപത്തിൽനിന്നു ജനിക്കുന്ന ഓരോരൊ വിചാരമോഹങ്ങളും, പുറമെ ഉള്ള ഭാവങ്ങൾ വാക്കുകൾ കൎമ്മങ്ങൾ മുതലായവയും എല്ലാം തന്നെ. (മത്ത. ൧൫, ൧൯.) ദുശ്ചിന്തകൾ, കുലകൾ, വ്യഭിചാരങ്ങൾ, വേശ്യാദോഷങ്ങൾ, മോഷണങ്ങൾ, കള്ളസ്സാക്ഷികൾ, ദൂഷണങ്ങൾ ഇവ ഹൃദയത്തിൽനിന്നു പുറപ്പെടുന്നു.

൨൪. ചോ. ഗുണം ചെയ്യാതിരിക്കുന്നതും ദോഷം തന്നെയോ?

ഉ. അതെ, ദോഷത്തെ വെറുക്കേണം, എന്നു തന്നെ അല്ല, ഗുണത്തെ ചെയ്യേണം, എന്നും കൂടെ ദൈവകല്പന ആകുന്നുവല്ലോ. (യാക്കോ. ൪, ൧൭.) നല്ലതു ചെയ്വാൻ അറിഞ്ഞിട്ടും, ചെയ്യാത്തവന്നു അതു പാപം ആകുന്നു.

൨൫. ചോ. ക്രിയാപാപങ്ങൾ എത്ര വിധമാകുന്നു?

ഉ. ബലഹീനതയാലെ പാപം, മനഃപൂൎവ്വത്താലെ പാപം, ഇങ്ങിനെ രണ്ടു വിധമാകുന്നു.

൨൬. ചോ. ബലഹീനതയാലെ പാപം ഏതു പ്രകാരമുള്ളതു?

ഉ. വിശ്വാസി മനസ്സോടെ പാപം ചെയ്യാതെ, അറിയായ്മയാലും കരുതായ്കയാലും ഒരു തെററിൽ അകപ്പെടുകയും, അതിനായി ഉടനെ അനുതപിക്കയും, അതിനെ വെറുത്തു വിടുകയും ചെയ്യുന്നതത്രെ.

൨൭. ചോ. മനഃപൂൎവ്വത്താലെ പാപം ഏതു പ്രകാരമുള്ളതു?

ഉ. മനുഷ്യൻ ഇന്നതു അധൎമ്മം, എന്നറിഞ്ഞിട്ടും മനസ്സോടെ ചെയ്തുകൊള്ളുന്നതു തന്നെ.

൨൮. ചോ. ഈ വക പാപങ്ങളാൽ നമുക്കു എന്തു വരുവാറായി?

ഉ. ദൈവത്തിൻ കോപവും രസക്കേടും അല്ലാതെ, തല്ക്കാലശിക്ഷകൾ പലവും, നരകത്തിൽ നിത്യദണ്ഡവും തന്നെ. (റോമ. ൬, ൨൩.) പാപത്തിന്റെ ശമ്പളം മരണമത്രെ.

൨൯. ചോ. ഈ അരിഷ്ടതയിൽനിന്നു നമ്മെ ഉദ്ധരിച്ചതാർ?

ഉ. എല്ലാവൎക്കും വേണ്ടി വീണ്ടെടുപ്പിൻ വിലയായി തന്നെ ത്താൻ കൊടുത്ത ക്രിസ്തു യേശുവത്രെ. (൧ തിമൊ. ൨, ൬.)

൩൰. ചോ. യേശു ക്രിസ്തു ആർ ആകുന്നു?

ഉ. ദൈവപുത്രനും മനുഷ്യപുത്രനും ആകയാൽ, ദിവ്യമാനുഷ സ്വഭാവങ്ങൾ പിരിയാതെ ചേൎന്നുള്ളൊരു പുരുഷൻ തന്നെ.

൩൧. ചോ. യേശു ക്രിസ്തുവിനെ ചൊല്ലി നിന്റെ വിശ്വാസപ്രമാണം എങ്ങിനെ?

ഉ. ദൈവത്തിന്റെ ഏകജാതനായി, നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിങ്കൽ ഞാൻ വിശ്വസിക്കുന്നു. ആയവൻ പരിശുദ്ധാ ത്മാവിനാൽ മറിയ, എന്ന കന്യകയിൽ ഉല്പാദിതനായി ജനിച്ചു, പൊന്ത്യപിലാതന്റെ താഴെ കഷ്ടം അനുഭവിച്ചു, കുരിശിക്കപ്പെട്ടു മ രിച്ചു അടക്കപ്പെട്ടു, പാതാളത്തിൽ ഇറങ്ങി, മൂന്നാം ദിവസം ഉയിൎത്തെ ഴനീറ്റു, സ്വൎഗ്ഗാരോഹണമായി, സൎവ്വശക്തിയുള്ള പിതാവായ ദൈ വത്തിന്റെ വലഭാഗത്തിരിക്കുന്നു. അവിടെനിന്നു ജീവികൾക്കും മ രിച്ചവൎക്കും ന്യായം വിസ്തരിപ്പാൻ വരികയും ചെയ്യും.

൩൨. ചോ. യേശു ക്രിസ്തു പിതാവിൽനിന്നു യുഗാദികൾക്കു മുമ്പെ ജനിച്ച സത്യ ദൈവമാകുന്നു, എന്നുള്ളതിനെ പ്രമാണിപ്പിക്കുന്നതു എങ്ങിനെ?

ഉ. പരിശുദ്ധവേദത്തിന്റെ സ്പഷ്ട സാക്ഷ്യങ്ങളെ കൊണ്ടത്രെ. അതിനാൽ അവൻ ദൈവത്തിന്റെ ഏകജാതനും (യൊ. ൧, ൧൪.) സ്വപുത്രനും എന്നും (റോമ. ൮, ൩൨.) സൎവ്വത്തിന്മേലും ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ എന്നും (റോമ. ൯, ൫.) സത്യദൈവ വും നിത്യജീവനും എന്നും (൧ യൊ. ൫, ൨൦.) ഉള്ള പേരുകൾകൊണ്ടു വിളങ്ങുന്നു.

൩൩. ചോ. ഈ യേശു ക്രിസ്തുവിനെ വീണ്ടെടുപ്പുകാരൻ, എന്നു പറവാന്തക്കവ ണ്ണം അവൻ നിനക്കായി എന്തു ചെയ്തു, എന്തു അനുഭവിച്ചു?

ഉ. ഒന്നാമതു അവൻ എനിക്കു വേണ്ടി സകല വേദധൎമ്മ ത്തെയും നിവൃത്തിച്ചു, പിന്നെ എനിക്കു വേണ്ടി കുരിശിന്റെ കഷ്ട മരണങ്ങളെയും അനുഭവിച്ചു. (റോമ. ൪, ൨൫.) നമ്മുടെ പിഴകൾ

നിമിത്തം ഏല്പിക്കപ്പെട്ടും, നമ്മുടെ നീതീകരണത്തിന്നായി ഉണ്ടാ ത്തപ്പെട്ടും ഇരിക്കുന്നു.

൩൮. ചോ. ഈ അനുസരണത്താലും കഷ്ടത്താലും ക്രിസ്തു നിനക്കു എന്തെല്ലാം സമ്പാദിച്ചു?

ഉ. ദൈവം കരുണയാലെ സ്വപുത്രനെ വിചാരിച്ചു, എന്റെ സകല പാപങ്ങളെയും ക്ഷമിച്ചു വിടുന്നതും, എന്നെ നല്ലവൻ എന്നും, നീതിമാൻ എന്നും, പ്രിയമകൻ എന്നും കൈക്കൊള്ളുന്നതും, എന്നേക്കുമുള്ള സുഖം വരുത്തുവാൻ നിശ്ചയിക്കുന്നതും തന്നെ, അവൻ എനിക്കു സമ്പാദിച്ചിട്ടുള്ളതാകുന്നു.

൩൯. ചോ. ഈ സമ്പാദിച്ചതിനെ എല്ലാം അനുഭവിപ്പാൻ നിനക്കു യോഗ്യത എങ്ങിനെ വരുന്നു?

ഉ. സത്യവും ജീവനും ഉള്ള വിശ്വാസത്താൽ അത്രെ.

൪൦. ചോ. സത്യവിശ്വാസം എന്തു പോൽ?

ഉ. ദൈവം യേശുവിന്റെ പുണ്യമാഹാത്മ്യം വിചാരിച്ചു, എന്നെ കനിഞ്ഞു മകന്റെ സ്ഥാനത്തിൽ ആക്കുകയും, എന്നേക്കും രക്ഷിക്കയും ചെയ്യും, എന്നു തന്നെ അവനെ ഇളകാതെ ആശ്രയിക്കുന്നതത്രെ. (യൊ. ൩. ൧൬.) ദൈവം ലോകത്തെ സ്നേഹിച്ചു വിധമാവിതു: തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവൻ ആരും നശിച്ചു പോകാതെ, നിത്യജീവനുള്ളവൻ ആകേണ്ടതിന്നു അവനെ തരുവോളം തന്നെ സ്നേഹിച്ചതു.

൪൧. ചോ. യേശു ക്രിസ്തുവിനെ വിശ്വസിപ്പാൻ നിന്നിൽ തന്നെ കഴിവുണ്ടോ?

ഉ. അതിന്നു ഒരു മനുഷ്യനും ശക്തി പോരാ, (൧ കൊ. ൧൨, ൩.) പരിശുദ്ധാത്മാവിലല്ലാതെ യേശു കൎത്താവെന്നു പറവാൻ ആൎക്കും കഴികയില്ല.

൪൨. ചോ. പരിശുദ്ധാത്മാവെകൊണ്ടുള്ള നിന്റെ വിശ്വാസപ്രമാണം എങ്ങിനെ?

ഉ. പരിശുദ്ധാത്മാവിലും, വിശുദ്ധരുടെ കൂട്ടായ്മയുള്ള ശുദ്ധ സാധാരണ സഭയിലും, പാപമോചനത്തിലും, ശരീരത്തിന്റെ പുനരുത്ഥാനത്തിലും, നിത്യജീവങ്കലും ഞാൻ വിശ്വസിക്കുന്നു.

൯൯. ചോ. പരിശുദ്ധാത്മാവും കൂടെ നീ വിശ്വസിക്കേണ്ടുന്ന സത്യദൈവം ത ന്നെയോ?

ഉ. അതെ, വേദത്തിൽ അവന്നു ദൈവനാമങ്ങളും, ദൈവഗു ണങ്ങളും, ദൈവക്രിയകളും, ദൈവമാനം ഇവ എല്ലാം കൊള്ളുന്ന പ്രകാരം കാണ്മാൻ ഉണ്ടു. (അപ്പോ. ൫, ൩൪. ൧ കൊ. ൨, ൧൦. രോമ. ൧൫, ൧൩. മത്ത. ൧൨, ൩൧൩.)

൧൦൦. ചോ. ഇങ്ങിനെ നീ വായികൊണ്ടു ഏററു പറയുന്നതെല്ലാം ഹൃദയം കൊണ്ടും വിശ്വസിച്ചാൽ ഈ വിശ്വാസത്തിന്റെ ഫലം എന്താകുന്നു?

ഉ. ഈ വിശ്വാസത്തെ ദൈവം കണ്ടു, യേശു ക്രിസ്തു നിമി ത്തം എന്നെ നല്ലവനും വിശുദ്ധനും, എന്നെണ്ണിക്കൊള്ളുന്നതല്ലാ തെ, പ്രാൎത്ഥിപ്പാനും ദൈവത്തെ അബ്ബാ എന്നു വിളിപ്പാനും, അ വന്റെ കല്പനകളിൻപ്രകാരം നടപ്പാനും പരിശുദ്ധാത്മാവു എ നിക്കു നല്കപ്പെടുന്നതു തന്നെ, ഫലം ആകുന്നതു.

൧൦൧. ചോ. വിശ്വാസത്തിലെ ഒന്നാം ഫലം എന്തു?

ഉ. എന്റെ നീതീകരണമത്രെ. ദൈവം എന്റെ പാപങ്ങ ളെ ക്ഷമിച്ചു വിട്ടു, ക്രിസ്തുവിന്റെ നീതിയെ എനിക്കു കണക്കിട്ടു, അതു ഹേതുവായി സകല കരുണകളെയും പറഞ്ഞു തരുന്നതു തന്നെ.

൧൦൨. ചോ. വിശുദ്ധീകരണം എന്നും പുതുക്കം എന്നും ഉള്ള രണ്ടാമതു ഒരു ഫലം വി ശ്വാസത്തിൽ ജനിക്കുന്നില്ലയോ?

ഉ. ജനിക്കുന്നു, ഞാൻ കുട്ടിയായി പ്രാൎത്ഥിപ്പാനും, ദൈവ ത്തിന്നു യോഗ്യമായി നടപ്പാനും, തക്കവണ്ണം വിശ്വാസത്താൽ മേ ല്ക്കുമേൽ പരിശുദ്ധാത്മാവു തന്നെ എനിക്കു കിട്ടുന്നുണ്ടു.

൧൦൩. ചോ. പ്രാൎത്ഥന എന്നതു എന്തു?

ഉ. പ്രാൎത്ഥന എന്നതു ലൌകികത്തിലും ആത്മികത്തിലും ന ന്മയെ എത്തിപ്പാനോ, തിന്മയെ വൎജ്ജിപ്പാനോ ദൈവത്തെ നോ ക്കി വിളിക്കുന്നതത്രെ ആകുന്നു.

൪൪. ചോ. പ്രാൎത്ഥനകളിൽ വെച്ച സാരവും തികവും ഭംഗിയും ഏറിയതു എന്തൊന്നു ആകുന്നു?

ഉ. ക്രിസ്തു താൻ നമുക്ക പഠിപ്പിച്ച തന്നതത്രെ. അതാവിതു: സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ. ഞങ്ങൾക്ക വേണ്ടുന്ന അപ്പം ഇന്നു തരേണമേ. ഞങ്ങളുടെ കടക്കാൎക്ക ഞങ്ങളും വിടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടു തരേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിനക്കല്ലോ ആകുന്നു. ആമെൻ.

൪൫. ചോ. എങ്ങിനെ പ്രാൎത്ഥിക്കേണം?

ഉ. ദൈവത്തിൻ തിരുമുമ്പിൽ എന്നു വെച്ച, ഏകാഗ്രതയും അനുതാപവും പൂണ്ടു, ഹൃദയത്തിലും പുറമെ ഭാവത്തിലും താഴ്മയുള്ളവനായി, സത്യവിശ്വാസത്തോടും യേശു ക്രിസ്തുവിന്റെ നാമത്തിലും പ്രാൎത്ഥിക്കേണം.

൪൬. ചോ. ഇപ്രകാരമുള്ള പ്രാൎത്ഥനെക്ക എന്തു വാഗ്ദത്തം ഉണ്ടു?

ഉ. ആമെൻ, ആമെൻ, ഞാൻ നിങ്ങളോടു പറയുന്നിതു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു എന്തെല്ലാം യാചിച്ചാലും അവൻ നിങ്ങൾക്ക തരും, എന്നു നമ്മുടെ പ്രിയ രക്ഷിതാവു അരുളിച്ചെയ്തു. (യോഹ. ൧൬, ൨൩.)

൪൭. ചോ. എന്നാൽ വിശ്വാസിക്കു ദൈവഭക്തിയോടുള്ള നടപ്പു വേണം എങ്കിൽ, എന്തൊന്നിനെ പ്രമാണമാക്കേണം?

ഉ. തന്റെ ഇഷ്ടവും തോന്നലും അല്ല, ലോകത്തിന്റെ പാപമൎയ്യാദകളും അല്ല, ദൈവത്തിന്റെ ഇഷ്ടവും കല്പനകളുമത്രെ പ്രമാണമാക്കേണ്ടിയതു.

൪൮. ചോ. ദൈവത്തിന്റെ ഇഷ്ടവും കല്പനകളും എങ്ങിനെ അറിവാറാകും?

ഉ. പഴയനിയമം, പുതിയനിയമം, എന്നുള്ള വേദപുസ്തകങ്ങളിൽ അടങ്ങിയ ദൈവവചനത്താൽ അത്രെ.

൮൯. ചോ. പഴയനിയമത്തിലെ ദൈവകല്പനകൾ ഏവ?

ഉ. ൧. യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു, ഞാനല്ലാതെ അന്യ ദേവകൾ നിനക്കുണ്ടാകരുതു.

൨. നിനക്ക ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുതു; അവററെ കുമ്പിടുകയും സേവിക്കയും അരുതു.

൩. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുതു.

൪. സ്വസ്ഥനാളിനെ വിശുദ്ധീകരിപ്പാൻ ഓൎക്ക.

൫. നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക.

൬. നീ കുല ചെയ്യരുതു.

൭. നീ വ്യഭിചരിക്കരുതു.

൮. നീ മോഷ്ടിക്കരുതു.

൯. കൂട്ടുകാരന്റെ നേരെ കള്ളസ്സാക്ഷി പറയരുതു.

൧൦. കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുതു. കൂട്ടുകാരന്റെ ഭാൎയ്യയെയും ദാസീദാസന്മാരെയും കാളകഴുതയെയും കൂട്ടുകാരന്നുള്ള യാതൊന്നിനെയും മോഹിക്കരുതു. (൨ മോ. ൨൦.)

൯൦. ചോ. ഈ കല്പനകളുടെ സാരാംശം എന്താകുന്നു?

ഉ. ദൈവത്തെയും കൂട്ടുകാരനെയും സ്നേഹിക്ക, എന്നത്രെ. (മത്ത. ൨൨, ൩൭—൪൦.)

൯൧. ചോ. ദൈവത്തെ സ്നേഹിക്ക, എന്നതു എന്തു?

ഉ. ദൈവത്തെ സ്നേഹിക്ക, എന്നതൊ ദൈവത്തെ പരമ ധനം എന്നു വെച്ചു ഹൃദയത്താൽ പററിക്കൊണ്ടും, നിത്യം ഓൎത്തും സൎവ്വത്തിന്നു മീതെ കാംക്ഷിച്ചും ഇരുന്നു, അവങ്കൽ ആനന്ദിച്ചും മുററും തന്നെത്താൻ സമൎപ്പിച്ചുംകൊണ്ടു അവന്റെ ബഹുമാനത്തിന്നായി എരിവുള്ളവനും ആക.

൯൨. ചോ. കൂട്ടുകാരനെ സ്നേഹിക്ക, എന്നതു എന്തു?

ഉ. കൂട്ടുകാരനെ സ്നേഹിക്ക, എന്നതൊ അവനായി ഗുണമുള്ളതു എല്ലാം ആഗ്രഹിക്കയും, പക്ഷമനസ്സാലെ വിചാരിക്കയും, വാക്കിനാലും ഭാവത്താലും പ്രിയം കാട്ടുകയും, ക്രിയയാലെ തുണെക്കയും

അല്ലാതെ, അവന്റെ ബലഹീനതയെയും വിരോധത്തെയും ക്ഷാന്തിയോടെ പൊറുത്തും സൌമ്യതയാലെ അവനെ യഥാസ്ഥാനപ്പെടുത്തും കൊള്ളുന്നതത്രെ.

൫൩. ചോ. ഇപ്രകാരം എല്ലാം നിന്നെ തന്നെ ശോധന ചെയ്യാൽ, നിനക്കു എന്തു തോന്നുന്നു?

ഉ. ഞാൻ സംശയം കൂടാതെ വലിയ പാപി ആകുന്നു, എന്നും, ദൈവം ഇഹത്തിലും പരത്തിലും ശിക്ഷിക്കുന്നതിന്നു ഞാൻ പാത്രമെന്നും തെളിയുന്നു.

൫൪. ചോ. പാപങ്ങളെക്കൊണ്ടു നിനക്കു സങ്കടം തോന്നുന്നുവോ?

ഉ. അതെ, ഞാൻ ദൈവത്തോടു പാപം ചെയ്തു, വിശ്വസ്തനായ സ്രഷ്ടാവും രക്ഷിതാവും കാൎയ്യസ്ഥനും ആയവനെ പലവിധത്തിലും കൂടക്കൂടെ മനഃപൂൎവ്വമായും ദുഃഖിപ്പിച്ചും കോപിപ്പിച്ചും കൊണ്ടതിനാൽ, എനിക്കു ഉള്ളവണ്ണം സങ്കടം തോന്നുന്നു.

൫൫. ചോ. ദൈവത്തിന്റെ കോപം മാറി, കനിവു തോന്നുവാൻ ഒരു വഴിയുണ്ടോ?

ഉ. സത്യമായുള്ള മാനസാന്തരവും ദൈവത്തിങ്കലേക്കു തിരിയുന്നതും വഴിയാകുന്നതു.

൫൬. ചോ. മാനസാന്തരം എന്നതു എന്തു?

ഉ. മാനസാന്തരം എന്നതൊ പാപങ്ങളെ ഹൃദയംകൊണ്ടു അറിഞ്ഞുകൊൾകയും, ദൈവമുമ്പിലും ചിലപ്പോൾ മനുഷ്യരുടെ മുമ്പിലും ഏറ്റുപറകയും, അനുതപിച്ചു വെറുക്കയും, യേശു ക്രിസ്തുവിങ്കൽ വിശ്വസിക്കയും, നടപ്പിനെ ക്രമത്തിൽ ആക്കുവാൻ ഉത്സാഹിക്കയും ചെയ്യുന്നതത്രെ.

൫൭. ചോ. ഇതിങ്കൽ വിശ്വാസത്തിന്നു ദൈവത്തിൽനിന്നു ഒരു തുണ വരുന്നതു കൂടെ ആവശ്യം അല്ലയോ?

ഉ. ആവശ്യം തന്നെ. വിശ്വാസമാകട്ടെ ഇന്നു ആശ്ചൎയ്യവും പ്രാഗത്ഭ്യവും ഏറീട്ടു വലുതും, പിന്നെ ഓരൊ സംശയഭയങ്ങളും ധൈൎയ്യക്കേടും കലൎന്നിട്ടു ചെറുതും എളിയതും ആകുന്നു.

൯൭. ചോ. വിശ്വാസത്തിന്നു ഉറപ്പും സങ്കടത്തിൽ ആശ്വാസവും വൎദ്ധിപ്പിക്കുന്ന സാധനം എന്തു?

ഉ. നമ്മുടെ കൎത്താവായ യേശു ക്രിസ്തുവിന്റെ അത്താഴം തന്നെ.

൯൮. ചോ. നമ്മുടെ കൎത്താവിന്റെ തിരുവത്താഴം, എന്നതു എന്തു?

ഉ. തിരുവത്താഴം എന്നതു വിശുദ്ധമൎമ്മവും ദിവ്യമായ ചൊല്ക്കുറിയും ആകുന്നു, അതിൽ ക്രിസ്തു നമുക്കു അപ്പത്തോടും വീഞ്ഞിനോടും കൂട തന്റെ ശരീരത്തെയും രക്തത്തെയും ഉള്ളവണ്ണം സമ്മാനിച്ചു തരുന്നതുകൊണ്ടു, പാപമോചനവും നിത്യജീവനും ഉണ്ടെന്നു നിശ്ചയം വരുത്തുന്നു.

൱൦. ചോ. തിരുവത്താഴത്തിന്റെ ഉപദേശം എല്ലാം അടങ്ങിയ സ്ഥാപനവചനങ്ങളെ പറക.

ഉ. കൎത്താവായ യേശു തന്നെ കാണിച്ചു കൊടുക്കുന്നാൾ രാത്രിയിൽ പന്തിരുവരോടു കൂട അത്താഴത്തിന്നിരുന്നു, അപ്പത്തെ എടുത്തു സ്തോത്രം ചെയ്തു നുറുക്കി പറഞ്ഞു: വാങ്ങി ഭക്ഷിപ്പിൻ, ഇതു നിങ്ങൾക്കു വേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു, എന്റെ ഓൎമ്മെക്കായിട്ടു ഇതിനെ ചെയ്വിൻ. അപ്രകാരം തന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും എടുത്തു സ്തോത്രം ചെയ്തു, അവൎക്കു കൊടുത്തു പറഞ്ഞിതു: നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ. ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു. ഇതു പാപമോചനത്തിന്നായി നിങ്ങൾക്കും അനേകൎക്കും വേണ്ടി ഒഴിച്ച എന്റെ രക്തം, ഇതിനെ കുടിക്കുന്തോറും എന്റെ ഓൎമ്മെക്കായിട്ടു ചെയ്വിൻ.

൱൧. ചോ. തിരുവത്താഴത്തിൽ നിനക്കു എന്തു അനുഭവിപ്പാൻ കിട്ടുന്നു?

ഉ. അപ്പരസങ്ങളോടും കൂട യേശു ക്രിസ്തുവിന്റെ സത്യമായുള്ള ശരീരത്തെയും സത്യമായുള്ള രക്തത്തെയും ഞാൻ ഭക്ഷിച്ചു കുടിക്കുന്നു. (൧കൊ. ൧൦, ൧൬.) നാം ആശീൎവ്വദിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുരക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?

൱൨. ചോ. തിരുവത്താഴം ആൎക്കായിട്ടു നിയമിച്ചു കിടക്കുന്നു?

ഉ. തങ്ങളെ ശോധന ചെയ്വാൻ കഴിയുന്ന ക്രിസ്ത്യാനൎക്കെല്ലാം നിയമിച്ചതു (൧കൊ. ൧൧, ൨൮.) മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം, ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്രത്തിൽ കുടിച്ചും കൊൾവാൻ.

൱൩. ചോ. തന്നെത്താൻ ശോധന ചെയ്ക, എന്നതു എന്തു?

ഉ. താൻ തന്റെ ഹൃദയത്തിലും മനോബോധത്തിലും പ്രവേശിച്ചു കൊണ്ടു, തന്റെ മാനസാന്തരത്തെയും വിശ്വാസത്തെയും പുതിയ അനുസരണത്തെയും ആരാഞ്ഞു കൊള്ളുന്നതത്രെ.

൱൪. ചോ. നമ്മുടെ മാനസാന്തരത്തെ ശോധന ചെയ്യുന്നതു എങ്ങിനെ?

ഉ. നമ്മുടെ പാപങ്ങളെ നാം ഉണ്മയായി അറികയും ദൈവത്തിന്നുമുമ്പാകെ ഏറ്റു പറകയും മനസ്സോടെ വെറുക്കയും അനുതപിക്കയും ചെയ്യുന്നുവോ, എന്നു ആരാഞ്ഞു നോക്കുമ്പോഴത്രെ.

൱൫. ചോ. നമ്മുടെ വിശ്വാസത്തെ ശോധന ചെയ്യുന്നതു എങ്ങിനെ?

ഉ. നാം യേശു ക്രിസ്തുവിനെ ഉണ്മയായി അറികയും അവന്റെ പുണ്യത്തിലും കരുണയിലും മാത്രം ആശ്രയിക്കയും തിരുവത്താഴത്തിന്റെ സത്യബോധം ഉണ്ടാകയും ചെയ്യുന്നുവോ, എന്നു നല്ലവണ്ണം ആരാഞ്ഞു നോക്കുമ്പോഴത്രെ.

൱൬. ചോ. നമ്മുടെ പുതിയ അനുസരണത്തെ ശോധന ചെയ്യുന്നതു എങ്ങിനെ?

ഉ. ഇനിമേൽ പാപത്തെ വെറുത്തും വിട്ടും കൊണ്ടു ദൈവപ്രസാദം വരുത്തി നടപ്പാനും, അവന്റെ കരുണയാലെ ദൈവസ്നേഹത്തിലും കൂട്ടുകാരന്റെ സ്നേഹത്തിലും ഊന്നി നില്പാനും നാം താല്പൎയ്യത്തോടെ നിൎണ്ണയിച്ചുവോ, എന്നു സൂക്ഷ്മമായി ആരാഞ്ഞു നോക്കുമ്പോഴത്രെ.

൱൭. ചോ. ശോധന കഴിക്കാതെ അപാത്രമായി തിരുവത്താഴത്തിൽ ചേരുന്നവൎക്കു എന്തു ശിക്ഷകൾ അകപ്പെടും?

ഉ. ദൈവത്തിന്റെ ദണ്ഡവിധിയത്രെ. (൧കൊ. ൧൧, ൨൯.) അപാത്രമായി ഭക്ഷിച്ചു കുടിക്കുന്നവൻ കൎത്താവിൻ ശരീരത്തെ

വിസ്തരിക്കായ്കയാൽ തനിക്കു താൻ ന്യായവിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്നു.

൯൭. ചോ. അനുതപിച്ചു ഞെരുങ്ങിയ ഹൃദയത്തോടെ അനുഭവിച്ചാൽ തിരുവത്താഴത്തിലെ ഫലം എന്തു?

ഉ. എന്റെ വിശ്വാസം ഉറെക്കയും മനസ്സാക്ഷിക്കു ആശ്വാസം ലഭിക്കയും പാപങ്ങളുടെ മോചനത്തിന്നു നിശ്ചയം കൂടുകയും നടപ്പിന്നു പുതുക്കം വരികയും തന്നെ ഫലം ആകുന്നതു.

൯൮. ചോ. തിരുവത്താഴത്തിൽ ചേരുവാൻ നമുക്കു എങ്ങിനെ വഴി തുറന്നു വരും?

ഉ. അദ്ധ്യക്ഷവേലയാലത്രെ, അനുതപിക്കാത്തവൎക്കു പാപങ്ങളെ പിടിപ്പിപ്പാനും അനുതപിക്കുന്നവൎക്കു മോചിപ്പാനും അതിന്നു അധികാരം ഉണ്ടു.

൧൦. ചോ. ഈ ആത്മികമായ അധികാരം അദ്ധ്യക്ഷൎക്കു ആരാൽ വന്നു?

ഉ. കൎത്താവായ യേശു ക്രിസ്തുവിനാലത്രെ. അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞിതു: (മത്ത. ൧൮, ൧൮.) നിങ്ങൾ ഭൂമിയിൽ എന്തെല്ലാം കെട്ടിയാലും അതു സ്വൎഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും, നിങ്ങൾ ഭൂമിയിൽ എന്തെല്ലാം കെട്ടഴിച്ചാലും അതു സ്വൎഗ്ഗത്തിലും അഴിഞ്ഞിരിക്കും. എന്നല്ലാതെ (യൊ. ൨൦, ൨൩.) നിങ്ങൾ ആൎക്കെങ്കിലും പാപങ്ങളെ മോചിച്ചാൽ അവൎക്കു മോചിക്കപ്പെട്ടിരിക്കും, ആൎക്കെങ്കിലും പിടിപ്പിച്ചാൽ പിടിപ്പിക്കപ്പെട്ടിരിക്കും, എന്നു തന്നെ.

൧൧. ചോ. തിരുവത്താഴത്തിൽ ചേരുന്ന വിശ്വാസികൾക്കു എന്തു കടം ആകുന്നു?

ഉ. നാം കൎത്താവായ ക്രിസ്തുവിനെയും അവന്റെ മരണത്തെയും ഓൎക്കയും അവന്റെ നാമത്തെ സ്തുതിക്കയും ഹൃദയത്താലും ക്രിയകളാലും അവന്റെ ഉപകാരങ്ങൾക്കായി നന്നിയെ കാട്ടുകയും വേണ്ടതു. (൧ കൊ. ൧൧, ൨൬.)

൧൨. ചോ. ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കേണ്ടുന്ന പ്രകാരം സ്പഷ്ടമായി പറയാമോ?

ഉ. ഞാൻ തിരുവത്താഴത്തിൽ ചേരുമ്പോഴും ചേൎന്ന ശേഷവും ക്രിസ്തുവിന്റെ കുരിശിലെ മരണത്തെ താല്പൎയ്യത്തോടും വിശ്വാ

സത്തോടും കൂടെ ധ്യാനിക്കയിൽ പ്രിയ രക്ഷിതാവു ശരീരത്തെ ബലികഴിച്ചും രക്തത്തെ ഒഴിച്ചുംകൊണ്ടു എനിക്കും സൎവ്വലോകത്തിന്നും പാപത്തെ ഇല്ലാതാക്കി, നിത്യരക്ഷയെ സമ്പാദിച്ചു കൊള്ളുമ്പോൾ, എത്ര എല്ലാം കഷ്ടിച്ചും അദ്ധ്വാനിച്ചും ഇരിക്കുന്നു, എന്നു നന്ന വിചാരിച്ചു കൊള്ളേണ്ടതു.

൯൩. ചോ. ഈ ബലിമരണത്തെ ധ്യാനിച്ചു പ്രസ്താവിക്കുന്നതിന്റെ ഫലം എന്തു?

ഉ. കൎത്താവായ യേശുവിന്നു എന്റെ പാപങ്ങളാൽ അതിക്രൂരവേദനകളും കൈപ്പുള്ള മരണവും സംഭവിച്ചതുകൊണ്ടു ഞാൻ പാപത്തിൽ രസിക്കാതെ, അതിനെ അശേഷം ഒഴിച്ചു മണ്ടിപ്പോകയും, എന്നെ ഉദ്ധരിച്ച രക്ഷിതാവിന്റെ ആളായിട്ടു കേവലം അവന്റെ ബഹുമാനത്തിന്നായി ജീവിക്കയും കഷ്ടപ്പെടുകയും മരിക്കയും ചെയ്യേണ്ടതു. എന്നാൽ എന്റെ അന്ത്യനേരത്തിൽ ഭയം കൂടാതെ തേറികൊണ്ടു: കൎത്താവായ യേശുവേ, നിനക്കായി ഞാൻ ജീവിക്കുന്നു, നിനക്കു കഷ്ടപ്പെടുന്നു, നിനക്കു മരിക്കുന്നു; ചത്തും ഉയിൎത്തും നിനക്കുള്ളവനാകുന്നു. യേശുവേ, എന്നേക്കും എന്നെ രക്ഷിക്കേണമേ, എന്നു പറയുമാറാവു. ആമെൻ.

BOUND BY
L. Joshua
*Mangalore.*

18792

# TURGY

of the

NGELICAL MISSION CHURCHES

in

VESTERN INDIA

ം തുളു മലയാള

ൻ ബോധകരാൽ ഉണ്ടായ

ശഷസഭകളിൽ

യിച്ചു നടക്കുന്ന

# ാസംഗ്രഹം

K. UNIV. BIBL. TÜBINGEN

ANGALORE

OOK & TRACT DEPOSITORY

1875